# യാത്രാവിവരണങ്ങളിലെ സാംസ്കാരികവിവക്ഷകൾ
## പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻ യാത്രകളെ മുൻനിർത്തി ഒരു താരതമ്യ പഠനം

കാലിക്കറ്റ് സർവകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**അബ്ദുൽ ഹക്കീം എ. കെ.**

മലയാളവിഭാഗം
ഗവ. ആർട്സ് & സയൻസ് കോളേജ്
കോഴിക്കോട്

2019

# A STUDY ON THE CULTURAL IMPLICATIONS IN TRAVELOGUES BASED ON THE AFRICAN JOURNEYS OF S.K. POTTEKKATT AND ZACHARIA

*Thesis submitted to the*
*University of Calicut for the Degree of*
*Doctor of Philosophy*
*In the faculty of*
*Malayalam Language and Literature*


**ABDUL HAKKIM A.K.**

**DEPARTMENT OF MALAYALAM**
**GOVT. ARTS & SCIENCE COLLEGE**
**KOZHIKODE**


**2019**

**ഡോ. എം.സി. അബ്ദുൾ നാസർ**
**അസിസ്റ്റന്റ് പ്രൊഫസർ**
**മലയാളവിഭാഗം**
**ഗവ. ആർട്സ് & സയൻസ് കോളേജ്**
**കോഴിക്കോട്**

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവകലാശാലയിൽ ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് & ലിറ്ററേച്ചറിൽ പി.എച്ച്.ഡി. ബിരുദത്തിനായി സമർപ്പിക്കുന്ന **യാത്രാവിവരണങ്ങളിലെ സാംസ്കാരികവിവക്ഷകൾ-പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻ യാത്രകളെ മുൻനിർത്തി ഒരു താരതമ്യപഠനം** എന്ന പ്രബന്ധം ശ്രീ. അബ്ദുൽ ഹക്കീം എ.കെ. എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട്,

**ഡോ. എം.സി. അബ്ദുൾ നാസർ**

**അബ്ദുൽ ഹക്കീം എ.കെ.**
അമ്പലംകണ്ടി വീട്
വട്ടോളി ബസാർ പി.ഒ.
ബാലുശ്ശേരി, കോഴിക്കോട് ജില്ല.

# സത്യപ്രസ്താവന

'**യാത്രാവിവരണങ്ങളിലെ സാംസ്കാരികവിവക്ഷകൾ-പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻ യാത്രകളെ മുൻനിർത്തി ഒരു താരതമ്യപഠനം**' എന്ന ഈ പ്രബന്ധം കോഴിക്കോട് സർവ്വകലാശാലയുടെ ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് & ലിറ്ററേച്ചറിൽ, പി.എച്ച്.ഡി. ബിരുദത്തിനുവേണ്ടി, ഡോ. എം.സി. അബ്ദുൾ നാസറിന്റെ (അസി. പ്രൊഫസർ, മലയാളവിഭാഗം, ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്) നിർദ്ദേശാനുസരണം ഞാൻ നടത്തിയ ഗവേഷണത്തിന്റെ രേഖയാണ്. ഏതെങ്കിലും സർവകലാശാലയോ അതുപോലുള്ള സ്ഥാപനമോ നൽകുന്ന ബിരുദത്തിനോ അംഗീകാരത്തിനോ ഈ പ്രബന്ധം ആധാരമാക്കിയിട്ടില്ലെന്ന് ഇതിനാൽ സത്യപ്രസ്താവന നടത്തുന്നു.

കോഴിക്കോട്,

15.06.2019. **അബ്ദുൽ ഹക്കീം. എ.കെ.**

# കൃതജ്ഞത

ഈ പ്രബന്ധരചനയ്ക്ക് എനിക്ക് മാർഗനിർദ്ദേശം നൽകിയത് കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളജിലെ മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. എം.സി. അബ്ദുൾ നാസറാണ്. പഠനങ്ങൾക്കും പ്രബന്ധപൂർത്തീകരണത്തിനും അദ്ദേഹത്തിന്റെ സഹായങ്ങളും നിർദ്ദേശങ്ങളും വിലപ്പെട്ടതായിരുന്നു. അദ്ദേഹത്തിനോടുള്ള കൃതജ്ഞത ആദ്യമേ രേഖപ്പെടുത്തുന്നു.

നാല് വർഷത്തോളം എന്റെ ഗവേഷണകേന്ദ്രമായിരുന്ന കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളജിലെ പ്രിൻസിപ്പൽ, മലയാളവിഭാഗത്തിലെ അധ്യാപകർ, ലൈബ്രറി ജീവനക്കാർ, ഓഫീസിലെ ഉദ്യോഗസ്ഥർ എന്നിവരോടും പ്രബന്ധരചനയുടെ അവസാനകാലം എന്റെ ഗവേഷണകേന്ദ്രമായിരുന്ന കോഴിക്കോട് ആർട്സ് ആന്റ് സയൻസ് കോളജിലെ പ്രിൻസിപ്പൽ, മലയാളവിഭാഗം അധ്യാപകർ, ഓഫീസ് ഉദ്യോഗസ്ഥർ, ലൈബ്രറി ജീവനക്കാർ എന്നിവരോടുമുള്ള നന്ദി ഏറെയാണ്. പഠനത്തിന്റെ ഭാഗമായുള്ള ദത്തശേഖരണത്തിന് സഹായങ്ങൾ ചെയ്തുതന്ന കോഴിക്കോട് സർവ്വകലാശാല ലൈബ്രറി, കേരള സാഹിത്യ അക്കാദമി ലൈബ്രറി, കേരള സർവ്വകലാശാല ലൈബ്രറി, തൃശൂർ അപ്പൻ തമ്പുരാൻ സ്മാരക ലൈബ്രറി, വഞ്ചിയൂർ ശ്രീ ചിത്തിരതിരുനാൾ ലൈബ്രറി എന്നിവയിലെ ഉദ്യോഗസ്ഥരോടുള്ള കടപ്പാടും രേഖപ്പെടുത്തുന്നു. ഗവേഷണാവശ്യങ്ങളിൽ സഹായിച്ച താൻസാനിയയിലെ ദാർ എ സലാം യൂണിവേഴ്സിറ്റിയോടുള്ള കടപ്പാടും ഇവിടെ രേഖപ്പെടുത്തട്ടെ.

ഗവേഷണത്തിന്റെ ഓരോ ഘട്ടത്തിലും സഹായവും പ്രോത്സാഹനവും നൽകി കൂടെനിന്ന സഹപ്രവർത്തകർ, സുഹൃത്തുക്കൾ, സഹഗവേഷകർ എന്നിവരോടും ഞാൻ കടപ്പെട്ടിരിക്കുന്നു. ഗവേഷണാവശ്യത്തിനായി ആഫ്രിക്കൻ രാജ്യങ്ങൾ സന്ദർശിക്കാനുള്ള അനുമതിക്കായി സഹായിച്ച എസ്.എസ്.എ. സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ ഡോ. എ.പി. കുട്ടികൃഷ്ണൻ സാറിനോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. അച്ചടിജോലികൾ ചെയ്തുതന്ന ബിന ഡി.ടി.പി.സെന്ററിലെ ജീവനക്കാർക്കും പ്രൂഫ് വായനയിൽ സഹായിച്ച പി. യഹ്യ എന്നിവർക്കും നന്ദി.

**എ.കെ. അബ്ദുൽ ഹക്കീം**

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് നമ്പർ |
| **ആമുഖം** | | | 1 - 16 |
| അധ്യായം 1 | **യാത്രയെഴുത്തുകളിലെ നോക്കുപക്ഷങ്ങൾ** | | 17 - 67 |
| | കണ്ടെഴുത്തിന്റെ പക്ഷങ്ങൾ | | 25 |
| | യാത്രയെഴുത്തുകളിലെ വിഷയവും വിഷയിയും | | 28 |
| | മാറുന്ന കാഴ്ചകളും മാറുന്ന ദേശസ്വത്വവും | | 49 |
| | സ്ഥലവും കാലവും സഞ്ചാരക്കുറിപ്പുകളിൽ | | 51 |
| അധ്യായം 2 | **കണ്ടെഴുത്തിലെ വിഷയിയും വിഷയവും** | | 68 - 116 |
| | അധിനിവേശത്തിലെ വിഷയവിഭാവനങ്ങൾ | | 75 |
| | അപകോളനീകരണത്തിലെ വിഷയികൾ | | 86 |
| | വിഷയാന്തരികതയിലേക്കുള്ള സഞ്ചാരങ്ങൾ | | 100 |
| അധ്യായം 3 | **ആഫ്രിക്ക: പാഠങ്ങളും സമീപനങ്ങളും** | | 117 - 164 |
| | സഞ്ചാരത്തിന്റെ ദിശകൾ | | 119 |
| | രണ്ടു കാലം, രണ്ടു പാഠങ്ങൾ | | 126 |
| | മലയാളത്തിലെ രണ്ട് ആഫ്രിക്കൻചരിത്രങ്ങൾ | | 145 |
| അധ്യായം 4 | **കണ്ടെഴുത്തിന്റെ രാഷ്ട്രീയഭാരങ്ങൾ** | | 165 - 206 |
| | ആൺനോട്ടത്തിന്റെ വിദൂരതകൾ | | 172 |
| | നോട്ടങ്ങളുടെയും തിരഞ്ഞെടുപ്പുകളുടെയും പക്ഷങ്ങൾ | | 182 |
| | സാന്നിധ്യങ്ങളുടെയും അസാന്നിധ്യങ്ങളുടെയും മറുപുറം | | 188 |
| **ഉപസംഹാരം** | | | 207 - 216 |
| **ഗ്രന്ഥസൂചി** | | | 217 - 228 |

# ആമുഖം

സഞ്ചാരസാഹിത്യം അപരരെ തങ്ങളിൽനിന്ന് വേർതിരിച്ച് കാണാനുള്ള ശ്രമമാണ്. വേറൊരു വിധത്തിൽ പറഞ്ഞാൽ തങ്ങളിൽനിന്ന് അപരരിലേക്കുള്ള ദൂരമാണത് അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്. വസ്തുതാപരമായ വിവരങ്ങളുടെയും സംഭവകഥകളുടെയും കഥാപാത്രചിത്രങ്ങളുടെയും സംഭാഷണങ്ങളുടെയും ചേരുവകളിലൂടെയാണ് സഞ്ചാരസാഹിത്യം സവിശേഷതയാർജിക്കുന്നത്.[1] ഈ സവിശേഷരൂപങ്ങൾ വിഷയ-വിഷയീരൂപീകരണത്തിന്റെ ചരിത്രബന്ധങ്ങൾക്കുള്ളിലാണ് സംഭവിക്കുന്നത്. സഞ്ചാരസാഹിത്യകർത്താവിലെ വിഷയിയിലേക്ക് സാമൂഹികശാസ്ത്രപരമായി കൂടുതൽ ശ്രദ്ധയോടെ തിരിഞ്ഞുനിൽക്കാൻ സവിശേഷ അനുശീലനം എന്ന നിലയിൽ സഞ്ചാരസാഹിത്യത്തിനുള്ളിലെ ചില ഊന്നലുകൾ പ്രേരിപ്പിക്കുന്നുണ്ട്.

സഞ്ചാരസാഹിത്യത്തെ പല അടരുകളായി, ചലനാത്മകമായ ഉള്ളടക്കങ്ങളുടെ സഞ്ചിതരൂപമായി വിശകലനം ചെയ്യാനാവും. ആദ്യകാല സഞ്ചാരികളുടെ കുറിപ്പുകളെല്ലാം സാമൂഹികശാസ്ത്രവിശകലനത്തിന് വലിയ രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. അതായത് അനുശീലനവും ആഖ്യാനപദ്ധതിയും ഏതെങ്കിലുമൊരു വിശകലനപദ്ധതിയുടെ മാത്രം വിഷയമല്ല. വിഷയിയുടെ താൽപ്പര്യങ്ങൾ മാറുന്നതിനനുസരിച്ച് വിഷയത്തിന്റെ അതിരുകൾ അല്ലെങ്കിൽ തിരിച്ചും പരസ്പരപൂരകമായി മാറിക്കൊണ്ടിരിക്കുന്നു. എല്ലാ അനുശീലനങ്ങൾക്കും ഇത്തരം സവിശേഷതകളുണ്ടെങ്കിലും ഒരു പ്രസ്ഥാനം എന്ന നിലയ്ക്ക് സഞ്ചാരസാഹിത്യം കാലത്തെയും സ്ഥലത്തെയും സ്വാംശീകരിക്കുന്നത് ഏറെ വ്യത്യസ്തമായ ചില തലങ്ങളിലൂടെയാണ്. സ്ഥലത്തെയും കാലത്തെയും എഴുതുന്ന മറ്റ് ആഖ്യാനമാതൃകകളിൽനിന്ന് സഞ്ചാരസാഹിത്യത്തിനുള്ള വ്യതിരിക്തതകൾ ഏറെ ശ്രദ്ധേയമാണ്.

കാലത്തെയും ദേശത്തെയും എഴുതുന്ന ആഖ്യാനങ്ങളുടെ ചരിത്രജീവിതം മനുഷ്യരുടെ സാമൂഹികജീവിതത്തിന്റെ രൂപാന്തരങ്ങൾകൂടിയാണ് പ്രതിഫലിപ്പിക്കുന്നത്. ഏതേത് രൂപങ്ങൾക്ക് ഓരോ ചരിത്രസന്ദർഭത്തിൽ വിവിധ സമൂഹങ്ങൾ ഊന്നലുകൾ കൊടുക്കുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഈയർഥത്തിൽ ഭൗതികചുറ്റുപാടുകളുടെയും സ്ഥലകാലബന്ധങ്ങളുടെയും സാമൂഹികപ്രക്രിയകളുടെയും ആകത്തുകയായി ആഖ്യാനങ്ങളെ പരിഗണിക്കേണ്ടിവരും. സഞ്ചാരസാഹിത്യം ഇത്തരം ഊന്നലുകളുടെയെല്ലാം ചരിത്രസാഹചര്യങ്ങളിൽനിന്നാണ് ഊർജം സ്വീകരിക്കുന്നത്.

ലോകസഞ്ചാരത്തെ സാധ്യമാക്കുന്നത് സോഷ്യലിസ്റ്റാനന്തര ഇടത്തെക്കുറിച്ച് രൂപപ്പെടുന്ന ചിത്രങ്ങളാണെന്നും ഇതാണ് യാത്രയുടെ സൈദ്ധാന്തികമായ കാഴ്ചപ്പാടുകൾ വിഭാവനം ചെയ്യുന്നതെന്നും റാഡിം ഹാൻഡിക് യാത്രാവിവരണങ്ങളുടെ സിദ്ധാന്തങ്ങളെ വിശകലനം ചെയ്തുകൊണ്ട് രേഖപ്പെടുത്തുന്നുണ്ട്. സമത്വത്തെക്കുറിച്ചുള്ള ആശയങ്ങളുടെ ചുവടുപിടിച്ചാണ് വ്യത്യസ്ത ഭൂവിഭാഗങ്ങളിലെ സമൂഹങ്ങളിലേക്ക് കച്ചവടത്തിനും ആശയപ്രചാരണങ്ങൾക്കും മറ്റും മറ്റുമായി യാത്രതിരിക്കാനുള്ള തൃഷ്ണ രൂപപ്പെടുന്നത്. നിലനിൽക്കുന്ന സ്ഥാപനരൂപങ്ങളെ സ്വാംശീകരിക്കുന്നതിനോ പുനക്രമീകരിക്കുന്നതിനോ പുനർവിഭാവനം ചെയ്യുന്നതിനോ ഉള്ള ശ്രമത്തിന്റെ ഭാഗമായുള്ള യാത്രകളാണ് 'കണ്ടെത്തലുക'ളുടെയും കച്ചവടത്തിന്റെയും വിഭവസമാഹരണത്തിന്റെയും മതപ്രചാരണങ്ങളുടെയും ഇതര സഞ്ചാരഭാവനകളുടെയും ഉൾപ്പൊരുളായി വർത്തിക്കുന്നത്.[2] പച്ചയായ മനുഷ്യനെ കാണാനും പഠിക്കാനുമാണ് താൻ ആഫ്രിക്കയിലേക്ക് പോകുന്നതെന്ന് എസ്.കെ. പൊറ്റെക്കാട്ട് ആഫ്രിക്കൻയാത്രയുടെ ആമുഖക്കുറിപ്പിൽ എഴുതുന്നുണ്ട്.[3]. ഈ കുറിപ്പിനെ സാധ്യമാക്കുന്ന വിധത്തിൽ ലോകമാകെ മത, ദേശ, ഭാഷ, വർണ, സ്വത്വങ്ങളെ പ്രത്യക്ഷത്തിൽ തുല്യമായി പരിഗണിക്കാൻ നിർബന്ധിതമായ ജ്ഞാനപരിസരവും രാഷ്ട്രീയസാഹചര്യവും ഉണ്ടെന്നുതന്നെയാണർഥം. സാംസ്കാരികമായും രാഷ്ട്രീയമായും വിവിധ സമൂഹങ്ങൾ സ്വാംശീകര

ണത്തിനും രൂപാന്തരീകരണത്തിനും പുതിയ മാതൃകകൾ ആരാഞ്ഞുകൊണ്ടിരുന്ന സാമൂഹികസന്ദർഭത്തിലാണ് സഞ്ചാരികളും സഞ്ചാരക്കുറിപ്പുകളും പുറപ്പെട്ടു തുടങ്ങുന്നത്.

വ്യക്തിയിൽനിന്ന് വ്യക്തിയിലേക്കും സന്ദർഭങ്ങളിൽനിന്ന് സന്ദർഭങ്ങളിലേക്കും സമയത്തിൽനിന്ന് സമയത്തിലേക്കുമുള്ള യാത്രയാണ് സഞ്ചാരസിദ്ധാന്തത്തിന്റെ അടിത്തറ എന്ന് എഡ്വേർഡ് സെയ്ദ് നിരീക്ഷിക്കുന്നു.[4] വ്യക്തികൾ, സാംസ്കാരികസന്ദർഭവും സമയവും ഇടവും വിട്ട് മറ്റൊന്നിലേക്ക് പോവുമ്പോൾ ഏറെ സങ്കീർണമായ ആശയാവലിവ്യതിയാനങ്ങളാണ് സംഭവിക്കുന്നത്. യാത്രികരുടെ കാഴ്ചയും തിരഞ്ഞെടുപ്പുകളും അഭിരുചികളും രൂപപ്പെടുന്ന ചരിത്രസാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ വേണം ഈ സഞ്ചാരങ്ങളുടെ ദൂരവും വ്യാപ്തിയും മനസ്സിലാക്കാൻ. സഞ്ചാരങ്ങളുടെ ദൂരവും ദിശയും താരതമ്യങ്ങളും കോളണീകരണത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തിലാണ് രൂപപ്പെടുന്നതും പ്രസ്ഥാനവൽക്കരിക്കപ്പെടുന്നതും. ഇന്ത്യയിൽനിന്ന് യൂറോപ്പിലേക്കും ആഫ്രിക്കയിലേക്കുമുള്ള ദൂരവും വംശീയതയും വർണവും വിഭാവനം ചെയ്യപ്പെടുന്നതും കോളണീകരണത്തിന്റെ വിഷയപരിസരത്താണ്.

സാഹിത്യരൂപം എന്ന നിലയിൽ കഥയുടെയോ നോവലിന്റെയോ കവിതയുടെയോ വിഷയഘടനയ്ക്കു വെളിയിലാണ് സഞ്ചാരസാഹിത്യം നിൽക്കുന്നത്. അത് സ്ഥലകാലങ്ങൾക്കിടയിൽ വിഷയി സ്വാംശീകരിക്കുന്ന ലോകബോധവും സംവേദനശീലങ്ങളുമെല്ലാം സങ്കീർണമായി ശ്രേണീകരിക്കുന്ന പദ്ധതികൂടിയാണ്. ഇന്ത്യയുടെ പശ്ചാത്തലത്തിൽ സഞ്ചാരസാഹിത്യത്തിൽ ഉള്ളടക്കം പങ്കുവയ്ക്കുന്ന രചനകളുടെ ബഹുലത കാണുവാനാകും. ബുദ്ധമതകാലഘട്ടത്തിൽ സഞ്ചാരങ്ങൾ സാർവത്രികമായിരുന്നതായി പാലിസാഹിത്യത്തിൽനിന്നു ഗ്രഹിക്കാൻ കഴിയുന്നുണ്ട്. വെറും രസത്തിനുവേണ്ടി യാത്ര നടത്തിയിരുന്നവരെപ്പറ്റിയും ബൗദ്ധസാഹിത്യത്തിൽ പ്രസ്താവനയുണ്ട്. വഴിയിലെ സാഹസികകർമ്മങ്ങൾ മാത്രമായിരുന്നു

അതിന്റെ പ്രതിഫലനം എന്ന് *സഞ്ചാരസാഹിത്യം മലയാളത്തിൽ* എന്ന കൃതിയിൽ പ്രൊഫ. വി. രമേഷ്ചന്ദ്രൻ എഴുതുന്നുണ്ട്.[5] മതത്തിന്റെയും കച്ചവടത്തിന്റെയും രാഷ്ട്രീയാധികാരത്തിന്റെയും വ്യാപനം സഞ്ചാരത്തെയും സഞ്ചാരസാഹിത്യ ത്തെയും പല വിധത്തിൽ രൂപാന്തരപ്പെടുത്തിയിട്ടുണ്ടാവണം. സഞ്ചാരസാഹിത്യ ത്തിന്റെ സ്വഭാവം പങ്കുവയ്ക്കുന്ന കൃതികളുടെ ഉള്ളടക്കം നൽകുന്ന സൂചനകൾ സാമ്പത്തികവിഭവാധികാരങ്ങളുടെ വിനിമയരൂപങ്ങളെ മുന്നുപാധിയെന്ന നില യിൽ പരിഗണനയിലെടുക്കാൻ പഠിതാക്കളെ നിർബന്ധിക്കുന്നുണ്ട്.

വിഭവസമാഹരണവും വിനിമയങ്ങളും ഏറുന്നതിനനുസരിച്ചാണ് പൊതുവെ സഞ്ചാരസാഹിത്യത്തിലും പുതുരൂപങ്ങൾ ഉടലെടുക്കുകയും പ്രചരി ക്കുകയും ചെയ്യുന്നത്. ജൈനരുടെ സഞ്ചാരസാഹിത്യസ്വഭാവം പങ്കുവയ്ക്കുന്ന കൃതികളെക്കുറിച്ച് രമേഷ്ചന്ദ്രൻ പറയുന്നത് ശ്രദ്ധിക്കുക:

> ''ജൈനമതം മുഖ്യമായും വ്യാപാരികളുടെ മതമായിരുന്നതിനാൽ ജൈനഗ്രന്ഥങ്ങളിൽ വ്യാപാരസംബന്ധമായ വർണ്ണനകൾ ഉണ്ടാ വുക സ്വാഭാവികമാണല്ലോ. ജൈനഭിക്ഷുക്കൾ പൊതുവെ സഞ്ചാര പ്രിയരുമായിരുന്നു. കണ്ണടച്ചിട്ടായിരുന്നു ആ ലോകസഞ്ചാരം. എവിടെച്ചെന്നാലും അവർ അവിടത്തെ ഭൂമിശാസ്ത്രപരവും സാമൂ ഹികവുമായ പരിസ്ഥിതികൾ മനസ്സിലാക്കും. അതത് ഭാഷയിൽ ഉപ ദേശം കൊടുക്കാൻ അവർ ഓരോ ഭാഷയും പഠിച്ചുവന്നു.''[6]

സഞ്ചാരത്തിന്റെയും സാംസ്കാരികസാങ്കര്യത്തിന്റെയും സങ്കൽപ്പങ്ങൾക്കുള്ളിൽ വ്യത്യസ്തകാലഘട്ടങ്ങളിൽ വ്യത്യസ്ത ധർമ്മങ്ങളാണ് കണ്ടെഴുത്തുകൾ നിർവ ഹിക്കുന്നത്. ആദ്യകാല സഞ്ചാരങ്ങളുടെയും സഞ്ചാരകൃതികളുടെയും പൊതുസ്വ ഭാവം, ഊന്നലുകൾ[7] എന്നിവയിൽനിന്ന് ഏറെ അകന്ന സാമൂഹിക-സാംസ്കാ രികാവശ്യങ്ങളുടെ നിർമ്മിതിയാണ് സമകാലികസന്ദർഭത്തിലെ സഞ്ചാരസാഹി ത്യകൃതികൾ. ''അസാധാരണ അനുഭവങ്ങൾ രസകരമായി അവതരിപ്പിക്കാനുള്ള

സമർഥ്യമാണ് സഞ്ചാരസാഹിത്യകാരനുണ്ടാകേണ്ടത്'' എന്ന് *സഞ്ചാരസാഹിത്യം മലയാളത്തിൽ* എന്ന കൃതിയിൽ പ്രൊഫ. വി. രമേഷ് ചന്ദ്രൻ കുറിക്കുന്നുണ്ട്.[8] ഒരു അനുഭവം അസാധാരണമായി സഞ്ചാരസാഹിത്യരചയിതാവിനു തോന്നുന്നത് എപ്പോഴാണ്, ഈ അസാധാരണതയുടെ മാനദണ്ഡം എന്താണ്, ഒരു അനുഭവം രസകരമാകുന്നത് എപ്പോഴാണ് എന്നിത്യാദി ചോദ്യങ്ങൾ അഭിമുഖീകരിക്കാതെ കൃതിയിൽ സൂചിപ്പിക്കുന്ന ഉള്ളടക്കത്തിലേക്കു കടക്കാനാവില്ല.

ഒരു അനുഭവം അസാധാരണമാകുന്നത് എങ്ങനെയെന്നറിയണമെങ്കിൽ ഒരു സംഭവം ഉണ്ടാകുന്നത് എങ്ങനെ എന്നു വിശദീകരിക്കേണ്ടിവരും. എല്ലാ സംഭവങ്ങൾക്കും ഉണ്മ ലഭിക്കുന്നത് സവിശേഷകാലത്തിലും ഇടത്തിലുമാണ്. സ്ഥലകാലനിരപേക്ഷമായ ആഖ്യാനം സാധ്യമല്ല എന്നു ചുരുക്കം. സംഭവത്തെ 'കാലത്തിന്റെ സ്ഥലീകരണമായിട്ടാണ് ചരിത്രചിന്തകനായ ആർ.ജി. കോളിംഗ്‌വുഡ് കണക്കാക്കുന്നത്.[9] അതായത്, ഒരു സംഭവം അസാധാരണമാവുന്നത് സവിശേഷ സ്ഥലകാലവ്യവഹാരങ്ങളുടെ നിയമാവലികൾക്കുള്ളിലാണ്. ഒരു പ്രത്യേക ചരിത്ര സാമൂഹികസന്ദർഭത്തിൽ നിലനിൽക്കുന്ന ആശയാവലികളാണ് ഒരു സംഭവത്തെ നിർമ്മിക്കുന്നത് എന്നർഥം. ഒരു പ്രത്യേക ചരിത്രസാമൂഹികസന്ദർഭത്തിൽ നിലനിൽക്കുന്ന ആശയാവലികളുടെ ഘടനയും ഉള്ളടക്കവുമാണ് ഒരു സംഭവത്തെ സാധാരണീകരിക്കുകയും അസാധാരണമാക്കുകയും ചെയ്യുന്നത്.

സഞ്ചാരസാഹിത്യകർത്താവിന്റെ വിഷയീബോധത്തിനുള്ളിലാണ് ഈയർഥത്തിൽ സംഭവങ്ങളുടെ മൂല്യം നിർണയിക്കപ്പെടുന്നത്. സഞ്ചാരസാഹിത്യകർത്താവിന്റെ വിഷയ - വിഷയി ലോകക്രമത്തിനുള്ളിലാണ് സംഭവം രൂപപ്പെടുന്നത്. വസ്തു, ഗുണം, കാലം എന്നിവയുടെ സംയോഗമാണ് സംഭവം എന്ന് കിം ഗേഗ്‌വൻ എന്ന സാമൂഹികചിന്തകൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. സവിശേഷമായ സംഭവത്തെ രണ്ടു നിയമാവലികളുടെ അടിസ്ഥാനത്തിലാണ് നിർവചിക്കാനാവുക എന്നാണ് കിം ഗേഗ്‌വൻ ചൂണ്ടിക്കാട്ടുന്നത്. അതിലൊന്ന് നിലനിൽപ്പിന്റെ അവ

സ്ഥയാണ്. രണ്ടാമത്തേത് അവസ്ഥയുടെ തിന്മയും. സംഭവത്തെ സ്വഭാവവൽക്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി അദ്ദേഹം സംഭവത്തിന്റെ നാലു സവിശേഷതകളെക്കുറിച്ച് പറയുന്നു. (1) ആവർത്തനമില്ലാത്ത, മാറ്റമില്ലാത്ത സവിശേഷതകൾ (2) അർധ-താൽക്കാലികസ്ഥാനം (Semi-temporal location), (3) നിർമ്മിതഗുണങ്ങൾ വ്യതിരിക്തമായ സംഭവങ്ങളെ നിർമ്മിക്കുന്നു, (4) സംഭവങ്ങളുടെ ഇടയിൽ ഒരു വ്യതിരിക്ത സംഭവത്തിന് അതിന്റേതായ ഗുണങ്ങളെ പിടിച്ചുവയ്ക്കാനും വ്യതിരിക്തമായി സൂചിപ്പിക്കാനുമുള്ള ശേഷി എന്നിവയാണത്.[10]

ഹെറോഡോട്ടസ് 'അപരരെക്കുറിച്ചുള്ള എഴുത്ത്' എന്ന് സഞ്ചാരസാഹിത്യത്തിന്റെ ഉള്ളടക്കത്തെ മുൻനിർത്തി സൂചിപ്പിക്കുന്നുണ്ട്. അന്ന് പക്ഷേ അപരത്തെ വലിയ വിടവുകളിലാണ് സ്ഥാനപ്പെടുത്തിപ്പോന്നിരുന്നത്. ഈ വിടവുകളാണ് സഞ്ചാരസാഹിത്യരചയിതാക്കളുടെ വിഷയ-വിഷയീലോകത്തെ ആദ്യകാലങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ളതും. കോളണീകരണത്തിനു മുൻപ് സഞ്ചാരസാഹിത്യത്തിന്റെ ഉള്ളടക്കത്തിൽ ചേർത്തുനിർത്തി പരിശോധിക്കാവുന്ന സന്ദേശകാവ്യങ്ങളടക്കമുള്ള യാത്രാകാവ്യങ്ങൾ പതിനാറാംശതകം മുതൽ മലയാളത്തിൽ വ്യത്യസ്ത രൂപഭാവങ്ങളിൽ രചിക്കപ്പെടുന്നുണ്ട്.[11]

''18-ാം ശതകം മുതൽ ആനുകാലികപ്രസിദ്ധീകരണങ്ങളിലും ഗ്രന്ഥരൂപങ്ങളിലുമായി നാൽപ്പതിലധികം യാത്രാകാവ്യങ്ങൾ രചിക്കപ്പെട്ടു. പതിനഞ്ചാം ശതകത്തിന്റെ ഉത്തരാർധം മുതൽ മലയാളത്തിൽ സ്വതന്ത്രവും ശക്തവുമായ ഒരു പദ്യഭാഷ നിലനിന്നിരുന്നു.''[12] പദ്യഭാഷയിലുള്ള ഈ സഞ്ചാരസാഹിത്യകൃതികളെ പിന്തള്ളിക്കൊണ്ടാണ് പാറേമ്മാക്കൽ തോമാകത്തനാരുടെ *വർത്തമാനപ്പുസ്തകത്തെ* പ്രഥമ സഞ്ചാരസാഹിത്യകൃതിയായി പരിഗണിക്കുന്നത്. കോളോണിയൽ ആധികാരികതയുടെയും പ്രാമാണികതയുടെയും മാതൃകയായി ഗദ്യം വരുന്നതോടെയാണ് ഇത്തരത്തിൽ ഗദ്യമാതൃകകൾ പ്രഥമമായി പരിഗണിക്കപ്പെടുന്നത്. മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന്റെ ചരിത്രം ഇക്കാര്യംകൂടി സൂചി

പ്പിക്കുന്നു. മലയാളസാഹിത്യചരിത്രത്തിൽ പദ്യമാതൃകകൾ പാർശ്വവൽക്കരിക്കപ്പെടുന്ന അവസ്ഥയാണ് പിന്നീടുണ്ടാവുന്നത്.

> ''മലയാളഗദ്യത്തിന്റെ വികാസത്തോടുകൂടിയാണ് സഞ്ചാരസാഹിത്യം നവോന്മേഷം കൈവരിച്ചത്. അച്ചടിയുടെ പ്രചാരം, വിദ്യാലയങ്ങളുടെ വ്യാപനം, മിഷണറിപ്രവർത്തനം, വിജ്ഞാനതൃഷ്ണ എന്നിവയിൽ മലയാളഗദ്യത്തിന് അഭൂതപൂർവമായ അഭിവൃദ്ധി ഉണ്ടായി. അപ്രകാരം ഗദ്യത്തിൽ ആദ്യമായി പാറേമ്മാക്കൽ തോമാ കത്തനാരുടെ *വർത്തമാനപ്പുസ്തകം* രചിക്കപ്പെട്ടു (1785). ഭാരതത്തിലെ തന്നെ പ്രഥമ സഞ്ചാരസാഹിത്യമായും അത് പരിഗണിക്കപ്പെടുന്നു. പതിനെട്ടാംശതകത്തിന്റെ ഉത്തരാർധത്തിൽ വൈദികരായ പാറേമ്മാക്കൽ തോമാക്കത്തനാരും കരിയാറ്റിൽ ഔസേപ്പു മൽപ്പാനും കൂടി കടൽമാർഗം പോർത്തുഗൽ വഴി റോമിൽ ചെന്ന് പോപ്പിനെ കണ്ടു മടങ്ങുന്ന യാത്രയുടെ അനുഭവങ്ങൾ ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നു.''[13]

സാഹിത്യപ്രസ്ഥാനം എന്ന നിലയിൽ ഗദ്യത്തിലെ സഞ്ചാരസാഹിത്യകൃതികൾ കോളനീകരണത്തിന്റെ ആശയാവലിമാതൃകകൾക്കുള്ളിലാണ് പരിഗണിക്കപ്പെട്ടുവരുന്നത്.

മലയാളത്തിൽ കഥ, നോവൽ, ജീവചരിത്രം, ആത്മകഥ തുടങ്ങിയ സാഹിത്യഗണങ്ങളുടെ കൂടെ കൊളോണിയൽ സാഹിത്യാഭിരുചികളുടെ ഭാവുകത്വത്തിനുള്ളിലാണ് സഞ്ചാരസാഹിത്യവും രൂപപ്പെടുകയും വ്യാപിക്കുകയും ചെയ്യുന്നത്.[14] 1950 കളിൽ എസ്.കെ. പൊറ്റെക്കാട്ട് നടത്തുന്ന ആഫ്രിക്കൻയാത്രകളും പിന്നീട് സക്കറിയ നടത്തുന്ന ആഫ്രിക്കൻയാത്രയും അരനൂറ്റാണ്ടിലധികം വരുന്ന ഇടവേളയിൽ സംഭവിക്കുന്നതാണ്. പൊറ്റെക്കാട്ട് കൊളോണിയൽ വാഴ്ചയുടെ

ചരിത്രസന്ദർഭത്തിലാണ് യാത്രനടത്തുന്നത്. പൊറ്റെക്കാട്ടിന്റെ കണ്ടെഴുത്തിന്റെ സ്വഭാവത്തെക്കുറിച്ച് പ്രൊഫ. വി. രമേഷ്ചന്ദ്രൻ കുറിക്കുന്നത് ശ്രദ്ധിക്കുക:

> ''*നൈൽ ഡയറി*യിൽ ഹദൾ ഹൽവാ തടാകതീരത്തും നൈൽക്കരയിലും വന്യമൃഗങ്ങളെ അകറ്റാൻ തീകൂട്ടി നൃത്തംചെയ്യുന്ന നഗ്നഡിംകകളെയും നൈൽനദിയിലെ ബോട്ടുജെട്ടിയിൽ അടിമുതൽ മുടിവരെ കറുപ്പും വെളുപ്പും കലർന്ന പടുതാപ്പുടവ കൊണ്ട് മൂടിയ യൂറോപ്യൻ കന്യാസ്ത്രീകളെ കപ്പലിൽ കയറ്റാൻ കൈയിൽ ലാന്തറുമായി അകമ്പടി സേവിക്കുന്ന ദിഗംബരരായ ഷെളൂക്കകളെയും ജനപ്പെരുപ്പവും പരിഷ്കാരവുമുള്ള 'ജൂബ്ബ'യിലെ നിലയങ്കിക്കുപ്പായവും സൂട്ടും തൊപ്പിയും ധരിച്ചു നടക്കുന്ന മാന്യന്മാരുടെ മധ്യത്തിൽ വിറകുകൊള്ളിപോലെ പൂർണനഗ്നരായി കൊത്തുപണിയിലേർപ്പെട്ടിരിക്കുന്ന ഡിംകകളെയും സുഡാനിൽ പെരുച്ചാഴികളെയോ തവളകളെയോ വേവിച്ച് കൂട്ടുകറിയുണ്ടാക്കുന്ന അച്ചോളിവർഗത്തെയും കെന്യയിലെ ഉറക്കം പരത്തുന്ന ടെത്സി ഈച്ചകളെയും അദ്ദേഹം അവതരിപ്പിക്കുന്നു.''[15]

ആഫ്രിക്കൻജനതയെയും സമൂഹത്തെയും അവരുടെ സാംസ്കാരികതന്മയെയും കേന്ദ്രീകരിക്കുന്ന സന്ദർഭങ്ങളിലേക്കാണ് സഞ്ചാരസാഹിത്യചരിത്രകാരനും പൊറ്റെക്കാട്ടും ദൃഷ്ടിപായിക്കുന്നത്. അതായത് യൂറോപ്പിന്റെ നോട്ടപ്പാടുകളുടെ ശ്രേണീകരണ ആശയാവലികളിലാണ് പൊറ്റെക്കാട്ടും അദ്ദേഹത്തിന്റെ സഞ്ചാരസാഹിത്യകൃതികളെ പഠിക്കുന്ന പ്രൊഫ. വി. രമേഷ്ചന്ദ്രനും നിലയുറപ്പിച്ചിരിക്കുന്നത് എന്നു സാരം. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും സഞ്ചാരസാഹിത്യകൃതികളിലും അവയുടെ പഠനങ്ങളിലും ഏതു പക്ഷത്താണ് അവർ നിൽക്കുന്നതെന്നും ആ നിലപാടിന് ആധാരമായ ആശയാവലികളുടെ സ്വഭാവമെന്തെന്നും ഇവിടെ വ്യക്തമാവുന്നുണ്ട്.

അപകോളണീകരണത്തിന്റെയും കോളണീകരണത്തിന്റെയും വിമർശനസ ന്ധിയിലേക്കാണ് സക്കറിയ പൊറ്റെക്കാട്ടിന് അരനൂറ്റാണ്ടിനുശേഷം ആഫ്രിക്കൻ കണ്ടെഴുത്തുകൾ നടത്തുന്നത്. കോളണീകരണത്തിന്റെ അധീശത്വവിനിമയങ്ങ ളുടെ രാഷ്ട്രീയവിവക്ഷകൾ അഴിച്ചെടുക്കാൻ നടത്തുന്ന വ്യാപകമായ ശ്രമങ്ങ ളുടെ ഒരു മുഖവുര സക്കറിയ തന്റെ കണ്ടെഴുത്തുകളുടെ തുടക്കത്തിൽ എഴുതി ച്ചേർക്കുന്നുണ്ട്. പൊറ്റെക്കാട്ടിൽനിന്ന് വ്യത്യസ്തമായി ആഫ്രിക്ക 'ഇരുണ്ട'താവു ന്നതിന്റെ രാഷ്ട്രീയവിവക്ഷകളെ പ്രശ്നവൽക്കരിക്കേണ്ടതിനെക്കുറിച്ചുള്ള ആകു ലതയാണത്. എന്നാൽ ഇത്തരം ആകുലതകളെ പൊറുപ്പിക്കാൻ വേണ്ട സങ്കൽപ്പ ങ്ങളും രീതിശാസ്ത്രസംബന്ധിയായ സ്വയംപ്രതിഫലനാത്മകതയും സക്കറിയ യുടെ കണ്ടെഴുത്തിനെയും ചരിത്രപരമായി പര്യാപ്തമാക്കുന്നില്ല എന്നു കാണാവു ന്നതാണ്. ഇത് കോളണീകരണത്തിന്റെയും അപകോളണീകരണത്തിന്റെയും വിഷയതലത്തിലെ സങ്കീർണമായ പ്രശ്നപരിസരങ്ങളിലേക്കാണ് വിരൽചൂണ്ടുന്ന ത്. നോവലോ ആത്മകഥയോ ജീവചരിത്രമോ പോലുള്ള ആഖ്യാനങ്ങളിൽനിന്ന് വ്യത്യസ്തമായി, സഞ്ചാരസാഹിത്യം ദേശ-സാമൂഹികാന്തരങ്ങളെ ഉൾക്കൊള്ളുന്ന മാതൃകയ്ക്ക് ഏറെ വ്യത്യാസമുണ്ട്.

സഞ്ചാരസാഹിത്യം കാലത്തെ സ്വാംശീകരിക്കുന്നത് ചരിത്രരചനയുടെ രീതിശാസ്ത്രപദ്ധതിയോട് അടുത്തുനിൽക്കുന്ന സങ്കൽപ്പങ്ങളെ മുൻനിർത്തിയാ ണ്. മാത്രവുമല്ല, കാലത്തെയും ഭൂമിശാസ്ത്രത്തെയും സമൂഹത്തെയും മറ്റും ചരി ത്രരചനാപദ്ധതിക്കപ്പുറം മറികടക്കുകയും ചെയ്യുന്നുണ്ട്. പ്രാദേശികചരിത്രരചന യുടെയും സംസ്കാരപഠനങ്ങളുടെയും സങ്കൽപ്പങ്ങളും രാഷ്ട്രീയവിവക്ഷകളും സഞ്ചാരസാഹിത്യത്തിന്റെ വിഷയവിവക്ഷകൾ മനസ്സിലാക്കാനും വിശദീകരി ക്കാനും ഉതകുന്നതാണ്. സവിശേഷസമൂഹത്തിനുള്ളിലെ ജീവിതത്തിന്റെ ബാഹ്യ-ആന്തരികമണ്ഡലങ്ങളെയും ഭൗതികസാഹചര്യങ്ങളെയും നിലനിൽക്കുന്ന സാഹിത്യാഭിരുചികളുടെ ചട്ടക്കൂടിനുള്ളിലേക്ക് സാംസ്കാരികഭാവുകത്വത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനക്രമം ദീക്ഷിച്ചുകൊണ്ട് ഉൾച്ചേർക്കുന്നതിനായി നട

ത്തുന്ന തിരഞ്ഞെടുപ്പുകളാണ് സഞ്ചാരസാഹിത്യത്തിനുള്ളിലെ സംഭവങ്ങളായി ആഖ്യാനപ്പെടുന്നത്. അതായത് സഞ്ചാരത്തിന് തിരഞ്ഞെടുക്കുന്ന ദേശം, മറ്റു ഭൗതികസാഹചര്യങ്ങൾ, സാമൂഹികാവസ്ഥ എന്നിവയെല്ലാം നിലനിൽക്കുന്ന സാംസ്കാരിക-വ്യവസായമണ്ഡലത്തിൽ എത്രത്തോളം മൂല്യമുള്ള വിഷയമാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് അതത് വിഷയവുമായി ബന്ധപ്പെട്ട സംഭവ ങ്ങൾ സഞ്ചാരസാഹിത്യത്തിന്റെ ആഖ്യാനചട്ടക്കൂടിനുള്ളിലേക്ക് ആനയിക്കപ്പെടു ന്നത് എന്ന് സാരം.[16]

പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻ യാത്രക്കുറിപ്പുകൾ പരിശോധിക്കുന്നത് അരനൂറ്റാണ്ടിന്റെ ഇടവേളകളിലായി സഞ്ചരിക്കാനും അതേ ക്കുറിച്ച് എഴുതാനുമായി ആഫ്രിക്കയെ തിരഞ്ഞെടുത്ത രണ്ടു മലയാളി[17] വിഷയികൾ എന്ന നിലയിലാണ്. സാങ്കേതികമായി അപകോളനീകരണത്തിന്റെ ചരിത്രഘട്ടത്തിലാണ് പൊറ്റെക്കാട്ട് യാത്രതിരിക്കുന്നതെങ്കിലും കോളോണിയൽ വിഷയിയുടെ ചട്ടക്കൂടിനുള്ളിലാണ് അദ്ദേഹം തന്റെ സമീപനങ്ങൾ വാർത്തെടു ത്തിട്ടുള്ളത്. സക്കറിയ തന്റെ വിഷയിയിൽനിന്ന് കുടഞ്ഞുകളയാൻ ശ്രമിക്കു ന്നതും കോളണീകരണത്തിന്റെ അധീശത്വ-വിധേയ സങ്കൽപ്പനത്തിനുള്ളിലെ വിഷയാവബോധമാണ്. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും സമീപന ത്തിലെ ഈ വിഷയി/വിഷയ നിർമ്മിതിയെ ഈ പ്രബന്ധത്തിൽ പ്രശ്നവത്ക്കരിച്ച് വിശദീകരിക്കുന്നുണ്ട്.

**പഠനത്തിന്റെ പരികല്പനകൾ**

1. പൊറ്റക്കാടിന്റെ യാത്രാവിവരണക്കുറിപ്പുകൾ യൂറോകേന്ദ്രിത ബോധത്തി ന്റേയും കേരളീയാധുനികതയുടേയും ലോകബോധത്തിലാണ് എഴുത പ്പെടുന്നത്.

2. യാത്രാവിവരണക്കുറിപ്പുകൾക്ക് കൽപ്പിച്ചുകൊടുക്കുന്ന കണ്ടെഴുത്തിന്റെ ആധികാരികത കാഴ്ചയുടെ ആധികാരികതയല്ല, കാഴ്ചപ്പാടുകളുടെ അധിനിവേശം കൂടിയാണ്.

3. പാഠങ്ങളിൽനിന്ന് സാംസ്കാരികകർതൃത്വങ്ങളെ വിക്രോഡീകരിച്ച് മനസ്സിലാക്കുന്നത് സവിശേഷ സമീപനങ്ങളെ ചരിത്രപരമായി മനസ്സിലാക്കാൻ സഹായകമാണ്.

4. ഭിന്നചരിത്രസന്ദർഭത്തിലെ സാംസ്കാരികകർതൃത്വം ഭിന്നവിഷയങ്ങളേയും ഉള്ളടക്കങ്ങളേയും നിർമ്മിക്കുന്നതിന്റെ ദൃഷ്ടാന്തങ്ങളാണ് സക്കറിയയുടേയും പൊറ്റക്കാടിന്റേയും യാത്രാവിവരണ കുറിപ്പുകൾ

**പഠനലക്ഷ്യവും പ്രസക്തിയും**

യാത്രാവിവരണങ്ങൾ പോലുള്ള ആഖ്യാനരൂപങ്ങളുടെ ആധികാരികതയും അവ സംവഹിക്കുന്ന സങ്കീർണ്ണമായ സാംസ്കാരികബന്ധങ്ങളും വിമർശനാത്മകമായി പരിശോധിക്കുകയാണ് പ്രബന്ധത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. നിലനിൽക്കുന്ന സാംസ്കാരിക ഉച്ചനീചത്വങ്ങളുടെ രാഷ്ട്രീയവിവക്ഷകൾ അഴിച്ചെടുക്കുന്നതിലൂടെ സാംസ്കാരികമണ്ഡലത്തിൽ സവിശേഷമായ നൈതികബോധവും ജാഗ്രതയും നിർമ്മി ച്ചെടുക്കാനാവണമെന്ന ലക്ഷ്യവും ഈ പ്രബന്ധരചനക്ക് പിന്നിലുണ്ട്. അരനൂറ്റാണ്ടിന്റെ ഇടവേളയിലാണ് എസ്.കെ. പൊറ്റക്കാടും സക്കറിയയും ആഫ്രിക്കയെപ്പറ്റി യാത്രാകുറിപ്പുകൾ എഴുതുന്നത്. സമീപനത്തിലും ഉള്ളടക്കത്തിലും ചരിത്രപരമായി വലിയ വിടവുകൾ ഈ രണ്ടുപേരുടേയും യാത്രാവിവരണപാഠങ്ങളിൽ കണ്ടെത്താനാവും. കാഴ്ചപ്പാടിലും സമീപനത്തിലുമുള്ള ഈ വ്യതിരിക്തതകൾ രണ്ട് വ്യത്യസ്ത ചരിത്രഘട്ടങ്ങളുടെ സാമൂഹികബന്ധങ്ങളുടെ നിർമ്മിതിയാണ്. സാഹിത്യപാഠങ്ങളിലൂടെ അവയിൽ പ്രതിഫ ലിക്കുന്ന സാംസ്കാരികകർതൃത്വങ്ങളിലേക്കും സാമൂഹികബന്ധങ്ങളിലേക്കും ദൃഷ്ടി പായിക്കുന്ന ഉദ്യമമാണിത്. ഈ മണ്ഡലത്തിൽ ഗവേഷണ

രൂപത്തിൽ നടക്കുന്ന പ്രഥമപഠനം എന്ന നിലയിലുള്ള പ്രസക്തി 'യാത്രാവിവരണങ്ങളിലെ സാംസാകാരികവിവക്ഷകൾ പൊറ്റക്കാടിന്റേയും സക്കറിയയുടേയും ആഫ്രിക്കൻയാത്രകളെ മുൻനിർത്തി ഒരു താരതമ്യപഠനം' അർഹിക്കുന്നുണ്ട്.

**പ്രബന്ധത്തിന്റെ വ്യാപ്തി**

എസ്. കെ. പൊറ്റക്കാടിന്റെ കാപ്പിരികളുടെ നാട്ടിൽ, സിംഹഭൂമി, നൈൽ ഡയറി, കെയ്റോകത്തുകൾ എന്നീ കൃതികളും സക്കറിയയുടെ ഒരു ആഫ്രിക്കൻ യാത്ര എന്ന യാത്രാവിവരണവുമാണ് ഈ പ്രബന്ധത്തിൽ വിശദപഠനത്തിന് വിധേയമാക്കുന്നത്.

**പ്രബന്ധ സംവിധാനം**

'യാത്രാവിവരണങ്ങളിലെ സാംസ്കാരികവിവക്ഷകൾ പൊറ്റക്കാടിന്റേയും സക്കറിയയുടേയും ആഫ്രിക്കൻ യാത്രകളെ മുൻനിർത്തി ഒരു താരതമ്യപഠനം' എന്ന ഈ പ്രബന്ധം ആമുഖവും ഉപസംഹാരവും കൂടാതെ നാല് അധ്യായങ്ങളായി സംവിധാനം ചെയ്തിരിക്കുന്നു.

ആമുഖത്തിൽ സാംസ്കാരികകർതൃത്വവും സാംസ്കാരികവിഷയവും നിർമ്മിക്കപ്പെടുന്നതിന്റേയും വ്യത്യസ്ത ചരിത്രസന്ദർഭങ്ങളിൽ അവ വ്യതിരിക്തമാവുന്നതിന്റേയും രാഷ്ട്രീയപക്ഷങ്ങൾ സാമാന്യമായി സൂചിപ്പിക്കുന്നു. ഒന്നാമധ്യായത്തിലേക്കുള്ള പ്രവേശകം എന്ന നിലയിലാണ് ആമുഖം സംവിധാനം ചെയ്തിരിക്കുന്നത്.

'യാത്രയെഴുത്തുകളിലെ നോക്കുപക്ഷങ്ങൾ' എന്ന ഒന്നാമദ്ധ്യായത്തിൽ അനുഭവകേന്ദ്രത്തിൽ നിൽക്കുന്ന വിഷയിയേയും വിഷയത്തേയും വിശകലനം ചെയ്യുന്നു. കാഴ്ചകേന്ദ്രിതമായ ലോകബോധത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല യാത്രയുടെ നോട്ടം എന്നതാണ് ഈ അധ്യായത്തിൽ വിശദീകരിക്കാൻ

ശ്രമിക്കുന്ന പ്രധാന വാദം. യാത്രയുടെ, അനുഭവത്തിന്റെ ചലനാത്മക അവസ്ഥക്ക് കാരണമായി നിൽക്കുന്ന ജ്ഞാനമണ്ഡലങ്ങളെക്കൂടി പരിഗണിച്ചുകൊണ്ടാണ് യാത്രയെഴുത്തിന്റെ പക്ഷങ്ങളെക്കുറിച്ചുള്ള വിശകലനം നിർവ്വഹിച്ചിരിക്കുന്നത്. കൊളോണിയൽബോധത്തിന്റെ വിചാരമാതൃകക്കുള്ളിൽ കോളണികൾക്കുള്ളിലും കോളണികൾ തമ്മിൽ തമ്മിലും ശ്രേണീകരിക്കുന്നതിന്റെ യുക്തി ഇന്ത്യയും ആഫ്രിക്കയും തമ്മിലുള്ള അകലങ്ങളെ എങ്ങനെയാണ് നിർമ്മിക്കുന്നത് എന്ന് ഈ അധ്യായം പരിശോധിക്കുന്നു.

'കണ്ടെഴുത്തിലെ വിഷയവും വിഷയിയും' എന്ന രണ്ടാമധ്യായത്തിൽ ഇന്ത്യൻ വിഷയിയെ രൂപീകരിച്ച കൊളോണിയൽ ജ്ഞാനപദ്ധതികൾ പരിശോധി ക്കുന്നു. വിഷയരൂപീകരണത്തിൽ ആഫ്രിക്ക ഇന്ത്യക്കാർക്ക് സവിശേഷ താൽപര്യ മുണർത്തുന്ന ഇടമായി മാറുന്നതിന്റെ രാഷ്ട്രീയവും ഇവിടെ പരിശോധി ക്കുന്നുണ്ട്. വ്യത്യസ്തമായതിനോടുള്ള അസഹിഷ്ണുത കൊളോണിയൽ ആധുനികതയുടെ മുഖ്യസ്വഭാവമായിരുന്നു. ഈ അസഹിഷ്ണുതയുടെ യുക്തി പൊറ്റക്കാടിന്റെ ആഫ്രിക്കൻനോട്ടങ്ങളിൽ അന്തർലീനമായിരിക്കുന്നത് എങ്ങനെയാണെന്ന് ഈ അധ്യായത്തിൽ വിശകലനം ചെയ്യുന്നു. അപകോളനീകരണം മാറ്റിത്തീർത്ത വിഷയിയിൽ നിൽക്കാൻ ശ്രമിക്കുമ്പോഴും കോളനീകരണത്തിന്റെ സാംസ്കാ രികമായ ബൃഹദ് ശ്രേണീകരണങ്ങൾ സക്കറിയയുടെ എഴുത്തിൽ വിഭാവനം ചെയ്യപ്പെടുന്നതെങ്ങനെ എന്ന അന്വേഷണവും ഈ അധ്യായത്തിന്റെ ഭാഗമാണ്.

'ആഫ്രിക്ക പാഠങ്ങളും സമീപനങ്ങളും' എന്നതാണ് മൂന്നാമധ്യായത്തിന്റെ ശീർഷകം. ആഫ്രിക്കൻ യാത്രാവിവരണങ്ങളിൽ നിലനിൽക്കുന്ന ചരിത്രപരതയെ മുൻനിർത്തി ചരിത്ര രചനാരീതിശാസ്ത്രങ്ങളുടെ ആഖ്യാനസ്വഭാവം പൊറ്റക്കാടി ന്റെയും സക്കറിയയുടെയും സഞ്ചാരക്കുറിപ്പുകളിൽ പ്രവർത്തിക്കുന്നതെങ്ങനെ എന്ന അന്വേഷണമാണ് ഈ അധ്യായത്തിലുള്ളത്. സംഭവങ്ങളെ സന്ദർഭ നിഷ്ഠമാക്കുക വഴി അക്കാദമിക് ചരിത്ര പദ്ധതിയെ ചില തലങ്ങളിൽ

മറികടക്കാൻ സഞ്ചാരസാഹിത്യത്തിന് സാധിക്കുന്നുണ്ട്. പൊറ്റക്കാടിന്റേയും സക്കറിയയുടേയും രചനകളെ മുൻനിർത്തി ഇക്കാര്യം സമർത്ഥിക്കാൻ കൂടി ഈ അധ്യായത്തിൽ ശ്രമിക്കുന്നുണ്ട്.

'കണ്ടെഴുത്തിന്റെ രാഷ്ട്രീയഭാരങ്ങൾ' എന്ന നാലാമധ്യായത്തിൽ പൊറ്റക്കാട്, സക്കറിയ എന്നിവരുടെ ആഖ്യാനത്തിലെ നോട്ടങ്ങൾ, തിരഞ്ഞെടുപ്പുകൾ, ഒഴിവാക്കലുകൾ എന്നിവയുടെ രാഷ്ട്രീയം പരിശോധിക്കുന്നു. ആഫ്രിക്കൻലോകം നടത്തിയ വൈജ്ഞാനികമായ അന്വേഷണങ്ങളോ കണ്ടെത്തലുകളോ ഇരുവരുടേയും കുറിപ്പുകളിൽ സ്ഥാനംപിടിക്കാതെ പോകുന്നുണ്ട്. അവരുടെ തിരഞ്ഞെടുപ്പിന്റെ മുൻഗണനകൾക്ക് പിന്നിലുള്ള രാഷ്ട്രീയ വിഷയിത്വവും ഇവിടെ വിശകലനം ചെയ്യുന്നു.

**കുറിപ്പുകൾ**

1. Post Colonial - europe.eu Radim Hantich (A Theory's travelogue post-colonial Theory in Post Socialist space, 19, March 2013.

2. Ibid.

3. എസ്.കെ. പൊറ്റെക്കാട്ട്. സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്, ഡി.സി.ബുക്സ്, കോട്ടയം, 2010, പേജ് 1062.

4. Edward Said Travelling Theory In: The World the text and the crtics, Cambridge, M.A. Harvard University Press, 1983, pp. 226 – 27.

5. പ്രൊഫ. വി. രമേഷ്ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989, പേജ്, 21.

6. അതേ പുസ്തകം, പേജ് 28.

7. മറ്റു പല സാഹിത്യശാഖകളെക്കാളും പ്രാചീനമാണ് സഞ്ചാരസാഹിത്യം. സൈനികരും നയതന്ത്രപ്രതിനിധികളും ചരിത്രകാരന്മാരും നാവികരും പുതിയ ഭൂഭാഗങ്ങൾ കണ്ടെത്തിയവരും ശാസ്ത്രജ്ഞരും തീർഥാടകരും നൽകിയ സംഭാവനകൊണ്ട് അനേകശതകങ്ങളിലൂടെ സഞ്ചാരസാഹിത്യം വളർന്നിട്ടുണ്ട്. അതേ പുസ്തകം, പേജ്, 27.

8. അതേ പുസ്തകം, പേജ്, 28.

9. R.G. Collingwood, The idea of History, OUP. New Deli, 2000, p. 364.

10. Kim Gaegwon, Supervenance and Mind, Cambridge University Press, 1993, p. 37.

11. ധർമ്മരാജാവിന്റെ രാമേശ്വരയാത്ര (1778 – 1786) കരിയാറ്റിൽ മെത്രാന്റെ പാട്ട്, വൈക്കത്ത് പാച്ചുമൂത്തതിന്റെ (1854) കാശിയാത്രാവർണനം തുടങ്ങി നിരവധി രചനകൾ സഞ്ചാരസാഹിത്യത്തിന്റെ പരിധിയിൽ വരുന്നവയായു ണ്ട്. പ്രൊഫ. വി. രമേഷ്ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989, പേജ്, 32 – 40).

12. ഡോ. ജി. മാധവൻകുട്ടി, സഞ്ചാരസാഹിത്യം (എഡി. പന്മന രാമചന്ദ്രൻ നായർ, സമ്പൂർണ മലയാളസാഹിത്യചരിത്രം), കറന്റ് ബുക്സ്, തൃശൂർ, 2008, പേജ്, 825.

13. അതേ ലേഖനം, പേജ് 827.

14. പ്രൊഫ. വി. രമേഷ്ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989, പേജ്, 257.

15. അതേ പുസ്തകം, പേജ്, 258.

16. ഇവിടെ ദേശം എന്ന് വിവക്ഷിക്കുന്നത് അതിനുള്ളിലെ ഭൂമിശാസ്ത്രവും സാമൂഹികാവസ്ഥകളും ജീവശാസ്ത്രസവിശേഷതകളും ആകെയാണ്.

17. ഇവിടെ മലയാളം എന്നു പറഞ്ഞത് ഭാഷയെ മുൻനിർത്തിയല്ല, ദേശം, അധീശത്വം, ലിംഗപദവി, ജാതി തുടങ്ങിയ സാമൂഹികസങ്കൽപ്പനങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ്.

# അധ്യായം 1

# യാത്രയെഴുത്തുകളിലെ നോക്കുപക്ഷങ്ങൾ

യാത്രകൾ സാമൂഹികവിനിമയങ്ങളുടെ സവിശേഷരൂപമാണ്. മനുഷ്യരെ സംബന്ധിച്ച് സാമൂഹികാവശ്യങ്ങളുടെ പരിണാമചരിത്രത്തിൽ യാത്രകളുടെ സാംസ്കാരികവിവക്ഷകൾ മാറുന്നുണ്ട്. നാടോടിത്തത്തിൽനിന്ന് സവിശേഷ ഇടത്തിൽ സ്ഥിരവാസിയാവുന്നതോടെയാവാം യാത്രകൾ പ്രത്യേക ശ്രദ്ധയർഹിക്കുന്ന പ്രവൃത്തിയായി ദൈനംദിനജീവിതത്തിൽ മാറുന്നത്. യാത്രകളെക്കുറിച്ചും യാത്രയെഴുത്തുകളെക്കുറിച്ചുമുള്ള പര്യാലോചനകളിൽ ഇടം (Space) എന്ന സങ്കൽപ്പം മുൻഗണനയോടെ പരിഗണിക്കേണ്ടതാണ്. മനുഷ്യരെ സംബന്ധിച്ച് ഏതെങ്കിലും തലത്തിലുള്ള ഒരു സംഭവം[1] (Event) രൂപീകരിക്കപ്പെടുന്നതിന്റെ മുൻനിലയാണ് ഇടം. എല്ലാതരത്തിലുള്ള ചലനങ്ങളും മനുഷ്യൻ തന്നെ ആയിരിക്കുന്നതിന്റെ, ആയിത്തീരുന്ന പ്രക്രിയയുടെ മുൻനിലകൂടിയാണ് ഇടം.

യാത്രയും എഴുത്തും സവിശേഷമായ സംഭവങ്ങളായതിനാലാണ് 'ഇട'ത്തെക്കുറിച്ചും 'സംഭവ'ങ്ങളെക്കുറിച്ചുമുള്ള ഗിൽ ദെലുസിന്റെയും ഫെലിക്സ് ഗുത്താരിയുടെയും പരികല്പനകളിലെ ചില നിരീക്ഷണങ്ങൾ ഈ പ്രബന്ധത്തിന്റെ വിശകലനത്തിൽ പരിഗണിക്കുന്നത്.[1] നാടോടിത്തത്തിന്റെ വിഷയിയിൽനിന്ന് സ്ഥിരവാസിയുടെ വിഷയിയിലേക്കും വിഷയത്തിലേക്കുമുള്ള പരിണാമങ്ങളുടെ കേന്ദ്രവും ഇടം തന്നെയാണ്. നാടോടിത്തത്തിന്റെ നിരന്തരയാത്രകൾ സ്ഥിരവാസിയുടെ സാന്ദർഭികമോ യാദൃച്ഛികമോ ആയ യാത്രകളിലേക്ക് പരിണമിക്കുന്നതിന്റെ ചരിത്രസന്ധികളെ ഈ പ്രബന്ധത്തിന്റെ സങ്കൽപ്പനത്തിലേക്ക് കൂട്ടിച്ചേർക്കേണ്ടതുണ്ട്.

യാത്രയെഴുത്തുകളിൽ യാത്രയെ കാഴ്ചാകേന്ദ്രത്തിലേക്കും കർതൃസ്ഥാനത്തേക്കും കേന്ദ്രീകരിക്കുകയാണ് ചെയ്യുന്നത്. 'കാഴ്ച' ഇവിടെ ഒരു രാഷ്ട്രീയവ്യത്തിയാണ്. നിരുപദ്രവകരമോ, നിർദോഷകരമോ ആയ നിർമമവൃത്തിയല്ലത്.

കാഴ്ചയെക്കുറിച്ച് മിഷേൽ ഫൂക്കോയുടെ നിരീക്ഷണം അധികാരത്തിന്റെ ഉൽപ്പാദന-വിതരണത്തെക്കുറിച്ചുള്ള ശ്രദ്ധേയമായ സൂചനകളിലേയ്ക്ക് നമ്മെ ക്ഷണിക്കുന്നു. ഫൂക്കോ പറയുന്നത് ഒരാൾ കാഴ്ചമണ്ഡലത്തിന് വിഷയീഭവിക്കുമ്പോൾ അധികാരത്തെ കൈപ്പിടിയിലൊതുക്കാനുള്ള ഉത്തരവാദിത്വം അയാൾ സ്വായത്തമാക്കുകയാണ് എന്നാണ്. അതായത് വിഷയത്തിനും വിഷയിക്കുമിടയിൽ സ്വയം അധികാരകേന്ദ്രമായി സ്ഥാപിച്ചെടുക്കാനുള്ള നിരന്തരവ്യായാമമാണ് കാഴ്ചപ്പെടലിനുള്ളിൽ നടക്കുന്നതെന്നർഥം.[2] ഇവിടെ സഞ്ചാരി ആ സാമൂഹിക-സാംസ്കാരികവൃത്തിയിലേക്ക് നയിക്കുന്ന നിർവഹണശേഷിയുള്ള കർതൃത്വമായി മാറാൻ കാരണം, സവിശേഷാധികാരം തന്നെയാണെന്ന് കാണാവുന്നതാണ്. അപ്പോൾ യാത്രയ്ക്കും യാത്രയെഴുത്തിനും മുന്നിലും പിന്നിലുമായി സവിശേഷവൃത്തിയിലേക്ക് പ്രവേശിക്കുന്ന കർതൃത്വസ്ഥാനത്തിനു ലഭിക്കുന്ന സാമൂഹിക-സാംസ്കാരിക മൂലധനങ്ങൾ അധികാരം തന്നെയാണെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കാഴ്ചയെക്കുറിച്ചും കർതൃത്വത്തെക്കുറിച്ചുമുള്ള ഈ സൂചനകൾ മുൻനിർത്തി കൂടിയാവണം യാത്രയെഴുത്തുകളെ പരിഗണിക്കേണ്ടത്.

മലയാളത്തിലെ ആദ്യകാല യാത്രയെഴുത്തുകൾ കാവ്യരൂപത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. യാത്രയെഴുത്തുകൾ മാത്രമല്ല, ഇന്ത്യയിലെ പ്രാചീന വരമൊഴികളുടെ പൊതുസ്വഭാവം പദ്യമാതൃകകളാണ്. *മലയാളത്തിലെ യാത്രാകാവ്യങ്ങൾ ഒരു പഠനം* എന്ന ഷേർലി കുര്യന്റെ ഗവേഷണ പ്രബന്ധം യാത്രാകാവ്യങ്ങളെ മുൻനിർത്തിയുള്ള അന്വേഷണമാണ്.[3] ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, തച്ചുശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, രാഷ്ട്രതന്ത്രം, വ്യാകരണം, കാവ്യമീമാംസ തുടങ്ങി ഇന്ത്യയിൽ വിരചിതമായ ജ്ഞാനശാസ്ത്രകൃതികളെല്ലാം പദ്യമാതൃകകളിലാണ്.

മലയാള യാത്രയെഴുത്തുകളുടെ ആദ്യകാല ഊന്നലുകൾ തീർത്ഥാടനത്തിലും വിനോദത്തിലും കേന്ദ്രീകരിക്കപ്പെട്ടിരുന്നതായിട്ടുള്ള സൂചനകൾ മേൽസൂചിപ്പിച്ച പ്രബന്ധത്തിൽ ഷേർലി കുര്യൻ പങ്കുവയ്ക്കുന്നുണ്ട്.

''മറ്റ് ഏതൊരു സാഹിത്യത്തിലും എന്നതുപോലെ മലയാളസാഹിത്യത്തിലും ഗദ്യത്തെക്കാൾ മുൻപ് പദ്യമാണല്ലോ പ്രചുരപ്രചാരം നേടിയത്. തദനുരോധേന ഗദ്യസഞ്ചാരകൃതികൾക്ക് പൂർവമായി പദ്യാത്മക സഞ്ചാരകൃതികൾ രചിക്കപ്പെട്ടു. വെൺമണിപ്രസ്ഥാന കാലഘട്ടത്തിനുമുൻപ് രചിക്കപ്പെട്ട യാത്രാകാവ്യങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയിൽ പ്രാചീനതമമായ യാത്രാകാവ്യം ധർമ്മരാജാവിന്റെ *രാമേശ്വരംയാത്ര*യാണ്. കരിയാറ്റിൽ മെത്രാന്റെ പാട്ട്, വൈക്കത്ത് പാച്ചുമൂത്തതിന്റെ *കാശിയാത്രാവിവരണം*, കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ *ഗംഗാസ്നാനം തുള്ളൽപ്പാട്ട്, സേതുസ്നാനം തിരുവാതിരപ്പാട്ട്* എന്നിവയും ഭാഷാ യാത്രാകാവ്യങ്ങളാണ്.''[4]

ആദ്യകാല യാത്രയെഴുത്തുകളുടെ മാതൃകകൾ ഏത് ആശയാവലി വ്യതിയാന മാതൃകകൾക്കുള്ളിലാണ് (Paradigm) സ്ഥാനപ്പെട്ടിരുന്നത് എന്ന് മേലുദ്ധരിച്ച ഭാഗത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്. ഇവിടെ രണ്ടുകാര്യങ്ങളാണ് ആദ്യകാല യാത്രയെഴുത്തുകളെ സംബന്ധിച്ച വിശകലനത്തിനെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്. അതിലൊന്ന് പദ്യമാതൃകയാണ്. രണ്ടാമതായി ആചാരവിശ്വാസങ്ങളുടെ ഭാഗമായുള്ള സാമൂഹികവൃത്തിക്ക് കൊടുക്കുന്ന പ്രാധാന്യമാണ്. ഇത് സവിശേഷമായ ചരിത്രസന്ദർഭത്തിൽ എഴുതപ്പെട്ട കൃതിയെ സാമൂഹികപാഠമായി സ്വീകരിച്ചുകൊണ്ട്, കേരളീയസമൂഹത്തിന്റെ ജീവിതബോധവും സാമൂഹികക്രമവും മുൻഗണനാക്രമങ്ങളും, സാംസ്കാരികവിഭാവനങ്ങളെക്കുറിച്ചുള്ള സൂചികകളാവുന്നതെങ്ങനെയെന്നു സൂചിപ്പിക്കുന്നുണ്ട്.

'ധർമ്മരാജാവിന്റെ രാമേശ്വരയാത്ര'യെക്കുറിച്ച് കേട്ടുകേൾവിയിൽ നിന്നെഴുതിയ യാത്രാകാവ്യമാണ് 'രാമേശ്വരയാത്ര'.[5] യാത്രയെഴുത്തിന്റെ വിദൂരമായ സാങ്കൽപ്പികപക്ഷമെന്ന് വേണമെങ്കിൽ പറയാം. അതായത് ഇവിടെ 'യാത്ര' ഒരു വിഷ

യമായി പരാമർശിക്കപ്പെടുന്നു എന്ന വിവക്ഷ മാത്രമാണ് 'യാത്രാകാവ്യ'മെന്ന പ്രയോഗത്തിനുള്ളത് എന്നു സാരം. കേട്ടെഴുത്തിന്റെ പക്ഷത്തിലാണ് വിഷയി പാഠത്തിൽ സന്നിവേശിക്കുന്നതിവിടെ. മറിച്ച്, അനുഭവകേന്ദ്രത്തിൽ നിൽക്കുന്ന വിഷയിയെയും വിഷയത്തെയുമാണ് ഈ പ്രബന്ധത്തിൽ യാത്രയെഴുത്തിന്റെ വാച്യാർഥമായി വിഭാവനം ചെയ്തിട്ടുള്ളത്. കാഴ്ചകേന്ദ്രിതമായ ലോകബോധവും ജ്ഞാനവിഭാവനങ്ങളും വിമർശനാത്മകമായിരിക്കാനുള്ള ശ്രദ്ധയെ നിലനിർത്തിക്കൊണ്ടുതന്നെ ചലനാത്മകമായ വസ്തുവവബോധവും വികേന്ദ്രീകൃതമായ ജ്ഞാനസങ്കൽപ്പങ്ങളും യാത്രയെഴുത്തിന്റെ അടിസ്ഥാനസങ്കൽപ്പങ്ങളെ വികസിപ്പിക്കാനുതകുമെന്നതിനാൽ, ഈ പ്രബന്ധത്തിന്റെ സങ്കൽപ്പനത്തിൽ അവയെ സ്വാംശീകരിക്കാൻ ശ്രമിക്കുന്നുണ്ട്. അതായത് 'കണ്ടെഴുത്തിന്റെ' പക്ഷം എന്നാൽ കാഴ്ചകേന്ദ്രിതമായ വിഭാവനമല്ല എന്നർഥം. അനുഭവത്തിന്റെ ചലനാത്മകാവസ്ഥ രേഖപ്പെടുത്താൻ സമർഥമായ ജ്ഞാനാർജന വ്യൂഹങ്ങളെയാകെ ഈ ഒന്നിൽ കണ്ടുകൊണ്ടാണ് കണ്ടെഴുത്തിന്റെ പക്ഷത്തെക്കുറിച്ച്, അല്ലെങ്കിൽ യാത്രയെഴുത്തിന്റെ പക്ഷങ്ങളെക്കുറിച്ചുള്ള വിശകലനങ്ങളുടെ രൂപരേഖ വിഭാവനം ചെയ്തിട്ടുള്ളത്.

നോട്ടത്തിലൂടെ നാമായിരിക്കുന്ന അവസ്ഥയിൽ ലോകത്തിലേക്ക് പ്രവേശിക്കുകയും നമ്മെത്തന്നെ പ്രദർശിപ്പിക്കുകയുമാണ് ചെയ്യുന്നത് എന്ന് ജ്ഞാനശാസ്ത്രകാരനായ മെർലോ പോണ്ടി നിരീക്ഷിക്കുന്നു. അതോടൊപ്പം ഓരോ വസ്തുവും മറ്റുള്ള അപരങ്ങളുടെയെല്ലാം കണ്ണാടിയാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.[6] മെർലോ പോണ്ടിയുടെ ഈ നിരീക്ഷണങ്ങൾ കാഴ്ചകേന്ദ്രിതമായ ജ്ഞാനവിഭാവനങ്ങൾക്കെതിരായ വാദമുഖങ്ങളാണു നിരത്തുന്നത്. യാത്രയെഴുത്തുകളെ കണ്ടെഴുത്തുകളായി ചുരുക്കി വിശകലനത്തിനെടുക്കുന്നതിന് എതിരായുള്ള ഏറെ പ്രസക്തമായ വാദംതന്നെയാണിത്. അതായത് യാത്രക്കുറിപ്പുകൾക്ക് ആധാരമായ അനുഭവമണ്ഡലങ്ങളെ കാഴ്ചകേന്ദ്രിതമായ വ്യവഹാരമണ്ഡലങ്ങളിൽനിന്ന് മോചിപ്പിക്കേണ്ടതിന്റെ അനിവാര്യതയിലേയ്ക്കാണിവിടെ

വിരൽചൂണ്ടുന്നത്. അതുകൊണ്ട് ധർമ്മരാജാവിന്റെ രാമേശ്വര യാത്രയെക്കുറിച്ച് ബ്രാഹ്മണരിൽനിന്ന് വൃത്താന്തം ഗ്രഹിച്ച് കേട്ടെഴുതിയ യാത്രാകാവ്യങ്ങൾ, യാത്ര നടത്തിയ രാജാവോ അനുചരവൃന്ദമോ കണ്ടെഴുതുന്നതിനേക്കാൾ ആധികാരികമോ, സ്വീകാര്യമോ ആവാമെന്നുള്ള സാധ്യത തള്ളിക്കളയാനാവില്ല. അതുകൊണ്ടുതന്നെ യാത്രയെഴുത്ത് കാഴ്ചകേന്ദ്രിതമായ ലേഖനപദ്ധതിയായിട്ടല്ല ഈ പ്രബന്ധത്തിൽ പരിഗണിക്കുന്നത്.

യാത്രയെഴുത്തിന് ഒരു നിർവചനം നൽകുക എന്നത് അത്ര ലളിതമായി പരിഹരിക്കാനാവുന്ന പ്രശ്നമല്ല. യാത്ര കേന്ദ്രപ്രമേയമായി വരുന്ന ആഖ്യാനങ്ങളെ പൊതുവെ യാത്രയെഴുത്തുകളായി പ്രൊഫ. രമേഷ് ചന്ദ്രനും[7] ഷേർലി കുര്യനും പരിഗണിക്കുന്നുണ്ട്. യാത്രികരുടെ അനുഭവങ്ങളുടെ ചിത്രീകരണമാണ് യാത്രാസാഹിത്യം/സഞ്ചാരസാഹിത്യം (Travelogue) എന്ന സാമാന്യമായ നിർവചനവും സ്വീകരിക്കാവുന്നതാണ്. ഡോ. സുകുമാർ അഴീക്കോട്, ''യാത്രയ്ക്ക് സാഹിത്യരൂപം നൽകാൻ കഴിവുള്ളയാൾ യാത്ര ചെയ്യുമ്പോൾ യാത്രാസാഹിത്യം ഉണ്ടാവുന്നു''[8] എന്ന നിർവചനം നൽകുന്നു. മലയാളത്തിൽ യാത്രികരുടെ നേരിട്ടുള്ള അനുഭവങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള നിർവചനങ്ങൾക്കെതിരെ ഉയരാവുന്ന വാദം മുൻപ് സൂചിപ്പിച്ച കാഴ്ചകേന്ദ്രിതമായ ലോകബോധത്തെ ശരിവയ്ക്കുകയും നീതീകരിക്കുകയും ചെയ്യുന്നവയാണ് എന്നതാണ്.

മലയാളത്തിൽ ആദ്യകാലയാത്രാകാവ്യങ്ങളിൽനിന്ന് ഗദ്യമാതൃകകളിലേക്കു പരിണമിക്കുന്ന യാത്രയെഴുത്തുകൾ മാറിവന്ന സാമൂഹികബന്ധങ്ങളുടെ സ്വഭാവങ്ങളെയാണ് കുറിക്കുന്നത്. കൊളോണിയൽ അധിനിവേശത്തിന്റെ ഭാഗമായി ഇന്ത്യയിലാകെ നിലനിന്നിരുന്ന സമ്പ്രദായിക ജ്ഞാനോൽപ്പാദന-വിതരണ ശൃംഖലകൾക്ക് വ്യാപകമായി മാറ്റം സംഭവിക്കുന്നുണ്ട്. കോളനീകരണത്തിന്റെ ഭാഗമായി നിലവിൽവന്ന സ്ഥാപനങ്ങളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി അധിനിവേശിതർ അവരുടെ വിനിമയമാതൃകകൾ കോളണികൾക്കുമേൽ അടിച്ചേൽപ്പി

ക്കാൻ ശ്രമിക്കുന്നുണ്ട്. കേരളത്തിൽ നിലവിലിരുന്ന വിനിമയമാതൃകയായ പദ്യരൂപങ്ങൾക്ക് മേലെ ഗദ്യമാതൃകകൾ സ്ഥാപിക്കുകയും ആധികാരികമാവുകയും ചെയ്യുന്നത് രണജിത്ത് ഗുഹ പ്രശ്നവൽക്കരിക്കുന്നുണ്ട്.

'ഭൂഖണ്ഡങ്ങളെ ബലാൽക്കാരം ചെയ്യുകയും സംസ്കാരങ്ങളെ അടിച്ചമർത്തുകയും അന്തരീക്ഷത്തെ വിഷലിപ്തമാക്കുകയും ചെയ്തുകൊണ്ടാണ് ഉന്നതനായ മനുഷ്യൻ ലോകചരിത്രത്തെ വാർത്തെടുത്തത്' എന്ന് രണജിത്ത് ഗുഹ *ലോകചരിത്രത്തിന്റെ പരിമിതി* എന്ന ഗ്രന്ഥത്തിന്റെ ആമുഖക്കുറിപ്പിൽ പറയുന്നുണ്ട്.[9] മാത്രമല്ല, ഇതാണ് കൊളോണിയൽ അധിനിവേശകരുടെ 'ഉന്നതമായ ധാർമ്മികത' എന്നു കൂടി രണജിത്ത് ഗുഹ കൂട്ടിവായിക്കുന്നു. 'ചരിത്രമില്ലാത്ത ജനത' എന്ന് ഹെഗൽ[10] ഇന്ത്യക്കാരെക്കുറിച്ച് പറഞ്ഞതിന്റെ അടിവേരുകളന്വേഷിച്ചുപോകുമ്പോൾ രണജിത്ത് ഗുഹ നിരീക്ഷിക്കുന്ന ഏറ്റവും പ്രധാന കാര്യം രാജ്യവും ചരിത്രവും ഇല്ലാത്തവരെന്ന് (No state, No history) ഹെഗൽ പറയുന്നതിന്റെ യുക്തിയാണ്. രാഷ്ട്രവും ഗദ്യവും ലോകചരിത്രത്തിന്റെ പദവിയിലേക്ക് പ്രവേശിക്കാൻ വേണ്ട അടിസ്ഥാനയോഗ്യതകളായിരുന്നുവെന്ന് ഗുഹ പറയുന്നു.

കാവ്യരൂപത്തിലെഴുതപ്പെട്ട ഗണിതശാസ്ത്രവും വൈദ്യശാസ്ത്രവും ജ്യോതിശ്ശാസ്ത്രവും വ്യാകരണവും രാഷ്ട്രതന്ത്രവുമൊക്കെ എന്തുകൊണ്ട് ലോകചരിത്രത്തിൽ മാത്രമല്ല, ചരിത്രത്തിൽത്തന്നെ പെടാതെപോയി എന്നതിന്റെ യുക്തിയാണ് ഗുഹയിവിടെ പങ്കുവയ്ക്കുന്നത്. മലയാളത്തിലെ യാത്രാകാവ്യങ്ങൾ സവിശേഷമായ അർഥത്തിൽ തദ്ദേശ ജ്ഞാനവ്യവഹാരങ്ങളുടെ തുടർച്ചകളെയാണ് പിന്തുടരുന്നത്. എന്നാൽ അധിനിവേശകരാവട്ടെ, സാമൂഹികവ്യതിരിക്തതകളെ ആ അർഥത്തിൽ ഉൾക്കൊള്ളാനുള്ള ഭൂമികകൾ അടച്ചുകളയുകയാണ് ചെയ്യുന്നത്. കാവ്യമാതൃകകളെ മുൻവിധിയോടെ സമീപിച്ചുകൊണ്ട് യൂറോപ്യർ ഇന്ത്യയിലെ ജ്ഞാനവിനിമയങ്ങളെ വിഭജിക്കുന്നത് നോക്കുക. ''ഇന്ത്യക്ക് പ്രാക് മതഗ്രന്ഥങ്ങളില്ല. കാവ്യങ്ങൾ ധാരാളമുണ്ട്, എന്നാൽ പ്രാചീന നിയമപുസ്തകങ്ങൾ ഇല്ലേ

യില്ല. ഇതുവരെ ഇവിടെ യാതൊരു ചരിത്രവുമില്ല''[12] എന്നാണ് അവരുടെ പക്ഷം. ചരിത്രമില്ലായ്മയുടെ കാരണം ഇവിടെ വ്യക്തമാണ്. കാവ്യങ്ങൾ മാത്രമുള്ള ജനതയ്ക്ക് എങ്ങനെ ലോകചരിത്രത്തിലേക്ക് പ്രവേശിക്കാനാവും എന്ന ചോദ്യമാണിവിടെ ഉയർന്നുനിൽക്കുന്നത്.

മലയാളത്തിൽ ഇതര സാമൂഹികവിനിമയങ്ങളെപ്പോലെ യാത്രയും പ്രധാന വിഷയമായി ആദ്യകാല സാഹിതീയരൂപങ്ങളിൽ ഇടംപിടിക്കുന്നുണ്ട്. സാമൂഹിക ബന്ധങ്ങളുടെ ആഴവും വ്യാപ്തിയും പ്രതിഫലിപ്പിക്കുന്ന സാംസ്കാരികസന്ദർഭങ്ങളെയാണിവ കുറിക്കുന്നത്. ഇതിഹാസങ്ങളും പുരാണങ്ങളും യാത്രാവിവരണങ്ങൾക്ക് കൊടുക്കുന്ന ഊന്നൽ സാമൂഹികവിനിമയങ്ങളുടെ സവിശേഷ ശ്രേണീരൂപങ്ങളെ മനസ്സിലാക്കുന്നതിന് ഏറെ സഹായകമാണ്. *വരാഹപുരാണം, രഘുവംശം, ശാകുന്തളം,* ബുദ്ധമതഗ്രന്ഥങ്ങൾ, കൗടില്യന്റെ *അർഥശാസ്ത്രം* തുടങ്ങിയ കൃതികൾ സാമൂഹികരൂപീകരണത്തിന്റെയും കൊള്ളക്കൊടുക്കലുകളുടെയും വിവിധ മാനങ്ങളിലേക്കുള്ള ദിശാസൂചകങ്ങളാവുന്നത് യാത്രാസൂചനകളെ ഉൾവഹിക്കുന്നതിനാൽ കൂടിയാണ്.

മലയാളത്തിൽ യാത്രയെഴുത്തുകൾ വ്യാപകമാവുന്നത് 18-ാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലാണ്. യാത്ര എന്ന പദത്തിന് *ശബ്ദതാരാവലി*യിൽ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള കൊടുക്കുന്ന അർഥം, ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കു പോകൽ, പുറപ്പാട്, സഞ്ചാരം, തീർത്ഥയാത്ര, കൂടാതെ വഴി, ഉപജീവനം എന്നൊക്കെയാണ്.[13] സഞ്ചാരത്തിന് നടപ്പ്, ദേശാടനം, പ്രയാസം, വഴി, സംക്രമണം, അശുദ്ധി തുടങ്ങിയ അർഥങ്ങളും നൽകിക്കാണുന്നു.[14] 'യാത്ര' പല തലങ്ങളിലും മാനുഷികചോദനകളുടെ ഘടനാപരമായ സവിശേഷതയായി കണക്കാക്കേണ്ടതുണ്ട്. ഇച്ഛ(Desire)കളെ കുറിച്ചുള്ള വിശകലനങ്ങളിൽ ഇച്ഛകളെക്കുറിച്ച് മാത്രമല്ല, എല്ലാ യാഥാർഥ്യങ്ങളെക്കുറിച്ചുമുള്ള മാധ്യമികചിന്താപദ്ധതികളുടെ സ്ഥാപകനായ നാഗാർജുനയും ഫ്രെഡറിക് നീഷെയും ഗിൽ ദെലുസും

ഫെലിക്സ് ഗുത്താരിയും മുന്നോട്ടുവയ്ക്കുന്ന സങ്കൽപ്പങ്ങളെക്കുറിച്ച്, ചെമിങ് യാങ് (Che-Ming-Yang) സ്വരൂപിക്കുന്ന ആശയം പ്രസക്തമാണ്. അതിർരാഹിത്യത്തിലേക്കും ക്രമരാഹിത്യത്തിലേക്കുമുള്ള ചലനമായിട്ടാണ് ഇച്ഛ/തൃഷ്ണയെ അദ്ദേഹം അടയാളപ്പെടുത്തുന്നത്.[15] അതുമാത്രമല്ല, മനുഷ്യപ്രകൃതിതന്നെ ഈയർഥത്തിലുള്ള അതിർരഹിതവും-ക്രമരഹിതവുമായ ചലനമായിട്ടാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. *എ തൗസന്റ് പ്ലാറ്റ്യൂസ്* (A Thousand Plateus) എന്ന കൃതിയിൽ, ദെലൂസും ഗുത്താരിയും വിഷയിയും വിഷയവും തമ്മിലുള്ള അതിരുകളും, പ്രകൃതിയിലെ വൃത്തികളുടെയും ചലനത്തിന്റെയും തുടക്കവും ഒടുക്കവും മാഞ്ഞുപോവുന്നതിനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.[16] അതായത് ചലനാത്മകത, യാത്ര മനുഷ്യരുടെ പ്രകൃതി തന്നെയാണ് എന്നു ചുരുക്കം.

മനുഷ്യരെ നിയന്ത്രിക്കുന്ന, ചലനാത്മകമാക്കുന്ന സാമൂഹിക-രാഷ്ട്രീയ ചുറ്റുപാടുകളും അവയുടെ സമ്മർദ്ദങ്ങളും തീവ്രതകളുമാണ് ചലനദിശാസൂചികളായി പ്രവർത്തിക്കുന്നത്. യാത്രയെഴുത്തുകളിൽ എഴുത്തുകാരിക്കും/എഴുത്തുകാരനും വായനക്കാർക്കും ഇടയിൽ നിർമ്മിച്ചെടുക്കുന്ന സാന്ദർഭികബന്ധങ്ങളുടെ സ്വഭാവം യാത്രയെഴുത്തുകളെ വിശകലനം ചെയ്തുകൊണ്ട് ഡ്രാഗനാ മസോവിക് രേഖപ്പെടുത്തുന്നുണ്ട്. യാത്രയെഴുത്തുകാരിയുടെ സ്ഥലവും അവർ യാത്രയ്ക്ക് തിരഞ്ഞെടുക്കുന്ന സ്ഥലവും തമ്മിലുള്ള അകലം, അവിടങ്ങളിലെ വസ്തുലോകവും ജനതയും, യാത്രയ്ക്ക് തിരഞ്ഞെടുക്കുന്ന ഇടത്തെക്കുറിച്ചുള്ള പൂർവധാരണകളുടെയും മുൻവിധികളുടെയും ഭാരങ്ങൾ, അതോടൊപ്പം യാത്രികയുടെ ജീവിതചുറ്റുപാടുകളിൽ സാംസ്കാരികമായി ആർജിച്ചെടുത്ത ആശയാവലികളും നിലവാരസൂചികകളും, വ്യക്തിത്വരൂപീകരണത്തെ സാധ്യമാക്കിയ മുഖ്യഘടനയുമെല്ലാം നിർമ്മിച്ചെടുക്കുന്ന നിയമാവലികൾക്കുള്ളിലാണ് യാത്രയെഴുത്തുകാരും വായനക്കാരും തമ്മിലുള്ള ബന്ധങ്ങൾ രൂപീകരിക്കപ്പെടുന്നതെന്ന് ഡ്രാഗനാ മസോവിക് നിരീക്ഷിക്കുന്നുണ്ട്.[17] ഇത് യാത്രയെഴുത്തുകാരിയുടെ കർതൃത്വം

വിഷയത്തെ നിർണയിക്കുന്ന വിവിധ തലങ്ങളെക്കുറിച്ചുള്ള ചർച്ചകളിലേക്കൊരു പ്രവേശകം കൂടിയാണ്.

കാഴ്ചയ്ക്കുവേണ്ടി, യാത്രയ്ക്കുവേണ്ടി തിരഞ്ഞെടുക്കുന്ന സ്ഥലങ്ങളുടെ സ്വഭാവം യാത്രക്കാരിയുടെ സാംസ്കാരികതാൽപ്പപര്യങ്ങളെയും മുൻഗണനക ളെയും പ്രതിഫലിപ്പിക്കുന്നുണ്ട്. യാത്രികരുടെ സാംസ്കാരികകർതൃത്വം, ലിംഗപ ദവി, യാത്രാപരിചയം, രാഷ്ട്രീയബോധം, ജാതി-മത-വർഗ-ഭാഷാഭിരുചികൾ തുടങ്ങി നിരവധി ഘടകങ്ങൾ യാത്രയെഴുത്തുകളുടെ സമീപനങ്ങളെ നിർണയി ക്കുന്നു.

**കണ്ടെഴുത്തിന്റെ പക്ഷങ്ങൾ**

സാമ്പ്രദായിക വ്യവഹാരമണ്ഡലത്തിനകത്ത് ഒരു ദേശത്തെക്കുറിച്ച്, അവിട ങ്ങളിലെ ജനജീവിതത്തെക്കുറിച്ച്, മിത്തുകളെയും സംസ്കാരത്തെയും കുറിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സവിശേഷ ഇടം യാത്രയെഴുത്തു കാരിൽ താൽപ്പര്യം ജനിപ്പിക്കുന്നത്. ഒരു ഇടത്തിന്റെ സാംസ്കാരികമൂലധനം വളരെ പ്രധാനപ്പെട്ടതാണ്. കണ്ടെഴുത്തുകാരിൽ താൽപ്പര്യം ജനിപ്പിക്കുന്നത് സവി ശേഷ ഇടത്തെക്കുറിച്ചുള്ള സാംസ്കാരികവ്യവഹാരത്തിനുള്ളിലെ നിർമ്മിതിക ളുടെ സാംസ്കാരികമൂല്യങ്ങളാണ്. വിവിധ സാമൂഹികസ്ഥാപനങ്ങളുടെ നിർമ്മി തികളാണ്, ഒരു പ്രത്യേക ഇടത്തിന് വ്യാവഹാരികമൂല്യം നൽകുന്നത്. ഇടം ഒരു സാമൂഹികനിർമ്മിതിയാണ്. ചരിത്രപരമായി ജനതകൾ ഇടപെടലുകളിലൂടെ സ്ഥാപനവൽക്കരിച്ചെടുക്കുന്ന സാംസ്കാരികസത്തയാണ് ഇടത്തിനുള്ളത്. ഇട ത്തിന്റെ സത്ത സുനിശ്ചിതമല്ല. ഓരോ സാമൂഹികപ്രയോഗത്തിലൂടെയും രാഷ്ട്രീ യാശയത്തിലൂടെയും നിരന്തരം പുനർനിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ചലനാത്മ കസത്തയാണ് ഇടത്തിനുള്ളത്. അന്തോണി ഗിഡൻസ് *സമൂഹത്തിന്റെ ഭരണഘ ടന* എന്ന കൃതിയിൽ കാലം, സ്ഥലം, സന്ദർഭം എന്നീ സങ്കൽപങ്ങളെ സാമൂ ഹികപ്രകരണത്തിൽ സ്ഥാനപ്പെടുത്താൻ ശ്രമിക്കുന്നത് ഇടത്തിന്റെ ചലനാത്മകത

മനസ്സിലാക്കാൻ സഹായകമാണ്. മങ്ങിയകലുന്ന കാലത്തിന്റെയും മറയ്ക്കപ്പെടുന്ന ഇടത്തിന്റെയും സാന്നിധ്യവും അഭാവവും പരസ്പരം വിച്ഛേദിക്കപ്പെടുന്നതിലൂടെയാണ് എല്ലാ സാമൂഹികജീവിതവും സംഭവിക്കുന്നതെന്ന് ഗിഡൻസ് പറയുന്നു.[18] സ്ഥലകാലങ്ങളിലേക്ക് ദൈനംദിനജീവിതം വിക്ഷേപിക്കപ്പെടുന്നത് ഈ വിധത്തിലാണെന്ന് ഗിഡൻസ് കൂട്ടിച്ചേർക്കുന്നുണ്ട്.

സാമൂഹികശാസ്ത്രജ്ഞനായ ഗിഡൻസിന്റെ മേൽസൂചിപ്പിച്ച നിരീക്ഷണം ഹെൻറി ലെഫ്ബെറെ, എഡ്വേർഡ് സോജ, ഡേവിസ് ഹാർവെ[19] തുടങ്ങിയവരുടെ ഇട നിർമ്മിതിയെക്കുറിച്ചുള്ള ആശയാവലികളുടെ വിവക്ഷകളെ ഏറെ പ്രസക്തമാക്കുന്നുണ്ട്. മതം, ജാതി, വർഗം, വർണം, ലിംഗപദവി തുടങ്ങിയ സാമ്പ്രദായിക സാമൂഹിക സങ്കൽപ്പങ്ങൾ പോലെ, ഇടത്തിൽ മണ്ണ്, മരം, വായു, ജലം, ജീവജാലങ്ങൾ, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, കാലാവസ്ഥ, ഇടത്തിന്മേലുള്ള ചരിത്രപരമായ സാംസ്കാരികനിർമ്മിതികളുൾപ്പെടെ നിലനിൽക്കുന്ന എല്ലാ വസ്തു ലോകവുംകൂടി രൂപപ്പെടുത്തുന്നതാണ് ഒരു ഇടത്തിന്റെ സാംസ്കാരികമൂല്യവും മൂലധനവും. അതായത് യാത്രയെഴുത്തുകളിലേക്കു നയിക്കപ്പെടുന്ന ആശയാവലികളുടെ രാഷ്ട്രീയപക്ഷങ്ങളടക്കം ഇത്തരം ആഖ്യാനങ്ങളുടെ വിശകലനങ്ങളിൽ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്.

യാത്രയോ കലയോ വായനയോ കായികമത്സരങ്ങളോ മതരാഷ്ട്രീയാഭിനിവേശമോ എന്തുമാകട്ടെ, ഒരു വ്യക്തിക്ക് സവിശേഷമണ്ഡലങ്ങളോട് താൽപ്പര്യം ജനിക്കുന്നതിന്റെ യുക്തി ഏത് തരത്തിലാണ് വിശദീകരിക്കപ്പെടുക എന്നത് പ്രത്യേകം പരിശോധിക്കേണ്ടതാണ്. നിലനിൽപ്പിന്റെ വ്യതിരിക്താവസ്ഥകൾ വ്യത്യസ്തമായ അഭിരുചികളെയാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് അഭിരുചിരൂപീകരണങ്ങളുടെ സ്വഭാവങ്ങളെയും ജീവിതരീതികളെയും വിശകലനം ചെയ്തുകൊണ്ട് പിയറി ബോർദ്യു നിരീക്ഷിക്കുന്നുണ്ട്.[20] പ്രയോഗങ്ങളുടെയും ആശയാവലികളുടെയും മണ്ഡലവും ഊന്നലുകളും മാറുന്നതനുസരിച്ച് അഭിരുചികളും നിരന്തരമാറ്റ

ങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നു. അഭിരുചികൾ അല്ലെങ്കിൽ പെരുമാറ്റരീതികൾ ഘടനയുടെ ഘടനാവൽക്കരണം മാത്രമല്ല, അത് പ്രയോഗങ്ങളെയും കാഴ്ചപ്പാടുകളെയും സംഘാടനം ചെയ്യുന്നു. അത് സാമൂഹികവർഗങ്ങളുടെ വിഭജനങ്ങളെ വിഭാവനം ചെയ്യുന്നുണ്ടെന്ന് ബോർദ്യൂ കൂട്ടിച്ചേർക്കുന്നുണ്ടിവിടെ.[21] അതായത് ഇവിടെ യാത്ര സവിശേഷ അഭിരുചിയായി രൂപീകരിക്കപ്പെടുന്ന ചരിത്രസന്ദർഭവും മതപരവും സാമ്പത്തികവും മറ്റുമായി ബന്ധപ്പെടുന്ന ആവശ്യങ്ങളും താൽപ്പര്യങ്ങളും യാത്രയെഴുത്തുകളെ സംബന്ധിച്ച് ഏറെ പ്രസക്തമാണ്.

ലിംഗപദവി, വർഗം, പ്രായം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങി നിരവധിയായ കാരണങ്ങൾ യാത്രയെഴുത്തുകളുടെ ഘടനയെയും സ്വഭാവത്തെയും നിർണയിക്കുന്നു. ഒരു സാംസ്കാരികാനുഭവം എന്ന നിലയിൽ യാത്രയെ വിഭാവനം ചെയ്യുന്നതിലേയ്ക്ക് മേൽ സൂചിപ്പിച്ച ഘടകങ്ങളൊക്കെ ഏറിയും കുറഞ്ഞും സാക്ഷാൽക്കരിക്കപ്പെടുന്നുണ്ട്.

യാത്രയെഴുത്തുകളുടെ പക്ഷങ്ങളെക്കുറിച്ച് പരിശോധിക്കുമ്പോൾ നാടോടിത്ത വ്യവസ്ഥയിൽനിന്ന് സ്ഥിരവാസിയിലേക്ക് മാറുകയും അവിടെനിന്ന് വിവിധ ഭൗതികാവശ്യങ്ങൾ, പ്രത്യേകിച്ച് ഭക്ഷണം, ജലം തുടങ്ങി വിഭവങ്ങൾ തേടി യാത്രചെയ്യുകയും മാത്രമല്ല ഉണ്ടായിട്ടുള്ളത് എന്നു കാണാം. ആചാരവിശ്വാസങ്ങളും മതപ്രചാരണങ്ങളും വ്യത്യസ്ത ഇടങ്ങളിലേക്ക് ജനതകളെ നയിച്ച സന്ദർഭങ്ങളും ഒക്കെ ഉൾപ്പെടുന്ന കൊടുക്കൽവാങ്ങലുകൾക്കുവേണ്ടി നടത്തിയ യാത്രകളുടെയെല്ലാം പശ്ചാത്തലത്തിലാണ് യാത്രകളുടെ പൊതുധാര കിടക്കുന്നത്. കൊളോണിയൽ അധിനിവേശശക്തികൾ നടത്തിയിട്ടുള്ള കടന്നുകയറ്റങ്ങളുടെ വിഷയ-വിഷയി രൂപീകരണത്തോളമുള്ള മലയാളഭാഷയിലെ യാത്രകളും യാത്രയെഴുത്തുകളും ഏകരേഖീയമായി പരിശോധിക്കുക സാധ്യമല്ല. മറ്റേതൊരു സാംസ്കാരികവൃത്തിയെയുംപോലെ വളരെ സങ്കീർണമായ വിവക്ഷകളുള്ള വ്യവഹാരരൂപമാണ് യാത്രയെഴുത്തുകളും.

**യാത്രയെഴുത്തുകളിലെ വിഷയവും വിഷയിയും**

മലയാളത്തിൽ 18-ാം നൂറ്റാണ്ടുമുതൽ ശക്തിപ്രാപിക്കുന്ന യാത്രകൾ, 17-ാം നൂറ്റാണ്ടുവരെയുണ്ടായിരുന്ന യാത്രകളിൽനിന്ന് ഉള്ളടക്കത്തിലും സമീപനത്തിലും വ്യതിരിക്തമായിരുന്നു. വഴിയും പൊരുളും 18-ാം നൂറ്റാണ്ടിൽ മാറുന്നുണ്ട്. വാണിജ്യാവശ്യങ്ങൾക്കും അതിലുപരി ആചാരവിശ്വാസങ്ങളുടെ ഭാഗമായും ചെറിയ തോതിൽ വിവിധ മണ്ഡലങ്ങളിലായി ജ്ഞാനാർജനങ്ങളുടെ ഭാഗമായും നടത്തിയിരുന്ന ജല, കരമാർഗ യാത്രകളായിരുന്നു 18-ാം നൂറ്റാണ്ടുവരെ നിലനിന്നിരുന്നത്. വാണിജ്യവും അതോടൊപ്പം വന്ന നിരവധി ജ്ഞാനരൂപങ്ങളും മതങ്ങളുമൊക്കെ കേരളത്തിന്റെ സാംസ്കാരികഭൂമിശാസ്ത്രത്തെ പുനർനിർവചിക്കുകയുണ്ടായിട്ടുണ്ട്.

സഞ്ചാരസാഹിത്യത്തിലെ വിഷയിയെയും വിഷയത്തെയും സംബന്ധിക്കുന്ന ചരിത്രപരമായ പരിണാമപ്രക്രിയയെക്കുറിച്ച് *കേരളം അറുനൂറുകൊല്ലം മുമ്പ്* എന്ന കൃതിയുടെ അവതാരികയിൽ ഇളംകുളം കുഞ്ഞൻപിള്ള സൂചിപ്പിക്കുന്നുണ്ട്.

> ''ഗ്രീക്കുകാരും റോമക്കാരുമാണ് ആദ്യമായി കേരളത്തിൽ വന്ന സഞ്ചാരികൾ. ക്രിസ്തുവർഷം ആറാംനൂറ്റാണ്ടുവരെയുള്ള കേരളത്തെക്കുറിച്ചു പലതും അവരുടെ കുറിപ്പുകളിൽനിന്നു മനസ്സിലാക്കാം. ഒൻപതുമുതൽ പതിനഞ്ചുവരെയുള്ള നൂറ്റാണ്ടുകളിൽ യാത്രാവിവരണങ്ങൾ എഴുതിയിട്ടുള്ള വിദേശികൾ അധികവും മുസ്ലീങ്ങളാണ്. പിന്നീടാണ് പോർച്ചുഗീസുകാരും ഡച്ചുകാരും മറ്റും എഴുതിത്തുടങ്ങുന്നത്. ഈ കാലം ആകുമ്പോഴേക്കും അദ്ഭുതങ്ങളും അത്യുക്തികളും സഞ്ചാരസാഹിത്യത്തിൽനിന്നു പിൻവാങ്ങുന്നു. വിജ്ഞാനവികാസത്തിന്റേതായ ഒരു ശാസ്ത്രീയവീക്ഷണം

സഞ്ചാരസാഹിത്യകാരന്മാരിൽ ആവിർഭവിച്ചതാണ് ഈ വ്യതിയാന ത്തിനു കാരണം.''[22]

സഞ്ചാരസാഹിത്യം എന്ന വിഷയത്തെക്കുറിച്ചും സഞ്ചാരസാഹിത്യ കാരെന്ന വിഷയികളെക്കുറിച്ചും അവയ്ക്ക് രണ്ടിനും ചരിത്രപരമായി പരിണാമം സംഭവിക്കുന്ന വിധത്തെക്കുറിച്ചുമാണ് ഇളംകുളം ഈ പ്രസ്താവനയിൽ ഊന്നിപ്പ റയുന്നത്. ഇതിലേക്കുവരുന്നതിനു മുമ്പ്, ഇളംകുളം ഈ കൃതിയുടെ അവതാരിക ആരംഭിക്കുന്നത് മറ്റൊരു കാര്യം സൂചിപ്പിച്ചുകൊണ്ടാണ്. അദ്ദേഹം പറയുന്നു:

> ''ലോകത്തിന്റെ ഒട്ടെല്ലാ കോണുകളിൽനിന്നും ഒട്ടേറെ സഞ്ചാരികൾ പഴയകാലം മുതൽക്കേ കേരളം സന്ദർശിച്ചിട്ടുണ്ട്. അവരിൽ പലരും ഈ നാട്ടിൽ കണ്ട കാര്യങ്ങളെക്കുറിച്ച് വസ്തുനിഷ്ഠമായും അല്ലാതെയും രേഖപ്പെടുത്തിവച്ചിട്ടുണ്ട്. കേരളം കാണാതെതന്നെ കേരളത്തെപ്പറ്റി എഴുതിയവരും കുറവല്ല.''[23]

ഇളംകുളം സൂചിപ്പിക്കുന്നവിധത്തിലുള്ള 'വിജ്ഞാനവികാസത്തിന്റേതായ ഒരു ശാസ്ത്രീയവീക്ഷണത്തിലേക്കു വികസിക്കുന്ന' കണ്ടെഴുത്തുകാരുടെയും കേട്ടെഴുത്തുകാരുടെയും പക്ഷങ്ങൾ അത്ര ലളിതമായി വിശദീകരിച്ചുപോകാവുന്ന വയല്ല. ചരിത്രപരമായിത്തന്നെ, വിഷയം, വിഷയിയുടെ കർതൃത്വരൂപീകരണപ്രക്രി യയെയും മറിച്ചും പരസ്പരാശ്രിതമായി നിർണയിക്കുന്നതാണ്. ഒരു സവിശേഷ ചരിത്രസന്ദർഭത്തിൽ മാറിവരുന്ന സഞ്ചാരികളുടെ കർതൃപക്ഷത്തെ ഉൾച്ചേർത്തു കൊണ്ടുള്ള അഭിപ്രായമാണ് ഇളംകുളം കുഞ്ഞൻപിള്ള സ്വരൂപിക്കുന്നത്. അതു മാത്രമല്ല, സഞ്ചാരികളുടെ വിവരണങ്ങളുടെ ആധികാരികതയെക്കുറിച്ചും ഇളം കുളം പ്രസ്താവനകൾ നടത്തുന്നുണ്ട്. അത് കാഴ്ചകേന്ദ്രിതമായ ജ്ഞാനവിനിമ യങ്ങളുടെ സാമ്പ്രദായിക പക്ഷത്തിൽനിന്നുകൊണ്ടുള്ള വിശദീകരണങ്ങളാണ്. ചരിത്രത്തെ വിഭാവനം ചെയ്യാനുള്ള ഉപാദാനസാമഗ്രിയായി സഞ്ചാരികളുടെ കുറി പ്പുകളെ പരിഗണിക്കുന്നുണ്ടിവിടെ. ഇതര ആഖ്യാനങ്ങളെ കവിഞ്ഞുനിൽക്കുന്ന

ആധികാരികത യാത്രയെഴുത്തുകൾക്കും ചരിത്രപുസ്തകങ്ങൾക്കും നൽകുന്ന സമീപനമല്ല ഈ പ്രബന്ധത്തിൽ സ്വീകരിക്കുന്നത്. *ജ്ഞാനത്തിന്റെ പുരാവസ്തു ശാസ്ത്രം* എന്ന കൃതിയിൽ മിഷേൽ ഫൂക്കോ, ശാസ്ത്രീയജ്ഞാനം എത്തരത്തിലാണ് റദ്ദാക്കപ്പെടുന്നതെന്ന് വിശദീകരിക്കുന്നുണ്ട്. തത്ത്വശാസ്ത്രസങ്കൽപ്പങ്ങൾ ഉയർന്നുവരുന്നതോടെയാണ് ശാസ്ത്രജ്ഞാനം ചോദ്യംചെയ്യപ്പെട്ടു തുടങ്ങുന്നതെന്നും ആശയങ്ങളും നിയമങ്ങളും പ്രശ്നങ്ങളും വിഷയങ്ങളുമൊക്കെ തത്ത്വശാസ്ത്രമണ്ഡലത്തിലേക്ക് സ്വാംശീകരിക്കപ്പെടുന്നതോടെ ശാസ്ത്രീയവും രാഷ്ട്രീയവുമായ വ്യവഹാരങ്ങൾ പുതുരൂപമാർജിക്കുന്നുവെന്നും ഫൂക്കോ നിരീക്ഷിക്കുന്നുണ്ട്.[24] സാമൂഹികവ്യവസ്ഥകളും പെരുമാറ്റശീലങ്ങളും സാങ്കേതികതയും ആവശ്യകതകളും പ്രയോഗങ്ങളുമെല്ലാം സാമൂഹിക സ്ഥാപനങ്ങളോടൊപ്പമാണ് പ്രവർത്തിക്കുന്നതെന്ന് ഫൂക്കോ പറയുന്നു.[25] അതായത് സഞ്ചാരസാഹിത്യം ഒരു വിഷയമായി ഉയർന്നുവരുകയും പരിഗണിക്കപ്പെടുകയും അവയുടെ ആധികാരികതയെ സംബന്ധിച്ച ചർച്ചകൾ വ്യാപകമാവുകയും ചെയ്യുന്ന ചരിത്രസന്ദർഭങ്ങളുടെ പശ്ചാത്തലം വിശകലനം ചെയ്യേണ്ടതുണ്ടെന്നർഥം.

യാത്രകളോ യാത്രകളെക്കുറിച്ചുള്ള ആശയങ്ങളോ യാത്രക്കുറിപ്പുകളോ യാത്രക്കുറിപ്പുകളിലെ വിഷയങ്ങളുടെ മുൻഗണനക്രമങ്ങളോ യാദൃച്ഛികമായിട്ടല്ല നിർണയിക്കപ്പെടുന്നത്. വിവിധ സാമൂഹികസ്ഥാപനങ്ങളുടെ, രാഷ്ട്രീയതാൽപ്പര്യങ്ങളുടെ ഘടന ഓരോ വിഷയത്തിലും-വിഷയിയിലും പ്രവർത്തിക്കുന്നു എന്ന് സാരം. വിഷയിയെയും വിഷയത്തെയും സംഘാടനം ചെയ്യുന്നതും പുനർനിർമ്മിക്കുന്നതും സവിശേഷ വ്യവഹാരങ്ങൾക്കുള്ളിലെ നിയമാവലികളാണ്.

കോളണീകരണത്തിന്റെ ചരിത്രസന്ദർഭത്തിലേക്ക് കടക്കുമ്പോഴാണ് അതുവരെ നിലനിന്നിരുന്ന തദ്ദേശീയ സാമൂഹികസ്ഥാപനങ്ങളുടെ ഘടനയ്ക്കും സ്വഭാവത്തിനും കാതലായ മാറ്റങ്ങൾ വരുന്നത്. അതുവരെയുണ്ടായിരുന്ന യാത്രയുടെ അനുഭവങ്ങളെയും സാമൂഹിക-സാംസ്കാരിക നിയമാവലികളെയും കോളണീക

രണം പുനർനിർവചിക്കുന്നുണ്ട്. റെയിൽവേ, റോഡുകൾ, വാണിജ്യസ്ഥാപനങ്ങൾ, സൈനികസ്ഥാപനങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, ഫാക്ടറികൾ, ഭക്ഷണശാലകൾ, സ്ത്രീപുരുഷബന്ധങ്ങൾ, മതം-ജാതി എന്നിവയെല്ലാം പ്രത്യക്ഷമായി യാത്രകളെ പല തലങ്ങളിൽ ആശ്രയിച്ച് നിലനിൽക്കുന്ന സ്ഥാപനങ്ങളാണ്. അതായത് കോളണീകരണത്തിന്റെ സന്ദർഭത്തോടുകൂടി സൃഷ്ടിക്കപ്പെടുന്ന പുതിയ വിഷയി-വിഷയബന്ധങ്ങളെ പരുവപ്പെടുത്തുന്നതിൽ യാത്രകൾക്ക് വലിയ പങ്കാണുള്ളത് എന്നർഥം. അതുമാത്രമല്ല, മേൽസൂചിപ്പിച്ച സ്ഥാപനങ്ങളുടെ ചരിത്രം യാത്രകളുടെ ചരിത്രംകൂടി ഉൾവഹിക്കുന്നുണ്ട് എന്നത് പ്രത്യേകം പരിഗണിക്കേണ്ടതാണ്. അതുകൊണ്ട് കോളണീകരണ സാമൂഹിക സന്ദർഭം, യാത്രകളുടെ വ്യവഹാരികസന്ദർഭത്തിലാണ് സാധ്യമാകുന്നത്. കോളണീകരണത്തിന്റെ അധിനിവേശ സ്വഭാവങ്ങളുടെയും സാംസ്കാരികമായ കൊള്ളക്കൊടുക്കലുകളുടെയും ചലനാത്മകാന്തരീക്ഷം യാത്രാകേന്ദ്രിതമായി പഠനവിധേയമാക്കേണ്ടതുണ്ട്.

18-ാം നൂറ്റാണ്ടുമുതലിങ്ങോട്ടുള്ള കേരളത്തിലെ സാമൂഹികചലനങ്ങളുടെ പ്രഭവകേന്ദ്രംതന്നെ യാത്രകളായിരുന്നു. മാറുമറയ്ക്കൽ, അച്ചിപ്പുടവ, മുക്കുത്തി തുടങ്ങി വില്ലുവണ്ടിസമരമടക്കമുള്ള കാതലായ പ്രക്ഷോഭങ്ങൾ യാത്രാസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഇവയൊക്കെ പ്രത്യക്ഷമായും പരോക്ഷമായും പറയുന്നത് യാത്രകളെക്കുറിച്ചുതന്നെയാണ്.

എല്ലാ വഴികളും എല്ലാ യാത്രകളും യൂറോപ്പിലേക്കോ ബ്രിട്ടനിലേക്കോ ചെന്നെത്തുന്ന ഏകദിശാചലനങ്ങൾകൊണ്ട് ഇതരജനതകൾക്കു മേൽ അതുവരെയുണ്ടായിരുന്ന കേന്ദ്രങ്ങളെ നിഷ്പ്രഭമാക്കുകയാണ് കോളണീകരണത്തിൽ സംഭവിക്കുന്നത്. പടിഞ്ഞാറിലേക്കുള്ള സവിശേഷമായ ഒരു ചലനദിശ രൂപപ്പെടുത്തിയെടുക്കുകയും അതിനെ ഉദാത്തവൽക്കരിക്കുകയും ചെയ്യുന്നതിലൂടെയാണ് കിഴക്കും പടിഞ്ഞാറുമൊക്കെ സ്ഥാപിക്കപ്പെടുന്നത്. 1905-ൽ മഹാത്മാഗാന്ധി *ഹിന്ദ്സ്വരാജിൽ* റെയിൽവേയ്ക്കും ഇംഗ്ലീഷ് ഭാഷയ്ക്കും കോടതികൾക്കും

എതിരെ ഉന്നയിക്കുന്ന വാദങ്ങൾ യൂറോപ്പിലേക്കുള്ള പാതകൾ അടച്ചുകളയാനുള്ള ആഹ്വാനമായി മനസ്സിലാക്കാം. എല്ലാ യാത്രകളും സമൂഹത്തെ സംബന്ധിച്ച് ഗുണപരമായിരിക്കണമെന്നില്ല. കടന്നുകയറ്റങ്ങളുടെയും രാഷ്ട്രീയാധിനിവേശങ്ങളുടെയും പാതകൾ ചലനാത്മകങ്ങളെങ്കിലും അവയിൽ ഏറെയും ഹിംസാത്മകങ്ങളുമാണ്.

കോളണീകരണത്തിന്റെ പാതകൾ സാമൂഹിക-സാംസ്കാരികാധിനിവേശത്തിന്റെ ഹിംസാത്മകപാഠങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കോളണീകരണത്തിലെ വിഷയിയും വിഷയവും ഏറെ സങ്കീർണമായ സാംസ്കാരികഭൂമികയിലാണ് രൂപപ്പെട്ടിട്ടുള്ളത്. കീഴാളപഠനങ്ങളുടെ ആമുഖലേഖനത്തിൽ രണജിത്ത് ഗുഹ കൊളോണിയൽ ഇന്ത്യയിലെ ചരിത്രരചനാ രീതിശാസ്ത്രത്തെക്കുറിച്ച് തുടങ്ങുന്നത് ഇങ്ങനെയാണ്:

> "ഇന്ത്യൻ ദേശീയതയുമായി ബന്ധപ്പെട്ട് ദീർഘകാലം പ്രചരിച്ചിരുന്ന ചരിത്രരചനാരീതിശാസ്ത്രം നമുക്ക് സംഭാവന ചെയ്തത് കൊളോണിയൽ അധീശത്വവും ബൂർഷ്വാ ദേശീയാധീശത്വവുമാണ്. ഇവ രണ്ടിന്റെയും ആശയപരമായ പ്രഭവകേന്ദ്രം രൂപീകരിച്ചിട്ടുള്ളത് ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകൂടമാണ്."[26]

ഇന്ത്യ എന്ന സാംസ്കാരികവിഷയത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ സാമ്പ്രദായികവ്യവഹാരങ്ങളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതും വിനിമയം ചെയ്യപ്പെടുന്നതും കൊളോണിയൽ അധീശാധികാരികൾ നിർമ്മിച്ചതുമായ ഇന്ത്യൻചിത്രമാണ് നമുക്ക് മുമ്പിലുള്ളത്. ഇന്ത്യയെക്കുറിച്ച് മാത്രമല്ല, എല്ലാ കോളണിരാജ്യങ്ങളെക്കുറിച്ചുമുള്ള സാമ്പ്രദായികാഖ്യാനങ്ങളിൽ പ്രതിഫലിക്കുന്നത് ഈ അധീശത്വസമീപനംതന്നെയാണ്.

ഇന്ത്യയെക്കുറിച്ചും ആഫ്രിക്കയെക്കുറിച്ചുമുള്ള കൊളോണിയൽ ആഖ്യാനങ്ങളിൽ സംഭവിക്കുന്ന ശ്രേണീകരണങ്ങളെക്കുറിച്ച് അന്റോനിറ്റി ബർട്ടൻ നടത്തിയ പഠനങ്ങൾ പ്രധാനപ്പെട്ടതാണ്. *ബ്രൗൺ ഓവർ ബ്ലാക്ക്* എന്ന ഗ്രന്ഥത്തിൽ 'കറുപ്പിനുമേൽ തവിട്ടി'നെ ശ്രേണീകരിച്ചത് ബ്രിട്ടീഷ് ചരിത്രകാരന്മാരും നരവംശശാസ്ത്രജ്ഞരുമാണെന്ന് ബർട്ടൻ നിരീക്ഷിക്കുന്നുണ്ട്.[27] ജനതയെ വർണത്തിന്റെയും മതത്തിന്റെയും ആചാരവിശ്വാസങ്ങളുടെയും ദേശത്തിന്റെയും അടിസ്ഥാനത്തിൽ ശ്രേണീകരിക്കുന്ന ചരിത്രവിഭാവനകളുടെ സൃഷ്ടികൾകൂടിയാണ് കൊളോണിയൽ അധിനിവേശകർ. അധിനിവേശത്തിന്റെയും കൊളോണിയൽ അധിനിവേശകരുടെ ജ്ഞാനപ്രമാണങ്ങളുടെയും നൈതികതയെ പുനർവിചാരണയ്ക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ബർട്ടൻ വിരൽചൂണ്ടുന്നത്.

കൊളോണിയൽ അധികാരികൾ നിർമ്മിച്ചെടുത്ത വിഷയങ്ങളെയാണ് ബർട്ടനെപ്പോലുള്ള സാമൂഹികശാസ്ത്രജ്ഞർ വിശകലനത്തിനെടുക്കുന്നത്. നിലനിൽക്കുന്ന ജ്ഞാനശാസ്ത്രങ്ങളുടെ വിഷയസങ്കൽപ്പങ്ങൾ ചോദ്യംചെയ്യപ്പെടേണ്ടതുണ്ട്. കോളണീകരണത്തിന്റെ നീതീകരണമായി ബ്രിട്ടീഷ് അധിനിവേശകരും മറ്റും ഏഷ്യൻ രാജ്യങ്ങളെക്കുറിച്ചും ആഫ്രിക്കൻ, അറേബ്യൻ രാജ്യങ്ങളെക്കുറിച്ചും നിർമ്മിച്ച മിത്തുകൾ എഡ്വേഡ് സെയ്ദിനെപ്പോലുള്ളവർ പഠനവിധേയമാക്കിയിട്ടുണ്ട്. പൗരസ്ത്യവാദം 'പൗരസ്ത്യ'ത്തിന്റെ മേൽ ആധികാരികത സ്ഥാപിക്കുന്നതിനും അധീശത്വം ചെലുത്തുന്നതിനും പുനക്രമീകരിക്കുന്നതിനുമുള്ള പാശ്ചാത്യപദ്ധതിയായിട്ടാണ് സെയ്ദ് വിലയിരുത്തുന്നത്.[28]

'പൗരസ്ത്യ'ത്തെക്കുറിച്ച് എഡ്വേഡ് സെയ്ദ് വാദിക്കുന്നതിനേക്കാളേറെ സങ്കീർണമായ അവസ്ഥയാണ് ആഫ്രിക്കയുടെ മേലുള്ള യൂറോപ്പിന്റെ അധിനിവേശപദ്ധതികൾ ചെയ്തുകൂട്ടിയത്. 19-ാം നൂറ്റാണ്ടിന്റെ ഒടുവിലോളം ഇന്ത്യയിലെയോ ഈജിപ്തിലെയോ ജനതയ്ക്ക് ബ്രിട്ടീഷ് കോളണികളും ഇംഗ്ലീഷുകാരുടെ പദവിയും അത്ര അകലത്തിലാണെന്ന് തോന്നൽ ഉണ്ടായിരുന്നില്ലെന്നും പിന്നീട്

ഇന്ത്യയെക്കുറിച്ചും ഈജിപ്തിനെക്കുറിച്ചുമുള്ള അക്കാദമികജ്ഞാനം രൂപപ്പെടുന്ന സാംസ്കാരികാവസ്ഥയിലാണ് 'പാശ്ചാത്യ'ത്തിനും അവയുടെ കോളണികൾക്കും ഇടയിൽ അകലം വർധിച്ചുവരുന്നതെന്നും സെയ്ദ് ചൂണ്ടിക്കാണിക്കുന്നുണ്ട്.[29] യൂറോപ്പ്, പ്രത്യേകിച്ച് ബ്രിട്ടീഷുകാർ നിർമ്മിച്ച സാമൂഹിക-സാംസ്കാരികാവലോകനങ്ങളെ മുൻനിർത്തി ഏഷ്യയുടെയും ആഫ്രിക്കയുടെയും അറേബ്യയുടെയും സാംസ്കാരിക ചരിത്രരചന നിർവഹിച്ച അക്കാദമികസമൂഹത്തിന്റെ യൂറോകേന്ദ്രിതവാദങ്ങൾ ചോദ്യംചെയ്യപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

വൈദ്യശാസ്ത്രത്തിന്റെയും തത്ത്വചിന്തയുടെയും ഗ്രീക്ക് 'പൈതൃക'ങ്ങളുടെ ഉറവിടം ഈജിപ്തിന്റേതായിരുന്നുവെന്നതിന്റെ തെളിവുകൾ ഉയർന്നുവരുന്നുണ്ട്. ഡോ. ജോർജ് ഗ്രാൻവിൽ മോണോ ജെയിംസ് രചിച്ച *മോഷ്ടിക്കപ്പെട്ട പൈതൃകം* (Stolen legacy) എന്ന കൃതിയെ മുൻനിർത്തി ഡോ. ആരിഫ് അലി കൊളത്തെക്കാട്ട് ആഫ്രിക്കയെക്കുറിച്ച് നിരീക്ഷിക്കുന്നത് ശ്രദ്ധേയമാണ്. പുരാതന ഈജിപ്തുകാരിൽനിന്ന് കടപ്പാടൊന്നും രേഖപ്പെടുത്താതെ ഗ്രീക്കുകാർ കൈക്കലാക്കിയ ആശയങ്ങളുടെയും സങ്കൽപ്പങ്ങളുടെയും അടിത്തറയിലാണ് ഗ്രീക്ക് തത്ത്വചിന്ത ഉയർന്നുവന്നതെന്ന് അദ്ദേഹം സമർഥിച്ചു. ഗ്രീക്ക് തത്ത്വചിന്തയുടെ യഥാർഥ രചയിതാക്കൾ ഗ്രീക്കുകാരല്ലെന്നും മറിച്ച്, അത് വടക്കേ ആഫ്രിക്കയിലെ ജനവിഭാഗങ്ങളുടെ സമ്പത്തും പൈതൃകവുമാണെന്നും എത്രയോ നൂറ്റാണ്ടുകളായി വടക്കേ ആഫ്രിക്കക്കാർക്കവകാശപ്പെട്ട ബഹുമതിയും അംഗീകാരവും തെറ്റായി ഗ്രീക്കുകാർക്ക് നൽകപ്പെടുകയാണുണ്ടായതെന്നും അദ്ദേഹം കുറ്റപ്പെടുത്തുന്നു. ഒപ്പം ഈ തെറ്റായ ലോകാഭിപ്രായത്തിന്റെ ഭാഗമായി ആഫ്രിക്കക്കാർ മനുഷ്യസംസ്കൃതിക്കൊരു സംഭാവനയും ചെയ്തിട്ടില്ലെന്നും അവർ സ്വാഭാവികമായിത്തന്നെ പിന്നാക്കം നിൽക്കുന്നവരാണെന്നുമുള്ള ധാരണയുടെ പൊള്ളത്തരത്തെ തുറന്നുകാട്ടാനും ശ്രമിച്ചു.[30] യൂറോപ്പിന്റെ വൈജ്ഞാനികചരിത്രത്തിൽനിന്ന് ആഫ്രിക്കയെയും ഇതരരാജ്യങ്ങളെയും സമർഥമായി പാർശ്വവൽക്കരിക്കാൻ നട

ത്തുന്ന ശ്രമങ്ങളുടെ വിജയമാണ് യഥാർഥത്തിൽ 'ഇരുണ്ട ഭൂഖണ്ഡ'മെന്ന ആഫ്രിക്കയുടെ വിളിപ്പേര്.

കൊളോണിയൽ അധിനിവേശത്തിന്റെ വിവിധതലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി അക്കാദമികസ്ഥാപനങ്ങൾ മാറുന്നതിന്റെ ദൃഷ്ടാന്തങ്ങൾകൂടിയാണ് ആഫ്രിക്കയ്ക്കുമേൽ കെട്ടിവയ്ക്കുന്ന 'ഇരുട്ട്'. ഈജിപ്തിന്റെ ഗണിതശാസ്ത്ര-ജ്യോതിശ്ശാസ്ത്രപാരമ്പര്യത്തെക്കുറിച്ച് അരിസ്റ്റോട്ടിലിന്റെ പ്രസ്താവനകൾ എടുത്തുപയോഗിച്ചുകൊണ്ട് ഡോ. തെയോഫിലെ ഓബെൻഗ്യ സൂചിപ്പിക്കുന്നത് നോക്കുക: ''അങ്ങനെ ഗണിതപരമായ ശാസ്ത്രങ്ങൾ (Proton) ആദ്യമായി ഈജിപ്തിൽ ഉത്ഭവിച്ചു.'' അദ്ദേഹത്തിന്റെ *ഓൺ ദ ഹെവൻസിൽ* അരിസ്റ്റോട്ടിൽ പറയുന്നത് ജ്യോതിശ്ശാസ്ത്രത്തിന്റെ സ്ഥാപകർ ഈജിപ്തുകാരും ബാബിലോണിയരുമാണെന്നാണ്. അതുകൊണ്ട് അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ ''ഗണിതശാസ്ത്രകലകളും ജ്യോതിശ്ശാസ്ത്രവും രൂപംകൊണ്ടതും വിപുലീകരിക്കപ്പെട്ടതും മറ്റൊരിടത്തുമല്ല, ഈജിപ്തിൽ തന്നെയാണ്''.[31] ഇവിടെ ഗ്രീസിനുമേൽ യൂറോപ്പ് നിർമ്മിച്ചെടുക്കുന്ന വൈജ്ഞാനികാന്തരീക്ഷം യൂറോപ്പിന്റെ മുമ്പിലുള്ള ആഫ്രിക്കയെ വികലമാക്കിക്കൊണ്ടാണ് സ്ഥാപിച്ചെടുക്കുന്നത്. ഇന്ത്യയും ഏറിയും കുറഞ്ഞും ഈ യൂറോകേന്ദ്രിതസമീപനത്തെ സ്വാംശീകരിച്ചുകൊണ്ട് ആഫ്രിക്കയെ പാർശ്വവൽക്കരിക്കുന്നതിന്റെ ദൃഷ്ടാന്തങ്ങൾ നിരവധിയാണ്. ഇതാവട്ടെ, കോളണീകരണത്തിന്റെയും കോളണിയാനന്തര രാഷ്ട്രീയസമീപനങ്ങളുടെയും ഭാഗമായി ഇന്ത്യയിൽ വ്യാപകമാകുന്നതാണെന്ന് അന്റോണിറ്റി ബർട്ടൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. കോളണി, കോളണിയാനന്തര രാഷ്ട്രീയാന്തരീക്ഷത്തിൽനിന്ന് ഇന്ത്യക്ക് ലഭിക്കുന്ന വർണചിന്തകൾ ഇന്ത്യക്കാരെ തവിട്ടുനിറക്കാരും ആഫ്രിക്കക്കാരെ കറുത്തനിറമുള്ളവരുമെന്ന് വിഭജിക്കുകയും തവിട്ടും കറുപ്പും തമ്മിൽ കൂട്ടിമുട്ടാതെ സമാന്തരമായി സഞ്ചരിക്കുന്നതും നിലനിൽക്കുന്നതുമായ ഭിന്നഗണമായി പരിഗണിക്കുകയും ചെയ്യുന്നു. ഇതാവട്ടെ, ബ്രിട്ടന്റെ വംശീയസങ്കൽപ്പങ്ങളുടെയും

അതിന്റെ അടിസ്ഥാനത്തിലുള്ള വിഭജനത്തിന്റെയും യുക്തിയും ഉപകരണങ്ങളും ഇന്ത്യ സ്വാംശീകരിക്കുന്ന ചരിത്രസന്ദർഭത്തിന്റെ നിർമ്മിതിയായി ബർട്ടൻ സൂചിപ്പിക്കുന്നുണ്ട്.[32]

കൊളോണിയൽ സാംസ്കാരികാധിനിവേശത്തിന്റെ ചുറ്റുപാടുകളിൽ, കോളണികൾക്കുള്ളിലും കോളണികൾ തമ്മിൽത്തമ്മിലും ശ്രേണീകരിക്കുന്നതിന്റെ യൂറോപ്യൻ യുക്തിയാണ് ഇന്ത്യയും ആഫ്രിക്കയും തമ്മിലുള്ള അകലങ്ങൾ സൃഷ്ടിക്കുന്നത്. ആഫ്രിക്കയുടെയും ഇന്ത്യയുടെയും തത്ത്വങ്ങളെ നിർമ്മിച്ചെടുക്കുന്ന യൂറോപ്യൻ അധീശത്വം കേരളത്തിലെ യാത്രയെഴുത്തുകാരിലും ചരിത്രകർത്താക്കളിലും കടന്നുവരുന്നതെങ്ങനെയെന്നു കൂടി പരിശോധിക്കുന്നതിന്റെ ആമുഖമായിട്ടാണ് ഇവിടെ ഈ കാര്യം സൂചിപ്പിച്ചത്. അറിവ് ആരാണ് ഉൽപ്പാദിപ്പിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ വ്യക്തിയേക്കാളേറെ അത് പക്ഷപാതപരമാണെന്ന് എഡ്വേഡ് സെയ്ദ് അടിവരയിട്ടു പറയുന്നുണ്ട്. അതുമാത്രമല്ല ഒരു ജ്ഞാനത്തിനും സ്വാഭാവികമായി രാഷ്ട്രീയനിരപേക്ഷമാകാനാവില്ലെന്നും സെയ്ദ് കൂട്ടിച്ചേർക്കുന്നു.[33]

വിപുലമായ വൈവിധ്യങ്ങളുള്ള ഗോത്രങ്ങളും ദേശങ്ങളും ഭാഷാവിഭാഗങ്ങളുമായി വേറിട്ടുകിടക്കുന്ന രാഷ്ട്രങ്ങളെ ചേർത്ത് 'ആഫ്രിക്ക' എന്ന് പൊതുനാമകരണം ചെയ്യുന്നതിന്റെ പിന്നിലുള്ള ലക്ഷ്യം, ആഫ്രിക്കൻ തത്ത്വചിന്തയെക്കുറിച്ചുള്ള പ്രബന്ധത്തിൽ ബ്രൂസ് ബി. ജൻസ് (Bruce B Janz) ചോദ്യംചെയ്യുന്നുണ്ട്. വർണത്തിന്റെ അടിസ്ഥാനത്തിലാണ് വ്യത്യസ്ത ജനവിഭാഗങ്ങളെ ആഫ്രിക്കക്കാരായി അടയാളപ്പെടുത്തുന്നത് എന്ന യാഥാർഥ്യത്തിലേക്കാണിത് വിരൽചൂണ്ടുന്നത്. മറ്റുള്ള തന്മകളെ പാർശ്വവൽക്കരിച്ചുകൊണ്ട് പൊതുവ്യവഹാരങ്ങളിലെല്ലാം വർണത്തെ മുൻനിർത്തിയുള്ള ആഫ്രിക്കൻ 'തന്മയെ' വ്യാപകമായി നിർമ്മിച്ചെടുക്കുകയും സ്ഥാനപ്പെടുത്തുകയും ചെയ്യുന്ന വർണകേന്ദ്രിതസമീപനമാണിത്. *ദേശീയതകളും സാഹിത്യവും* എന്ന കൃതിയിൽ ഇ.വി. രാമകൃഷ്ണൻ ആധുനിക

തയുടെ പ്രകടിതസ്വഭാവമായി വംശീയതാവ്യവഹാരങ്ങളെ നിരീക്ഷിക്കുന്നു. സമീപകാലചരിത്രമെടുത്തു നോക്കിയാൽ വംശിമ (Ethnicity)കളുടെ അതിരുകൾ രാഷ്ട്രത്തിനടിയിൽ ഭൂകമ്പരേഖകളെപ്പോലെ മറഞ്ഞുകിടക്കുന്നതായി കാണാം. ന്യായമായ പൗരാവകാശങ്ങളും രാഷ്ട്രീയാധികാരങ്ങളും നിഷേധിക്കപ്പെടുമ്പോൾ ഇത്തരം സ്വത്വങ്ങൾ കൂടുതൽ പ്രസക്തമാവും. രാഷ്ട്രം എന്ന കൂട്ടായ്മയെതന്നെ ചോദ്യംചെയ്യാൻ തക്കവണ്ണം ഇത്തരം സ്വത്വങ്ങൾ ശക്തിയാർജിക്കുമ്പോൾ ദേശ-രാഷ്ട്രത്തിനധീനമായി വർത്തിച്ചിരുന്ന ഉപദേശീയതകൾ അതിന്റെ ന്യായം നീതീകരിക്കുന്ന യുക്തിയെ തിരസ്കരിക്കുന്നു.[34] ആഫ്രിക്കക്കാർ വർണതന്മയിലേക്ക് സംവിധാനം ചെയ്യപ്പെടുന്നതിന്റെ ആശയാവലികളെക്കുറിച്ചാണിവിടെ സൂചിപ്പിക്കുന്നത്.

ഇന്ത്യക്കാർ ആഫ്രിക്കൻദേശത്തെയും സമൂഹങ്ങളെയും സംസ്കാരത്തെയും സമീപിക്കുന്നത് കൊളോണിയൽ അധിനിവേശാധുനികത രൂപീകരിച്ച കാഴ്ചപ്പാടുകളിലൂടെയാണ്. അധിനിവേശാധുനികതയുടെ മാതൃകാമാറ്റങ്ങൾക്കുള്ളിലാണ് (പാരഡിമിനുള്ളിലാണ്) ദേശതന്മകൾ രൂപീകരിക്കപ്പെടുന്നതും സ്വാംശീകരിക്കപ്പെടുന്നതും. ജനതയുടെ നിറം വളരെ പ്രധാനപ്പെട്ട ഗണവിഭജനത്തിന്റെ മാനദണ്ഡമാകുന്നത് ആധുനികചരിത്ര വ്യവഹാരങ്ങളുടെ പശ്ചാത്തലത്തിലാണ്. ആധുനികപൂർവ വ്യവഹാരങ്ങളുടെ വിവരണങ്ങളിലും രേഖകളിലും വർണം സവിശേഷമായി പരാമർശിക്കുന്നില്ലെന്ന് കൊളംബസ് 1492-ൽ നൽകുന്ന അമേരിക്കൻവിവരണങ്ങളെ വിശകലനം ചെയ്തുകൊണ്ട് ലൂയിസ് ഗോർഡൻ (Lewis R Gordon) ചൂണ്ടിക്കാണിക്കുന്നുണ്ട്.[35] അതായത് കോളണീകരണത്തോടനുബന്ധിച്ച് രൂപീകൃതമായ ആധുനികതാസ്ഥാപനങ്ങളാണ് പൊതുവ്യവഹാരങ്ങളിലേക്ക് ഇത്തരം യൂറോകേന്ദ്രിത വിഷയങ്ങളെ പ്രക്ഷേപിപ്പിക്കുന്നത് എന്നർഥം. ഇതാണ് പൊതുവെ സ്വാംശീകരിക്കപ്പെടുന്നതും.

ടോണി മോറിസന്റെ 'കറുത്തവരെങ്ങനെ പ്രതിനിധാനപ്പെടുന്നു' എന്ന ഒരു നിരീക്ഷണം ഇ.വി. രാമകൃഷ്ണൻ ഉദ്ധരിക്കുന്നത് നോക്കുക. അമേരിക്കൻ വ്യവഹാരങ്ങൾ കറുത്തവർഗക്കാരന്റെ സ്വത്വം പ്രതിനിധാനം ചെയ്തത് കരുതിക്കൂട്ടിയുള്ള ബഹിഷ്കരണങ്ങളിലൂടെയും ഞെട്ടിക്കുന്ന വൈരുധ്യങ്ങളിലൂടെയുമാണ്. അമേരിക്കൻ വിമർശന വ്യവഹാരങ്ങളിൽ ആഫ്രിക്കൻസ്വത്വം വലിയൊരു അസാന്നിധ്യമാണ്. അമേരിക്കൻ കൃതികളിൽ ആവർത്തിച്ചു വരുന്ന ആഫ്രിക്കൻ അനുഭവങ്ങളെ തിരിച്ചറിയാൻ മടിക്കുന്നതിലൂടെ അറിവിനെത്തന്നെ പ്രത്യേക രീതിയിൽ സംവിധാനം ചെയ്യാൻ വെളുത്തവർഗക്കാരനു കഴിഞ്ഞിരിക്കുന്നു.[36] ടോണി മോറിസന്റെ വിമർശനത്തിന്റെയും തിരിച്ചറിവിന്റെയും വഴിപോലെ ഒട്ടേറെ വഴികൾ ഇതരസമൂഹങ്ങളെക്കാളും ദേശത്തെക്കാളും ആഫ്രിക്കൻജനത ഒരർഥത്തിലും താഴെയല്ലെന്നും മറിച്ച് പലയർഥങ്ങളിലും ഒരുപടി മേലെനിൽക്കുന്ന ജ്ഞാനപാരമ്പര്യത്തിന്റെ ഉറവ ആഫ്രിക്കയിൽ ഉദിച്ചുണർന്നിരുന്നുവെന്നും തിരിച്ചറിയുന്നുണ്ട്. ഈ തിരിച്ചറിവ് മറ്റു പല സമൂഹങ്ങൾക്കും മാതൃകയാവുന്നുണ്ട്.

കെനിയൻ പരിസ്ഥിതിപ്രവർത്തകയായ വംഗാരി മാതായ് (1940-2011) യൂറോപ്പ് ആഫ്രിക്കയ്ക്കുമേൽ കയറ്റിവച്ച അധിനിവേശത്തിന്റെ ഭാരം വിശദീകരിക്കുന്നത് ശ്രദ്ധിക്കുക:

> ''പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് കെനിയയിലെത്തിയ യൂറോപ്യൻ മതപ്രചാരകർ ദൈവം കെനിയ പർവ്വതത്തിലല്ല, മേഘങ്ങൾക്കു മുകളിലുള്ള സ്വർഗത്തിലാണ് വസിക്കുന്നതെന്ന് കിക്കുയുകളെ തിരുത്തി. ദൈവത്തെ ആരാധിക്കാൻ അനുയോജ്യമായ ഇടം ഞായറാഴ്ചകളിൽ പള്ളികളാണ്. കിക്കുയുകൾക്ക് തികച്ചും അജ്ഞാതമായ ആശയമായിരുന്നു അത്. എങ്കിലും മിക്കവരും മതപ്രചാരകരുടെ ലോകസങ്കൽപ്പം സ്വീകരിക്കുകയും രണ്ടു നൂറ്റാണ്ടിനുള്ളിൽ സ്വന്തം ആചാരാനുഷ്ഠാനങ്ങൾ

കൈവെടിയുകയും ചെയ്തു. മതപ്രചാരകരെ പിന്തുടർന്നുവന്ന കച്ചവടക്കാരും ഭരണാധികാരികളും ആഫ്രിക്കയുടെ സമൃദ്ധമായ പ്രകൃതിവിഭവങ്ങൾ ചൂഷണംചെയ്യാൻ പുത്തൻരീതികൾ കണ്ടെത്തി. മരംവെട്ടൽ, കാടുനശിപ്പിക്കൽ, ഇറക്കുമതിചെയ്ത മരങ്ങളുടെ തോട്ടങ്ങളുണ്ടാക്കൽ, കാട്ടുമൃഗങ്ങളെ വേട്ടയാടൽ, വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യൽ എന്നിങ്ങനെ. ഇതോടെ വിശുദ്ധവനങ്ങളിൽ തീയെരിഞ്ഞു. എല്ലാറ്റിനേയും പുരോഗതിയുടെ ലക്ഷണമായിക്കണ്ട നാട്ടുകാർ പരിസ്ഥിതിനാശത്തെ നിസ്സംഗതയോടെ നോക്കിനിന്നു.''[37]

കോളണീകരണം ആഫ്രിക്കയുടെ സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക-സാംസ്കാരികമണ്ഡലങ്ങളെ എങ്ങനെയാണ് പുനക്രമീകരിച്ചത് എന്നു മനസ്സിലാക്കാൻ സഹായകമായ ഉദാഹരണമാണിത്. മാത്രവുമല്ല, വംഗാരി മാതായെപ്പോലുള്ളവർ കോളണീകരണത്തിന്റെ അധിനിവേശസ്വഭാവങ്ങളെ തിരിച്ചറിയുന്ന സമീപനങ്ങളുടെ ഉൾക്കാഴ്ച സമകാലീന ആഫ്രിക്കൻ പ്രതിരോധത്തിന്റെ മുഖത്തെയാണ് കുറിക്കുന്നത്.

ആഫ്രിക്കയുടെയും ഇന്ത്യയുടെയും പ്രത്യേകിച്ച് കേരളത്തിന്റെയും സാമൂഹിക-സാംസ്കാരിക അനുഭവലോകത്തുനിന്നാണ് ഈ രണ്ടു ദേശങ്ങൾക്കിടയിലൂടെ ഒരു വ്യക്തിക്ക് യാത്ര സാധ്യമാകുന്നത്. യാത്രയെഴുത്തുകളുടെ കർതൃസ്ഥാനം വ്യാപകമായി പുരുഷപക്ഷത്തിലേക്ക് കേന്ദ്രീകരിക്കുന്നതിന്റെ സാമൂഹിക-സാംസ്കാരിക സാഹചര്യം വളരെ പ്രധാനപ്പെട്ടതാണ്. കൊളോണിയലിസത്തിന്റെ വിഷയനിർമ്മിതിയിൽ യൂറോകേന്ദ്രിതപക്ഷത്തെക്കുറിച്ച് നടത്തുന്ന വിമർശനങ്ങൾ പുരുഷകേന്ദ്രിതപക്ഷത്തേക്ക്, ചില തലങ്ങളിലെങ്കിലും - പ്രത്യേകിച്ച് കാഴ്ചയുടെ അധികാരി ആര് എന്ന ചോദ്യത്തെ മുൻനിർത്തിയെങ്കിലും ഉന്നയിക്കാവുന്നതാണ്. അതായത് കാഴ്ചയുടെ ലിംഗപദവിസ്ഥാനം, യാത്രയുടെ ചരി

ത്രപരമായ പരിണാമബന്ധങ്ങൾ, തൊഴിൽ, കുടുംബഘടന, മതം, സദാചാരസങ്കൽപ്പങ്ങൾ എന്നിവയിലെല്ലാം. പൊറ്റക്കൊട്ടിന്റെയും സക്കറിയയുടെയും നോക്കുപക്ഷം പുരുഷപക്ഷത്തേക്ക് കേന്ദ്രീകരിക്കുന്നുണ്ട്. സ്ത്രീകളുടെ ലിംഗപദവി വ്യവഹാരങ്ങളുടെ കേരളീയപശ്ചാത്തലവും പരിണാമസാധ്യതകളും കർതൃസ്ഥാനവും വലിയ അസാന്നിധ്യമായി യാത്രയെഴുത്തുകളുടെ ചരിത്രത്തിൽ നിലനിൽക്കുന്നുണ്ട് എന്ന വസ്തുത ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.

അരനൂറ്റാണ്ടിന്റെ ഇടവേളയിൽ എസ്.കെ. പൊറ്റെക്കാട്ടും സക്കറിയയും നടത്തിയ ആഫ്രിക്കൻ യാത്രാവിവരണങ്ങൾ കാഴ്ചയിലും സമീപനത്തിലും വലിയ വ്യതിയാനങ്ങൾ ഉള്ളടങ്ങുന്നതാണ്. ആ വ്യതിയാനങ്ങളെ പിന്തുടരണമെങ്കിൽ എസ്.കെ. പൊറ്റെക്കാട്ടിനെയും സക്കറിയയെയും വാർത്തെടുത്ത സാമൂഹികബന്ധങ്ങളുടെ സ്വഭാവങ്ങളെക്കുറിച്ചും മുൻഗണനക്രമങ്ങളെക്കുറിച്ചും മനസ്സിലാക്കേണ്ടതുണ്ട്. രണ്ടുപേരുടെയും സാമൂഹികകർതൃത്വം, സാംസ്കാരികനിലപാടുകൾ, അവരുടെ നിലപാടുകളിലേക്ക് അവരെയെത്തിക്കുന്ന ചരിത്ര-രാഷ്ട്രീയസമീപനങ്ങൾ എന്നിവയൊക്കെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്.

അരനൂറ്റാണ്ടിനിടയിലെ കേരളത്തെയും കേരളീയ സമൂഹബന്ധങ്ങളെയും വിലയിരുത്തുന്നതിൽ വന്നിട്ടുള്ള സമീപനങ്ങളിലെ വിച്ഛേദങ്ങൾ, ആഫ്രിക്കയെക്കുറിച്ചും ഇന്ത്യയെക്കുറിച്ചും കോളണീകരണത്തോടനുബന്ധിച്ച് ഉൽപ്പാദിപ്പിക്കപ്പെട്ട ജ്ഞാനമാതൃകകളുടെ സ്വഭാവം, കോളണിയാനന്തര സാമൂഹികാവസ്ഥകളെ വിശകലനം ചെയ്യാനുള്ള സങ്കൽപ്പനോപകരണങ്ങളുടെ സാന്നിധ്യം എന്നിവയൊക്കെ എസ്.കെ. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും യാത്രയെഴുത്തുകളിലേക്ക് വഴിതെളിച്ചുതരാൻ കെൽപ്പുള്ളവയാണ്. ആഫ്രിക്കയുടെയും ഇന്ത്യയുടെയും സാംസ്കാരികപരിണാമങ്ങളുടെ ചരിത്രത്തിൽ നിന്നുകൊണ്ടുവേണം യാത്രയെഴുത്തുകളിലെ വാദങ്ങളുടെയും വിവരണങ്ങളുടെയും കാമ്പും കഴമ്പും

വേർതിരിച്ചറിയാനും മനസ്സിലാക്കാനും. അതിലേക്കായി കേരളീയ സാമൂഹികകർതൃത്വത്തിന്റെ പരിണാമദശകളിലേക്ക് ശ്രദ്ധതിരിക്കേണ്ടിവരും. കേരളീയ സാമൂഹിക സ്വത്വരൂപീകരണത്തിലെ കോളോണിയൽ-കോളണിയാനന്തര സന്ദർഭങ്ങളെ പിന്തുടർന്ന് സാമൂഹിക-സാംസ്കാരിക ബന്ധങ്ങളുടെ വിവിധ തലങ്ങളിലേക്ക് ശ്രദ്ധ കൊടുക്കേണ്ടതുണ്ട്.

1913 ൽ (14-3-1913) കോഴിക്കോട് നഗരത്തിൽ ജനിച്ച ശങ്കരൻകുട്ടി, സ്വാതന്ത്ര്യസമരചരിത്രത്തിന്റെയും കേരളത്തിലെ നവോത്ഥാനപ്രസ്ഥാനങ്ങളുടെയും പ്രതാപകാലത്തു ജീവിച്ചിരുന്ന വ്യക്തിയാണ്. സക്കറിയയാവട്ടെ, 1945-ൽ ജനിച്ച് സ്വാതന്ത്ര്യാനന്തര കേരളത്തിലൂടെ സഞ്ചരിച്ച വ്യക്തിയും. 1946-ൽ പൊറ്റെക്കാട്ട് ആഫ്രിക്കയിലേക്കു യാത്രതിരിക്കുന്നുണ്ട്. ആഫ്രിക്കയിലേക്ക് യാത്രതിരിക്കുന്നതിനുമുമ്പുള്ള പൊറ്റെക്കാട്ട്, ഇന്ത്യ ചുറ്റി സഞ്ചരിച്ച്, ഇന്ത്യയുടെ സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളോട് ഐക്യപ്പെട്ട് പ്രവർത്തിച്ച്, ബോംബയിൽ ജോലിനോക്കുകയും (1928) കഥയും നോവലുകളും എഴുതുകയും ചെയ്ത 'പ്രബുദ്ധനായ' കാഴ്ചക്കാരനും നിരീക്ഷകനുമായ വ്യക്തിയാണ്. ജീവിതാനുഭവങ്ങൾ, രാഷ്ട്രീയപ്രവർത്തനങ്ങൾ, യാത്രകൾ, വിദ്യാഭ്യാസം, വായന, തൊഴിലനുഭവങ്ങൾ തുടങ്ങി നിരവധിയായ ഇടപെടലുകളിലൂടെ ഒരു വ്യക്തി സമൂഹത്തിൽനിന്ന് ആർജിച്ചെടുക്കുന്ന സാമൂഹികമൂലധനം (Social Capital) വളരെ പ്രധാനപ്പെട്ടതാണ്. പൊറ്റെക്കാട്ടിന്റെ ബഹുമുഖമണ്ഡലങ്ങളുമായുള്ള ബന്ധങ്ങൾ ഈയർഥത്തിൽ സാമൂഹിക കർതൃത്വത്തെ സമ്പന്നമാക്കുന്നുണ്ട്.

കേരളത്തിൽ സാമൂഹികാവസ്ഥ പ്രത്യേകിച്ച് പത്തൊമ്പതാം നൂറ്റാണ്ടുമുതലുള്ള ജാതി, മത, സാമുദായിക, വർഗ, ലിംഗപദവി സംഘർഷങ്ങളും കൊളോണിയൽ അധിനിവേശത്തിന്റെ ഭാഗമായുണ്ടായ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മണ്ഡലങ്ങളിലെ പുനക്രമീകരണങ്ങളും കേരളീയ സാമൂഹികകർതൃത്വത്തെ നിർണയിച്ച അടിസ്ഥാന ഘടകങ്ങളാണ്. പൊറ്റെക്കാട്ടിന്റെയും സക്കറിയയു

ടെയും ആഫ്രിക്കൻയാത്രകൾ സവിശേഷമായ വിശകലനത്തിനെടുക്കുന്നതിനാൽ സാമൂഹികകർതൃത്വത്തിൽ നിർണായകമായിട്ടുള്ള കൊളോണിയൽ അധിനിവേശത്തിന്റെയും ജാതി, വർഗ, നവോത്ഥാന സങ്കൽപ്പങ്ങളുടെയും ചില വാർപ്പുമാതൃകകളെ പ്രശ്നവൽക്കരിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് പരിഷ്കൃതം/അപരിഷ്കൃതം, കറുപ്പ്/വെളുപ്പ് തുടങ്ങി സാമൂഹികശ്രേണീകരണത്തെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദാവലികളെ വിമർശനവിധേയമായിട്ടാണ് ഈ പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

ഏതു കണ്ണുകൊണ്ടാണ്, ഏതു സമീപനങ്ങൾകൊണ്ടാണ്, എന്തെന്തു മാനദണ്ഡങ്ങൾകൊണ്ടാണ് ആഫ്രിക്കയെ പൊറ്റെക്കാട്ട് അളക്കുകയും തിരിച്ചറിയുകയും അടയാളപ്പെടുത്തുകയും ചെയ്തതെന്ന് മനസ്സിലാക്കണമെങ്കിൽ അദ്ദേഹത്തിന്റെ സാമൂഹിക രാഷ്ട്രീയപക്ഷങ്ങളെ വാർത്തെടുത്ത ആശയാവലികൾ പരിചയപ്പെടേണ്ടതുണ്ട്. അതിലേക്ക് സൂചന നൽകുന്ന പൊറ്റെക്കാട്ടിന്റെ ഒരു പ്രസ്താവന നോക്കുക:

> ‘‘മഹത്തായ സംസ്കാരങ്ങളുടെ ശ്മശാനഭൂമികളാണ് സുഡാന്റെയും ഈജിപ്തിന്റെയും നൈൽത്തടാകങ്ങളിൽ ചിതറിക്കിടക്കുന്നത്. അവയെക്കുറിച്ച് ആഴത്തിൽ അറിയുന്നതും വിസ്തരിച്ചു പഠിക്കുന്നതും മഹത്തായ മറ്റൊരു പുരാതനസംസ്കാരത്തിന്റെ പാരമ്പര്യം പുലർത്തിപ്പോരുന്ന ഭാരതീയന്മാരായ നമുക്ക് വിശേഷിച്ചും ഈജിപ്തുമായി പുരാതനകാലത്തു വാണിജ്യബന്ധം സ്ഥാപിച്ചിരുന്ന കേരളത്തിന്റെ മക്കളായ നമുക്ക് ഉപകാരപ്രദമായിരിക്കുമെന്നു കരുതി ഞാൻ ഇക്കഴിഞ്ഞ ഇരുപത്തിരണ്ടുവർഷവും സുഡാനെയും ഈജിപ്തിനെയും സംബന്ധിച്ച ഗ്രന്ഥങ്ങളും പത്രമാസികാലേഖനങ്ങളും മറ്റും അപ്പോഴപ്പോഴായി ശേഖരിക്കുകയും പഠിക്കുകയും ചെയ്തുവരികയായിരുന്നു.’’[38]

ഭാരതത്തിന്റെയും ഈജിപ്തിന്റെയും പുരാതനപാരമ്പര്യത്തെ താരതമ്യപ്പെടുത്തുകയും രണ്ടു രാജ്യങ്ങൾക്കിടയിൽ താരതമ്യപ്പെടുത്താവുന്ന ചരിത്രപരമായ സാദൃശ്യങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുന്ന പഠിതാവിന്റെയും സാമൂഹിക ശാസ്ത്രനിരീക്ഷകന്റെയും കർതൃപക്ഷത്താണ് പൊറ്റെക്കാട്ട് നിൽക്കുന്നത്. മാത്രമല്ല, അതിനുവേണ്ടി 20 വർഷക്കാലം ഗവേഷണമനസ്സോടെ അന്വേഷണം നടത്തുകയും ചെയ്യുന്നുവെന്ന് ഈ കുറിപ്പിൽ സൂചിപ്പിക്കുന്നുണ്ട്.

കോളണീകരണത്തോടുകൂടി ഇടങ്ങളെ വലിയ തോതിൽ രേഖപ്പെടുത്താൻ തുടങ്ങുന്നുണ്ട്. കോളണീകരണത്തിന്റെ അനിവാര്യതയിലേക്കു നയിക്കുന്ന വ്യാവസായിക മുതലാളിത്തഘട്ടത്തോടെയാവാം ഇടങ്ങളെ അതിർത്തികൾ തിരിച്ച് സാമൂഹികാവശ്യങ്ങൾക്കായുള്ള ഉപഭോഗാത്മകത്വരയോടെ സമീപിക്കുന്നത്. ഇടത്തിന്റെ സ്ഥാപനവൽക്കരണം വ്യാപകമാകുന്നതുതന്നെ യാത്രയുടെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ്. ഏഷ്യയുടെയും ആഫ്രിക്കയുടെയും യൂറോപ്പിന്റെയും ഇട സങ്കൽപ്പങ്ങൾ തമ്മിൽ ഏറെ വ്യത്യസ്തതകളുണ്ട്. മതപ്രചാരണത്തിനുവേണ്ടിയും വാണിജ്യതാൽപ്പര്യങ്ങൾക്കുവേണ്ടിയും നടത്തിയിരുന്ന യാത്രകളുടെ ലക്ഷ്യങ്ങളിൽനിന്ന് വലിയ തോതിലുള്ള വിച്ഛേദം വ്യാവസായിക-മുതലാളിത്ത ഉൽപ്പാദനബന്ധങ്ങളുടെ പരിണാമങ്ങളോടെ സ്ഥലസങ്കൽപ്പത്തിൽ സംഭവിക്കുന്നുണ്ട്.

യാത്രയെഴുത്തുകളിൽ, പ്രത്യേകിച്ച് കോളണീകരണത്തോടൊപ്പം കടന്നുവരുന്ന സ്ഥലബോധത്തിലും കാഴ്ചയിലും അടയാളപ്പെടുത്തലിലും ആധുനികപൂർവ സംസ്കൃതിയുടെ സ്ഥലസങ്കൽപ്പങ്ങൾ തമ്മിൽ അടിസ്ഥാനപരമായ അന്തരമുണ്ട്. 1854-ൽ സിയാറ്റിൽ മൂപ്പൻ നടത്തിയ പ്രഭാഷണത്തിൽ ഈ അന്തരത്തെ വളരെ വ്യക്തമായി അഭിമുഖീകരിക്കുന്നുണ്ട്:

> ''വെളുത്ത മനുഷ്യന് ഞങ്ങളുടെ രീതികൾ മനസ്സിലാകുന്നില്ല എന്ന് ഞങ്ങൾക്കറിയാം. അയാൾക്ക് ഭൂമിയുടെ ഏതൊരു ഇടവും മറ്റേ

തൊരു ഇടവും പോലെയാണ്. കാരണം രാത്രിയിൽ വന്ന് ഭൂമിയിൽനിന്ന് വേണ്ടതെല്ലാം എടുത്തുകൊണ്ടു പോകുന്ന ഒരു അപരിചിതനാണ് അയാൾ. ഭൂമി അയാളുടെ സഹോദരനല്ല; ശത്രുവാണ്. അതിനെ ഒരിടത്ത് കീഴടക്കിക്കഴിയുമ്പോൾ അടുത്ത ഇടത്തേക്ക് അയാൾ നീങ്ങുന്നു.

പിതാക്കന്മാരുടെ ശവകുടീരങ്ങൾ അയാൾ പിന്നിലുപേക്ഷിച്ച് പോകുന്നു. അതിലയാൾക്ക് വിഷമമില്ല. സ്വന്തം കുഞ്ഞുങ്ങളിൽനിന്ന് അയാൾ ഭൂമി തട്ടിയെടുക്കുന്നു. അതിലയാൾക്ക് വിഷമമില്ല. സ്വന്തം പിതാവിന്റെ ശവകുടീരവും സ്വന്തം മക്കളുടെ ജന്മാവകാശവും വിസ്മൃതങ്ങളാകുന്നു. ഭൂമിയെയും സഹോദരനായ ആകാശത്തെയും അയാൾ കാണുന്നത് വാങ്ങാനും കൊള്ളയടിക്കാനും കന്നുകാലികളെപ്പോലെ വിൽക്കാനുമുള്ള വസ്തുക്കളായി മാത്രമാണ്. അയാളുടെ ആർത്തി ഭൂമിയെ വിഴുങ്ങുകയും ഒരു മരുഭൂമിയെ മാത്രം അവശേഷിപ്പിക്കുകയും ചെയ്യും.''[39]

പത്തൊൻപതാം നൂറ്റാണ്ടോടുകൂടി അമേരിക്കയിൽത്തന്നെ മുതലാളിത്തത്തോടൊപ്പം ഉയർന്നുവരുന്ന ആശയാവലികൾ, വസ്തുലോകത്തെയും മനുഷ്യനെയും വിഭജിക്കുകയും തമ്മിൽ തമ്മിൽ അപരവൽക്കരിക്കുകയും ചെയ്യുന്നതിന്റെ ചരിത്രഘട്ടത്തെയാണ് സിയാറ്റിൽ മൂപ്പന്റെ പ്രഭാഷണത്തിലെ സൂചനകൾ പ്രതിഫലിപ്പിക്കുന്നത്.

ഒരു ദേശത്തിനുള്ളിൽത്തന്നെ വ്യത്യസ്ത സമൂഹങ്ങൾ വ്യത്യസ്ത സാംസ്കാരിക ഇടത്തെ, ജൈവ ഇടത്തെ വിഭാവനം ചെയ്യുന്നതിന്റെ ദൃഷ്ടാന്തംകൂടിയാണ് സിയാറ്റിൽ മൂപ്പന്റെ പ്രഭാഷണം. വ്യക്തിയുടെ അനുഭവങ്ങൾ, ആശയങ്ങൾ, താൽപ്പര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ശേഖരിക്കപ്പെട്ട പ്രതീകങ്ങളാൽ രൂപപ്പെടുത്തിയെടുക്കപ്പെട്ടിട്ടുള്ളതാണ് കാഴ്ചയ്ക്കിടയിലെ

സംവേദനമെന്ന് ഡെനീസ് കോസ്ഗ്രോവ്[40] (Denis Cosgrove) യൂറോപ്യൻ നോട്ടത്തെക്കുറിച്ച് വിശദീകരിക്കുന്നത് ഇവിടെ ഏറെ പ്രസക്തമാണ്. സിയാറ്റിൽ മൂപ്പന്റെ കാഴ്ചയും യൂറോപ്പിലെ മുതലാളിത്തബന്ധങ്ങളിലേക്ക് ചേക്കേറിയ സമൂഹത്തിന്റെ കാഴ്ചയും തമ്മിലുള്ള വ്യതിയാനം ചരിത്രപരമായി രൂപപ്പെട്ടുവരുന്നതിന്റെ പശ്ചാത്തലം പ്രധാനപ്പെട്ടതാണ്.

എന്താണ് കാണുന്നത്, ആരാണ് കാണുന്നത്, എവിടെയാണ് കാണുന്നത് തുടങ്ങിയ ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളുമാണ് അടിസ്ഥാനപരമായി സാമൂഹിക ഇടത്തെ രൂപീകരിക്കുന്ന സാംസ്കാരിക പരിഗണനകളായി പഠിതാക്കാൾ ചൂണ്ടിക്കാണിക്കുന്നത്.[41] കൊളോണിയൽ അധിനിവേശത്തെ യൂറോപ്പിന്റെ ഇതര ഇടങ്ങളിലേക്കുള്ള വ്യാപകത്വമായി വിശദീകരിക്കപ്പെട്ടിട്ടുണ്ട്. മിച്ചെലിനെ (W.T.Mitchill) നെ പോലുള്ള നിരീക്ഷകർ, സാമ്രാജ്യത്വം എന്നതുതന്നെ ഇടത്തെക്കുറിച്ചുള്ള സ്വപ്നമാണ് എന്ന പക്ഷക്കാരാണ്. ഇടം എന്നത് സവിശേഷമായ സാമ്പത്തികമൂല്യത്തിനുള്ളിൽ വച്ച് പരിഗണിക്കപ്പെടുന്നതിന്റെ ചരിത്രസന്ദർഭം കോളണീകരണത്തിന്റെ ചട്ടക്കൂടിനുള്ളിലാണ് വിപുലീകരിക്കപ്പെടുന്നത്. പുതിയ ഇടങ്ങളെ കണ്ടെത്തൽ, ആ ഇടത്തിലേക്കുള്ള പ്രവേശനം, അധിനിവേശപൂർവ ഇടങ്ങളെ സംബന്ധിച്ച് സങ്കൽപ്പങ്ങളുടെയും വിലയിരുത്തലുകളുടെയും മാനദണ്ഡങ്ങൾ എന്നിവയെല്ലാം കോളോണിയൽ അധികാരവിനിമയങ്ങളുടെ വിഭാവനയാണ്. ഇടത്തോടുള്ള പെരുമാറ്റസമ്പ്രദായങ്ങൾ, ഇടത്തിന്മേലുള്ള വിനിമയങ്ങൾ എന്നിവയ്ക്കെല്ലാം മേൽസൂചിപ്പിച്ച കൊളോണിയൽ ദൃഷ്ടാക്കളുടെ നോക്കുപക്ഷങ്ങളുടെ ധർമ്മമാണ് പൊതുവെ കാണാൻ സാധിക്കുക.

ആധുനികപൂർവയാത്രകളുടെ നോക്കുപക്ഷത്തിനു മുമ്പിലുള്ള അപരയല്ല, ആധുനിക ചരിത്രഘട്ടത്തിൽ പ്രത്യേകിച്ച് കൊളോണിയൽ ഘട്ടത്തിൽ അനിവാര്യമാകുന്ന യാത്രികരിലെ 'വിഷയി'. ആധുനികതയെ സ്വഭാവവൽക്കരിച്ചുകൊണ്ട് നിസാർ അഹമ്മദ് നിരീക്ഷിക്കുന്നത്, ആധുനികത ഏറ്റവും അസഹിഷ്ണുതാപര

മായ ഒന്നായിരുന്നുവെന്നും വൈവിധ്യങ്ങളെ വച്ചുപൊറുപ്പിക്കാനതിനാവുമായിരുന്നില്ലെന്നുമാണ്.[42] ആധുനികതയുടെ യുക്തിബോധത്തെയും മൂല്യസങ്കൽപ്പങ്ങളെയും സ്വാംശീകരിക്കുന്ന സമൂഹങ്ങളുടെ സങ്കൽപ്പനങ്ങളും സമീപനങ്ങളും അന്യവൽക്കരണത്തിന്റെ വിഷയഭൂമികയിലാണ് രേഖപ്പെടുത്തിപ്പോന്നിട്ടുള്ളത്. ആഫ്രിക്കയുടെ മണ്ണിൽ കാലുകുത്തിക്കൊണ്ട് പൊറ്റെക്കാട്ട് കൊളോണിയൽ ആധുനികതയുടെ സമീപനം സ്വാംശീകരിക്കുന്നതിന്റെ ഒരു ദൃഷ്ടാന്തം നോക്കുക.

> ''പതിനൊന്നാംനൂറ്റാണ്ടിൽ, ആഫ്രിക്കയാകുന്ന ഇരുട്ടറയുടെ വാതിൽ തുറക്കുവാൻ പുറപ്പെട്ട സാഹസികരായ ചില ''നോർവെ നാവികരുടെ കപ്പൽ കടലിൽ പ്രത്യക്ഷപ്പെട്ടപ്പോഴും അവൻ ഇങ്ങനെത്തന്നെ മിഴിച്ചുനിന്നിരിക്കണം. 1497-മാണ്ടിൽ വാസ്കോഡിഗാമയുടെ കപ്പൽ കരയ്ക്കണഞ്ഞപ്പോഴും അവൻ ഇങ്ങനെത്തന്നെ തുറിച്ചുനോക്കി നിന്നിട്ടുണ്ടാകും. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അവന്റെ അത്ഭുതഭാവം മാറിയിട്ടില്ല. ഇവൻ ഇന്നും പുരോഗമിക്കാതിരിക്കുന്നതിന്റെ കാരണവും അതുതന്നെ''[43]

എന്ന് പൊറ്റെക്കാട്ട് ഉറപ്പിക്കുന്നതിന്റെ മാനദണ്ഡം എന്താണ്, അത് എവിടെനിന്നാണ് പൊറ്റെക്കാട്ടിന് ലഭിച്ചത് എന്നീ ചോദ്യങ്ങൾ ഇവിടെ ഉയർന്നുവരുമ്പോൾ അദ്ദേഹത്തിന്റെ നോക്കുപക്ഷം സവിശേഷമായി വിശകലനത്തിനെടുക്കേണ്ടിവരുന്നു. ആഫ്രിക്കയെക്കുറിച്ച്, പ്രത്യേകിച്ച് ഈജിപ്തിന്റെ സംസ്കാരത്തെക്കുറിച്ച് ഇരുപതുവർഷം പഠിച്ചെത്തിയ ഒരാൾ ഒരു ദേശത്തെക്കുറിച്ചും അവിടങ്ങളിലെ ജനങ്ങളെക്കുറിച്ചും നടത്തുന്ന പൊതുപ്രസ്താവനയിൽ കവിഞ്ഞ ഒന്നാണിത്.

ആഫ്രിക്ക എന്ന പദം ലാറ്റിനിലെ അപ്രിക്ക (Aprica) എന്നതിൽ നിന്നാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളതെന്നും സൂര്യനെന്നും വെളിച്ചമെന്നുമൊക്കെ (Land of sunshine) ആണ് അതിന് അർഥമെന്നും ആഫ്രിക്കൻ സാമൂഹികശാസ്ത്രജ്ഞർ

ചൂണ്ടിക്കാണിക്കുന്നുണ്ട്.[44] കാർത്താജ് സിറ്റിയുടെ (Carthage city) യുടെ അതിർത്തിയെ കുറിക്കാനാണ് ആദ്യമായി റോമക്കാർ ഈ പദം ഉപയോഗിക്കുന്നതെന്ന് കനു ഇക്കിച്ചകാവു ആന്തണി (Kanu Ikechukwu Antony) *ആഫ്രിക്കൻ തത്ത്വശാസ്ത്രത്തിന്റെ അർഥവും സ്വഭാവവും* എന്ന പ്രബന്ധത്തിൽ എടുത്തുപറയുന്നുണ്ട്. ഇരുണ്ട, അപരിഷ്കൃതരായ ജനതയെ കുറിക്കാൻ ആഫ്രിക്കയെന്ന പദം ഉപയോഗിക്കുകയും നിലനിർത്തുകയും ചെയ്തതിന്റെ ചരിത്രം കൊളോണിയൽ അധിനിവേശത്തോടെയാണ് ആരംഭിക്കുന്നത്.

യുക്തിരഹിതരും അപരിഷ്കൃതരും വ്യക്തി എന്ന നിലയിൽ ലോകത്തിനുള്ളിൽ നിലനിൽപ്പില്ലാത്തവരുമായിട്ടാണ് പാശ്ചാത്യർ ആഫ്രിക്കക്കാരെ മനസ്സിലാക്കിയിരുന്നത്. ആഫ്രിക്കക്കാർ മൊത്തത്തിൽ അവികസിതരായതിനാൽ അവർക്ക് ആഫ്രിക്കർ എന്നർഥത്തിലുള്ള ഒരു ഏകീകൃത നിലനിൽപ്പിലേക്ക് പോലും എത്തിച്ചേരാനാവില്ലെന്ന ഹെഗലിന്റെ നിരീക്ഷണം കനു ഇക്കിച്ചിക്കാവു ആന്തണി വിശകലനവിധേയമാക്കുന്നുണ്ട്.[45] യൂറോപ്പ് ആഫ്രിക്കയ്ക്കുമേൽ കയറ്റിവച്ച വംശീയതയുടെയും അപരിഷ്കൃതത്വത്തിന്റെയും അപമാനവീകരണത്തിന്റെയും ഭാരങ്ങൾ തലയിലേറ്റിക്കൊണ്ടാണ് പൊറ്റെക്കാട്ടും ആഫ്രിക്കയുടെ മണ്ണിൽ കാലുകുത്തുന്നതെന്നർഥം. ഇതുമാത്രമായിരിക്കണമെന്നില്ല പൊറ്റെക്കാട്ടിന്റെ സങ്കൽപ്പത്തിന്റെയും കാഴ്ചപ്പാടുകളുടെയും അടിത്തറ. കേരളത്തിൽ നിലനിന്നിരുന്ന ജാതിശ്രേണികളുടെ രൂപഭാവങ്ങളുടെ വിനിമയങ്ങളിലെ ഘടനയും സ്വഭാവവുമാണ് ആഫ്രിക്കയുടെ വംശീയപക്ഷത്തേക്ക് കൂടുമാറുന്നത് എന്നതുകൂടി ആവാം അത്.

ആഫ്രിക്കയുടെയും ഇന്ത്യയുടെയും പാശ്ചാത്യകോളണി എന്ന സദൃശാനുഭവങ്ങളെ സ്വാംശീകരിക്കുന്നതിൽനിന്ന് വിലക്കുന്ന തരത്തിലുള്ള കേരളത്തിലെ ജാതി ശ്രേണിയുടെ വ്യവസ്ഥീകരണം (Conditioning) ആവാം കോളോണിയൽ അധിനിവേശകരുടെ ഭാഷയും കാഴ്ചയും അളവുകോലുകളും സ്വാംശീകരിക്കുന്ന വിധത്തിൽ ആഫ്രിക്കക്കാരെ അന്യവൽക്കരിക്കാൻ പൊറ്റെക്കാട്ടിനെ പ്രേരിപ്പിച്ചത്.

വരേണ്യ ജാതിബോധം, മലയാളസാഹിത്യത്തിലെ സങ്കരസംസ്കാരത്തെ സ്വാംശീകരിക്കാതെ തമസ്കരിക്കുന്നതിനെക്കുറിച്ച് ജെ.ദേവികയുടെ നിരീക്ഷണം ഇവിടെ കൂട്ടിവായിക്കാവുന്നതാണ്. എന്തുകൊണ്ട് പൊറ്റെക്കാട്ടിന് സാംസ്കാരികസാങ്കര്യത്തെ, വർണ-വംശസാങ്കര്യത്തെ ഉൾക്കൊള്ളാനാവാതിരുന്നു എന്നതിന് ഒരു അടിക്കുറിപ്പുകൂടിയാണ് ദേവികയുടെ നിരീക്ഷണം. ദേവിക എഴുതുന്നു:

> ''കേരളമെന്ന ഈ ഭൂഭാഗം പലവിധ സംസ്കാരങ്ങൾ - തെക്കുകിഴക്ക് ഏഷ്യൻ, ആഫ്രിക്കൻ, യൂറോപ്യൻ, ഇന്ത്യൻ സംസ്കാരങ്ങൾ ഇടകലർന്നുണ്ടായ ഒരു മുനപ്പുറസംസ്കാരം അഥവാ Cusp culture ആണെന്ന പരികൽപന ഈ പ്രദേശത്തെക്കുറിച്ചുള്ള ദേശീയവികാരത്തെ തന്നെ ജാതികേന്ദ്രിത വരേണ്യമാതൃകകൾക്കപ്പുറം നവീകരിക്കാൻ നമ്മെ സഹായിച്ചേക്കും. അങ്ങനെയെങ്കിൽ പാശ്ചാത്യമെന്നത് യൂറോപ്പ് മാത്രമല്ലെന്നും 'പൗരസ്ത്യ'മെന്നാൽ ചൈന മാത്രമല്ലെന്നും വരും. യാതൊരു വിധത്തിലും വിശുദ്ധി അവകാശപ്പെടാനില്ലാത്ത തികച്ചും കലർന്നതും അതിനാൽ വംശീയശുദ്ധിയെ സംബന്ധിച്ച അവകാശവാദങ്ങൾക്ക് അതീതവുമായ കേരളത്തെ വിഭാവനം ചെയ്യാനാവശ്യമായ സാംസ്കാരികവും ചരിത്രപരവുമായ ഘടകങ്ങൾ ഇതിൽനിന്നുളവകാനിടയുണ്ട്.''[46]

നിലവിലുള്ള കേരളീയപൊതുബോധത്തിലെ വംശീയതയെക്കുറിച്ച് ജാതിശ്രേണീ മനസ്ഥിതിയുടെ അടിസ്ഥാനത്തിലുള്ള സാമൂഹികകർതൃത്വമാണ് ദേവികയുടെ വിമർശനത്തിനിരയാകുന്നതിവിടെ. അതായത് ഈ സാമ്പ്രദായിക കേരളീയ സാമൂഹികകർതൃത്വം ജാതിശ്രേണിയുടെയും പരിശുദ്ധിയുടെയും അടിത്തറയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്നു സാരം. ദേവിക എടുത്തുപറയുന്ന ഈ സാമ്പ്രദായിക സാമൂഹികകർതൃത്വമാണ് പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻയാത്രയെഴു

ത്തിൽ മുഴച്ചുനിൽക്കുന്നതെന്ന് അദ്ദേഹത്തിന്റെ ഓരോ ആഖ്യാനത്തിൽനിന്നും വ്യക്തമാകുന്നുണ്ട്.

**മാറുന്ന കാഴ്ചകളും മാറുന്ന ദേശസ്വത്വവും**

സക്കറിയയുടെ *ഒരു ആഫ്രിക്കൻയാത്ര* (2005) ഒരു പരിധിയോളം എസ്.കെ. പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻപാഠത്തിനോടുള്ള വിയോജിപ്പിന്റെ ആശയാവലികളിലാണ് വാർത്തെടുക്കപ്പെട്ടിട്ടുള്ളത്. അരനൂറ്റാണ്ടിന്റെ ഇടവേളയിൽ സക്കറിയ നടത്തുന്ന യാത്രകളുടെയും കാഴ്ചകളുടെയും അന്തർധാരകളും സമീപനങ്ങളും പൊറ്റെക്കാട്ടിന്റേതിൽനിന്ന് ചരിത്രപരമായി വ്യതിരിക്തത പുലർത്തുന്നു. പൊറ്റെക്കാട്ടിന്റെ അനുഭവലോകവും സക്കറിയയുടെ അനുഭവലോകവും തമ്മിലുള്ള ചരിത്രപരമായ വ്യതിയാനം വളരെ വ്യക്തമായി രണ്ടു യാത്രയെഴുത്തുകളിലും കാണാനാകും. അരനൂറ്റാണ്ടിനിടയിലുണ്ടായ ചരിത്രപരമായ മാറ്റങ്ങൾ, വ്യക്തിയുടെ കർതൃത്വത്തെയും സാമൂഹികഭാവനകളെയും രാഷ്ട്രീയബോധ്യങ്ങളെയും നിരന്തരം ചലനാത്മകമാക്കുന്നതിന്റെ പ്രതിഫലനങ്ങൾകൂടിയാണ് ഈ രണ്ട് യാത്രക്കുറിപ്പുകളും.

കോളണീകരണത്തിന്റെ ആശയാവലികളെയും പ്രയോഗങ്ങളെയും ഉദാത്തമാതൃകകളായി വ്യത്യസ്ത തലങ്ങളിൽ സ്വാംശീകരിക്കുന്ന സാമൂഹികകർതൃത്വവും അതോടൊപ്പം ദേശീയവാദപരമായി കൊളോണിയലിസത്തിന്റെ രാഷ്ട്രീയാധിനിവേശത്തിന്റെ ഉപരിതലങ്ങളിൽ പിൻവലിഞ്ഞു നിൽക്കുന്ന വിമർശനങ്ങളുമാണ് എസ്.കെ. പൊറ്റെക്കാട്ടിന്റെ കർതൃസ്ഥാനത്തിന്റെ കൊളോണിയൽ പശ്ചാത്തലം. സക്കറിയയാവട്ടെ കോളണിയാനന്തര സമൂഹത്തിന്റെ പടുതികളിൽനിന്ന് സ്വയം വിമർശനാത്മകമായി കുതറിമാറാൻ ശ്രമിക്കുന്ന രാഷ്ട്രീയകർതൃസ്ഥാനത്താണ് നിൽക്കുന്നത്. ചരിത്രപരവും രാഷ്ട്രീയവുമായ ഈ വിടവ് ആഫ്രിക്കൻയാത്രകളുടെ കാഴ്ചപ്പാടുകളെയും ഭാഷയെയും സാമൂഹിക വിഭാവനകളെയും വ്യത്യസ്തമാക്കുന്നു. സക്കറിയ ആഫ്രിക്കക്കാരെയും അവിടങ്ങളിലെ

സംസ്കാരത്തെയും യൂറോപ്പിന്റെ വാർപ്പുമാതൃകകളിലൂടെയല്ല സമീപിക്കുന്നത്. സക്കറിയ ആമുഖത്തിൽ തന്റെ നോക്കുപക്ഷത്തെ സ്ഥാനപ്പെടുത്തുന്നത് ശ്രദ്ധിക്കുക:

> ''വെള്ളക്കാരൻ ആഫ്രിക്കക്കാർക്ക് അധിക്ഷേപാർഥത്തിൽ നൽകിയ നാമമാണ് 'കാഫിർ' - കാപ്പിരി എന്ന അറബിപദം. അതിന്റെ ഉപയോഗം ഇന്ന് പ്രക്ഷുബ്ധമായ പ്രതികരണങ്ങളുണ്ടാക്കും. 'നീഗ്രോ' എന്ന പദത്തിന്മേലും കൊളോണിയലും വർഗവിവേചനപരവുമായ മാലിന്യങ്ങൾ ഒട്ടിപ്പിടിച്ചിരിക്കുന്നുവെന്ന് ആഫ്രിക്കക്കാർ കരുതുന്നു. ബ്ലാക്സ്, കറുത്തവർ എന്നറിയപ്പെടാനാണ് പുതിയ ആഫ്രിക്കൻ സാംസ്കാരികസ്വത്വം ഇഷ്ടപ്പെടുന്നത്.''[47]

ദേശങ്ങളെക്കുറിച്ചും സാമൂഹികപരിണാമങ്ങളെക്കുറിച്ചും സക്കറിയയുടെ നോക്കുപക്ഷത്തിലുള്ള ജ്ഞാനശാസ്ത്രപരമായ വ്യതിയാനം സൂചിപ്പിക്കുന്നതെന്തെന്നാൽ പൊറ്റെക്കാട്ട് കണ്ട 'ആഫ്രിക്ക'യിലേക്കല്ല സക്കറിയയുടെ 'ഒരു ആഫ്രിക്കൻയാത്ര' എന്നാണ്.

'ഒരു ആഫ്രിക്കൻയാത്ര' പേരു സൂചിപ്പിക്കുന്നതുപോലെ 'ഒരു' യാത്രയും ഒരു പക്ഷവും ഒരു പാഠവുമാണെന്ന് വായനക്കാരെ ഓർമ്മിപ്പിക്കുന്നുണ്ട്. അതായത് മുന്നിലുള്ള വിഷയത്തെക്കുറിച്ചുള്ള തന്റെ വിലയിരുത്തൽ നിരവധി പാഠങ്ങളിൽ ഒന്നുമാത്രമാണെന്ന ബഹുസ്വരതകളുടെ പകർച്ചയിലേക്ക് രേഖപ്പെടുത്താനുള്ള സൈദ്ധാന്തികമായ ശ്രമംകൂടിയാണ് ഈ തലക്കെട്ട്. പൊറ്റെക്കാട്ടിന്റെ സാർവലൗകികമായ ശരിയും യാഥാർഥ്യബോധവും പക്ഷവുമല്ല സക്കറിയയുടെ ആഫ്രിക്കൻചിത്രങ്ങളിൽ തെളിയുന്നത്. അത് വികേന്ദ്രീതമായ, ജ്ഞാനനിർമ്മിതിയുടെ അധികാരകേന്ദ്രങ്ങളെ അപനിർമ്മിക്കാനുള്ള ശ്രമത്തിന്റെ ഭാഗംകൂടിയാണ്. 'പ്രകാശിക്കുന്ന ആഫ്രിക്ക'യെ കണ്ടെത്താനുള്ള നോക്കുസാമഗ്രികളുമായാണ് യാത്രതിരിക്കുന്നതെന്ന് ആമുഖത്തിൽ സക്കറിയ സൂചിപ്പിക്കുന്നു.

''ആഫ്രിക്കയിലൂടെ യാത്രചെയ്യവേ ഞാൻ തിരിച്ചറിഞ്ഞ പ്രധാന വസ്തുത ഇതാണ്: ആഫ്രിക്കയെക്കുറിച്ചുള്ള 'ഇരുണ്ട ഭൂഖണ്ഡം' എന്ന സ്ഥിരം വിശേഷണം പാശ്ചാത്യ കൊളോണിയൽ മനസ്സ് നിർമ്മിച്ച് ലോകവ്യാപകമായി വിതരണം ചെയ്യുകയും നമ്മെപ്പോലു ള്ളവർ വിശ്വാസപൂർവം സ്വീകരിക്കുകയും ചെയ്ത ഒരു കളവാണ്. ഈ വിശാലനുണയുടെ നിർമ്മാണത്തിൽ പലവിധ ഘടകങ്ങൾ മന പ്പൂർവവും അല്ലാതെയും ഒത്തുകൂടിയിട്ടുണ്ട്.''[48]

ഇരുണ്ട, അപരിഷ്കൃതമായ ആഫ്രിക്കയിൽനിന്ന് പ്രകാശിക്കുന്ന ആഫ്രിക്ക യിലേക്കുള്ള യാത്രയാണ് സക്കറിയ നടത്തുന്നത് എന്നു ചുരുക്കം.

മലയാള യാത്രക്കുറിപ്പുകളുടെ ചരിത്രത്തിൽ ഈ രണ്ടു പാഠങ്ങളും വിശക ലനത്തിനെടുക്കുന്നത് അവയുടെ വ്യതിരിക്തമായ സമീപനങ്ങളുടെ കൂടി അടി സ്ഥാനത്തിലാണ്. രണ്ടു വ്യത്യസ്ത ചരിത്രഘട്ടത്തിൽനിന്ന് നടത്തുന്ന രണ്ടു യാത്രകൾ, അവയ്ക്കിടയിൽ കർതൃസ്ഥാനത്തിലെ വ്യതിയാനങ്ങൾ, രാഷ്ട്രീയ സന്ദർഭങ്ങളുടെയും സമീപനങ്ങളുടെയും വ്യതിയാനങ്ങൾ, കോളണീകരണത്തി ന്റെയും അപകോളണീകരണത്തിന്റെയും സംഘർഷഭൂമികകൾ, ജ്ഞാനശാസ്ത്രപ രമായ മാതൃകാമാറ്റങ്ങൾ തുടങ്ങി നിരവധി ഘടകങ്ങളുടെ സമാഹാരമാണ് ഈ പാഠങ്ങൾ. ചലനാത്മകമായ സാമൂഹികയാഥാർഥ്യങ്ങളിലേക്കും അവയുടെ നിർമ്മി തികളിലെ ശ്രേണീബന്ധങ്ങളിലേക്കും ശ്രദ്ധതിരിക്കാനുള്ള ശ്രമമാണിവിടെ നട ത്തുന്നത്.

**സ്ഥലവും കാലവും സഞ്ചാരക്കുറിപ്പുകളിൽ**

സഞ്ചാരസാഹിത്യകൃതികളിലെ സ്ഥലവും കാലവും സാമ്പ്രദായികനോട്ട ത്തിൽ കൂടുതൽ കൃത്യതയും വ്യക്തതയും ആരോപിക്കാവുന്ന ഒരു മണ്ഡലമായി മാറിയിട്ടുണ്ട്. മറ്റ് ആഖ്യാനസമ്പ്രദായങ്ങളിൽനിന്നു വ്യത്യസ്തമായി കൂടുതൽ മൂർത്തമായ യാഥാർഥ്യമായി സഞ്ചാരക്കുറിപ്പുകളിലെ സ്ഥലകാലങ്ങൾ കാണപ്പെ

ടുന്നു. ക്ലാസിക്, കാൽപ്പനിക ആഖ്യാനഘട്ടത്തിൽനിന്ന് വ്യത്യസ്തമായ ഒരു കാല പാഠമാണ് സഞ്ചാരസാഹിത്യക്കുറിപ്പുകളിലേതെന്ന് ചില സ്വഭാവസവിശേഷതക ളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാനാവും. [ആധികാരികതയുടെ തലത്തിലല്ല ഈ വാദം ഉന്നയിക്കുന്നത്. സ്ഥലകാലനിഷ്ഠയെ ചരിത്രപരമായി കൂടുതൽ പ്രതി ഫലനാത്മകമായി ആവിഷ്കരിക്കാൻ സഞ്ചാരസാഹിത്യക്കുറിപ്പുകൾക്ക് കഴി ഞ്ഞേക്കും എന്ന വാദമാണ് ഇവിടെ ഉയർത്തിക്കൊണ്ടുവരുന്നത്]. എസ്.കെ. പൊറ്റെക്കാട്ട് നടത്തുന്ന ആഫ്രിക്കൻയാത്രയിൽ 'കാപ്പിരികളുടെ നാട്ടിൽ' എന്ന ആദ്യഭാഗം നോക്കുമ്പോൾ, പ്രത്യേകിച്ച് അതിനുള്ളിലെ തലക്കെട്ടുകൾ - ''ആഫ്രി ക്കയുടെ മണ്ണിൽ, ബൈറ, ദക്ഷിണറൊഡേഷ്യയിൽ, വിക്ടോറിയവെള്ളച്ചാട്ടം, കിഴക്കേ ആഫ്രിക്കയിലെ ഇന്ത്യക്കാർ', എന്നിങ്ങനെ ആവർത്തിക്കുന്ന സ്ഥലനാമ ങ്ങളുടെ ശൃംഖലകൾ കാണാം. സ്ഥലത്തെയും കാലത്തെയും മറ്റ് അനുശീലനങ്ങ ളിൽനിന്ന് വ്യത്യസ്തമായ ക്രമത്തിൽ ശ്രേണീകരിക്കുകയാണ് സഞ്ചാരസാഹിത്യ ത്തിൽ പൊതുവായി ചെയ്യുന്നത്. അതായത് ഇതരസാഹിത്യമണ്ഡലങ്ങളിൽനിന്ന് വ്യവഹാരങ്ങളുടെ ക്രമത്തിലുള്ള വ്യത്യാസമാണ് ഓരോ വിഷയത്തിന്റെയും വിഭാ വനം സാധ്യമാക്കുന്നത്. സഞ്ചാരസാഹിത്യത്തിലെ കാലവും ദേശവും ഏറെ അട രുകളുള്ള ഒന്നാണ്. സഞ്ചാരസാഹിത്യം എന്ന പേര് ധ്വനിപ്പിക്കുന്നതുപോലെ 'സഞ്ചാരം' പ്രധാനമായും ഇടത്തിലൂടെയുള്ള നീക്കങ്ങളാണ്. ഇടം എന്നു പറയു ന്നത് വ്യത്യസ്ത സാമൂഹിക-സാംസ്കാരികസ്വഭാവങ്ങൾ പ്രതിഫലിപ്പിക്കുന്ന മനു ഷ്യനിർമ്മിത സ്ഥാപനമാണ്. സഞ്ചാരസാഹിത്യത്തിന്റെ ആരൂഢം ഈയർഥത്തിൽ ഇടങ്ങളാണ്. സവിശേഷ സാംസ്കാരിക-ഭൗതികമൂലധനമുള്ള ഇടങ്ങളിലേക്കാണ് സഞ്ചാരസാഹിത്യരചയിതാക്കൾ നീങ്ങുന്നത്.

ഒരു ഇടത്തിന് എങ്ങനെയാണ് സാംസ്കാരികമൂലധനം കൈവരുന്നത് എന്ന ചോദ്യം ഇവിടെ ഉയർന്നുവരുന്നു. ഇടം എന്നത് സമൂഹങ്ങൾ വ്യത്യസ്ത ആവശ്യങ്ങൾക്കായി നിർമ്മിച്ചെടുക്കുന്ന ഭൗതികസത്തയാണ്. ഒരു ഇടത്തിന് ലഭി

ക്കുന്ന സാംസ്കാരികപ്രാധാന്യം സമൂഹങ്ങൾ അവരുടെ ചരിത്രപരമായ അഭിരുചികൾക്കകത്ത് ശ്രേണീകരിച്ചെടുക്കുന്ന ആശയാവലികളുടെ സംഘാതംകൂടിയാണ്. സമൂഹങ്ങളുടെ വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുക എന്ന ധർമ്മമാണ് ഇടത്തിന് സാമൂഹികമായി കൽപ്പിക്കാനാവുക. സമൂഹത്തിൽ സവിശേഷ ഇടത്തെ കുറിച്ച് രൂപീകരിക്കപ്പെടുന്ന ആശയാവലികളിലൂടെ സഞ്ചാരിയുടെ കാമനകൾ രൂപപ്പെടുകയാണ് ചെയ്യുന്നത്. സാമൂഹികസന്ദർഭത്തിന്റെ സാംസ്കാരികാവശ്യങ്ങളും ഭൗതികാവശ്യങ്ങളുമാണ് ഒരു ഇടത്തെ മൂല്യവത്താക്കിത്തീർക്കുന്നത്.

ആഫ്രിക്കയ്ക്ക് എങ്ങനെയാണ് കൊളോണിയൽ വ്യവഹാരത്തിനുള്ളിൽ സവിശേഷമൂല്യം ലഭിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഇതിനർഥം ആഫ്രിക്കയ്ക്ക് കോളണിപൂർവ സാംസ്കാരികമൂല്യം ഇല്ലെന്നല്ല. ആഫ്രിക്കയുടെ പ്രാക്ചരിത്രസംഭാവനകളും ഭൂമിശാസ്ത്രങ്ങളും ഭൗതികവിഭവങ്ങളുമെല്ലാമാണ് സഞ്ചാരികളെ, പ്രത്യേകിച്ച് ആദ്യകാല സഞ്ചാരികളെ ആഫ്രിക്കയിലേക്കു നയിച്ചിട്ടുള്ളത്. ആഫ്രിക്കയുമായുള്ള നിരന്തരസമ്പർക്കത്തിന്റെ സൃഷ്ടിയാണ് ഗ്രീക്ക് സംസ്കാരമെന്ന വാദം[49] ഏറെ ചരിത്രവസ്തുതകളെയും ചിന്താധാരകളെയും സ്ഥാപിച്ചുകൊണ്ട് ആരിഫ് അലി കൊളത്തെക്കാട്ട് ചൂണ്ടിക്കാണിക്കുന്നത് ശ്രദ്ധിക്കുക:

> ''ഈജിപ്ഷ്യൻചിന്തയിൽ കാണാവുന്ന മാനസിക (സത്യത്തിന്റെയും നീതിയുടെയും ഹൃദയം), വാചിക (വലിയ സംസ്കാരം, സൃഷ്ടിപരമായ കൽപ്പന, പുനരുത്ഥാനമുണ്ടാക്കുന്ന ആജ്ഞ), ആചാരപര (നല്ല പ്രവൃത്തിയുടെ മാജിക്), പ്രമാണപര (വാക്കുകളുടെ മാജിക്), സംവാദ (നിർവഹിക്കപ്പെടുന്ന വ്യവഹാരം) കാര്യങ്ങളിന്മേലുള്ള ഊന്നൽ ശരിക്കും സമാനതകളില്ലാത്തതും സൃഷ്ടിയെ മനസ്സിലാക്കാനും അതുവഴി മനുഷ്യവംശത്തിന്റെ സ്ഥാനമെന്തെന്നറിയാനുള്ള ദാർശനിക ആവശ്യത്തോടടുത്തു വരുന്നതുമാണ്.

അതിനു വേണ്ടി ദൈവശാസ്ത്രപരവും പ്രകൃതിവാദപരവും ആഴമേറിയ അറിവിന്റെ തലത്തിലുള്ളതും അർധപ്രാതിഭാസ വിജ്ഞാനീയവുമായ ഉത്തരങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തു. സഹസ്രാബ്ദങ്ങൾക്കിടയിൽ അഭിയുക്തിയുടേതായ ആദ്യകാല ചിന്തകളുടെ പ്രായോഗികഫലങ്ങൾ വിവിധ ലൈബ്രറികളിലെ സ്മാരകങ്ങളിൽ സംരക്ഷിച്ചുവച്ചു. പുതിയ ക്ഷേത്രനിർമ്മാണംപോലുള്ള ഒരു പ്രമുഖമായ കടമ ഏറ്റെടുക്കുമ്പോഴും മുൻകൂട്ടി കാണാതിരുന്ന ഒരു പ്രശ്നം ഉടലെടുക്കുമ്പോൾ മുൻഗാമികൾ എന്തു ചെയ്തിരുന്നുവെന്ന് നോക്കാനും ഫറവോമാർക്കും അവരുടെ പ്രതിനിധികൾക്കും പരിശോധിക്കുവാനും പഠിക്കാനുമായിരുന്നു ഇത്. ഈജിപ്തുകാരുടെ എഴുത്തിനോടുള്ള യാഥാസ്ഥിതികമായ സ്നേഹം കണക്കിലെടുക്കുമ്പോൾ ആദ്യ ഗ്രീക്കുകാരെത്തിച്ചേരുന്ന സമയത്ത് ഈജിപ്തിലെ ചെറുതും വലുതുമായ ലൈബ്രറികളിൽ ശ്രദ്ധാപൂർവ്വം സൂക്ഷിച്ചുവച്ചിരുന്ന പാപ്പിറസുകളെത്രയെണ്ണമുണ്ടായിരിക്കാമെന്നതിനെപ്പറ്റി നമുക്ക് ഊഹാപോഹം നടത്താനേ ആവൂ.''[50]

ഈ ഉദ്ധരണി ആഫ്രിക്ക എന്ന ഇടത്തിന്റെ ചരിത്രപരമായ സാംസ്കാരിക മൂല്യത്തെയാണ് കുറിക്കുന്നത്. ഇത്തരത്തിൽ വൈജ്ഞാനികചരിത്രത്തിനുള്ളിൽ ആഫ്രിക്കയ്ക്ക് ലഭിക്കുന്ന മൂല്യമാണ് ആ ഇടത്തെ മറ്റ് ഇടങ്ങളിൽനിന്നു വ്യതിരിക്തമാക്കിത്തീർക്കുന്നത്.

അതായത് ഭൂമിശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും ചിന്താപദ്ധതികളുടെയും ഇതര ജ്ഞാനശാസ്ത്രപദ്ധതികളുടെയും എഴുതിക്കഴിഞ്ഞ ചരിത്രത്തിനുള്ളിലല്ല ആഫ്രിക്ക എന്ന ഇടം സ്ഥിതിചെയ്യുന്നത്. ഇനിയും എഴുതാനിടയുള്ള, കണ്ടെത്താനിടയുള്ള ജ്ഞാനചരിത്രത്തിന്റെകൂടി ആഴവും പരപ്പും ആഫ്രിക്കയ്ക്ക് ചരിത്രപരമായി ലഭിക്കുമെന്നതാണ് യാഥാർഥ്യം. അതായത് സ്ഥലം, കാലം എന്നീ

സാംസ്കാരികസംവർഗങ്ങളുടെ ചലനാത്മകതയ്ക്കനുസരിച്ച് ആഫ്രിക്കയുടെ സാംസ്കാരികസ്വത്വം മാറിക്കൊണ്ടിരിക്കുന്നുവെന്ന് സാരം. സ്ഥലത്തെയും കാല ത്തെയും നോക്കിക്കാണുന്ന, വിശദീകരിക്കുന്ന ഭാഷയിലും മാറ്റമുണ്ടാവും. ഈ മാറ്റം ഒരർഥത്തിൽ എഡ്വേഡ് സോജ 'മൂന്നാമിട'ത്തെ(Third space)ക്കുറിച്ച് നൽകുന്ന വിവരങ്ങളെ ഓർമ്മിപ്പിക്കുന്നതാണ്.[51] അതായത് വലിയ തോതിലുള്ള ധ്രുവീകരണത്തിന്റെ യുക്തി സഞ്ചാരസാഹിത്യത്തിലെ സ്ഥലകാല സങ്കൽപ്പത്തി നുള്ളിൽ പ്രവർത്തിക്കുന്നുണ്ട് എന്നതാണ് പ്രധാനപ്പെട്ട കാര്യം. ദേശത്തിന്റെ അടി സ്ഥാനത്തിൽ വിഷയി വലിയതോതിൽ തനിക്ക് മുമ്പിലുള്ള ഇടത്തെയും സമൂഹ ത്തെയും പ്രകൃതിയെയും വസ്തുവൽക്കരിക്കുകയും തങ്ങളെത്തന്നെ സ്വഭാവവൽക്കരിച്ചുകൊണ്ട് അവയെ സമീപിക്കുകയുമാണ് സഞ്ചാരസാഹിത്യ ത്തിൽ ചെയ്യുന്നത്.

സഞ്ചാരസാഹിത്യത്തിനുള്ളിലെ വിഷയം വർധിച്ചതോതിൽ അപരവൽക്ക രിക്കപ്പെടാനുള്ള കാരണം ഈ വസ്തുവൽക്കരണശ്രമമാണ്. ദേശവും വർണവും ഭാഷയും ഉൾപ്പെടെ എല്ലാ സാമൂഹികതന്മകളും ധ്രുവീകരണത്തിന് വിധേയമാക്ക പ്പെടുന്നതിന്റെ ചരിത്രം സഞ്ചാരസാഹിത്യത്തിനുള്ളിൽത്തന്നെയാണ് തിരയേണ്ട ത്. *സഞ്ചാരസാഹിത്യം മലയാളത്തിൽ* എന്ന കൃതിയുടെ ആമുഖം തുടങ്ങുന്നത് ഇങ്ങനെയാണ്:

> ''ദേശാടനം ജനങ്ങളുടെ ജീവിതഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. സാഹസികതയും അന്വേഷണവ്യഗ്രതയും സഞ്ചാരകൗതുകവും മാറ്റങ്ങൾക്കുവേണ്ടിയുള്ള പ്രബലമായ ഇച്ഛാശക്തിയുമാണ് ഏതു നാട്ടിലെയും ജനതയെ പുരോഗതിയിലേക്കു നയിക്കുന്നത്.''[52]

ഇവിടെ സൂചിപ്പിക്കുന്ന പുരോഗതിയും മാറ്റവും അടിസ്ഥാനപരമായി ദേശ ത്തെയാണ് താരതമ്യത്തിന് വിധേയമാക്കുന്നത്. ദേശത്തെ അളന്നെടുത്തുകൊണ്ട് സ്വരൂപിക്കുന്ന ലോകക്രമമാണ് സഞ്ചാരസാഹിത്യത്തിനുള്ളിൽ രേഖപ്പെടുത്തുന്ന

ത്. ആ ദേശത്തെ ജനതയുടെ വർണവും ഭക്ഷണവും ആചാരവിശ്വാസങ്ങളും ദൈനംദിനജീവിതാന്തരീക്ഷവും ദേശത്തെക്കുറിച്ചുള്ള വ്യാവഹാരികതലങ്ങൾ എത്തരത്തിൽ നിർമ്മിച്ചെടുക്കുന്നുവെന്നത് ഏറെ പ്രധാനപ്പെട്ട കാര്യമാണ്. ഇട ത്തിന്റെ ക്രമീകരണമാണ് മാനവികസമൂഹങ്ങളുടെ നിർണായകമായ തലങ്ങ ളെയും സാമൂഹികാവസ്ഥകളെയും സാമൂഹിക ബന്ധങ്ങളെയും നിർണ്ണയിക്കുന്ന തെന്ന്[53] ഇടനീതി (Spatial justice) എന്ന സങ്കൽപ്പം മുന്നിൽവച്ചുകൊണ്ട് ഡേവിഡ് ഹാർവെ, എഡ്വേഡ് സോജ തുടങ്ങിയ ചിന്തകർ ചൂണ്ടിക്കാണിക്കു ന്നുണ്ട്. ഇവിടെ ഏകദിശാപ്രവർത്തനത്തിലൂടെ രൂപപ്പെടുന്ന സാമൂഹികസത്തയല്ല ഇടത്തിലുള്ളത്. മറിച്ച്, അധിവസിക്കുകയും കെട്ടിപ്പടുക്കുകയും ചെയ്യുന്ന സാമൂ ഹികസത്തയുടെ പ്രതിരൂപമാണ് ഇടം. ഇടത്തിനുമേലാണ് സമൂഹത്തിന്റെ യാത്ര കൾ രേഖപ്പെടുത്തുന്നത്. സഞ്ചാരത്തിന്റെ ചരിത്രത്തെക്കുറിച്ച് *സഞ്ചാരസാഹിത്യം മലയാളത്തിൽ* എന്ന കൃതിയിൽ സൂചിപ്പിക്കുന്നത് നോക്കുക:

> ''ഭക്ഷ്യസമ്പാദനം എന്ന ഏകലക്ഷ്യമേ ചരിത്രാതീതകാലത്തെ മനു ഷ്യന്റെ സഞ്ചാരത്തിനു പിന്നിലുണ്ടായിരുന്നുള്ളൂ. പ്രാചീനശിലായു ഗത്തിൽ മനുഷ്യൻ ഉപഭോക്താവ് മാത്രമായിരുന്നു, ഉൽപ്പാദകനായി രുന്നില്ല. അതിനാൽ ഒരിടത്തെ ഭക്ഷണസാമഗ്രികൾ അവസാനിക്കു മ്പോൾ അടുത്ത ദിക്കിലേക്ക് അവന് യാത്രചെയ്യേണ്ടിവന്നു. വേട്ടയാ ടൽ, ഫലമൂലശേഖരണം, പാർപ്പിടസൗകര്യം, അനുകൂലമായ കാലാ വസ്ഥ എന്നിവയ്ക്കുവേണ്ടിയുള്ള, നിലനിൽപ്പിനുവേണ്ടിയുള്ള യാത്രയിൽ പർവതങ്ങളും മണലാരണ്യങ്ങളും ഘോരവനങ്ങളും നദികളും അവന് വിഘാതമായിരുന്നില്ല.''[54]

ഇവിടെ 'വിഘാതമായിരുന്നില്ല' എന്ന പ്രയോഗം ഇടത്തിന്റെ ചലനാത്മക മായ അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. മാത്രവുമല്ല, ഇടത്തിന് വളരെ അയഞ്ഞ സാമൂഹിക പ്രതിഫലനാത്മകതയേ ഉണ്ടായിരുന്നുള്ളൂ എന്നുകൂടി ഇതി

നർഥമുണ്ട്. നിരന്തരസഞ്ചാരത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹങ്ങൾക്ക് ഇട ത്തെക്കുറിച്ച് ഉണ്ടായിരുന്ന സങ്കൽപ്പം സുഘടിതമായിരുന്നില്ല. മാത്രവുമല്ല, ഇട ത്തെക്കുറിച്ചുള്ള ആധുനിക ജ്ഞാനസിദ്ധാന്തങ്ങളുടെ കാഴ്ചപ്പാടുകളിലൂടെ അവയെ വിശദീകരിക്കാൻ സാധ്യവുമല്ല.

അതായത്, നാടോടിസമൂഹത്തിനുള്ളിൽ യാത്ര ഒരു സംഭവമേയല്ല എന്ന താണ് ശ്രദ്ധിക്കേണ്ട കാര്യം. യാത്ര സംഭവമാകുന്നത് ചുരുങ്ങിയപക്ഷം സ്ഥിരവാ സിയുടെ ലോകബോധത്തിനുള്ളിലാണ്. ''ഏകദേശം 8000 വർഷം മുമ്പ് നവീനശി ലായുഗത്തിൽ കൃഷിയുടെ കണ്ടുപിടിത്തത്തോടെ മനുഷ്യന് ഒരിടത്ത് സ്ഥിരമായി താമസിക്കേണ്ടിവന്നു. അതോടെയാണ് ഈ നിതാന്തസഞ്ചാരത്തിന് താൽക്കാ ലികവിരാമം ഉണ്ടായത്.'' ''ഒരു സ്ഥലത്ത് വീണ്ടും വീണ്ടും വിളവിറക്കിയതു കൊണ്ടും വളപ്രയോഗം അറിവില്ലാത്തതുകൊണ്ടും മണ്ണിന്റെ ഫലപുഷ്ടി നഷ്ട പ്പെടുകയും പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാവുകയും ചെയ്തപ്പോൾ മാനവസമൂഹ ത്തിന് യാത്ര വീണ്ടും അനിവാര്യമായിത്തീർന്നു.''[55] സ്ഥിരവാസിയുടെ സ്ഥലബോ ധമാണ്, സ്ഥലബോധം മാത്രമല്ല, കാലബോധവുമാണ് നാം ഇപ്പോൾ പിന്തുടരുന്ന മാതൃകകൾ. അതായത് ഇത് സഞ്ചാരസാഹിത്യത്തിന്റെ വിഷയം മാത്രമല്ല. ആചാ രാനുഷ്ഠാനങ്ങൾ, ഭാഷ, പാരിസ്ഥിതികബോധം, ഗോത്രസങ്കൽപ്പങ്ങൾ, ഭൗതി ക-പ്രാപഞ്ചികബോധം തുടങ്ങിയ അനുഭവമണ്ഡലങ്ങളെയാകെ ഈ സ്ഥിരവാസി യുടെ സങ്കൽപ്പലോകമാണ് പിന്തുടരുന്നതെന്നു പറയാം. സ്ഥലകാലബോധ ത്തിന്റെ സങ്കൽപ്പങ്ങൾ സഞ്ചാരത്തെ അടിസ്ഥാനപ്പെടുത്തിയാണ് സമൂഹങ്ങൾ സ്വരൂപിക്കുന്നത് എന്നർഥം. സഞ്ചാരം വിഷയമായി വരുമ്പോൾ സ്ഥലകാലങ്ങളി ന്മേലാണ് അതിന്റെ വിഷയാത്മകമായ ആരൂഢം ഉറപ്പിക്കപ്പെടുന്നത്. അതുകൊണ്ട് സ്ഥലത്തെയും കാലത്തെയുമാണ് സഞ്ചാരസാഹിത്യം പ്രതിഫലിപ്പിക്കുന്നത്. പൗരസ്ത്യവാദത്തെക്കുറിച്ചുള്ള തന്റെ സങ്കൽപ്പനങ്ങളിൽ സ്ഥലകാല സങ്ക ൽപ്പങ്ങൾ രൂപപ്പെടുന്നതെങ്ങനെയെന്ന് എഡ്വേഡ് സെയ്ദ് ചൂണ്ടിക്കാണിക്കുന്നു ണ്ട്. പ്രത്യേകിച്ച് 'ആഫ്രിക്കത്വം' എന്ന സങ്കൽപ്പനം രൂപപ്പെടുന്നതിന്റെ രാഷ്ട്രീയ

സാഹചര്യം വിശകലനത്തിനെടുത്തുകൊണ്ടാണ് അലി എ മസ്രൂയി ആഫ്രിക്കയെക്കുറിച്ച് ചില സവിശേഷനിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നത്. ബൈബിളിലാണ് ആദ്യത്തെ ആഫ്രിക്കൻ വിഭജനം വർണത്തിന്റെ അടിസ്ഥാനത്തിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതെന്നും അലി എ മസ്രൂയി സൂചിപ്പിക്കുന്നുണ്ട്.[56] ആഫ്രിക്കൻ എന്നാൽ ബൈബിളിലെ സങ്കൽപ്പപ്രകാരം എത്യോപ്യനാണ്. എത്യോപ്യന് അവരുടെ ചർമ്മം മാറ്റാൻ കഴിയാത്തതുപോലെ പുള്ളിപ്പുലിയ്ക്ക് പുള്ളികളും[57] എന്ന ഉപമയെക്കുറിച്ചാണ് അലി മസ്രൂയി ചൂണ്ടിക്കാണിക്കുന്നത്. അതായത് മനുഷ്യന്റെ നിറമാണ് ആഫ്രിക്കയ്ക്ക് ഇടമെന്ന നിലയിൽ ബൈബിളിൽ ലഭിക്കുന്ന ശ്രേണീകരണത്തിന് കാരണമായിത്തീരുന്നത്. ഇത് ഒരർഥത്തിലുള്ള സാമൂഹിക ഡാർവിനിസമാണെന്ന് അലി മസ്രൂയി നിരീക്ഷിക്കുന്നുണ്ട്.[58] അതായത് സംസ്കാരമെന്നത് വിഭജിതമാണെന്നും വ്യതിരിക്തമാണെന്നും അതേസമയം ആന്തരികമായി ഏകാത്മകമാണെന്നുമുള്ള ഏകസാംസ്കാരിക സിദ്ധാന്തമാണ് ആഫ്രിക്കയെ വംശീയമായി വർണത്തിന്റെ അടിസ്ഥാനത്തിൽ ശ്രേണീകരിച്ച് കാണുന്നതിനും പരിചരിക്കുന്നതിനും വഴിയൊരുക്കുന്നത്. പൊറ്റെക്കാട്ടും സക്കറിയയും ഏറിയും കുറഞ്ഞും ഈ ഏകസാംസ്കാരികസിദ്ധാന്തത്തിന്റെ വക്താക്കളാണെന്ന് അവരുടെ ആഫ്രിക്കൻ സഞ്ചാരക്കുറിപ്പുകൾ വിളിച്ചുപറയുന്നുണ്ട്. ഉഗന്തയെക്കുറിച്ച് പൊറ്റെക്കാട്ട് നൽകുന്ന വിവരണം നോക്കുക:

> ''വെള്ളക്കാർ ഉഗന്തയിൽ വളരെ കുറവാണ്. കഷ്ടിച്ച് 8,000-ത്തോളം വരും. ഇവരിൽ തന്നെ 1200 പേർ ക്രിസ്തീയമിഷണറിമാരാണ്. ഈ മിഷണറിമാർ ഇവിടെ അധ്വാനിച്ചു വേലചെയ്തിട്ടുണ്ട്. കിരാതമതക്കാരായിരുന്ന ഉഗന്തക്കാരിൽ പന്ത്രണ്ടരലക്ഷം ആളുകളെ ക്രിസ്ത്യാനികളാക്കി മാറ്റാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ട്.... ഉഗന്തക്കാർ മറ്റു കാപ്പിരിവർഗങ്ങളെ അപേക്ഷിച്ചു കൂടുതൽ മുഖസൗഭഗമുള്ളവരാണെന്നു പറയാം. തൊലിക്കറുപ്പ് കുറവാണ്. പെണ്ണുങ്ങളുടെ ഉടുപ്പും നടപ്പും വിശേഷിച്ചും ആകർഷകമാണ്.

കഴുത്തുമുതൽ കാലിന്റെ നെരിയാണിയും കാലടിയും മറഞ്ഞു നിൽക്കുമാറ് നീണ്ടുകിടക്കുന്ന ഒരുതരം ളോഹയാണ് ഇവർ ധരിക്കുന്നത്''.[59]

ഗോത്രം, വർഗം, വർണം, ഭക്ഷണം, വസ്ത്രധാരണം, ശാരീരികസവിശേഷതകൾ എന്നിവയൊക്കെ ആധുനിക-ശാസ്ത്രീയസിദ്ധാന്തങ്ങളുടെ പിൻബലത്തോടെ നടത്തുന്ന കണ്ടെത്തലുകളായിട്ടാണ് ഇവിടെ വരച്ചു ചേർക്കുന്നത്. പ്രത്യേകിച്ചും മുമ്പു സൂചിപ്പിച്ചതുപോലെ സോഷ്യൽ ഡാർവിനിസത്തിന്റെ കണ്ണടയാണ് 'കാപ്പിരിത്വത്തിന്റെ' അളവുകോലായി പൊറ്റെക്കാട്ടിനെപ്പോലെയുള്ള സഞ്ചാരസാഹിത്യകർത്താക്കൾ എടുത്തുപയോഗിക്കുന്നത്.

ഏകസാംസ്കാരികതയുടെ മാനം അല്ലെങ്കിൽ സോഷ്യൽ ഡാർവിനിസം പോലുള്ള ആധുനികപദ്ധതിയുടെ ഭാഗമായ ആശയാവലികളിലേക്ക് ആഫ്രിക്കൻ ജനതയെയാകെ അടയാളപ്പെടുത്തുന്ന കാഴ്ചകളുടെ ഒരു ശ്രേണിയായി പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻചിത്രം മാറുന്നത് ഈ സഞ്ചാരക്കുറിപ്പുകളിലെവിടെയും കാണാം. ഉഗന്തയെക്കുറിച്ച് തന്നെയുള്ള വിവരണത്തിലെ ഒരുഭാഗം ശ്രദ്ധിക്കുക:

> ''ഉഗന്താവനിതകളുടെ ഉടുപ്പും നടത്തവും നമ്മെ പ്രത്യേകം ആകർഷിക്കുന്നു. മറ്റു കാപ്പിരിവർഗങ്ങളിൽ കാണാത്ത ഒരന്തസ്സും ചന്തവും ഇവിടത്തെ മഹിളകൾക്കുണ്ട്. നീണ്ടുനിവർന്നു മുഖം ഇളക്കാതെ പിൻഭാഗം നൃത്യഭംഗിയോടെ താളത്തിൽ ലഘുവായി ചലിപ്പിച്ചുകൊണ്ടാണ് ഇവരുടെ പോക്ക്.  അധികവും ഇളംകറുപ്പുനിറക്കാരാണ്. കാപ്പിരിവർഗത്തിന്റെ സവിശേഷതയായ തടിച്ചുമലച്ച ചുണ്ടും പതിഞ്ഞ മൂക്കും ഉഗന്തക്കാരിൽ ചുരുക്കമായേ കാണുകയുള്ളൂ. ഇവർ ബാൻടുവംശജരാണ്.''[60]

നടത്തവും നിറവുമാണ് ഒരു സമൂഹത്തിന്റെ അന്തസ്സു നിർണയിക്കുന്ന ഘടകങ്ങളായി പരിഗണിക്കുന്നത്. ഇത്തരമൊരു സാമൂഹികബോധമാണ് ഈ

സഞ്ചാരക്കുറിപ്പുകളെ പ്രശ്നവൽക്കരിക്കേണ്ടതിലേക്ക് നയിക്കുന്നത്. ഇത്തരത്തിൽ ആഫ്രിക്കൻജനതയെ അപമാനവീകരിക്കുന്ന നിരവധി ചിത്രങ്ങളാണ് പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻ യാത്രാവിവരണത്തിൽ കാണാൻ സാധിക്കുക.

കോളണീകരണത്തിന്റെ വിമർശനഘട്ടത്തിലാണ് സക്കറിയയുടെ ആഫ്രിക്കൻ യാത്ര സംഭവിക്കുന്നതെന്നതാണ് അതിനെ ശ്രദ്ധേയമാക്കുന്നത്. പക്ഷേ, കോളണീകരണം ഭൗതികമായി അവസാനിച്ച് നൂറ്റാണ്ടു പിന്നിടുമ്പോഴും ബോധത്തിലും അബോധത്തിലും അതിന്റെ തുടർച്ചകളെ തള്ളിക്കളയാനാവില്ല എന്നതാണ് വസ്തുത. കാഴ്ചകളോടും അനുഭവങ്ങളോടുമുള്ള പ്രതികരണങ്ങളുടെയും അതിനെ നിർണയിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെയും തലങ്ങളിൽ നിലനിൽക്കാനുള്ള സാധ്യതയാണ് സക്കറിയയുടെ എഴുത്തുകളെ പ്രശ്നവൽക്കരിക്കാനുള്ള പ്രധാന പ്രേരണ. ആഗോളീകരണത്തിൽ എപ്പോഴും രാഷ്ട്രീയവും സാമ്പത്തികവുമായ മേൽക്കോയ്മ നിലനിൽക്കുന്ന ഒരു ദിശയിലേക്കുള്ള കുതിപ്പ് പ്രവർത്തിക്കുന്നുണ്ട്. അത് പ്രത്യയശാസ്ത്രപരമായ ഒരു പുനർകോളനീകരണത്തിലേക്കായിരിക്കുമോ ലോകക്രമത്തെ എത്തിക്കുക എന്ന ഭീതി, വർത്തമാനകാലത്ത് ശക്തമായി നിലനിൽക്കുന്നത് അതുകൊണ്ടാണ്. കോളണീകരണം ബോധത്തിൽ നിലനിർത്തുന്ന അവശേഷിപ്പുകളും പുനർകോളനീകരണത്തിന്റെ രാഷ്ട്രീയബോധവിന്യാസക്രമങ്ങളും മുൻനിർത്തി സക്കറിയയുടെ ആഖ്യാനങ്ങളെ വായിക്കുന്നത് ഇക്കാരണങ്ങളാൽ പ്രസക്തമാണ്. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും യാത്രകളിലെ വിഷയ-വിഷയീഭാവങ്ങൾ കൂടുതൽ സൂക്ഷ്മമായ വിശകലനങ്ങൾ അർഹിക്കുന്നുണ്ട് എന്ന് സാരം.

**കുറിപ്പുകൾ**

1. Deleuze, G, and Guttari, F, A Thousand Plateus: Capitalism and Schizophrenia (Translated by Brian Massmi), Minncapolism University of Minneosta Press, 1987, p.263.

2. Storey, John, Cultural Theory and Popular culture, An introduction, Pearson, Longman, New Delhi, 2006, p.132.

3. ഷേർലി കുര്യൻ, മലയാളത്തിലെ യാത്രാകാവ്യങ്ങൾ ഒരു പഠനം (ഗവേഷണ പ്രബന്ധം), മഹാത്മാഗാന്ധി സർവകലാശാല, 1998.

4. അതേ പ്രബന്ധം, പേജ്. 51.

5. കാർത്തിക തിരുനാൾ ധർമ്മരാജാവ് കൊ.വ. 959-ൽ നടത്തിയ രാമേശ്വരം യാത്രയെ പുരസ്കരിച്ച് രണ്ടു യാത്രാകാവ്യങ്ങൾ ഉണ്ടായിട്ടുള്ളതായി ഉള്ളൂർ പ്രസ്താവിക്കുന്നു. ''ഒന്നാമത്തെത് തെക്കൻ തിരുവിതാംകൂറിലെ (നാഞ്ചിനാട്) തമിഴ്ഭാഷയിൽ അജ്ഞാതനാനാവായ ഒരു കവി, വില്ലടിച്ചാൻപാട്ടുകാരുടെ ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ളതാണ്. മറ്റേത് ഏറ്റുമാനൂർകാരനും നയനവികലനുമായ ഒരു മാരാർ മലയാളഭാഷയിൽ തുള്ളൽകൃതിയായി രചിച്ചിട്ടുള്ളതാകുന്നു. അതേ പ്രബന്ധം, പേജ് 51.''

6. Maurice Merleau-Ponty, Phenomenology of perception, (Translation Colin Smith) Routledge, London, 1989, p.68.

7. പ്രൊഫ. വി. രമേഷ്ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989.

8. ഡോ. ടി.ജി. മാധവൻകുട്ടി, സഞ്ചാരസാഹിത്യം (എഡി. പ്രൊഫ. പന്മന രാമചന്ദ്രൻനായർ, സമ്പൂർണ മലയാളസാഹിത്യചരിത്രം, കറന്റ്, ബുക്സ്, തൃശ്ശൂർ, 2008, പേജ് 824.

9. Ranajith Guha, History at the limit of World History, Columbia University Press, New York, 2002, p.4.

10. Ibid, p.7.

11. Ibid, p.9.

12. Ranajith Guha, On some Aspects of the Historiography of Colonial India (Edited by Ranajith Guha, Subaltern Studies-1), Oxford India Paper backs, New Delhi, 1994, p. 1.

13. ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള, ശബ്ദതാരാവലി, സാഹിത്യ പ്രവർത്തക സഹകരണസംഘം, 2015, പേജ്, 1471.

14. അതേ പുസ്തകം പേജ് 1676.

15. Che-Ming Yang, Nietzche, Deluze, and Nagarjuna Mapping the Dialectics of will/desire, Journal of language teaching and research, Vol. 1, No.6. November 2010, p. 843.

16. Ibid., p. 844.

17. Dragana Masovic. The Balkans in Travel Writing until the 1990's (Ed). Marija Krivokapic – The Balkans in Travel Writing) – Cambridge Scholars, Publishing, U.K. 2015, p.18.

18. Anthony Giddens, The Constitution of Society, Polity Press, U.K, 1995, p.132.

19. Henri Lefebure, The production of space (Trans. Donald Nicholson Smith) Blackwell Oxford, U.K. 1991.

20. Pierre Bourdieu, of Distinction. A Social Critique of the judgement of Taste (Trans.Richard Nice) Routledge, London, 1999. p. 170-71.

21. Ibid, p. 170

22. ഇളംകുളം കുഞ്ഞൻപിള്ള (കേരളം അറുനൂറുകൊല്ലം മുമ്പ് - അവതാരിക – ഇബ്നുബത്തൂത്ത, വിവ: വേലായുധൻ പണിക്കശ്ശേരി, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007, പേജ് 9.

23. അതേ പുസ്തകം പേജ് 9.

24. Michel Foucault, The Archaeology of Knowledge (Ranslated – AM Shcridan Smith) Panthron Books, New York, 1972, p. 137.

25. *Ibid.*, 137-138.

26. Nick Crossley, Critical Social Theory, Sage Publication, New Delhi, 2006, p. 32.

27. Antoionette Burton, Brown Over Black, Three Essays Collective, Gurgaon, 2012, p. 3.

28. Edward W. Said, Orientalism, Vintage Books, New York, 1979, p.11.

29. Ibid., p. 19.

30. ഡോ. ആരിഫ് അലി കൊളത്തെക്കാട്ട്, അറിയപ്പെടാത്ത പൗരസ്ത്യലോകം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2012, പേജ. 34.

31. അതേ പുസ്തകം പേജ് 39.

32. Antonette Burton, Brown Over Black, Three essays, collective, Gurgaon, 2012, p.10-13.

33. Edward W.Said, Orientalism, Vintage Books, New York: 1978, p. 10.

34. ഇ.വി. രാമകൃഷ്ണൻ, ദേശീയതകളും സാഹിത്യവും, ഡി.സി.ബുക്സ്, കോട്ടയം, 2001, പേജ് 19-20.

35. Lewis R.Gordon, African – American Philosophy, Race and the geography of Reason, (ed), Routledge, 2006, p.2.

36. ഇ.വി. രാമകൃഷ്ണൻ, ദേശീയതകളും സാഹിത്യവും, ഡി.സി.ബുക്സ്, കോട്ടയം, 2001, പേജ് 63.

37. വംഗാരി മാതായ്, ഒരു പെണ്ണിന്റെ ആത്മകഥ, (വിവ. കബനി), സമത, തൃശ്ശൂർ, 2012, പേജ് 13.

38. എസ്.കെ. പൊറ്റെക്കാട്ട്, കയ്റോ കത്തുകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2014, പേജ് 6.

39. സിയാറ്റിൽ മൂപ്പൻ, ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ, (വിവ.സക്കറിയ), ഡി. സി.ബുക്സ്, കോട്ടയം, 2014, പേജ് 36.

40. Denis Cosgrove, Landscape and the European Sense of Sight, Eyeing Nature (ed. by Kay Anderson Mona, Domosh< Steve Pile and Nigel Thrift), Sage Publication, New Delhi, 2003, p.252.

41. Ibid., p.253.

42. നിസാർ അഹമ്മദ് - ദിലീപ്‌രാജ്, കാലം എല്ലാവരുടേതുമായി, മാതൃഭൂമി ആഴ്ചപതിപ്പ്, 2007, പു. 85, ലക്കം 8, പേജ് 16.

43. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്, ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ് 13.

44. Africa is of phoenician origin and it was first used by the Romans to refer to the territory about the city of Carthage. However, Ki-Zerbo (1981) states that Africa is used to denote the land of sunshine, of black race and mostly refers to the sub-saharan regions of Negroes. Its etymology can be traced to be the Latin adjective "Aprica" which means sunny. (Kanu Ikecheukwu Anthony, The Meaning and Nature of African Philosophy in a Globalising world, International Journal of Humanities, Social Science and Education, Volume, 1, Issue 7, July 2014, p. 88.

45. Ibid, p.90

46. ജെ.ദേവിക, പൂട്ട് കണ്ടെത്തേണ്ടുന്ന താക്കോലുകൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, കോഴിക്കോട്, സെപ്തംബർ 29, ഒക്ടോബർ 5, 2013, പേജ് 75.

47. സക്കറിയ, ഒരു ആഫ്രിക്കൻ യാത്ര, ഡി.സി.ബുക്സ്, കോട്ടയം, 2005, പേജ് 16.

48. അതേ പുസ്തകം പേജ് 16.

49. ഈജിപ്തിന്റെ അറിവ് സ്വായത്തമാക്കാൻ ഗ്രീക്കുകാരെ പ്രേരിപ്പിച്ചതെന്താണ്? ഗ്രീക്കുകാർ ആകാംക്ഷയും കൗതുകവുമുള്ള ഒരു ജനതയായിരുന്നുവെന്നത് വ്യക്തമാണ്. പക്ഷേ, സ്വീകർത്താക്കൾ എന്ന നിലയിൽ അവർ സവിശേഷസ്ഥാനത്തായിരുന്നു. സ്വന്തം വേരുകളുമായി ബന്ധം മുറിഞ്ഞുപോയതും ഉരുത്തിരിഞ്ഞുവരുന്നതുമായ ഒരു ദേശത്തിന്റെ പഠിക്കാനുള്ള ആർത്തിയായിരുന്നു അവർക്കുണ്ടായിരുന്നത്. ഇരുണ്ട കാലഘട്ടം അവർക്ക് ബാക്കിയാക്കിയത് ഹോമറിന്റെ കാവ്യസ്വപ്നങ്ങൾ മാത്രമായിരുന്നു. അതാകട്ടെ, മിനോവൻ, മൈസീനിയൻ അനുഭവങ്ങളും ഡോറിയന്മാരുടെ ദൃഢതയുംകൂടി കെട്ടുപിണഞ്ഞ ഒരു മിശ്രമെന്നതിൽക്കവിഞ്ഞൊന്നുമില്ല. കൃത്യമായ ഒരു മുൻചരിത്രവും അവർക്കുണ്ടായിരുന്നില്ല. (ഡോ. ആരിഫ് അലി കൊളത്തെക്കാട്, 'അറിയപ്പെടാത്ത ലോകം', ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2012, പേജ് 62-63).

50. അതേ പുസ്തകം, പേജ് 63.

51. Metro politics:- Increasing social inequalities, widening income gaps, New kind of social polarization and satisfaction that fit uncomfortably

within traditional dualisms based on class or race, as well as conventional. New underclass debate. Edward Soja-wikipedia.

52. പ്രൊഫ. വി. രമേഷ്ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, (ആമുഖം), ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989, പേജ്

53. https://en.m.wikipedia.org

54. പ്രൊഫ. വി. രമേഷ്ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989. പേജ് 1.

55 അതേ പുസ്തകം, പേജ് 2.

56. Ali A. Mazrui, African Thought in Comparative Perspective 12, Back Chapman street, New Cassette upon Tyne, UK. 2014 page 276.

57. Ibid, page 2.

58. The concept of the Black is much older in the history of the written word than the concept of the African in the Bible, the African merged into the concept of the Ethiopian change his skin, or the leopard his spots. Ibid, page 2.

59. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം ഒന്ന്, ഡി.സി.ബുക്സ്, കോട്ടയം, 2010, പേജ് 219.

60. അതേ പുസ്തകം 223.

## അധ്യായം രണ്ട്

## കണ്ടെഴുത്തിലെ വിഷയിയും വിഷയവും

ആഫ്രിക്ക എന്ന വിഷയം പൊറ്റെക്കാട്ട് മെനഞ്ഞെടുക്കുന്നത് 1950-കളിലാണ്. ഒരു ദേശത്തെ, അവിടത്തെ ജനതയെ, സംസ്കാരങ്ങളെ ജൈവപ്രകൃതിയെയാകെ വിഭാവനം ചെയ്യുന്ന പൊറ്റെക്കാട്ടിന്റെ മാനദണ്ഡങ്ങളും അളവുകോലുകളും മനസ്സിലാക്കുന്നത് വിഷയത്തിലേക്കുള്ള വഴിയാണ്. വ്യക്തിയുടെ അഭിപ്രായോൽപ്പാദനത്തിന്റെ രീതികളെക്കുറിച്ച് വിശകലനം ചെയ്തുകൊണ്ട് പിയറി ബോർദ്യൂ നടത്തുന്ന നിരീക്ഷണങ്ങൾ ഇവിടെ കൂട്ടിച്ചേർക്കാവുന്നതാണ്. ''നിലനിൽക്കുന്ന സാമൂഹികഘടനയെ ആശ്രയിച്ച് രൂപപ്പെടുന്നതും പ്രാഥമികമായി വിദ്യാഭ്യാസമൂലധനവുമായി (Educational Capital) വളരെ അടുത്തുനിൽക്കുന്നതുമായ ഒന്നാണ് വ്യക്തിയുടെ അഭിപ്രായം എന്നത്. അതോടൊപ്പം സാമ്പത്തികമൂലധനങ്ങളാൽ നിർണയിക്കപ്പെടുന്ന സാംസ്കാരികമൂലധനവ്യവസ്ഥയുടെ നിർമ്മിതി കൂടിയാണത്''.[1] അതായത് എസ്.കെ. പൊറ്റെക്കാട്ടിനെയും സക്കറിയയെയും സംബന്ധിച്ച് അവരവരുടെ സാമൂഹികജീവിത ചുറ്റുപാടുകളാൽ നിർണയിക്കപ്പെടുന്ന സാംസ്കാരികകർതൃത്വമാണ് വിഷയത്തെ വിഭാവനം ചെയ്യുന്നത് എന്നർഥം.

വിഷയിയുടെ സാംസ്കാരികശ്രേണിക്കുള്ളിൽത്തന്നെയാണ് വിഷയത്തിന്റെ സ്ഥാനം എന്നു സാരം. പൊറ്റെക്കാട്ട് ആഫ്രിക്കയിലേക്ക് യാത്രതിരിക്കുന്നതിനു മുമ്പേ 1949-ൽ കോഴിക്കോട്ടിരുന്നുകൊണ്ട് രൂപപ്പെടുത്തിയ നിഗമനങ്ങൾ അദ്ദേഹവും സുഹൃത്തുക്കളും ആഫ്രിക്കയുടെ മേൽ ചാർത്തിക്കൊടുക്കുന്ന ഒരു മുഹൂർത്തത്തെക്കുറിച്ച് അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുള്ളത് നോക്കുക:

> ''1949-ൽ ഞാൻ എന്റെ ആദ്യത്തെ വിദേശപര്യടനത്തിനു പുറപ്പെട്ടപ്പോൾ കോഴിക്കോട്ടെ സുഹൃത്തുക്കൾ എനിക്കൊരു യാത്രയയപ്പ്

സൽക്കാരം നൽകുകയുണ്ടായി. വീറ്റ്ഹൗസിൽ വെച്ച് നടന്ന ആ ചടങ്ങിൽ അധ്യക്ഷം വഹിച്ചത് കുട്ടികൃഷ്ണമാരാരായിരുന്നു. മാരാർ അധ്യക്ഷപ്രസംഗത്തിൽ ഒരു സംശയം ഉന്നയിക്കുകയുണ്ടായി. ''ലോകത്തിൽ എത്രയോ നല്ല നാടുകൾ കാണാനിരിക്കെ എസ്.കെ. എന്തിനാണ് ഇരുണ്ട ആഫ്രിക്കയിലേക്കു പോകുന്നത്?'' ഞാൻ മറുപടി പറഞ്ഞു: ''പച്ചമനുഷ്യനെ കാണണമെങ്കിൽ ആഫ്രിക്കയിൽ പോകണം എന്ന് അജ്ഞാതനായൊരു സഞ്ചാരി രേഖപ്പെടുത്തിയത് എന്നെ ആകർഷിച്ചു. പച്ചയായ മനുഷ്യനെ കാണാനും പഠിക്കാനുമാണ് ഞാൻ ആഫ്രിക്കയിലേക്കു പോകുന്നത്.''[2]

കുട്ടികൃഷ്ണമാരാരുൾപ്പെടെയുള്ള കേരളത്തിലെ സുഹൃദ്സമൂഹം ആഫ്രിക്കയെക്കുറിച്ച് രൂപീകരിച്ചുവച്ചിട്ടുള്ള ആശയാവലികളുടെ സ്വഭാവം ഒരേസമയം, വിഷയിയെക്കുറിച്ചും വിഷയത്തെക്കുറിച്ചുമുള്ള സൂചനകളിലേക്കു തിരിയാൻ പ്രേരിപ്പിക്കുന്നുണ്ട്. അറിവാണ് താൽപ്പര്യങ്ങളെ നിർമ്മിക്കുന്നതെന്ന് 'അറിവും മാനുഷികതാൽപ്പര്യങ്ങളും' എന്ന കൃതിയിൽ യുർഗൺ ഹാബർമാസ് ചൂണ്ടിക്കാണിക്കുന്നുണ്ട്.[3] അതായത്, അഭിപ്രായങ്ങളും മാനുഷികതാൽപ്പര്യങ്ങളും അറിവിന്റെ സ്വഭാവവുമായി ബന്ധപ്പെട്ടാണ് രൂപീകരിക്കപ്പെടുന്നത്.

കുട്ടികൃഷ്ണമാരാരും എസ്.കെ. പൊറ്റെക്കാട്ടും പങ്കുവയ്ക്കുന്ന ആഫ്രിക്കയെക്കുറിച്ചുള്ള സമാനധാരണയിലേക്ക് അവരെ നയിക്കുന്ന ജ്ഞാനരൂപങ്ങളുടെ ശ്രേണികളാണ് 1950-കളിലെ കേരളീയ വിഷയിയെ നിർണയിക്കുന്നത്. ഇവിടെ വിഷയി-വിഷയബന്ധം പരസ്പരാശ്രിതമാണ്. ആഫ്രിക്ക എന്ന വിഷയത്തെ വിഭാവനം ചെയ്യാൻ ശ്രമിച്ച തന്റെ വൈജ്ഞാനികസ്വാംശീകരണ പ്രക്രിയയെ പൊറ്റെക്കാട്ട്തന്നെ വിശദീകരിക്കുന്നുണ്ട്:

''ഒരു കഥയോ നോവലോ എഴുതാൻ മൂലധനമായി കുറച്ചു കടലാസും മഷിയും മതി. പിന്നെ മസ്തിഷ്കപ്രവർത്തനം മാത്രം.

എന്നാൽ ഹെൽസിങ്കിയെപ്പറ്റിയോ കയ്റോവിനെപ്പറ്റിയോ സിംഗപ്പൂരിനെപ്പറ്റിയോ എഴുതണമെങ്കിൽ കപ്പലിലോ വിമാനത്തിലോ അവിടെ ചെന്നെത്താൻ തന്നെ നല്ലൊരു സംഖ്യ മുൻകൂറായി മുതലിറക്കേണ്ടിവരും. പിന്നെ അവിടത്തെ താമസച്ചെലവ്, പര്യടനച്ചെലവ്, എല്ലാറ്റിനും പുറമെ റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങാൻ നല്ലൊരു സംഖ്യ നീക്കിവയ്ക്കണം. അവ വായിച്ചുതീർക്കാൻ കുറേ സമയവും. അതായത് നല്ലൊരു യാത്രാവിവരണഗ്രന്ഥമെഴുതണമെങ്കിൽ ഡസൻ കണക്കിൽ റഫറൻസ് പുസ്തകങ്ങൾ വാങ്ങി മുൻകൂർ പഠനം നടത്തണം. അങ്ങനെ, അനുഭവങ്ങൾ, വായിച്ചറിവുകൾ, ഓർമ്മകൾ, ഉദ്ധരണങ്ങൾ, പുത്തൻ ആശയങ്ങൾ ഇവയെല്ലാം ചേർത്ത് പാകപ്പെടുത്തിയവതരിപ്പിക്കുന്ന ഒരു പ്രക്രിയയാണിത്.''[4]

പൊറ്റെക്കാട്ടിന്റെ വിഷയത്തെ രൂപീകരിക്കുന്ന ജ്ഞാനാർജനരീതികളും ഈ ജ്ഞാനസമ്പാദനത്തെ സാധ്യമാക്കുന്ന സാമ്പത്തികസൂചനകളുമാണ് മേൽ കൊടുത്ത പ്രസ്താവനയിൽ ഊന്നൽ നൽകപ്പെട്ടിട്ടുള്ള രണ്ടു മണ്ഡലങ്ങൾ. ഹാബർമാസിന്റെ 'ജ്ഞാനമാണ് മാനുഷികതാൽപ്പര്യങ്ങളെ നിർണയിക്കുന്നത്' എന്ന പ്രസ്താവനയും ബോർദ്യൂ, അറിവിലേക്കും അഭിപ്രായത്തിലേക്കും വിഷയിയെ നയിക്കുന്ന സാമ്പത്തികമൂലധനത്തെക്കുറിച്ച് ഊന്നിപ്പറയുന്നതും ഇവിടെ കൂട്ടിച്ചേർത്ത് വായിക്കേണ്ടതുണ്ട്.

ഇന്ത്യൻ വിഷയിയെ രൂപീകരിച്ച കൊളോണിയൽ ജ്ഞാനപക്ഷത്തിന്റെ ഉള്ളടക്കമാണ് പൊറ്റെക്കാട്ടിന്റെ വിഷയത്തെ നിർണയിച്ച അടിസ്ഥാനഘടകം. കൊളോണിയൽ അധിനിവേശത്തിന്റെ ജ്ഞാനപദ്ധതികളിലൂടെ രൂപപ്പെട്ട വിഷയശ്രേണികൾക്കുള്ളിലാണ് ഇന്ത്യൻ വിഷയി പ്രാഥമികമായി സ്ഥാനപ്പെടുന്നത്. യൗവനംവരെ കൊളോണിയൽ ഇന്ത്യയുടെ വിഷയക്രമത്തിനുള്ളിൽ പരിശീലിപ്പിക്കപ്പെട്ട വിഷയിയാണ് പൊറ്റെക്കാട്ടിന്റേത് (1913-1982). അറിവിന്റെ രാഷ്ട്രീയമാണ്

പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻ യാത്രാക്കുറിപ്പുകളെ വ്യതിരിക്തമാക്കുന്നത്. കൊളോണിയൽ അധിനിവേശ വിഷയങ്ങളുടെ മുൻഗണനക്രമങ്ങളെയും താൽപ്പര്യങ്ങളെയും സ്വാംശീകരിച്ച ഇന്ത്യൻ വിഷയിയുടെ ഉള്ളടക്കമാണ് ഇവിടെ അറിവിനെ പല അടരുകളാക്കി ശ്രേണീകരിക്കുന്നത്. അത് അത്ര ലളിതമായ ഒന്നല്ല. സങ്കീർണമായ ഉള്ളടക്കമാണ്.

'കറുപ്പി'ന് മേൽ 'തവിട്ടി' ന്റെ (Brown) വർണാധീശത്വം സ്ഥാപിക്കപ്പെടുന്നതിന്റെ രാഷ്ട്രീയമുഹൂർത്തംകൂടിയായി പൊറ്റെക്കാട്ടിന്റെ യാത്രാവിവരണങ്ങളിലെ വിഷയം സംഘാടനം ചെയ്യപ്പെടുന്നു. വെള്ളക്കാരന്റെ വിഷയശ്രേണീകരണങ്ങളെ സ്വാംശീകരിച്ച് അതിന്മേൽ നിന്നുകൊണ്ട് കറുപ്പിനെ വിഭാവനം ചെയ്യാനുള്ള ശ്രമമാണ് ആഫ്രിക്കൻ യാത്രക്കുറിപ്പുകളുടെ പ്രധാനപ്പെട്ട ഒരു സ്വഭാവം. കൊളോണിയൽ അധിനിവേശ വിഷയികൾ വിഭാവനംചെയ്ത നരവംശശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം, ജന്തുശാസ്ത്രം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളെ സവിശേഷതാൽപ്പര്യങ്ങളോടെ വിന്യസിച്ചാണ് പൊറ്റെക്കാട്ട് ആഫ്രിക്കയെ രേഖപ്പെടുത്തുന്നത്. നരവംശശാസ്ത്ര സങ്കൽപ്പത്തിനുള്ളിൽ ആഫ്രിക്കയെ സ്ഥാനപ്പെടുത്തിക്കൊണ്ടാണ് എസ്.കെ. പൊറ്റെക്കാട്ട് ആഫ്രിക്കയുടെ മണ്ണിലേക്ക് കടക്കുന്നത്. *കാപ്പിരികളുടെ നാട്ടിൽ* എന്ന കൃതിയുടെ ആദ്യ അധ്യായത്തിൽത്തന്നെ എസ്. കെ. എഴുതുന്നതു നോക്കുക:

> ''മനുഷ്യവർഗത്തിന്റെ ഉത്ഭവം തെക്കുകിഴക്കനേഷ്യയിലെവിടെയോവെച്ച്-മിക്കവാറും ഇന്ത്യയിൽനിന്ന് ആണെന്ന് പല ഗവേഷണങ്ങൾകൊണ്ടും തെളിഞ്ഞു വരുന്നുണ്ട്. 'ആസ്ട്രലോയ്ഡ്' എന്നു വിളിച്ചുവരുന്ന നരവംശത്തിൽനിന്ന് നീഗ്രോ ഉപവർഗം ദക്ഷിണേഷ്യയിൽ ഉത്ഭവിച്ചതായും ആ നീഗ്രോ ഉപവർഗം, ഇന്ത്യ, മലയാ, ന്യൂഗിനിയാ, ശാന്തസമുദ്രദ്വീപുകൾ, ആസ്ട്രേലിയ, ന്യൂസിലാന്റ് മുതലായ രാജ്യങ്ങളിലേക്കു സംക്രമിച്ചതായും പറയപ്പെടുന്നു. ആ

നീഗ്രോ ഉപവർഗത്തിൽനിന്നുതന്നെ മറ്റൊരു സംഘം പടിഞ്ഞാട്ടു പേർസ്യാ, മെസപ്പൊട്ടേമിയ, സിറിയ, അറേബ്യ മുതലായ രാജ്യങ്ങളിലേക്കും പ്രവേശിച്ചു. അറേബ്യയിൽനിന്നും പേർസ്യയിൽനിന്നും അവർ വടക്കേ ആഫ്രിക്കയിലേക്കു കടന്നു.''[5]

നരവംശശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും ചില വാദങ്ങൾ നിരത്തിക്കൊണ്ട് ആഫ്രിക്കൻസമൂഹങ്ങളെ വെളുപ്പിന്റെയും, തവിട്ടിന്റെയും ഏറ്റവും അടിയിലായി സ്ഥാനപ്പെടുത്തുകയാണ്. യൂറോപ്യർ അഞ്ചു നൂറ്റാണ്ടുകളായി അധിനിവേശം നടത്തിയ ഒരു ദേശത്തെ വിഷയിയുടെ സാംസ്കാരികഭാവനയും മുൻഗണനാക്രമങ്ങളും പ്രമാണപ്രസ്താവനകളും സാക്ഷ്യപത്രങ്ങളും വളരെ പ്രകടമായി പ്രതിഫലിപ്പിക്കുന്ന വിഷയവിവക്ഷകളുടെ അന്തഃസ്സത്തയാണിത്. സവിശേഷ ചരിത്രഘട്ടത്തിൽ എസ്.കെ. പൊറ്റെക്കാട്ടെന്ന ഇന്ത്യൻ വിഷയി രൂപപ്പെടുന്നതിന്റെ സാമൂഹിക പശ്ചാത്തലമതായിരുന്നുവെന്നതാണ് ഈ സൂചനകൾ നൽകുന്ന സന്ദേശം.

ഭൂമിശാസ്ത്രജ്ഞാനമാണ് വർണത്തെ വിഭാവനം ചെയ്യുന്നതിന്റെ ആധാരമായി പ്രവർത്തിക്കുന്നതെന്ന് ആൻഡ്രി കോബായാഷി (Andrey Kobayashi) നിരീക്ഷിക്കുന്നത് ആഫ്രിക്കൻദേശത്തെയും സമൂഹങ്ങളെയും സംബന്ധിച്ച് ഏറെ പ്രസക്തമാണ്. വർണവൽക്കരിക്കപ്പെട്ട ശരീരം ഭൂമിശാസ്ത്രജ്ഞാനത്തിന്റെ സവിശേഷരൂപമാണെന്നും കോബായാഷി പറയുന്നുണ്ട്.[6] ഭൂമിശാസ്ത്രത്തിൽനിന്ന് മനശ്ശാസ്ത്രത്തിലേക്കു കടന്ന് അവിടെയും ആഫ്രിക്കൻജനതയെ ജ്ഞാനശാസ്ത്രപരമായി സ്ഥാനപ്പെടുത്താൻ ശ്രമിക്കുന്ന കോളോണിയൻ അധിനിവേശവിഷയിയുടെ വിഭാവനം പൊറ്റെക്കാട്ട് നടത്തുന്നത് ശ്രദ്ധിക്കുക:

> ''ആദ്യമായി മനുഷ്യന്റെയും പിന്നെ പ്രകൃതിയുടെയും മർദ്ദനമേറ്റ, ഭയംകൊണ്ടു മരവിച്ചുപോയ ഒരു വിചിത്രജീവിതമാണ് ഈ കാപ്പിരിയിൽ നാം കാണുന്നത്. അവന്റെ 'ഇന്നലെ' യുഗങ്ങൾക്കപ്പുറമാ

ണ്. അവന്റെ 'നാളെ' കിടക്കുന്നതും നൂറ്റാണ്ടുകൾക്കപ്പുറത്താണെന്നു പറയാം. സഹസ്രാബ്ദങ്ങളിലെ ദീർഘനിദ്രയിൽനിന്ന് അവൻ മെല്ലെ ഉണർന്നുവരികയാണ്. അവന്റെ ഈ മയക്കം തീരാൻ ദശാബ്ദങ്ങളല്ല, ശതാബ്ദങ്ങൾ തന്നെ വേണ്ടിവരുമെന്നാണ് തോന്നുന്നത്. അതുകൊണ്ടാണ് അവന്റെ സ്വഭാവവും ചേഷ്ടകളും മനശ്ശാസ്ത്രജ്ഞന്മാരെപ്പോലും വഞ്ചിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ അറിഞ്ഞും അനുഭവിച്ചും വരുന്ന സ്നേഹം, നന്ദി, വിശ്വാസം തുടങ്ങിയ മനോഭാവങ്ങൾ അവനു മനസ്സിലാവുകയില്ല. സ്വാർഥവും ഭയവുമാണ് അവനെ ഭരിക്കുന്നത്.''[7]

മറ്റ് ജനവിഭാഗങ്ങളിൽനിന്ന് വ്യതിരിക്തമായി ആഫ്രിക്കൻജനതയെ ശ്രേണീകരിക്കുന്ന ശാസ്ത്രീയ വിഭാവനയുടെ ഉള്ളടക്കം രീതിശാസ്ത്രത്തിന്റെ അധികാരബന്ധങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. 18-ാം നൂറ്റാണ്ടോടുകൂടി വ്യാപകമാവുന്ന പാശ്ചാത്യ അനുശീലനങ്ങളിലൂടെയുള്ള നോട്ടങ്ങളാണ് വംശീയതയെയും വർണത്തെയും രൂപപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്തത്. പ്രത്യേകിച്ച് കൊളോണിയൽ അധിനിവേശത്തോടെ വിവിധ ശാസ്ത്രപദ്ധതികളിലൂടെ വംശീയത നീതീകരിക്കപ്പെടുകയാണുണ്ടായതെന്ന് കോബായാഷി പറയുന്നു.[8]

ഓരോ വിഷയവും സവിശേഷചരിത്രസന്ദർഭങ്ങളുടെ നിർമ്മിതിയാണ്. മാത്രമല്ല, എല്ലാതരത്തിലുമുള്ള അറിവും, അറിവ് മാത്രമല്ല, ചിഹ്നങ്ങളും അർഥവും തമ്മിലുള്ള ബന്ധവും അടിസ്ഥാനപരമായി അധികാരത്തിലാണ് കേന്ദ്രീകരിക്കപ്പെടുന്നതെന്ന് 'വിഷയവും അധികാരവും' എന്ന പ്രബന്ധത്തിൽ ഫൂക്കോ രേഖപ്പെടുത്തുന്നുണ്ട്.[9] വിഷയരൂപീകരണത്തിൽ ആഫ്രിക്ക ഇന്ത്യക്കാർക്ക് സവിശേഷതാൽപ്പര്യമുണർത്തുന്ന ഇടമായി മാറുന്നതിന്റെ രാഷ്ട്രീയം ഏറെ സങ്കീർണമായ ഒന്നാണ്. അച്ചടിമാധ്യമങ്ങളുടെയും യാത്രാനുഭവങ്ങളുടെയും സഹായത്തോടെ

ആഫ്രിക്കൻ ദേശത്തെയും, ജനതയെയും മനസ്സിലാക്കിയതിന്റെ വെളിച്ചത്തിലാണ് പൊറ്റെക്കാട്ടിന്റെ ശ്രദ്ധ ആഫ്രിക്കയിലേക്കു തിരിയുന്നത്. അത്തരമൊരു ശ്രദ്ധയിലേക്ക് പൊറ്റെക്കാട്ടിനെ നയിച്ച സാമൂഹിക സാഹചര്യങ്ങൾ നിരവധിയാണ്. പ്രത്യേകിച്ച് കോളോണിയൽവിഷയത്തിൽ ഇന്ത്യയും ആഫ്രിക്കയും ബ്രിട്ടീഷുകാരുടെ കാഴ്ചപ്പാടിൽ ഒട്ടേറെ സമാനതകളുള്ള ദേശവും സമൂഹവുമായിരുന്നിരിക്കണം. ഇന്ത്യക്കാരെയും ആഫ്രിക്കക്കാരെയും സംബന്ധിച്ച് ബ്രിട്ടന്റെ കോളണിയെന്നതിൽ കവിഞ്ഞ് ദേശവും ജനതയും വലിയ തോതിലുള്ള സമാനതകളുടെകൂടി ഇടങ്ങളായിരുന്നു. പൊറ്റെക്കാട്ടിനോട് ആഫ്രിക്കയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ഇക്കാര്യം നേരിട്ടു സൂചിപ്പിക്കുന്നതും കാണാം:

> ''ഇന്ത്യ ഇന്നും ബ്രിട്ടീഷ് കോമൺവെൽത്തിലെ ഒരു രാജ്യമാണ്. എന്നിട്ടും ഇതിൽ ബ്രിട്ടീഷ് പ്രജ എന്നു രേഖപ്പെടുത്താതെ 'ഇന്ത്യക്കാരൻ' എന്ന് എഴുതിയത് നിങ്ങളുടെ പുതിയ ഗവൺമെന്റിന് എന്താണ് ചെയ്യേണ്ടതെന്ന് വിവരമില്ലാത്തതുകൊണ്ടുമാത്രമാണ്. എന്താണ് ചെയ്യേണ്ടതെന്ന് എനിക്കും മനസ്സിലാകുന്നില്ല. കൂടാതെ നിങ്ങളുടെ യാത്രാസ്ഥലങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതു യൂറോപ്യൻരാജ്യങ്ങൾ എന്നാണ്. ബ്രിട്ടീഷ് സാമ്രാജ്യം മുഴുവനും എന്നെഴുതിയിട്ടില്ല. അതായത് ബ്രിട്ടീഷ് കോളനികളിൽ നിങ്ങൾ സഞ്ചരിക്കുന്നതു നിങ്ങളുടെ ഗവൺമെന്റ് ഇഷ്ടപ്പെടുന്നില്ലെന്ന്. 'ബ്രിട്ടീഷ് പ്രജ' എന്നു പാസ്പോർട്ടിൽ എഴുതിയിരുന്നുവെങ്കിൽ ഞാൻ നിങ്ങൾക്ക് എല്ലാ സഹായങ്ങളും ചെയ്തുതരുമായിരുന്നു.''[10]

അധിനിവേശിതർ എന്ന നിലയിൽ ബ്രിട്ടീഷുകാർക്ക് ഇന്ത്യയും ആഫ്രിക്കയും സമാനവിഷയമാണെന്ന സൂചനയാണിവിടെയുള്ളത്.

**അധിനിവേശത്തിലെ വിഷയവിഭാവനങ്ങൾ**

അധിനിവേശിതർ എന്നയർഥത്തിൽ ബ്രിട്ടീഷ് വിഷയി ഇന്ത്യയെയും ആഫ്രിക്കയെയും സംബന്ധിച്ച് സമാനസ്വഭാവം പ്രകടിപ്പിക്കുമ്പോഴും വിഷയത്തിന്റെ ഉള്ളടക്കത്തിൽ വലിയ വിടവുകളും അന്തരങ്ങളും നിർമ്മിച്ചെടുക്കുന്നുണ്ട്. ദേശം, ഭാഷ, ഭൂപ്രകൃതി, ആചാരാനുഷ്ഠാനങ്ങൾ, വംശങ്ങൾ എന്നിങ്ങനെ വിവിധ വിഷയങ്ങളുടെ വിഭാവനയിൽ അപരത്തെ അന്യവൽക്കരിച്ചുകൊണ്ടാണവർ അധീശത്വം പുലർത്തുന്നത്. മുതലാളിത്തത്തിന്റെ ഉപകരണാത്മകയുക്തിയുടെ അളവുകോലുകൾകൊണ്ടാണവർ ഇതര ദേശ, ഭാഷാ, സംസ്കാരങ്ങളെ അളന്നെടുത്തതും വരവുവയ്ക്കുന്നതും. അധിനിവേശത്തിന്റെ യുക്തിയുടെ സ്വഭാവം എന്താണെന്ന് *ദേശീയതകളും സാഹിത്യവും* എന്ന കൃതിയിൽ ഇ.വി. രാമകൃഷ്ണൻ സൂചിപ്പിക്കുന്നതു നോക്കുക:

> ''വ്യത്യസ്തമായ എന്തിനെയും കീഴ്പ്പെടുത്തുക എന്ന ആധുനികതയുടെ യുക്തി മുതലാളിത്തത്തിനു ബാധകമാണ്. ഇതാണ് അധിനിവേശത്തിന്റെ രൂപമാർജിച്ചത്. യൂറോപ്പിലെ ദേശ-രാഷ്ട്രങ്ങളുടെ രൂപീകരണമാണ് മുതലാളിത്തത്തിന്റെ യുക്തിയുടെ വ്യാപനമായ അധിനിവേശത്തിനു വഴിതെളിച്ചത്. രാഷ്ട്രീയാധികാരത്തിന്റെ സുസ്ഥിരതയ്ക്കായി അധിനിവേശ ശക്തികൾ വംശവിദ്വേഷത്തിന്റെയും വർഗ്ഗീയതയുടെയും സാംസ്കാരിക മേധാവിത്വത്തിന്റെയും ആശയങ്ങൾ പ്രചരിപ്പിച്ചു.''[11]

അതായത്, അധിനിവേശശക്തികൾ ആഫ്രിക്കയെയും ഇന്ത്യയെയും അറേബ്യയെയുമൊക്കെ വിഭാവനം ചെയ്ത വിധങ്ങളാണ് രാമകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നത്. ആഫ്രിക്കയെക്കുറിച്ചുള്ള യൂറോകേന്ദ്രിത വിഷയവിവക്ഷകൾ സ്വാംശീകരിച്ച പൊറ്റെക്കാട്ടിന്റെ നോട്ടസ്ഥാനമാണ് ഇവിടെ പ്രശ്നവൽക്കരിക്കേണ്ടത്. ലോകത്തിനുള്ളിൽ നമ്മുടെ നിലനിൽപ്പിന്റെ സ്ഥാനപ്പെടൽ എന്നാൽ നമുക്കും

അപരർക്കുമിടയിൽ വ്യതിരിക്തതകൾ നിർമ്മിക്കുന്നതിലൂടെ രൂപപ്പെടുന്നതാണ് എന്ന് ഡി. ഹെൻറിച്ച് (Dieter Henrich) ചൂണ്ടിക്കാണിക്കുന്നുണ്ട്.[12] അതായത് എനിക്കും എനിക്ക് പുറത്തുള്ള ചുറ്റുപാടുകൾക്കും ഇടയിൽ നിലനിൽക്കുന്ന വ്യതിരിക്തതകളെയാണ് വിഷയി എന്ന് ഹെൻറിച്ച് വിളിക്കുന്നത്.[13]

വിഷയങ്ങൾ വംശീയതയോ ദേശമോ ഭാഷയോ ആചാരങ്ങളോ മതമോ, എന്തുമായിക്കൊള്ളട്ടെ, തനിക്കും അപരർക്കും ഇടയിലുള്ള വ്യതിരിക്തതയിലൂടെയാണ് വിഭാവനം ചെയ്യപ്പെടുന്നത്. കൊളോണിയൽ അധിനിവേശത്തോടനുബന്ധിച്ച് രൂപപ്പെട്ട വിഷയങ്ങളുടെ വൈപുല്യമോ കേന്ദ്രീകരണമോ യാന്ത്രികയുക്തിയിലേക്ക് വിഷയങ്ങളെ സങ്കുചിതവൽക്കരിക്കുന്നതു കാണാം. ഇത്തരം സങ്കുചിതവൽക്കരണത്തിന്റെ അടിത്തറ വ്യത്യസ്തമായതിനോടുള്ള ആധുനികതയുടെ അസഹിഷ്ണുതയായിരുന്നു. ഈ അസഹിഷ്ണുതയുടെ യുക്തിയാണ് കോളണീകരണത്തിലേക്കു നയിക്കുന്നത്. ഈ അസഹിഷ്ണുതയുടെ, അധിനിവേശകരുടെ യുക്തിയെ സ്വാംശീകരിക്കുന്ന വിഷയിയാണ് പൊറ്റെക്കാട്ടിന്റെ ആഫ്രിക്കയെ നോക്കിക്കാണുന്നത്. 'കറുത്ത'വരുടെ സ്വഭാവം എന്താണെന്ന് പൊറ്റെക്കാട്ട് വിശദീകരിക്കുന്ന ഒരു സന്ദർഭം നോക്കുക:

> ''നാളെയെപ്പറ്റി അവനൊരു ചിന്തയുമില്ല. അതുകൊണ്ടാണ് എന്തു കടുംകൈയ്ക്കും അവൻ മടിക്കാത്തത്. അവസരം കിട്ടിയാൽ അവൻ മോഷ്ടിക്കാതിരിക്കയില്ല. കണ്ടുപിടിക്കപ്പെടുന്നതുവരെ, വെള്ളക്കാരന്റെയോ മൂപ്പന്റെയോ ശിക്ഷ കിട്ടുമെന്ന വിചാരംപോലും അവനുണ്ടാവുകയില്ല. കൊല്ലണമെന്നു തോന്നിയാൽ അപ്പോൾ പരമാധികാരിയായ വെള്ളക്കാരൻ ഡിസ്ട്രിക്റ്റ് കമ്മീഷണറെപ്പോലും അവൻ ശരിപ്പെടുത്തിക്കളയും. കുറച്ചുമാസങ്ങൾക്കപ്പുറം മൊമ്പാസയിലെ ഒരു കാപ്പിരി, തന്റെ അഞ്ചുവയസ്സു ചെന്ന മകനെ ഉരലിലിട്ടിടിച്ചു കൊന്നു ചമ്മന്തിയാക്കിക്കളഞ്ഞു. വെള്ളം കൊണ്ടുവരാൻ

പോയ തള്ളയുടെ കൂടെ പുറപ്പെടാൻ കുട്ടി ശാഠ്യംപിടിച്ചു കരഞ്ഞ പ്പോൾ, വെയിലുകാഞ്ഞു മുറ്റത്തു  കുത്തിയിരുന്ന തന്ത അവനോട് അടങ്ങിയിരിക്കാൻ പറഞ്ഞു. ചെക്കൻ പിന്നെയും കരഞ്ഞു. കാപ്പി രിക്കു കലികയറി. അവൻ ചെക്കനെപ്പിടിച്ച് ഉരലിലിട്ട് അടുത്തുകിട ന്നിരുന്ന ഉലയ്ക്കയെടുത്ത് ഇടിച്ച് അവന്റെ കരച്ചിൽ മാറ്റി. അതാണ് ശരിയായ കാപ്പിരിസ്വഭാവം.''[14]

വിവരിച്ചിട്ടും വിവരിച്ചിട്ടും തീരാത്ത വിഷയമായി കാപ്പിരിസ്വഭാവം പൊറ്റെ ക്കാട്ടിനു മുമ്പിൽ നിറഞ്ഞുനിൽക്കുകയാണ്. ഏതെങ്കിലുമൊരു യാദൃച്ഛിക സംഭവ ത്തിന്റെ ഉദാഹരണമെടുത്ത് കാപ്പിരിസ്വഭാവത്തെ ക്ലിപ്തപ്പെടുത്തുന്നതിന്റെ യുക്തിയാണ് ഇവിടെ ആധുനികതയുടെ അസഹിഷ്ണുതയെ അടിവരയിട്ട് വിളിച്ച റിയിക്കുന്നത്.

ആഫ്രിക്കയെ പൊറ്റെക്കാട്ട് കാണുന്ന കണ്ണുകൊണ്ടാണ് മലയാളിയെ യൂറോപ്യൻ സമൂഹം കണ്ടെതെന്നുള്ള വസ്തുത പ്രധാനപ്പെട്ടതാണ്. *മലബാർ മാന്വലിൽ* വില്യം ലോഗൻ മലയാളിയെ വിശദീകരിക്കുന്നത് ഇങ്ങനെയൊക്കെ യാണ്:

> ''വൈദേശികശക്തികളും വൈദേശികസ്വാധീനങ്ങളും ഇടപെട്ടിരു ന്നില്ലെങ്കിൽ, അക്ഷരാർഥത്തിൽത്തന്നെ മലയാളികളെ സംബന്ധിച്ചി ടത്തോളം പറയാവുന്ന ഒരു സത്യമുണ്ട്. ചരിത്രമില്ലാത്ത ഒരു ജനത സന്തുഷ്ടമത്രേ ..... സ്വന്തം ചരിത്രത്തിൽ നാഴികക്കല്ലുകളോ അത ല്ലെങ്കിൽ ചവിട്ടുപടികളോ ഗണ്യമായി സ്വായത്തമാക്കാൻ കഴിയാ തെപോയ ഒരു ജനതയായിരിക്കണം.......... മലയാളിസമൂഹം ചരിത്ര കാരന്മാർക്ക് ജന്മം കൊടുത്തിട്ടില്ല. ഒരർഥത്തിൽ രേഖപ്പെടുത്താൻ മാത്രം ചരിത്രം അവർക്കുണ്ടായിരുന്നില്ലെന്നതുതന്നെ കാരണം.''[15]

ലോഗന്റെ മുമ്പിലുള്ള 'മലയാളി' വിഷയവും പൊറ്റെക്കാട്ടിന് മുമ്പിലുള്ള ആഫ്രിക്കൻ വിഷയവും തമ്മിലുള്ള സാദൃശ്യം ലളിതമായ ഒന്നല്ല. ഇന്ത്യയും ആഫ്രിക്കയും യൂറോപ്പിന്റെ കോളണി എന്ന നിലയിൽ സമാനമായ 'വിഷയ'വൃത്തത്തിനുള്ളിലാണ് സ്ഥാനപ്പെടുന്നതെങ്കിലും ലോഗന്റെയും യൂറോപ്യൻ അധിനിവേശകരുടെയും 'വിഷയി'യായി ആ അളവുകോലുകളും മൂല്യവ്യവസ്ഥയും സ്വാംശീകരിക്കുന്ന സങ്കീർണപ്രക്രിയയിലൂടെ യൂറോകേന്ദ്രിത ലോകബോധത്തിലേക്ക് സംക്രമിച്ച പൊറ്റെക്കാട്ടിലെ വിഷയിയെയാണ് ആഫ്രിക്കൻ നോട്ടത്തിൽ കാണാൻ കഴിയുന്നത്. അതായത് കോളണീകരിക്കപ്പെട്ട വിഷയിയാണ് പൊറ്റെക്കാട്ടിന്റേത് എന്നു സാരം. കോളണീകരണത്തിനു വിധേയമായ വിഷയിയെക്കുറിച്ച് മാത്രമുള്ളതല്ല ഈ വിമർശനം. യൂറോകേന്ദ്രിത വിഷയങ്ങളെ മൊത്തത്തിലെടുത്തുകൊണ്ട്, പ്രത്യേകിച്ച് സംസ്കാരപഠനങ്ങളുടെയും വംശീയതയുടെ വിമർശനാത്മക പഠനങ്ങളുടെയും സാങ്കേതിക-ശാസ്ത്രപഠനങ്ങളുടെയും ആശയങ്ങളും സങ്കൽപ്പങ്ങളും രീതിശാസ്ത്രവും, യൂറോപ്യൻ ബൂർഷ്വാസിയുടെ വിഷയമാണെന്ന വിമർശനങ്ങളും ശ്രദ്ധേയമാണ്. *വിഷയം, വിഷയി, വിഷയീകരണം*' (Subject, Subjectivity, Subjectivation) എന്ന പൗളാ റിബുഗിനിയുടെ പ്രബന്ധത്തിൽ കോളണിയാനന്തരവാദവും ഘടനാനന്തരവാദവുമൊക്കെ വ്യത്യസ്തതകളെ അഭിമുഖീകരിച്ച രീതികൾ വിശകലനം ചെയ്തുകൊണ്ടാണ് നവോത്ഥാന അസ്തിത്വവാദ വിഷയങ്ങളെല്ലാം 'മനുഷ്യകേന്ദ്രവാദവിരുദ്ധ' (Anti-anthropocentric) മായിരുന്നുവെന്ന് അദ്ദേഹം വാദിക്കുന്നത്.[16] വിഷയിയുടെയും വിഷയത്തിന്റെയും ഇത്തരം സങ്കീർണാവസ്ഥ എല്ലായ്പ്പോഴും ഇതുവരെ വിശദീകരിക്കപ്പെട്ടതുപോലെ ലളിതമല്ല. 'വിഷയി' എന്നത് പരിഗണിച്ചുകൊണ്ട് പല അടരുകളുള്ള, വിവിധ മടക്കുകളുള്ള, ഒന്നിലധികമുള്ള വിഷയികളുടെ കോളണിയായിരിക്കുന്ന അവസ്ഥയെക്കുറിക്കാൻ 'ആന്തരികവിഷയി' (Inter subjectivity) എന്ന പരികല്പന ഉപയോഗിക്കുന്നത് വിഷയത്തെ കൂടുതൽ വിശദീകരണക്ഷമമാക്കുമെന്ന് പ്രതീക്ഷിക്കാം.[17]

പാശ്ചാത്യാധുനികതയുടെ പദ്ധതികളായി വിഭാവനം ചെയ്യപ്പെട്ട യുക്തിയുടെയും ആധികാരികതയുടെയും ശാസ്ത്രീയജ്ഞാനത്തിന്റെയും ഭാഗമായി പ്രകൃതിനിർധാരണവും അതിന്റെയെല്ലാം അടിസ്ഥാനത്തിലുള്ള മാനുഷികമൂല്യനിർണയവും നടക്കുന്നതും, വംശീയതയും വർണവും ശാസ്ത്രീയവൽക്കരിക്കാനുള്ള ശ്രമം ഉണ്ടാവുന്നതും 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണെന്ന് കോബയാഷി വിശദീകരിക്കുന്നുണ്ട്.[18] ഇത് ശാസ്ത്രീയതയുടെ വിഭാവനയായി പരിഗണിക്കപ്പെടുകയും കോളണീകരണത്തിലൂടെ വ്യാപകമാവുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിലാണ്, പൗരസ്ത്യവും പാശ്ചാത്യവും ദേശ-ഭാഷാ-മത-സാംസ്കാരികവുമായ അതിർത്തികൾ വിഭാവനം ചെയ്യപ്പെടുന്നത്. ഇത്തരം ദ്വന്ദ്വഭാവനകളുടെ അടിസ്ഥാനത്തിൽ ലോകാനുഭവങ്ങളെയാകെ വേർതിരിക്കാൻ ശ്രമിക്കുകയാണ് യൂറോകേന്ദ്രിത വിഷയി. ഇത്തരത്തിൽ യൂറോപ്യൻ വിഷയിയുടെ അനുശീലനങ്ങൾക്കു വിധേയമാക്കപ്പെടുന്ന രാഷ്ട്രീയാവസ്ഥയാണ് കോളണീകരിക്കപ്പെട്ട തദ്ദേശീയ വിഷയികളുടെ അന്തസ്സത്തയിൽ സന്നിവേശിക്കപ്പെട്ടിട്ടുള്ളത്.

ബ്രിട്ടീഷ് കൊളോണിയൽ ദേശീയത വർണത്തിന്റെ അടിസ്ഥാനത്തിലുള്ള 'മേധാവിത്വ'ത്തെ ഉയർത്തിക്കാണിക്കുന്നതായിരുന്നു. അങ്ങനെ പാരിസ്ഥിതിക നിർണയനവാദമെന്ന ശാസ്ത്രീയാധികാരികതയിൽനിന്ന് ഭൂമിശാസ്ത്ര ദേശീയതയിലേക്കുള്ള വഴി തെളിയിക്കുകയാണ് കൊളോണിയൽ അധിനിവേശത്തിലൂടെ ബ്രിട്ടീഷുകാർ ചെയ്തത്.[19] കറുത്തവരും തവിട്ടുനിറക്കാരുമൊക്കെയായ ഇന്ത്യക്കാർ 'വെള്ളക്കാർ'ക്ക് വിധേയപ്പെടേണ്ട രാഷ്ട്രീയസാഹചര്യം രൂപപ്പെടുന്നതിന് മേൽ സൂചിപ്പിച്ച ആശയാവലികളുടെ വ്യാപനംകൂടി കാരണമാകുന്നുണ്ട്.

നാം എന്ത് മാനദണ്ഡമാണ്, അളവുകോലാണ്, ഉപകരണമാണ് ഉപയോഗിക്കുന്നത് എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഉപകരണത്തിന്റെ (Apparatus) സ്വഭാവം (Power) അധികാരവുമായി[20] അല്ലെങ്കിൽ ശക്തിയുമായി (Force) ബന്ധപ്പെട്ടാണ് മനസിലാക്കേണ്ടതും വിശദീകരിക്കേണ്ടതും എന്ന്

*എന്താണ് ഒരു ഉപകരണം* എന്ന പ്രബന്ധത്തിൽ ജോർജിയോ അഗംബൻ പറയുന്നുണ്ട്. ഒരു ഉപകരണം ഏതു ദിശയിലേക്ക് വികസിപ്പിക്കണം, അല്ലെങ്കിൽ മരവിപ്പിക്കണം, നിലനിർത്തണം, ഉപയോഗിക്കണം എന്നിവയെല്ലാം നിർണയിക്കുന്നത് അവയിലെ അധികാരവുമായുള്ള ബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. സവിശേഷതലത്തിലുള്ള അറിവിനാൽ സാധൂകരിക്കപ്പെടുന്നതാണ് ഉപകരണം. അതാവട്ടെ, ബലത്തിന്റെ (Force) അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്.[21] നാം ഉപയോഗിക്കുന്ന മാനദണ്ഡങ്ങളെക്കുറിച്ച്, ഉപകരണത്തെക്കുറിച്ചുള്ള അഗംബന്റെ ഈ സൂചന സങ്കീർണമായ രാഷ്ട്രീയവിവക്ഷകളുള്ള ഒരു ദേശത്തിന്റെ സാംസ്കാരികാവസ്ഥയെ പിന്തുടരാൻ സഹായകമാണ്. ഉപകരണം ജ്ഞാനബന്ധങ്ങളുടെയും അധികാരബന്ധങ്ങളുടെയും പരിച്ഛേദമാണെന്ന അഗംബന്റെ വാദത്തെ[22] മുഖവിലയ്ക്കെടുത്തു വേണം പൊറ്റെക്കാട്ടിന്റെ സമീപനങ്ങൾ വിലയിരുത്താൻ. പൊറ്റെക്കാട്ടിനെ മാത്രമല്ല, അപകോളണീകരണകാലത്തെ സക്കറിയയുടെ സമീപനങ്ങളെ വിലയിരുത്താനും അധികാരവും അറിവും തമ്മിലുള്ള സങ്കീർണബന്ധങ്ങളെ പ്രശ്നവൽക്കരിക്കാവുന്നതാണ്.

ഇന്ത്യൻ വിഷയി എന്താണെന്ന് വെളിപ്പെടുത്തുന്ന സമീപനങ്ങൾ പൊറ്റെക്കാട്ടിന്റെ ആഖ്യാനങ്ങളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. ഒരു ഉദാഹരണം നോക്കുക:

> ''പട്ടണത്തിൽ കാണപ്പെടുന്ന കാപ്പിരികൾ ആണും പെണ്ണും യൂറോപ്യൻരീതിയിൽ വസ്ത്രധാരണം ചെയ്തുവരുന്നു. സ്കർട്ട് ധരിച്ച് തലയിൽ ഉറുമാൽ കെട്ടി ഹൈഹീൽ ഷൂസിന്റെ മുകളിൽ തത്തിത്തത്തിപ്പോകുന്ന ആ കറുത്ത മദാമ്മമാരെ കാണുമ്പോൾ ചിരിവരും.''[23]

ലിംഗവൽക്കരിക്കപ്പെട്ടതും വർഗവൽക്കരിക്കപ്പെട്ടതും വർണവൽക്കരിക്കപ്പെട്ടതുമാണ് ഇന്ത്യയുടെ സാമൂഹികമണ്ഡലങ്ങൾ എന്ന് അന്റോണിറ്റി ബർട്ടൻ നിരീക്ഷിക്കുന്നുണ്ട്.[24] അത്തരമൊരു ഇന്ത്യൻ വിഷയിയുടെ കണ്ണിലൂടെയാണ്

ആഫ്രിക്കക്കാരെ മൊത്തത്തിൽ പൊറ്റെക്കാട്ട് സമീപിക്കുന്നത്. അദ്ദേഹം ആഫ്രി ക്കക്കാരെ ശ്രേണീകരിക്കുന്ന നിരവധി സന്ദർഭങ്ങളിൽ മറ്റൊന്ന് ശ്രദ്ധിക്കുക:

> ''മൊമ്പാസയിലെ ഒരു മലയാളി സ്നേഹിതൻ പറഞ്ഞ ഒരു കഥ ഞാനോർക്കുന്നു. തങ്ങളുടെ ക്ലബ്ബിൽ ഒരു ടെന്നീസ് കോർട്ട് നിർമ്മി ക്കുന്നതിന് അയാൾ ഒരു കാപ്പിരിയെ കരാർ ഏൽപ്പിച്ചു. പണി യെല്ലാം പൂർത്തിയായിട്ടുണ്ടെന്ന് കാപ്പിരി അറിയിച്ചു. നമ്മുടെ സ്നേഹിതൻ ചെന്നുനോക്കിയപ്പോൾ കുമ്മായം തേച്ചതെല്ലാം വിണ്ടുകീറിക്കിടക്കുന്നതായിട്ടാണ് കണ്ടത്.''
>
> ''എടോ ഇതെന്തു പണിയാണ്? ഇതാണോ കോർട്ട്?'' സ്നേഹിതൻ ചോദിച്ചു.
>
> കരാറുകാരൻ കാപ്പിരി കൈമലർത്തിക്കൊണ്ടു പറഞ്ഞുവത്രേ:
>
> ''ശൗരിയ മുംഗു - എന്റെ പണമിങ്ങുതാ''
>
> ''അങ്ങനെ കുമ്മായപ്പണിയിൽപ്പോലും തകരാറുകൾ വരുത്താൻ തക്കം പാർത്തു നിൽക്കുന്ന ഒരു ദൈവമാണ് കാപ്പിരിക്കുള്ളത്. അവർ ഇതു വെറുമൊരു ഉപായത്തിനു വേണ്ടി പറയുന്നതല്ല. ആത്മാർഥമായി വിശ്വസിച്ചു പറയുന്നതുതന്നെയാണെന്ന് അറിയു മ്പോഴാണ് നമുക്ക് കൂടുതൽ ചിരിവരുന്നത്''[25]

ഇങ്ങനെ ചിരിവരുന്ന സാമൂഹികസന്ദർഭം രൂപപ്പെടുന്നത് വിഷയിയുടെ മൂല്യവ്യവസ്ഥകൾക്കു പുറത്ത് ചരിക്കുന്ന പ്രവൃത്തികളുടെയും ശരീരത്തിന്റെയും സാന്നിധ്യംകൊണ്ടാണ്.

ആഫ്രിക്കയെക്കുറിച്ചുള്ള യൂറോപ്യൻവാദത്തെ മുൻനിർത്തി, ആ കണ്ണുകളി ലൂടെ ആഫ്രിക്കൻവിഷയത്തെ ഭാവനചെയ്തവർ പൊറ്റെക്കാട്ടിനെപ്പോലെ

വേറെയുമുണ്ട്. പൊറ്റെക്കാട്ട് നിരത്തുന്ന നരവംശശാസ്ത്ര, ഭൂമിശാസ്ത്രസിദ്ധാന്ത ങ്ങൾ ഉപയോഗിച്ചുതന്നെയാണ് കെ. പാനൂർ 'കേരളത്തിലെ ആഫ്രിക്ക'യെ വിഭാവനം ചെയ്യുന്നത്. അതായത് കോളണീകരണത്തിനോടൊപ്പമുണ്ടായ സവിശേഷ വിഷയങ്ങളോടുള്ള സമീപനം പിൻപറ്റുന്നവരുടെ നീണ്ടനിര കോളണീകരണത്തിന്റെ അധീശ വിധേയത്വ ഘടനയെയാണ് പ്രതിഫലിപ്പിക്കുന്നത്. കെ.പാനൂരിന്റെ ഒരു വിവരണം ശ്രദ്ധിക്കുക:

> ''പണിയന്റെ ഇരുണ്ട നിറവും കുറിയ ശരീരവും പരന്ന മൂക്കും എല്ലാറ്റിനും മീതെ അവരുടെ സവിശേഷതയായ ചുരുളൻ തലമുടിയും കണ്ടിട്ടുള്ളവരെല്ലാം അയാൾ ആഫ്രിക്കയിലെ നീഗ്രോവിന്റെ ഒരു സഹോദരനായിരിക്കണമെന്ന് സംശയിച്ചുനിന്നിട്ടുണ്ട്. തെക്കേ ഇന്ത്യയിലെ വിവിധ വർഗക്കാരെപ്പറ്റി ഒരു പഠനം നടത്തിയിട്ടുള്ള മിസാൾ തേസൺ പണിയന്റെ കൈകാലുകളുടെയും മറ്റും അളവുകൾപോലും പൊതുവിൽ നീഗ്രോവിന്റേതുമായി യോജിക്കുന്നുണ്ടെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.''[26]

ഭൂമിശാസ്ത്ര, നരവംശശാസ്ത്ര പരികല്പനകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ വർണത്തിന്റെ പേരിലുള്ള ഒരു ശ്രേണീകരണം സാധ്യമാവുമെന്ന വാദമാണ് പാനൂർ ഉന്നയിക്കുന്നത്.

വർണവും വംശീയതയും ജീവശാസ്ത്ര, നരവംശശാസ്ത്ര സമീപനങ്ങളുമെല്ലാം കോളണീകരണത്തിലൂടെ വിവിധ ദേശങ്ങളിലേക്കു വ്യാപിക്കുന്നതിന്റെ ഉദാഹരണമായി പാനൂരിന്റെ 'ആഫ്രിക്കൻ' ഭാവനയെ കാണാനാവും. ആഫ്രിക്കൻ വിഷയം കോളോണിയൽ കണ്ണടയിലൂടെ സ്വാംശീകരിക്കുന്നതിന്റെ ചരിത്രസന്ദർഭത്തിൽനിന്ന് സമാനസ്വഭാവമുള്ള നിരവധി പാഠങ്ങൾ കണ്ടെടുക്കാനാവും. അതൊക്കെ കോളോണിയൽ നരവംശശാസ്ത്രദൃഷ്ടിയുടെ രാഷ്ട്രീയവിവക്ഷകളെ പ്രമാണമായി നിരത്തുന്നുമുണ്ട്. ഒന്നോ രണ്ടോ ആളുകളല്ല, നിരവധി പാഠ

ങ്ങൾ സ്ഥാനത്തും അസ്ഥാനത്തും ഉദ്ധരിച്ചുകൊണ്ട് ഈ ശ്രേണീകരണം നടത്തു ന്നുണ്ട്. 'പണിമുടക്കം' എന്ന ഇടശ്ശേരി ഗോവിന്ദൻനായരുടെ കവിതയ്ക്ക് സി.ജെ. തോമസ് എഴുതിയ അവതാരികയിൽ ശ്രേണീകരണയുക്തിയെ ഉദാഹരിക്കുന്നത് നോക്കുക:

> ''കവിതാവിഷയങ്ങൾ വേറെയില്ലേ? അഹിംസയുണ്ട്, അമേരിക്ക യുണ്ട്, അരവിന്ദഘോഷുണ്ട്. എന്നിട്ടും പണിമുടക്കമാണ് വിഷയം. ഇത് പ്രതിസന്ധിഘട്ടത്തിനു യോജിച്ചതല്ല. ഇതു ഹിന്ദുസ്ഥാന ത്തിന്റെ പാരമ്പര്യത്തിനു യോജിച്ചതല്ല. ഇടശ്ശേരി കാപ്പിരിയാണ്. അയാൾ നിരീശ്വരനാണ്''.[27]

കോളണീകരണത്തിന്റെ സാംസ്കാരിക സന്ദർഭത്തിൽ ഇന്ത്യൻ ജനതയുടെ പൊതുബോധത്തിന്റെ സവിശേഷ ഉള്ളടക്കസ്വഭാവത്തെ മനസ്സിലാക്കാനാണ് കെ. പാനൂരിന്റെയും സി.ജെ.തോമസിന്റെയും ഉദ്ധരണികൾ ഇവിടെ എടുത്തു ചേർത്തത്.

വിഷയവും വിഷയിയും ചരിത്രപരമായി മാറിക്കൊണ്ടിരിക്കുന്ന പരസ്പരാ ശ്രിത ബന്ധത്തിലധിഷ്ഠിതമായ സങ്കൽപ്പമായേ വിശദീകരിക്കാനാവൂ. സുനിശ്ചിത മായ വിഷയി-വിഷയ ബന്ധത്തിലൂന്നി നിന്നുകൊണ്ടാണ് കൊളോണിയൽ അധി നിവേശാധികാരികൾ കോളണികളെയും അവരെത്തന്നെയും വിഭാവനം ചെയ്തിട്ടു ള്ളത്. കൊളോണിയൽ അധിനിവേശാധികാരത്തിന്റെ വിഷയ-വിഷയിബന്ധങ്ങ ളിൽ ചരിത്രപരമായി സ്വാംശീകരിക്കപ്പെട്ടുപോയവർ തങ്ങളെയും അപരരെയും നിർവചിക്കുകയും വിശദീകരിക്കുകയും ചെയ്തത് ഈ വിധമാണെന്ന് പൊറ്റെ ക്കാട്ടിന്റെ ആഫ്രിക്കൻ വിഭാവനങ്ങളെ മുൻനിർത്തി സൂചിപ്പിക്കുകയാണിവിടെ ചെയ്തത്.

കറുപ്പിനു മീതെ ഉയർന്നുനിൽക്കുന്ന 'തവിട്ടു' (Brown) വർണത്തെ സ്ഥാപിച്ചെടുക്കാനുള്ള ശ്രമമായി കണക്കാക്കാവുന്ന സാംസ്കാരികസൂചനകളാണ് പൊറ്റെക്കാട്ടിന്റെ യാത്രാവിവരണത്തിന്റെ ഉള്ളടക്കം. അതായത് ഇന്ത്യൻ പാഠമെന്ന നിലയിൽ പൊറ്റക്കാട്ടിന്റെ ആഫ്രിക്കൻകാഴ്ചയുടെ തലങ്ങളെ കാണണമെന്ന് താൽപ്പര്യം. ഇവിടെ ഇന്ത്യൻ എന്ന് ഉദ്ദേശിക്കുന്നത് യൂറോപ്പ് വിഭാവനം ചെയ്ത ഏഷ്യൻ, ആഫ്രിക്കൻ ശ്രേണിയിലെ ഇന്ത്യൻപദവിയെയാണ്. ദക്ഷിണ റൊഡേഷ്യയിൽ യാത്രചെയ്ത ഒരു സന്ദർഭം ആഫ്രിക്കൻ, ഏഷ്യൻ, യൂറോപ്യൻ എന്നീ ശ്രേണീകരണങ്ങളെ മനസ്സിലാക്കാൻ സഹായകമായ വിവരണമാണ്. പൊറ്റെക്കാട്ട് കുറിക്കുന്നതിങ്ങനെയാണ്:

> ''ഞാൻ ബൈറയിൽനിന്നു തീവണ്ടി കയറി. നാലഞ്ചു ദിവസം മുമ്പു തന്നെ രണ്ടാംക്ലാസിൽ ബർത്ത് റിസർവ് പെയ്തിട്ടുണ്ടായിരുന്നു. തീവണ്ടിഎൻജിനോടു തൊട്ടുപിറകിൽ ഒരു വലിയ ബോഗിയിൽ 'Native' (നാട്ടുകാർ) എന്നു വലിയ അക്ഷരത്തിൽ എഴുതിവെച്ചിട്ടുണ്ട്. കാലിത്തൊഴുത്തിനേക്കാളും മോശമായ ആ കമ്പാർട്ടുമെന്റ് കാപ്പിരികൾക്കുള്ളതാണ്. കാലികളെപ്പോലെത്തന്നെ അവർ അതിനുള്ളിൽ തിങ്ങിഞെരുങ്ങി നിൽക്കണം. കാറ്റും വെളിച്ചവും കടക്കാൻ പ്രയാസമായ ആ കൂട്ടിനകത്തു മനുഷ്യൻ ശ്വാസംമുട്ടിച്ചാകാതിരിക്കുന്നതാണത്ഭുതം. അതിനുള്ളിൽ ഒരു വിളക്കുപോലുമില്ല. ആ കാപ്പിരിക്കമ്പാർട്ടുമെന്റിന്റെ പിറകിലായിരുന്നു രണ്ടാംക്ലാസുകാർ. അതിന്റെ തൊട്ടുപിറകിലുള്ള ഒരു മുറിയിലാണ് എനിക്കനുവദിച്ചുതന്നിരുന്ന ബർത്ത്...''
>
> ''എന്റെ മുറിയിൽ ഞാൻ തനിച്ചേ ഉണ്ടായിരുന്നുള്ളൂ. ഏഷ്യാക്കാർക്കു നീക്കിവയ്ക്കപ്പെട്ട ആ മുറിയിൽ അങ്ങനെ എഴുതിവെച്ചിട്ടില്ലെന്നു മാത്രം. ആ യാത്രയിൽ നിർഭാഗ്യവശാൽ മറ്റ് ഏഷ്യക്കാർ

ഇല്ലാതിരുന്നതുകൊണ്ട് കൂട്ടിന് ആളില്ലാതെ ഞാൻ പരുങ്ങി. അടുത്തമുറിയിൽ വെള്ളക്കാർ തിങ്ങിയിരിക്കുന്നുണ്ടായിരുന്നു. പക്ഷെ ഓരോ ഭാഗത്തും മുമ്മൂന്ന് ബർത്തുകളോടുകൂടി ആറു പേർക്ക് കിടന്നുറങ്ങത്തക്കവണ്ണം സജ്ജീകരിക്കപ്പെട്ട എന്റെ മുറിയിലെ മറ്റ് അഞ്ച് ബർത്തുകളും ഒഴിഞ്ഞു കിടക്കുകയാണ്. ഒരു കറുത്ത മനുഷ്യൻ കുത്തിയിരിക്കുന്ന ഈ മുറിയിലേക്ക് ഒന്നു തിരിഞ്ഞുനോക്കാൻപോലും അവർ കൂട്ടാക്കുകയില്ല''[28]

ആഫ്രിക്കക്കാരും ഏഷ്യാക്കാരും യൂറോപ്യരും വിഭജിതമായ സാമൂഹികഘടനയ്ക്കുള്ളിൽ പാലിക്കുന്ന അകലം, സാങ്കൽപ്പികമായി മാത്രം ഭൂമിശാസ്ത്രപരമായി വിഭാവനം ചെയ്യപ്പെടുന്നതാണ്. ഏറ്റവും താഴെയായി ആഫ്രിക്കയും അതിനു മേലെ ഏഷ്യയും ഏറ്റവും മുകളിലായി യൂറോപ്പും എന്നിങ്ങനെ ശ്രേണീകരിക്കപ്പെട്ടിട്ടുള്ള ലോകക്രമത്തെ, പ്രത്യേകിച്ച് യൂറോകേന്ദ്രിത ക്രമത്തെയാണ് ഈ വാക്കുകൾ പ്രതിഫലിപ്പിക്കുന്നത്. ഇവിടെ ഇടത്തെക്കുറിച്ചുള്ള (Space) വ്യാവഹാരികാതിർത്തികൾ രൂപപ്പെടുത്തുന്ന അധികാരഘടനതന്നെയും യൂറോകേന്ദ്രിതമാണെന്നു കാണാം. അതായത്, ഇടമെന്നത് സവിശേഷസമൂഹങ്ങളുടെ ഇടപെടലുകളിലൂടെ നിർമ്മിക്കപ്പെടുന്ന വ്യാവഹാരികസത്തയാണ്. കോളണീകരണത്തിന്റെ ചരിത്രഘട്ടത്തിൽ അധിനിവേശകർ വ്യത്യസ്ത സമൂഹങ്ങളെ മുൻനിർത്തി ദേശത്തെ രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. നവോത്ഥാനചരിത്രഘട്ടത്തിലെ ഭൂമിശാസ്ത്രജ്ഞാനങ്ങളുടെ അടിസ്ഥാനത്തിലാണ് വർണവൽക്കരിക്കപ്പെട്ട ദേശാതിർത്തികളും മാനുഷികശരീരങ്ങളും രൂപപ്പെടുന്നതെന്ന് നവോത്ഥാനചിന്തകനായ ഇമാനുവൽ കാന്റിന്റെ ഭൂമിശാസ്ത്രവിവക്ഷകളെ മുൻനിർത്തി ഓഡ്രി കോബായാഷി ചൂണ്ടിക്കാണിക്കുന്നുണ്ട്.[29]

വർണത്തിനെക്കുറിച്ചുള്ള ചർച്ചകൾ ഭൂമിശാസ്ത്രപരമായിട്ടാണ് തുടങ്ങുന്നതെന്നും നരവംശശാസ്ത്രത്തിന്റെ സങ്കൽപ്പനങ്ങളോട് കൂട്ടിക്കെട്ടി ഭൂമിശാസ്ത്രം

വലിയ തോതിൽ വർണവൽക്കരിക്കപ്പെട്ടിട്ടുണ്ടെന്നും അലാസ്റ്റയർ ബോണറ്റും അനൂപ് നായികും 'വർണവൽക്കരിക്കപ്പെട്ട സാംസ്കാരികഭൂമിശാസ്ത്രം: വർണ ത്തിന്റെ അതിർത്തികൾ' എന്ന പ്രബന്ധത്തിൽ നിരീക്ഷിക്കുന്നുണ്ട്.[30] ആഫ്രിക്ക, യൂറോപ്പ്, ഏഷ്യ എന്നിങ്ങനെ ആശയാവലികൾ രൂപപ്പെടുത്തി അത് തികച്ചും സ്വാഭാവികമാണെന്ന രീതിയിൽ വ്യാപിപ്പിക്കുന്നതിന്റെ ഉദാഹരണമായി പൊറ്റെ ക്കാട്ടിന്റെ ആഫ്രിക്കൻ ആഖ്യാനങ്ങളെയും വിലയിരുത്താവുന്നതാണ്. ചരിത്രപര മായി വിഷയം രൂപീകരിക്കപ്പെടുന്ന സാംസ്കാരികപ്രക്രിയയുടെ ചില മാനങ്ങളാ ണിവിടെ ഏറെ ശ്രദ്ധേയമാകുന്നത്.

**അപകോളനീകരണത്തിലെ വിഷയികൾ**

പൗരസ്ത്യവാദം കിഴക്കിനെക്കുറിച്ചുള്ള പാശ്ചാത്യരുടെ ജ്ഞാനനിർമ്മിതി യാണെന്നും അധികാരവും അറിവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തി ലാണ് പടിഞ്ഞാറ് പൗരസ്ത്യവാദത്തെ രൂപീകരിച്ചിട്ടുള്ളതെന്നും എഡ്വേഡ് സെയ്ദ് വിലയിരുത്തുന്നു.[31] ഇവിടെ, ഏഷ്യയെക്കുറിച്ചും ആഫ്രിക്കയെക്കുറിച്ചും അറേബ്യയെക്കുറിച്ചുമുള്ള യൂറോപ്പിന്റെ ജ്ഞാനപദ്ധതികളുടെ സ്വഭാവം വലിയരീ തിയിൽ തിരിച്ചറിയപ്പെടുന്നു. കോളണീകരണത്തിന്റെ സാംസ്കാരികാന്തരീക്ഷ ത്തിൽനിന്ന് അപകോളണീകരണത്തിന്റെ രാഷ്ട്രീയത്തിലേക്ക് കേരളം മാറുന്ന തിന്റെ സാഹചര്യങ്ങളിലാണ് പൊറ്റെക്കാട്ടും പിന്നീട് സക്കറിയയും യാത്രചെയ്യു ന്നത്. പൊറ്റെക്കാട്ട് തന്നെ പറയുന്നത് ഇങ്ങനെയാണ്:

> ''ആഫ്രിക്കയിൽ ഞാൻ പര്യടനം നടത്തിയത് 1949-50 കാലത്താണ്. അന്നു ഞാൻ സഞ്ചരിച്ച നാടുകളിൽ അധികവും ബ്രിട്ടൺ, പോർച്ചു ഗൽ, ബെൽജിയം മുതലായ വൈദേശിക വെള്ളമേധാവിത്വത്തിൻ കീഴിലായിരുന്നു''.[32]

പൊറ്റെക്കാട്ടിന്റെ കാഴ്ചയുടെ അരനൂറ്റാണ്ടിനു ശേഷമാണ് സക്കറിയ ആഫ്രിക്ക കാണാൻ യാത്രതിരിക്കുന്നത്. കാഴ്ചപ്പാടിനും കാഴ്ചകൾക്കും, അതാ

യത് വിഷയിക്കും വിഷയത്തിനും ചരിത്രപരമായി സംഭവിച്ച വ്യതിയാനങ്ങൾ തിരിച്ചറിയുന്ന സക്കറിയയാണ് 'ഒരു ആഫ്രിക്കൻയാത്ര' നടത്തുന്നത്. ഇവിടെ 'ഒരു' എന്ന തലക്കെട്ടിലൂടെ പൊറ്റെക്കാട്ടിന്റെ കാപ്പിരികളുടെ നാട്ടിൽ, സിംഹഭൂമി, നൈൽ ഡയറി, കയ്റോ കത്തുകൾ, ക്ലിയോപാട്രയുടെ നാട്ടിൽ എന്നിങ്ങനെ പൊറ്റെക്കാട്ട് നൽകുന്ന നെടുനായകനോട്ടങ്ങളുടെ തലക്കെട്ടുകൾതന്നെ അപ്രസക്തമാണെന്ന് യാത്രികൻ തിരിച്ചറിയുന്നുണ്ട്.

ആഫ്രിക്കയുടെ മേലുള്ള യൂറോപ്പിന്റെയോ ഏഷ്യയുടെയോ നോട്ടമാവാതിരിക്കാനുള്ള കരുതൽകൂടിയായി ഈ തലക്കെട്ടിനെ കാണാം. അതായത്, ആഫ്രിക്കയിലേക്ക് അനേകം യാത്രകൾ സാധ്യമാണെന്നും തന്റേത് അതിൽ ഒരു യാത്ര മാത്രമാണെന്നും എടുത്തുപറയുന്ന തലക്കെട്ടാണ് 'ഒരു ആഫ്രിക്കൻയാത്ര' എന്നത്. പൊറ്റെക്കാട്ടിന്റെ സാമൂഹികസന്ദർഭത്തിന് സംഭവിച്ച ചരിത്രപരമായ വ്യതിയാനം, ആഫ്രിക്കയിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് തുടക്കത്തിൽത്തന്നെ സക്കറിയ സൂചിപ്പിക്കുന്നു.

> ''1949-ൽ എസ്.കെ. സ്വതന്ത്ര ഇന്ത്യയിൽനിന്ന് ആഫ്രിക്കയിൽ പ്രവേശിക്കുമ്പോൾ അവിടെ കോളനിവാഴ്ച അതിന്റെ ഉഗ്രപ്രതാപത്തിലായിരുന്നു. ആ ആഫ്രിക്കൻ ഭൂപടം മാറ്റിവരയ്ക്കപ്പെട്ടു. അദ്ദേഹം യാത്രചെയ്ത ദക്ഷിണ റൊഡേഷ്യ സിംബാബ്‌വേയായി. ന്യൂസിലാന്റ് മലാവിയായി. ടംഗാനിക്ക ടാൻസാനിയയായി. ഉഗാണ്ടയിലും മൊസാംബിക്കിലും സുഡാനിലും സ്വാതന്ത്ര്യത്തിനുശേഷവും ഭീമമായ രാഷ്ട്രീയപരിവർത്തനങ്ങൾ വന്നുചേർന്നു.''[33]

വിഷയത്തിന്റെയും വിഷയിയുടെയും പരിണാമം അരനൂറ്റാണ്ടിനിടയിൽ ഏതു ദിശകളിലേക്കായിരുന്നുവെന്നത് സക്കറിയ ചരിത്രപരമായി പരിശോധിക്കുന്നുണ്ട്. വിഷയരൂപീകരണത്തിന്റെ രാഷ്ട്രീയമാനങ്ങൾ വിശദമായി ചർച്ചചെയ്യുകയും പുനക്രമീകരിക്കുകയും ചെയ്യുന്നുണ്ട് *ഒരു ആഫ്രിക്കൻയാത്ര*യിൽ. ചരിത്രപ

രമായി അനിവാര്യമായ സാംസ്കാരികമുഹൂർത്തത്തിന്റെ നിർമ്മിതിയാണ് *ഒരു ആഫ്രിക്കൻയാത്ര*യിലെ വിഷയി എന്നതാണ് പ്രധാനപ്പെട്ട കാര്യം. അരനൂറ്റാണ്ടിനു ശേഷമുള്ള ലോകബോധത്തിൽ പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻ വിഷയവും വിഷയിയും കീഴ്മേൽ മറിക്കപ്പെടുകയും പുതിയ വിഷയി രൂപപ്പെടുകയും ചെയ്തു എന്നർഥം.

യൂറോകേന്ദ്രിത വിഷയങ്ങൾക്കെതിരെയുള്ള ആശയപരമായ പ്രതിരോധം മാറ്റിത്തീർത്ത വിഷയികളിലേക്കുള്ള ദൂരമാണ് *ഒരു ആഫ്രിക്കൻയാത്ര*യിൽ പ്രത്യക്ഷപ്പെടുന്നത്. 'ഇരുണ്ട' ആഫ്രിക്കയിലേക്കല്ല, പ്രകാശിക്കുന്ന ആഫ്രിക്കയിലേക്കാണ് താൻ യാത്ര തിരിക്കുന്നതെന്ന് ഊന്നിപ്പറയേണ്ട രാഷ്ട്രീയ ബാധ്യത വിഷയിയുടെ പരിണാമചരിത്രത്തിലെ പുരോയാനങ്ങളെയാണ് കുറിക്കുന്നത്.

> ''ആഫ്രിക്കയിലൂടെ യാത്രചെയ്യവേ ഞാൻ തിരിച്ചറിഞ്ഞ പ്രധാന വസ്തുത ഇതാണ് - ആഫ്രിക്കയെക്കുറിച്ചുള്ള 'ഇരുണ്ട ഭൂഖണ്ഡം' എന്ന സ്ഥിരം വിശേഷണം പാശ്ചാത്യ കൊളോണിയൽ മനസ്സ് നിർമ്മിച്ച് ലോകവ്യാപകമായി വിതരണം ചെയ്യുകയും നമ്മെപ്പോലുള്ളവർ വിശ്വാസപൂർവം സ്വീകരിക്കുകയും ചെയ്ത ഒരു കളവാണ്.''[34]

ഈ തിരിച്ചറിവിലേക്കെത്തുന്ന ആശയവ്യതിയാനങ്ങൾ അമ്പതു വർഷങ്ങൾക്കിടയിൽ സംഭവിക്കുന്നുവെന്നതാണ് പൊറ്റെക്കാട്ടിൽനിന്ന് സക്കറിയയിലേക്കുള്ള വിഷയി-വിഷയപരിണാമത്തെ ശ്രദ്ധേയമാക്കുന്നത്.

മുകളിൽ സൂചിപ്പിച്ച പ്രസ്താവനയിൽ സക്കറിയ എടുത്തു പറയുന്നത് ആഫ്രിക്കയെക്കുറിച്ചുള്ള യൂറോകേന്ദ്രിതപാഠത്തെക്കുറിച്ചും ആ പാഠം വിശ്വാസപൂർവം സ്വീകരിച്ചവരെക്കുറിച്ചുമാണ്. ഒരു സവിശേഷപാഠം എന്താണ് നിർമ്മിക്കുന്നത് എന്നും ആ പാഠം ആരാണ് സ്വീകരിക്കുന്നത് എന്നുമുള്ളത് ഏറെ പ്രധാനപ്പെട്ട കാര്യമാണ്. സക്കറിയയുടെ *ഒരു ആഫ്രിക്കൻയാത്ര*യുടെ ആമുഖത്തിൽ ഈ

പാശ്ചാത്യ കൊളോണിയൽ പാഠം സ്വീകരിച്ച പൊറ്റെക്കാട്ടിനെക്കുറിച്ചുള്ള പരോക്ഷസൂചനകളുണ്ട്. പ്രത്യേകിച്ച് കോളണീകരണത്തിന്റെ ഭാഗമായി ഇന്ത്യക്കാരെ അധിനിവേശിച്ച യൂറോപ്യൻ അളവുകളുടെയും ശ്രേണീകരണങ്ങളുടെയും പ്രശ്നമണ്ഡലമാണത്. ഈ പ്രശ്നമണ്ഡലങ്ങളെ പരിശോധിച്ചുകൊണ്ട് മാത്രമേ 'വിഷയി' എന്ന നിലയിൽ പൊറ്റെക്കാട്ടിനെയും സക്കറിയയെയും അഭിമുഖീകരിക്കാനാവൂ. യൂറോപ്യർ-യൂറോപ്യേതരർ എന്നിങ്ങനെ വിഭാവനം ചെയ്യപ്പെട്ട കൊളോണിയൽശ്രേണി, യൂറോപ്യൻ അധിനിവേശങ്ങളുടെ സ്ഥാപനവൽക്കരണവും നീതീകരണവുമായിരുന്നുവെന്നും ആഫ്രിക്കൻ, ഏഷ്യൻ, യൂറോപ്യൻ എന്നീ വിഭജനങ്ങളുടെ യുക്തി വർണത്തിന്റെ അടിസ്ഥാനത്തിൽ തന്നെയായിരുന്നുവെന്നും 'വംശീയതയുടെ സാംസ്കാരികഭൂമിശാസ്ത്രം' എന്ന പ്രബന്ധത്തിൽ അലാസ്റ്റയർ ബോണറ്റും അനൂപ് നായിക്കും ചൂണ്ടിക്കാണിക്കുന്നുണ്ട്.[35] യൂറോപ്യൻവിഷയങ്ങളിലും വിവിധ അനുശീലനങ്ങളിലുമായി വിഭാവനം ചെയ്യപ്പെട്ട ഈ വർണ-സ്ഥലകേന്ദ്രിതമായ വിവക്ഷകൾ കോളണീകരണത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെടുകയും തദ്ദേശീയജനതകളുടെ മേൽ വിധേയത്വത്തിന്റെ ആശയാവലികളായി അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്തു.

സക്കറിയ തന്റെ *ഒരു ആഫ്രിക്കൻയാത്ര*യുടെ തുടക്കത്തിൽത്തന്നെ രീതിശാസ്ത്രപരമായി കൊളോണിയൽ അധീശത്വ-വിധേയത്വബോധത്തിൽനിന്ന് മാറിനിൽക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. കോളണീകരണത്തെ നിർവചിക്കാനും അതിന്റെ ആന്തരിക-ബാഹ്യബന്ധങ്ങൾ തുറന്നുകാണിക്കാനുമാണ് അദ്ദേഹം ശ്രമിക്കുന്നത്. എസ്.കെ.പൊറ്റെക്കാട്ട് 'കാപ്പിരികളുടെ നാട്ടിൽ' എന്ന് കൊടുക്കുന്ന തലക്കെട്ട് സക്കറിയയിലേയ്ക്കെത്തുമ്പോൾ 'ഒരു ആഫ്രിക്ക'യാവുന്നു. അതായത്, ജനതയുടെ വംശത്തിനാണ് കാപ്പിരികൾ എന്ന പ്രയോഗത്തിലൂടെ പൊറ്റെക്കാട്ട് ഊന്നൽ കൊടുത്തിരുന്നതെങ്കിൽ സക്കറിയ, ദേശത്തിന്റെ വർണമെന്ന നിലയിൽ രൂപാന്തരപ്പെട്ട ആഫ്രിക്കയെയാണ് കാണുന്നത്. വംശത്തിന്റെ സാമൂഹിക നിർമ്മിതി ഇടത്തിലേക്കുള്ള (Space) ശാരീരികപ്രവേശത്തിലൂടെയാണെന്നും

പിന്നീട് ഇടത്തിനുമേൽ വംശീയാർഥങ്ങൾ രേഖപ്പെടുത്തുന്നുവെന്നും വംശീയത യുടെയും ഇടത്തിന്റെയും പ്രതിനിധാനങ്ങളെ വിലയിരുത്തിക്കൊണ്ട് അലാസ്റ്റയറും അനൂപ് നായിക്കും പറയുന്നുണ്ട്.[36] ആഫ്രിക്കയുടെ മേൽ വീണ 'ഇരുണ്ട ഭൂഖണ്ഡ 'മെന്ന വിളിപ്പേരിന്റെ കൊളോണിയൽ പശ്ചാത്തലം അടയാളപ്പെടുത്തിക്കൊണ്ട് സക്കറിയ രേഖപ്പെടുത്തുന്നത് ശ്രദ്ധിക്കുക:

> ''1871-ൽ ബ്രിട്ടീഷ് മിഷനറിയും സഞ്ചാരിയുമായിരുന്ന ഡേവിഡ് ലിവിങ്സ്റ്റനെ തേടിപ്പോയ ബ്രിട്ടീഷ് പത്രപ്രവർത്തകൻ ഹെൻറി മോർട്ടൺ സ്റ്റാൻലിയുടെ യാത്രാവിവരണങ്ങൾ ആഫ്രിക്കയെ അതി സാഹസികതയോടെ സമീപിക്കേണ്ട ഒരു അന്ധകാരകാണ്ഡമായി ലോകത്തിനു മുൻപാകെ അവതരിപ്പിച്ചു. കോംഗോനദീതടത്തിലെ മഴക്കാടുകളിലൂടെയുള്ള യാത്രകൾ അതീവ ദുർഘടമായിരുന്നുവെ ന്നതിൽ സംശയമില്ല-മറ്റേത് ഉഷ്ണമേഖലാ മഴക്കാടിനെയും പോലെ. 'ത്രൂ ദി ഡാർക്ക് കോണ്ടിനന്റ്' എന്നായിരുന്നു സ്റ്റാൻലി യുടെ പുസ്തകത്തിന്റെ പേര്. അങ്ങനെയാണ് 'ഇരുണ്ട ഭൂഖണ്ഡം' എന്ന നാമം ആഫ്രിക്കയുടെ മേൽ പതിഞ്ഞത്''.[37]

കോളണീകരണത്തിന്റെ വിഷയവിഭാവനത്തിൽ സംഘാടനം ചെയ്യപ്പെട്ട ഒട്ടേറെ സഞ്ചാരസാഹിത്യകൃതികൾ മലയാളത്തിലുണ്ടായിട്ടുണ്ട്. ഇവയൊക്കെ കോളണീകരണത്തിന്റെ ബൃഹദ് ശ്രേണീകരണങ്ങളെ സ്വാംശീകരിക്കുന്നതോ ടൊപ്പം ആഭ്യന്തര കോളനികളെയും ശ്രേണീകരണങ്ങളെയും വിഭാവനം ചെയ്യു ന്നുമുണ്ട്. മലയാളത്തിലെ സഞ്ചാരസാഹിത്യത്തെക്കുറിച്ചുള്ള ഡോ. ടി.ജി. മാധ വൻകുട്ടിയുടെ ഒരു വിവരണം ശ്രദ്ധിക്കുക

> ''കെ. പാനൂരിന്റെ *കേരളത്തിലെ ആഫ്രിക്ക*, *മലകൾ താഴ്‌വരകൾ മനുഷ്യർ*, *ഹാ! നക്സൽ ബാരി* എന്നീ കൃതികൾ കൂടാതെ നെട്ടൂർ പി. ദാമോദരന്റെ *ആദിവാസികളുടെ കേരളം*, അമ്പാട്ടു സുകു

മാരൻനായരുടെ *ആദിവാസികളുടെ നാട്ടിൽ*, ജോയി തിരുമൂലപുരത്തിന്റെ *ഇടമലക്കുടിയിലെ മുതുവന്മാർ*, രവീന്ദ്രന്റെ *ദിഗാരുവിലെ ആനകൾ*, *അകലങ്ങളിലെ മനുഷ്യർ*, കുര്യൻ പാമ്പാടിയുടെ *സിംഹഭൂമിയിൽ*, പി.എൽ വിജയന്റെ *അരുണാചൽ കാടുകളിൽ* എന്നിവയും കേരളത്തിനകത്തും പുറത്തുമുള്ള ആദിവാസികളുടെ ജീവിതചിത്രീകരണങ്ങളാണ്. വെറും കാഴ്ചകളല്ല, മനുഷ്യരുടെ കാഴ്ചകളാണ് ഈ രചനകളിൽ തിളങ്ങുന്നത്. നരവംശശാസ്ത്രത്തോടും സാമൂഹികശാസ്ത്രത്തോടും ഇത്തരം കൃതികൾക്ക് കൂടുതൽ അടുപ്പം ഉണ്ട്.''[39]

ഇതിനർഥം ആദിവാസിസമൂഹങ്ങളും ഇതര സമൂഹങ്ങളും തമ്മിൽ സൃഷ്ടിക്കപ്പെട്ട സാംസ്കാരികമായ വിടവുകൾ, പ്രത്യേകിച്ചും യൂറോകേന്ദ്രിത വിഷയവിഭാവനകളുടെ സൃഷ്ടികളാണ് എന്നതാണ്. കൊളോണിയൽ നരവംശശാസ്ത്രത്തിന്റെയും സാമൂഹികശാസ്ത്രത്തിന്റെയും വിഷയസങ്കൽപ്പങ്ങൾ സ്വാംശീകരിച്ച വിഷയികൾ ലോകത്തെ നോക്കിക്കണ്ടതെങ്ങനെ എന്നുള്ളതിന് ഉദാഹരണമാണിത്. അകലങ്ങളിലല്ല, ഉള്ളിൽത്തന്നെ കോളനികൾ സൃഷ്ടിച്ചുകൊണ്ട് ജനതയെ ശ്രേണീകരിക്കാനും അതിന് നീതീകരണങ്ങൾ ചമയ്ക്കാനും അതിലൂടെ അപരരിൽനിന്ന് വ്യത്യസ്തമായ വിഷയിയായി വിഭാവനം ചെയ്യാനുമുള്ള ശ്രമമാണിവിടെ നടക്കുന്നത്. 'കേരളത്തിലെ ആഫ്രിക്കക്കാര'നിൽനിന്നുമാത്രമല്ല, സക്കറിയയിൽനിന്നും മറ്റെല്ലാവരിൽനിന്നുമുള്ളതു പോലെ ആഭ്യന്തര കോളണീകരണത്തിന്റെ ശ്രേണീകരണങ്ങൾ എടുത്തുകാട്ടാനാവും. അതായത്, ഇടത്തിനുമേലുള്ള രാഷ്ട്രീയമായ അധിനിവേശമല്ല, വിഷയിയുടെയും വിഷയത്തിന്റെയും അധികാരബന്ധങ്ങളാണ് കോളണീകരണത്തിന്റെ അന്തസ്സത്തയെന്ന് ചുരുക്കം. നരവംശശാസ്ത്രവും ചരിത്രവും സാഹിത്യവും ഗണിതശാസ്ത്രവും സാമ്പത്തികശാസ്ത്രവും ഭൗതികശാസ്ത്രവും ഭാഷാശാസ്ത്രവും ഭൂമിശാസ്ത്രവുമെല്ലാം അധികാരബന്ധങ്ങളിലൂടെ വിഷയിയെയും വിഷയങ്ങളെയും ശ്രേണീകരിക്കുകയാ

ണ്. അധികാരമെന്നത് ശ്രേണീകരണങ്ങളിലൂടെയാണ് വിഭാവനം ചെയ്യപ്പെടുന്നതു തന്നെ.

വിഷയവിഭാവനകളുടെ സങ്കീർണതകൾ വേർതിരിച്ചെടുക്കുക അത്ര ലളിതമായ ഉദ്യമമല്ല. യൂറോപ്പ് ആഫ്രിക്കയെയും ഏഷ്യയെയും യൂറോപ്പിനുള്ളിൽത്തന്നെയും ആഭ്യന്തരമായി ശ്രേണീകരിക്കുന്നത് പ്രധാനമായും തൊഴിലിന്റെ അടിസ്ഥാനത്തിലാണ്. അതായത് അധ്വാനത്തിന്റെ അടിസ്ഥാനത്തിലുള്ള ശ്രേണീകരണമാണ് മറ്റെല്ലാ ശ്രേണീകരണങ്ങളെയും പ്രത്യക്ഷമായോ പരോക്ഷമായോ വിഭാവനം ചെയ്യുന്നത്. ആഫ്രിക്കക്കാരുടെ തൊഴിൽ നൈപുണിയെക്കുറിച്ച് സക്കറിയ വിവരിക്കുന്നത് നോക്കുക:

> ''വീട്ടുജോലിക്കാരായി പണിയെടുക്കുന്ന ആഫ്രിക്കക്കാരെക്കുറിച്ച് പ്രശംസാവചനങ്ങൾ മാത്രമേ കേൾക്കാനുള്ളൂ. അവർ കുടുംബാംഗങ്ങളെപ്പോലെയായിത്തീരുന്നു. അങ്ങേയറ്റം സത്യസന്ധരാണ്. വെള്ളക്കാരും മലയാളികളും ഗുജറാത്തികളുമെല്ലാം ഒരേ ശബ്ദത്തിൽ പറയുന്ന ഒരു കാര്യമുണ്ട്. അവർ നമ്മുടെ കുഞ്ഞുങ്ങളെ നമ്മെക്കാൾ ശ്രദ്ധയോടെയും സ്നേഹത്തോടെയും വളർത്തും. വീടിന്റെ പൂർണ ഉത്തരവാദിത്വം അവർ ഏറ്റെടുക്കുന്നു. ഉണ്ണിയുടെ (സക്കറിയയുടെ സുഹൃത്ത്) കുടുംബവും യാത്രപോകുന്നത് വീട്ടുജോലിക്കാരനെ ഏൽപ്പിച്ചിട്ടാണ്. ഉണ്ണിയുടെ സുഹൃത്തുക്കൾ ഫോൺ ചെയ്യുമ്പോൾ അവനിലെ ഫലിതക്കാരൻ ഉണരും. അവൻ പറയുമത്രേ, മിസ്റ്റർ ഉണ്ണി ഇവിടെയില്ല. ഇപ്പോൾ ഞാനാണ് മിസ്റ്റർ ഉണ്ണി''[40] എന്ന്.

സക്കറിയ വിവരിക്കുന്ന ഈ ഫലിതത്തിന്റെ രാഷ്ട്രീയ യാഥാർഥ്യമെന്താണെന്നു പരിശോധിക്കേണ്ടതുണ്ട്. സക്കറിയയ്ക്ക് മുമ്പിലുള്ള ആഫ്രിക്കൻ ഫലിതവിഷയത്തിന്റെ യാഥാർഥ്യം ബഹുരൂപിയായ അധീശത്വത്തിന്റെ ശ്രേണീകരണങ്ങളാൽ

ബന്ധിതമായതാണ്, പ്രത്യേകിച്ചും അധ്വാനത്തിൽ. യൂറോപ്യൻ അധിനിവേശകർ കോളണീകരണത്തിനുള്ള പദ്ധതി വിഭാവനം ചെയ്ത ആഫ്രിക്കൻ-ഏഷ്യൻ വിഷയസങ്കൽപ്പങ്ങളെത്തന്നെ സമകാലികസന്ദർഭത്തിൽ (2000) ആഫ്രിക്കയുടെ മേൽ ഇറക്കിവയ്ക്കുകയാണ് സക്കറിയയുടെ ഈ വിവരണത്തിലൂടെ ചെയ്യുന്നത്. 19, 20 നൂറ്റാണ്ടുകളിലെ വിവിധതലത്തിലുള്ള വിഷയകേന്ദ്രീകരണങ്ങളിലൂടെ അക്കാദമികലോകത്ത് ഭവശാസ്ത്രപരമായും (Ontological) ജ്ഞാനശാസ്ത്രപരമായും (Epistemological) പൗരസ്ത്യ- പാശ്ചാത്യ വ്യതിരിക്തതകൾ യൂറോപ്പ് വിഭാവനം ചെയ്യുന്നുവെന്ന് എഡ്വേഡ് സെയ്ദ് ചൂണ്ടിക്കാണിക്കുന്നു.[41] ഇത്തരം കൊളോണിയൽ വിഷയവിഭാവനകളുടെ ശ്രേണികളെ സ്വാംശീകരിച്ചുകൊണ്ടാണ് എസ്.കെ. പൊറ്റെക്കാട്ടും സക്കറിയയും ആഫ്രിക്കയെ വായിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നത്. ആധിപത്യത്തിന്റെയും വിധേയത്വത്തിന്റെയും സാംസ്കാരികഭൂമികകളായി ശരീരങ്ങൾ മാറുന്നതിന്റെ രാഷ്ട്രീയമാണ് ഇവിടെ ഏറെ ശ്രദ്ധിക്കേണ്ടത്.

പൗരസ്ത്യത്തെ 'തൊഴിലായി' ന്യൂനീകരിക്കുന്ന ബെഞ്ചമിൻ ഡിസ്റാലി (Benjamin Disraeli) യുടെ വാക്കുകൾ എഡ്വേഡ് സെയ്ദ് പൗരസ്ത്യവാദത്തിന്റെ മുൻകുറായി കൊടുക്കുന്നതിന്റെ രാഷ്ട്രീയവിവക്ഷ[42], മേൽസൂചിപ്പിച്ച ആഫ്രിക്കൻവംശജരുടെ തൊഴിൽവിവക്ഷയുടെ പ്രത്യക്ഷാർഥത്തെ മുന്നിൽ കണ്ടുകൊണ്ടാണ്. ''വെള്ളക്കാരും മലയാളികളും ഗുജറാത്തികളും ഒരേ ശബ്ദത്തിൽ' പറയുന്നതിന്റെ അർഥം മറ്റൊന്നല്ല. എത്ര ഉദാത്തമായി, സൗമനസ്യത്തോടെ നൽകുന്ന സാക്ഷ്യപത്രമാണിതെന്ന് വ്യക്തമാകണമെങ്കിൽ ആഫ്രിക്കൻവിഷയത്തെ, അല്ലെങ്കിൽ പൗരസ്ത്യത്തെ പാശ്ചാത്യത്തിൽനിന്ന് വ്യതിരിക്തമാക്കുന്ന, വിവേചനത്തിന്റെ ആശയാവലികളെയും പ്രയോഗമാതൃകകളെയും സൂക്ഷ്മമായി മനസ്സിലാക്കേണ്ടതുണ്ട്. ഗാന്ധി 'എന്റെ സത്യാന്വേഷണപരീക്ഷണകഥയിൽ' 'കൂലി എന്നതിന്റെ അർഥം' എന്ന തലക്കെട്ടിൽ കുറിക്കുന്ന ഒരു ഭാഗം നോക്കുക:

''(ഇന്ത്യക്കാർ) അവർ അവിടെ താമസിക്കാൻ നിശ്ചയിക്കുകയാണെങ്കിൽ ഹോട്ടലുകളിൽ പരിചാരകരായോ, അല്ലെങ്കിൽ അതുപോലുള്ള താഴ്ന്ന ജോലിക്കാരായോ മാത്രം കഴിയാനേ അവർക്ക് പറ്റൂ...... കറുത്തവർഗക്കാർക്കുള്ള നിയമങ്ങൾ ഏഷ്യാക്കാർക്കും ബാധകമായിരുന്നു. ഈ നിയമങ്ങൾ അനുസരിച്ച് ഇന്ത്യാക്കാർ പൊതുനടപ്പാതകളിലൂടെ നടക്കാൻ പാടില്ലായിരുന്നു. പ്രത്യേക അനുവാദമില്ലാതെ രാത്രി ഒൻപതുമണിക്കുശേഷം വീടുവിട്ട് പുറത്തുപോകാനും പാടില്ല.''[43]

തീർന്നില്ല, ഗാന്ധിയെ ഒരു പാറാവുകാരൻ നടപ്പാതയിലൂടെ നടന്നതിന് ചവിട്ടിത്തള്ളി തെരുവിലേക്കിടുകയും ചെയ്യുന്നുണ്ട്.[44] മലയാളിയും ഗുജറാത്തിയും ദക്ഷിണാഫ്രിക്കയിൽ ഒരു നൂറ്റാണ്ടു മുമ്പ് വെള്ളക്കാർക്കു മുമ്പിൽ ശ്രേണീകരിക്കപ്പെട്ടിരുന്നത് ഈവിധമാണെന്ന രാഷ്ട്രീയയാഥാർഥ്യം ചരിത്രപരമായി സൗകര്യപൂർവമുള്ള, അല്ലെങ്കിൽ ബോധപൂർവമുള്ള ചില വിസ്മൃതികളായി പരിഗണിക്കേണ്ടിവരും. വെള്ളക്കാരുടെ കൂടെ ചേർന്ന് മലയാളിയും ഗുജറാത്തിയും ആഫ്രിക്കൻ തൊഴിലാളിക്ക് നൽകുന്ന സാക്ഷ്യപത്രം വിഫലവിഭാവനയുടെ കൊളോണിയൽ ബാധ്യതയായി മാറുന്നുണ്ട് ഇത്തരം കാഴ്ചകളിൽ.

എസ്.കെ. പൊറ്റെക്കാട്ടും സക്കറിയയും നടത്തുന്ന യാത്രകളുടെ അരനൂറ്റാണ്ടുകളുടെ അകലം കോളണീകരണത്തിന്റെ വിധേയവിഭാവനകളെ ശിഥിലീകരിക്കുന്നതിനോ റദ്ദുചെയ്യുന്നതിനോ മതിയായതല്ല എങ്കിലും, ആഫ്രിക്കക്കാരുടെ ചരിത്രവും സംസ്കാരവും യൂറോകേന്ദ്രിത മാതൃകകളിലാവണമെന്ന് വാശിപിടിക്കുന്നതിന്റെ ധാർമ്മികതയും ഔചിത്യവും ന്യായീകരിക്കത്തക്കതല്ല. ഒരു കോളണി മറ്റ് കോളണികളെ ശ്രേണീകരിക്കുന്ന സങ്കീർണ അധീശപ്രക്രിയയുടെ വിഷയാധികാരം കൈയാളുന്ന സന്ദർഭങ്ങളുടെ ബാഹുല്യം സക്കറിയയുടെ നോട്ടങ്ങളിലേറെയുണ്ട്.

''കറുത്തവർക്ക് വാഹനസുഖം പറഞ്ഞിട്ടില്ല എന്ന വെള്ളക്കാരന്റെ പ്രമാണം ഒരുപക്ഷേ കൊളോണിയൽകാലം കഴിഞ്ഞിട്ടും കറുത്തവരുടെ ഭരണകൂടങ്ങൾ അബോധമായി തുടരുകയായിരിക്കാം. ഹബറുണിയിൽ ബോട്സ്വാനയുടെ ചരിത്രവും സംസ്കാരവും വിവരിക്കുന്ന മ്യൂസിയമുണ്ട്. കറുത്ത ആഫ്രിക്കയിൽ ഞാൻ കണ്ട എല്ലാ മ്യൂസിയങ്ങളെയുംപോലെ ഇതും ഒട്ടും ശ്രദ്ധേയമായിരുന്നില്ല. ആഫ്രിക്കയിലെ വനഗ്രാമീണഗോത്രങ്ങൾക്ക് ഇത്തരമൊരു പ്രദർശനത്തിനു വയ്ക്കാനുപയുക്തമായ കല-സാംസ്കാരിക-സാങ്കേതിക-ചരിത്രവസ്തുക്കളില്ല എന്നത് ഒരു കാരണം മാത്രമാണ്.''[45]

ആഫ്രിക്കൻജനതയെ ചരിത്രവും സംസ്കാരവുമില്ലാത്തവരായി സങ്കൽപ്പിക്കുന്നതിന്റെ രാഷ്ട്രീയാർഥം യൂറോകേന്ദ്രിതമായ, പ്രത്യേകിച്ച് 19, 20 നൂറ്റാണ്ടുകളോടെ വ്യാപകമാവുന്ന സവിശേഷചിന്താപദ്ധതികളുടെ മാതൃകകളിലേക്ക് അവരെ ന്യൂനീകരിക്കാൻ ശ്രമിക്കുന്നു എന്നതാണ്. 1859-ൽ പ്രസിദ്ധീകരിച്ച ചാൾസ് ഡാർവിന്റെ പ്രകൃതിനിർദ്ധാരണവാദത്തിന്റെ അടിത്തറയിലാണ് വർണത്തെക്കുറിച്ചുള്ള യൂറോകേന്ദ്രിത വ്യാഖ്യാനങ്ങൾക്ക് ന്യായീകരണങ്ങൾ ചമയ്ക്കപ്പെട്ടതെന്ന് അലി മസ്രൂയി (Ali Mazrui) നിരീക്ഷിക്കുന്നുണ്ട്.[46] സക്കറിയ ആഫ്രിക്കൻജനതയ്ക്കുമേൽ മറ്റ് കുടിയേറ്റക്കാരെപ്പോലെ ഇന്ത്യയിൽനിന്നുള്ള കുടിയേറ്റക്കാരും അധീശത്വം സ്ഥാപിക്കുന്നത് പൂർണമായും കാണാതിരിക്കുന്നില്ല. എന്നാൽ ഈ അധിനിവേശത്തിന്റെ കാരണം വിശദീകരിക്കുമ്പോൾ സക്കറിയയുടെ ഭാഷയും കാഴ്ചക്കോണുകളും കൊളോണിയൽ യൂറോപ്പിന്റെ വിഷയവിഭാവനയിലേക്ക് കുടിയേറുന്നതു കാണാം. ആഫ്രിക്കൻ ജനതയെ സാമ്പത്തികമായി ചൂഷണംചെയ്യുന്ന യൂറോപ്യരുടെയും ഇന്ത്യക്കാരുടെയും പ്രവൃത്തികളെ ആഫ്രിക്കക്കാരുടെ കഴിവുകേടും നാഗരിക-സംസ്കാരത്തിന്റെ അഭാവവുമായിട്ടാണ് പലപ്പോഴും സക്കറിയ ചൂണ്ടിക്കാണിക്കുന്നത്. ഒരു സന്ദർഭം ശ്രദ്ധിക്കുക:

''അടുത്ത മുപ്പതുവർഷംകൊണ്ട് ഇന്ത്യൻ ആശാരിമാരും കൽപ്പണിക്കാരും മൂശാരിമാരും കൊല്ലന്മാരും മറ്റിനം പണിക്കാരും ചേർന്ന് പണിതു പൊക്കിയ നഗരമാണ് ഇന്നത്തെ നെയ്റോബി (Nairobi). റെയിൽവേയുടെ നടത്തിപ്പ് ഏതാണ്ട് പൂർണമായും ഇന്ത്യൻ ജോലിക്കാരുടെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വമായിരുന്നു. സാധുവും അസമർഥനുമായ ആഫ്രിക്കക്കാരന്റെ വിധി കാണുക! അവൻ വെള്ളക്കാരന്റെ മാത്രമല്ല, വെള്ളക്കാരുടെ കീഴാളരായ ഇന്ത്യക്കാരുടെയും കീഴാളനായിത്തീർന്നു! ഇന്ത്യക്കാർ ഏറ്റെടുത്ത പണികളൊന്നും ചെയ്യാൻ അവനറിഞ്ഞുകൂടായിരുന്നു എന്നത് അവന്റെ നാഗരികമല്ലാത്ത ചരിത്രത്തിന്റെ ഫലമായിരുന്നു.''[47]

സക്കറിയ അവസാനിപ്പിക്കുന്ന ആഫ്രിക്കൻജനതയുടെ അഭാവങ്ങൾ നോക്കുക. സംസ്കാരവും ചരിത്രവും നാഗരികതയും ഇല്ലായ്മയുടെ യുക്തിയാണ് ഇവിടെ പ്രശ്നവൽക്കരിക്കപ്പെടേണ്ടത്.

മേൽ സൂചിപ്പിച്ച സമീപനങ്ങളിലൂടെ, കൊളോണിയൽ അധിനിവേശത്തിലൂടെ രൂപപ്പെട്ട ഇന്ത്യൻ വിഷയിയുടെ രാഷ്ട്രീയാവബോധമാണ് പ്രതിഫലിക്കുന്നത്. ഒരു വ്യക്തിയുടെ ചരിത്രഭാഗധേയമല്ലത്. ജനതയുടെ മൊത്തത്തിലുള്ള ലോകബോധത്തിന്റെ യൂറോകേന്ദ്രിതമായ ശ്രേണീകരണങ്ങളുടെ ഉള്ളടക്കമാണത്തരം സമീപനങ്ങളുടെ പശ്ചാത്തലം. കോളണീകരണത്തിലെ വിഷയങ്ങളെക്കുറിച്ചുള്ള ബി. രാജീവന്റെ ശ്രദ്ധേയമായ ഒരു നിരീക്ഷണം ഇവിടെ കൂട്ടിച്ചേർക്കുന്നത് അർഥവത്താണ്:

''കോളനി രാജ്യങ്ങളിലെ മനുഷ്യജീവിതങ്ങൾ, പാശ്ചാത്യമനുഷ്യമാതൃകയെ കേന്ദ്രമാക്കി സൃഷ്ടിക്കപ്പെട്ട, നരവംശശാസ്ത്രം, പുരാവംശവിജ്ഞാനീയം തുടങ്ങി ഒട്ടേറെ ജ്ഞാനശാഖകൾക്ക് 'വിഷയ'മായതിന്റെ ഫലമായുണ്ടായതാണ്. നമ്മുടെ ഭൂതകാലത്തെ

ക്കുറിച്ചുള്ള ധാരണകളുടെ അടിസ്ഥാനപരികല്പനകൾ ഈ ഭൂത കാല സങ്കൽപ്പത്തിന്മേൽ ഉയർത്തിനിർത്തപ്പെട്ടതാണ്.''[48]

അതായത് എസ്.കെ. പൊറ്റെക്കാട്ടും സക്കറിയയും വിഷയിയെന്ന നില യിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള സാംസ്കാരികസന്ദർഭത്തിന്റെ വിവിധ മാനങ്ങൾ അവ രുടെ നിലപാടുകൾ ചരിത്രവൽക്കരിക്കേണ്ടതിലാണ് ഊന്നുന്നത്.

ഇംഹോടെപ്, അഹ്മോസ്[49] തുടങ്ങിയവരൊക്കെയുൾപ്പെടുന്ന ബൃഹത്ജ്ഞാനമാർഗങ്ങളിൽ വ്യാപരിച്ചിരുന്ന ആഫ്രിക്കൻചിന്തകരും വൈദ്യശാ സ്ത്രജ്ഞരും ശാസ്ത്രകർത്താക്കളുമായ അനേകം പേരുടെ സാന്നിധ്യങ്ങളെ തിര സ്കരിച്ചുകൊണ്ടാണ് എസ്.കെ. പൊറ്റെക്കാട്ടും സക്കറിയയും ആഫ്രിക്കയുടെ സാംസ്കാരികവും ചരിത്രപരവുമായ ശൂന്യതകളെക്കുറിച്ച് ചില ഉദാഹരണ ങ്ങളെടുത്ത് പെരുപ്പിച്ചു വിവരിക്കുന്നത്. 1910 (ജൂൺ 13)-ൽ പ്രധാനമന്ത്രിയായി രുന്ന അർതർ ജെയിംസ് ബാൽഫോൾ ബ്രിട്ടീഷ് പൊതുസഭയിൽ, ഈജിപ്തിൽ നമ്മൾ നേരിടുന്ന പ്രശ്നം വ്യത്യസ്തമായ തരത്തിലുള്ളതാണെന്ന് എടുത്തുപറ യുന്നത് എഡ്വേഡ് സെയ്ദ്, 'പൗരസ്ത്യവാദ'ത്തിന്റെ തുടക്കത്തിൽത്തന്നെ വായന ക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.[50] യൂറോപ്യൻ ജ്ഞാനശാസ്ത്രത്തിൽനിന്ന് ആഫ്രിക്കൻ ജ്ഞാനശാസ്ത്ര പദ്ധതികൾക്കുള്ള വലിയ ഒരു വ്യതിരിക്തത യൂറോ പ്പിലെ ദ്വന്ദ്വാത്മകതയെ പ്രത്യേകിച്ച് വിഷയ/വിഷയിദ്വന്ദ്വങ്ങളെ ആഫ്രിക്കൻ ജ്ഞാനശാസ്ത്രം അംഗീകരിക്കുന്നില്ലെന്നതാണെന്ന് കാർട്ടീഷ്യൻ ജ്ഞാനശാ സ്ത്രത്തെ മുൻനിർത്തി എഫ്.എ. എയ്റോബോമാനും എ.എ. അസിഘുനോവും ചൂണ്ടിക്കാണിക്കുന്നുണ്ട്.[51] മാത്രമല്ല, ദ്വന്ദ്വം സങ്കൽപ്പനപരമായി കൊളോണിയൽ അധീശവിഭാവനയുടെ ചട്ടക്കൂടിലാണ് നിർമ്മിക്കപ്പെടുന്നതെന്നും അത് വെളുത്ത വിഷയിയെയും കറുത്ത വിഷയത്തെയും വർണത്തിന്റെ അടിസ്ഥാനത്തിൽ രൂപ പ്പെടുത്തുകയാണ് ചെയ്യുന്നതെന്നുമുള്ള ഫ്രാൻസ് ഫാനന്റെ വാദവും പരിഗണി ക്കേണ്ടതുണ്ട്.[52] ആഫ്രിക്കൻ വീട്ടുജോലിക്കാരെപ്പറ്റി സക്കറിയ നൽകുന്ന സൂചന

യിലെ ധാർമ്മികാംശങ്ങളെയും അധ്വാനത്തിന്റെ അർപ്പിത മനസ്ഥിതിയെയും ഈയർഥത്തിൽ പരിഗണിക്കാമെങ്കിലും, ശ്രേണീകരണങ്ങളുടെയും ഹാസ്യാത്മക തയുടെയും ചരിത്രശൂന്യതയുടെയും പ്രത്യക്ഷ-പരോക്ഷാർഥങ്ങൾ യൂറോപ്പിന്റെ ദ്വന്ദ്വയുക്തിയുടെ സ്വാംശീകരണംതന്നെയാണ്. വെളുത്ത വിഷയിയിലേക്ക് കുടി യേറാനുള്ള ഏഷ്യക്കാരുടെ അധീശമനസ്ഥിതിയാണിതിനു പിന്നിൽ അണിനിര ക്കുന്നത്.

ആഫ്രിക്കയിലെ ജനതയുടെ ശരീരവും മനസ്സും തീറ്റയും വസ്ത്രവും വീടു കളും നിരത്തുകളും ആഫ്രിക്കയിലേക്ക് കുടിയേറിയ ഇന്ത്യൻ ജനതയുടെ അഭിരു ചികളും ആശയങ്ങളും വ്യാപകമായ തലങ്ങളിൽ ശ്രേണീകരിക്കപ്പെട്ടിട്ടുണ്ട്. 'പൗര സ്ത്യ'ത്തെക്കുറിച്ച് എഡ്വേഡ് സെയ്ദ് ചൂണ്ടിക്കാണിക്കുന്നതുപോലെ, പൗരസ്ത്യ വാദം കിഴക്കിനെക്കുറിച്ചുള്ള യൂറോപ്പിന്റെ ലളിതമായ ഒരു ആശയമായി പരിഗ ണിച്ചുകൂടാ. ഭൗതികവും ആശയപരവുമായ തലങ്ങളിൽ ലോകത്തിലെ വിവിധ ഭാഗങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ വിഭാവനം ചെയ്യുന്ന സമീപനമായാണ് പൗര സ്ത്യവാദത്തെ കാണേണ്ടത്.[53]

ഇന്ത്യൻ വിഷയിയെ ആഫ്രിക്കയ്ക്കുള്ളിൽ നിർണയിക്കുന്ന ഏറ്റവും കാത ലായ മണ്ഡലം അധ്വാനവുമായി ബന്ധപ്പെട്ടതാണ്. അധ്വാനം, വിലയ്ക്കു വാങ്ങാൻ കഴിയുന്നതോടെ ഇന്ത്യൻ വിഷയി ഇന്ത്യൻ 'ബ്വാന' (ബ്വാന എന്ന പദത്തിനു സ്വാഹിലിയിൽ യജമാനൻ, മാന്യൻ എന്നൊക്കെ അർഥം)യായി മാറുന്നതിനെക്കു റിച്ച് പൊറ്റെക്കാട്ട് വിവരിക്കുന്നുണ്ട്. ഇന്ത്യൻ വിഷയിയുടെ ആഫ്രിക്കയിലെ സാമൂ ഹികപദവി നിർണയിക്കുന്നതെങ്ങനെയെന്നുള്ള വിശദീകരണമാണിത്.

> ''ഇന്ത്യക്കാർക്ക് കിട്ടുന്ന ശമ്പളംകൊണ്ട് ഇന്ത്യയിലേതിനെ ക്കാളുയർന്ന ഒരു ജീവിതത്തോത് നിലനിർത്തിക്കൊണ്ടുവരാൻ സാധിക്കുന്നു. ആഫ്രിക്കയിലെ - വിശേഷിച്ചും ഉൾനാടുകളിലെ ഭക്ഷണസാധനങ്ങൾക്കുള്ള സുഭിക്ഷതയും വിലക്കുറവും; പണം

> ചെലവഴിക്കാനുള്ള മറ്റു വഴിയില്ലായ്മയും അവരുടെ അന്തസ്സിലുള്ള ജീവിതരീതിയെ സഹായിക്കയും ചെയ്യുന്നു. അടുക്കളപ്പണിക്കാരൻ, അലക്കുകാരൻ, തോട്ടക്കാരൻ - അങ്ങനെ മൂന്നുനാലു കാപ്പിരിവേല ക്കാരും സ്വന്തമായുണ്ടായിരിക്കും. (മാസത്തിൽ 10 ക. ശമ്പളത്തിനു വേലക്കാരെ കിട്ടും). വേലക്കാരായ കാപ്പിരിയടിമകളും നിത്യസദ്യ കളും - ഇന്ത്യയിൽ പോയാൽ ഈ ജീവിതരീതി ഇന്നത്തെ നിലയ്ക്ക് സാദ്ധ്യമല്ല''[53]

ഇന്ത്യക്കുള്ളിൽ ജാതീയമായി നിലനിന്നിരുന്ന കായികാധ്വാനത്തിന്റെ സ്വഭാ വം ജാതിവ്യവസ്ഥയ്ക്കുള്ളിൽ മേൽകീഴ്ബന്ധങ്ങളെ വിഭാവനം ചെയ്യുന്നതിന്റെ അടിത്തറയായിരുന്നുവെന്ന കാര്യംകൂടി ആഫ്രിക്കയിലെ ഇന്ത്യൻ വിഷയിയെ പരി ഗണിക്കുമ്പോൾ ഓർമ്മിക്കേണ്ടതുണ്ട്. ഇന്ത്യൻ വിഷയികൾക്ക് ആഫ്രിക്കയിൽ യൂറോപ്യർക്ക് ശേഷം തദ്ദേശവാസികളായ ആഫ്രിക്കൻ ജനതയുടെ 'യജമാന നായി' ഉയരാൻ കഴിയുന്നതിന്റെ സാമ്പത്തികശാസ്ത്രമാണ് ഇവിടെ ശ്രദ്ധേയമായി ട്ടുള്ളത്. ആഫ്രിക്കയിലെത്തുമ്പോൾ ഇന്ത്യൻ വിഷയിയായി മാറി, യൂറോപ്യർക്ക് കീഴിലും ആഫ്രിക്കക്കാർക്ക് മുകളിലുമായി തങ്ങളുടെ സമീപനങ്ങളെ പ്രസരിപ്പി ക്കുന്ന വിഷയങ്ങൾ നിർമ്മിച്ചെടുക്കുകയാണ് പൊറ്റെക്കാട്ടും സക്കറിയയും ചെയ്യു ന്നത്.

ആധുനികഘട്ടത്തിൽ നിരീക്ഷണത്തിലൂടെയാണ് അധികാരം വ്യക്തി ക്കുമേൽ വ്യാപകമായ തോതിൽ പ്രയോഗിക്കപ്പെടുന്നതെന്ന് മിഷേൽ ഫൂക്കോ ചൂണ്ടിക്കാണിക്കുന്നുണ്ട്. നിരീക്ഷണത്തിന് വിധേയമാകുന്നതിലൂടെ വ്യക്തിയെ നിയന്ത്രിക്കുകയും ക്രമീകരിക്കുകയുമാണ് ചെയ്യുന്നതെന്നും നോട്ടത്തിലൂടെ വ്യവ സ്ഥയ്ക്കുള്ളിൽ ഒരാൾ പതിയുകയാണെന്നും (Registration) ഫൂക്കോ നിരീ ക്ഷിക്കുന്നു.[55] എസ്.കെ. പൊറ്റെക്കാട്ടിനും സക്കറിയക്കും വിഷയമാവുന്നതിലൂടെ ആഫ്രിക്ക സവിശേഷാധികാരഘടനയ്ക്ക് വിധേയമാവുകകൂടിയാണ് ചെയ്യുന്നത്.

അതായത് കണ്ടെഴുത്തിന്റെ പക്ഷം വ്യാപകമായ അർഥത്തിൽ രാഷ്ട്രീയാധികാരത്തിന്റെ സവിശേഷപ്രയോഗമാണ്. നോട്ടത്തിനു വിഷയമാവുന്നതിലൂടെ ജനതയും ദേശവുമെല്ലാം വിഷയിയുടെ മുൻഗണനക്രമങ്ങൾക്കും രാഷ്ട്രീയ വിഭാവനകൾക്കും താൽപ്പര്യങ്ങൾക്കും അനുസരിച്ച് സ്വാംശീകരിക്കപ്പെടുകയാണ്.

**വിഷയാന്തരികതയിലേക്കുള്ള സഞ്ചാരങ്ങൾ**

സഞ്ചാരസാഹിത്യത്തിലെ വിഷയാന്തരസ്വഭാവം, ഒരു പ്രസ്ഥാനം എന്ന നിലയിൽ സ്ഥലകാലസാംസ്കാരികമണ്ഡലങ്ങളെയാകെ ഉൾക്കൊള്ളുന്നുണ്ട്. പൊറ്റെക്കാട്ടിന്റെ 1950കളിലെ യാത്രയിൽനിന്ന് 2000ത്തിലെ സക്കറിയയുടെ യാത്രയിലേക്കു വരുമ്പോൾ ആഫ്രിക്കയുടെ സാംസ്കാരികാന്തരീക്ഷത്തെ രാഷ്ട്രീയവൽക്കരിക്കാൻ സക്കറിയ ശ്രമിക്കുന്നതു കാണാം. അതായത്, സംശയമേതുമില്ലാതെ കൊളോണിയൽനോട്ടത്തിന്റെ അളവുകോലുകൾവച്ച് അളന്നെടുത്ത പൊറ്റെക്കാട്ടിന്റെ ആഫ്രിക്കയല്ല സക്കറിയയുടെ ആഫ്രിക്ക. സഞ്ചാരസാഹിത്യത്തിന്റെ വിഷയവിവക്ഷകളെ സക്കറിയ ഇളക്കിപ്രതിഷ്ഠിക്കുകയോ മറികടക്കുകയോ ചെയ്യുന്നില്ല. എങ്കിലും ചില തലങ്ങളിലെങ്കിലും ചരിത്രവൽക്കരിക്കാനും രാഷ്ട്രീയവൽക്കരിക്കാനും സക്കറിയ ശ്രമിക്കുന്നു. അതായത് പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻ സഞ്ചാരചിത്രങ്ങൾക്ക് സാരമായ തിരുത്തോ അടിക്കുറിപ്പോകൂടിയായി സക്കറിയയുടെ ആഫ്രിക്കൻചിത്രം പരിഗണിക്കാൻ തയ്യാറാകേണ്ടി വരുന്നു എന്ന് താൽപ്പര്യം. 'ആഫ്രിക്കയുടെ മണ്ണിൽ' എന്ന് തുടങ്ങുന്ന കുറിപ്പിൽ അവിടത്തെ ജനതയെ മറ്റിടങ്ങളിലെ ജനതയുമായി താരതമ്യപ്പെടുത്തി അവർ ഏറ്റവും താഴത്തെ പടവിൽ നിൽക്കുന്നവരാണെന്ന് പൊറ്റെക്കാട്ട് പ്രഖ്യാപിക്കുകയാണ്.

> ''മധ്യാഫ്രിക്കയിൽ അഭയംപ്രാപിച്ച നമ്മുടെ ഇന്ത്യൻ നീഗ്രോവർഗം വലിയൊരു മരുഭൂമിക്കും തെക്ക് വൻകാടുകൾക്കും ഇടയിൽ അകപ്പെട്ടുപോയി. മധ്യധരണ്യാഴിപ്രദേശത്തു തങ്ങളുടെ ചില പൂർവികർ പരിഷ്കാരത്തിന്റെ പടവുകൾ കയറിക്കൊണ്ടിരിക്കെ, അവരുമായി

ബന്ധപ്പെടാൻ കഴിയാതെ പ്രകൃതിയുടെ തടവിൽപ്പെട്ടുപോയ ഇക്കൂട്ടർ കിടന്നുപരുങ്ങി മധ്യാഫ്രിക്കയിലേക്ക് ഓടി വന്ന കാലത്ത് ഇവർക്കും ചില പരിഷ്കാരങ്ങളെല്ലാം ഉണ്ടായിരുന്നിരിക്കണം. പക്ഷെ സഹസ്രാബ്ധങ്ങളായി തുടർന്നനുഭവിക്കേണ്ടി വന്ന ഏകാന്തതടവ് ഇവരെ പഴയ കാടത്തത്തിലേക്ക്- വെറും മൃഗീയതയിലേക്കു വലിച്ചുകൊണ്ടുപോയി. മനുഷ്യവർഗങ്ങളിലൊന്നിന്റെ ദയനീയവും ഭയങ്കരവുമായ പശ്ചാദ്ഗമനമാണ് നാമിവിടെ കാണുന്നത്. 'ആഫ്രിക്കൻ നീഗ്രോ വിശ്വസിക്കാൻ കൊള്ളാത്ത ഒരു മൃഗമാണ്' എന്ന് അഭിപ്രായം പുറപ്പെടുവിക്കുന്നവർ അവന്റെ ഈ ദയനീയ പൂർവ്വചരിത്രം ഒന്നോർത്തു നോക്കിയിരുന്നുവെങ്കിൽ!''[56]

ഇവിടെ ആഫ്രിക്കയെ ശകലീകരിച്ച് മാറ്റിനിർത്തുകയും വിചിത്രമായി പെരുപ്പിച്ചു കാണിക്കുകയുമാണ് പൊറ്റെക്കാട്ട് ചെയ്യുന്നത്. ഒരു വിഷയി എന്ന നിലയിൽ കൊളോണിയൽ സങ്കൽപ്പത്തിനുള്ളിൽ രൂപീകരിക്കപ്പെടുന്ന അറിവിന്റെ സ്വഭാവമാണിത്. പുറമെനിന്നു നോക്കുന്ന ഒരു വിഷയി വിഭാവനം ചെയ്യുന്ന കേന്ദ്രീകൃതാധികാരത്തിന്റെ വാങ്മയചിത്രമാണിത്. യഥാർഥ ആഫ്രിക്കൻ വിഷയം മറ്റൊന്നാണെന്ന് ആലിസൺ ജോൺസ്, കൊണ്ടാലൊ മറ്റ്സാലി എന്നിവരുടെ 'വർണം, അധികാരം, തദ്ദേശീയജ്ഞാനം' എന്ന പ്രബന്ധത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ആഫ്രിക്കക്കാർ അവരുടെയിടയിൽത്തന്നെ തദ്ദേശീയമായ സ്വാശ്രയത്വത്തിന്റെ ഒരു വ്യവസ്ഥയാണ് നിലനിർത്തുന്നത്. അതായത്, തങ്ങളുടെ ഇടയിൽനിന്ന് രൂപപ്പെടുന്ന അറിവിന് സവിശേഷമായ മൂല്യനിർണയപദ്ധതികളും അതിനുള്ള സാഹചര്യങ്ങളും അവർക്കിടയിൽ നിലവിലുണ്ടെന്നാണ് ആലിസൺ ജോൺസും കൊണ്ടാലൊ മറ്റ്സാലിയും പറയുന്നത്.[57] ആഫ്രിക്കയെ പ്രാന്തവൽക്കരിക്കുകയും വിചിത്രവൽക്കരിക്കുകയും ചെയ്യുന്ന അധീശത്വബോധത്തെ നീതീകരിക്കുന്ന വ്യക്തിയായി പൊതുവെ പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻചിത്രങ്ങൾ മാറുന്നുണ്ട്. ഇതേക്കുറിച്ച് ഫ്രാൻസ് ഫാനൻ നൽകുന്ന വിശദീക

രണം ആലിസൺ ജോൺസും കൊണ്ടാലൊ മറ്റ്സാലിയും എടുത്തുപറയുന്നു. തദ്ദേശീയജ്ഞാനം എന്നത് കൊളോണിയൽ അധീശത്വത്തിനു കീഴിൽ ഒരു ദ്വന്ദ്വ മായിട്ടാണ് പരിഗണിക്കപ്പെടുന്നത്. കൊളോണിയൽ ഭരണാധികാരിയെയും ഗവേ ഷകരെയും സംബന്ധിച്ച് തദ്ദേശീയമായ എന്തും കോളണീകരിക്കപ്പെട്ട വസ്തു വാണെന്ന് ഫാനൻ പറയുന്നു. ഈ ദ്വന്ദ്വവൽക്കരണത്തിൽ വസ്തുവെന്നത് വർണവൽക്കരിക്കപ്പെട്ടതും 'കറുത്ത'തുമാണ്. വിഷയിയാവട്ടെ, വെളുത്തതും കൊളോണിയൽ അധിനിവേശകരുമാണ്.[58] ആഫ്രിക്കൻ ജ്ഞാനവ്യവസ്ഥയാകെ കൊളോണിയലിസത്തിന് ശേഷം ഇത്തരത്തിൽ ദ്വന്ദ്വവൽക്കരിക്കപ്പെടുകയും വംശീയവൽക്കരിക്കപ്പെടുകയുമുണ്ടായെന്നും ഫാനനെ മുൻനിർത്തി ആലിസണും കൊണ്ടാലൊയും ചൂണ്ടിക്കാണിക്കുന്നു. പൊറ്റെക്കാട്ടിന്റെ വിവരണത്തിലെ 'കറുത്ത കാപ്പിരി' അന്തസ്സുകെട്ട, പശ്ചാത്ഗമനം നടത്തുന്നവരായിത്തീരുന്നത് കോളണീകരണത്തിന്റെ ഈ കാഴ്ചപ്പാടിനെ സ്വാംശീകരിക്കുന്നതുകൊണ്ടാണ്.

പൊറ്റെക്കാട്ടിന്റെ മേൽസൂചിപ്പിച്ച ആഫ്രിക്കൻചിത്രത്തിന് ചരിത്രപരമായ തിരുത്താണ് സക്കറിയയുടെ 'പ്രകാശിക്കുന്ന ആഫിക്ക.' പൊറ്റെക്കാട്ടിന് ലഭിച്ച വിവരണങ്ങളുടെ സാധ്യതയെക്കുറിച്ച് സക്കറിയ ഉത്കണ്ഠ പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്. സക്കറിയ ആ തിരുത്ത് നൽകുന്നത് ഇങ്ങനെയാണ്:

> ''ആഫ്രിക്കയിലൂടെ യാത്രചെയ്യവേ ഞാൻ തിരിച്ചറിഞ്ഞ പ്രധാന വസ്തുത ഇതാണ് - ആഫ്രിക്കയെക്കുറിച്ചുള്ള ഇരുണ്ട ഭൂഖണ്ഡം എന്ന സ്ഥിരം വിശേഷണം, പാശ്ചാത്യ കൊളോണിയൽ മനസ്സ് നിർമിച്ച് ലോകവ്യാപകമായി വിതരണം ചെയ്യുകയും നമ്മെപ്പോലു ള്ളവർ വിശ്വാസപൂർവം സ്വീകരിക്കുകയും ചെയ്ത ഒരു കളവാണ്. ഈ വിശാലനുണയുടെ നിർമ്മാണത്തിൽ പലവിധ ഘടകങ്ങൾ മന പ്പൂർവവും അല്ലാതെയും ഒത്തുകൂടിയിട്ടുണ്ട്.''[59]

ആദ്യകാല പാശ്ചാത്യസഞ്ചാരികൾ, മിഷണറിമാർ, പട്ടാളക്കാർ തുടങ്ങിയവരുടെ വിഭ്രാന്തിയും അജ്ഞതയും കൂടിക്കുഴഞ്ഞ വിവരങ്ങൾ''[61] സക്കറിയ പൊറ്റെക്കാട്ടിന്റെ ആഫ്രിക്കയ്ക്ക് നൽകുന്ന തിരുത്താണ് ഈ പ്രസ്താവന. കോളോണിയൽ അധിനിവേശാധികാരം രൂപപ്പെടുത്തിയ അറിവിന്റെ സ്വഭാവം വിമർശനവിധേയമാക്കുകയാണിവിടെ. അറിവിന്റെ പക്ഷപാതിത്വം ചരിത്രപരമായി പരിശോധിക്കാനും പ്രശ്നവൽക്കരിക്കാനും ചില ഉദ്യമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട് സക്കറിയയുടെ *ഒരു ആഫ്രിക്കൻ യാത്ര*യിൽ.

കൊളോണിയലിസമാണ് തദ്ദേശീയജ്ഞാനത്തെ അപമൂല്യവൽക്കരിക്കുകയും 'വെളുപ്പിനെ' സാമൂഹികാദർശമായി പകരം ഉയർത്തിപ്പിടിക്കുകയും ചെയ്തതെന്ന് ആലിസൺ ജോൺസും കൊണ്ടാലൊ മറ്റ്സാലിയും ചൂണ്ടിക്കാണിക്കുന്നു. വർണത്തെ മുകളിൽ പ്രതിഷ്ഠിച്ചുകൊണ്ട് തദ്ദേശീയജ്ഞാനത്തെ അപഭ്രംശീകരിക്കുകയും ന്യൂനീകരിക്കുകയുമാണ് കോളോണിയൽ ഭരണാധീശത്വം ചെയ്തുപോന്നത്. പൊറ്റെക്കാട്ട് അതിന്റെ ഭാഗഭാക്കാവുന്ന ഒരു മുഹൂർത്തം നോക്കുക:

> ''ന്യാസാലന്റിലെ എന്നല്ല, ആഫ്രിക്കയിലെവിടെയുമുള്ള കാപ്പിരിവർഗങ്ങളുടെ ആചാരവിചാരങ്ങളും അന്ധവിശ്വാസങ്ങളും സാമുദായികനിയമങ്ങളും സ്വകാര്യജീവിതത്തിലെ അനുഷ്ഠാനങ്ങളും മുഴുവൻ മനസ്സിലാക്കുവാൻ അവരുടെ ഇടയിൽ വളരെക്കാലം മിനക്കെട്ടു താമസിച്ചാൽപ്പോലും ഒരു വിദേശീയനു സാധ്യമല്ല. ഓരോ വർഗത്തിനും ഓരോ രഹസ്യസംഘടനയുണ്ടായിരിക്കും. പരമ്പരയായി പൂർവികരിൽനിന്നു ലഭിച്ച അറിവുകൾ ആ വർഗത്തിന്റെ സ്വകാര്യസ്വത്തുക്കളാണ്. ദുർമന്ത്രവാദം, ആഭിചാരം, വൈദ്യം, വശീകരണം തുടങ്ങിയ വിദ്യകൾ ഓരോ വർഗവും പ്രയോഗിക്കുന്നതു പ്രത്യേകരീതിയിലായിരിക്കും. അതിന്റെയെല്ലാം രഹസ്യങ്ങൾ അവ

രുടെ അയൽപക്കക്കാരായ മറ്റു കാപ്പിരിവർഗങ്ങൾക്കുപോലും അറിയാൻ സാധ്യമല്ല. ഈ കാപ്പിരികളുടെ സാമുദായികമായ സ്വകാര്യ ജീവിതത്തെച്ചൂഴുന്ന അന്ധകാരമാണ് ആഫ്രിക്കയെ ഇരുണ്ട ആഫ്രിക്കയായി മാറ്റിയത്''[60]

ആഫ്രിക്കൻ സാമൂഹികജീവിതത്തെക്കുറിച്ച് വെളിപ്പെടാത്ത വസ്തുതകളെയും ജ്ഞാനങ്ങളെയും വിചിത്രവും ഇരുണ്ടതുമാക്കിത്തീർക്കുന്നതിന്റെ യുക്തിയാണ് പൊറ്റെക്കാട്ട് സ്വാംശീകരിക്കുന്നത്. ആഫ്രിക്കയെക്കുറിച്ചുള്ള അധിനിവേശകരുടെ അറിവില്ലായ്മയാണ് ആഫ്രിക്കയുടെ മേലുള്ള 'ഇരുളിന്' കാരണമായിരിക്കുന്നത് എന്ന് വളരെ വ്യക്തമായി പൊറ്റെക്കാട്ടിന്റെ വിവരണങ്ങളിൽനിന്നു വായിച്ചെടുക്കാനാവും. ഈയർഥത്തിൽ യൂറോപ്പിന്റെ 'കണ്ണട'വച്ചുള്ള പൊറ്റെക്കാട്ടിന്റെ നോട്ടം ആഫ്രിക്കൻസംസ്കാരത്തോടും ജനതയോടുമുള്ള വലിയ ഹിംസയാണ്. അദ്ദേഹത്തിന്റെ സഞ്ചാരക്കുറിപ്പ് ഇന്ത്യാക്കാരന്റെ ആഫ്രിക്കയ്ക്ക് മേലുള്ള ഹിംസാത്മകമായ കടന്നുകയറ്റത്തിന്റെ പരിസരത്തുകൂടിയാണ് നിലയുറപ്പിക്കുന്നത് എന്ന് ഇത്തരം കണ്ടെഴുത്തുകൾ വിളിച്ചു പറയുന്നു.

തദ്ദേശീയജ്ഞാനത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളിൽ 'ആഴമുള്ളതും യഥാർഥവുമായത്' എന്ന വാദമാണ് ആഫ്രിക്കൻ സൈദ്ധാന്തികർ ആഫ്രിക്കൻസ്വത്വത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഉയർത്തിക്കൊണ്ടുവരുന്നത്.[61] യൂറോപ്യൻ ജ്ഞാനപശ്ചാത്തലത്തേക്കാൾ ആഴമുള്ളതും യഥാർഥവുമായതുകൊണ്ടാണ് യൂറോപ്യർക്ക് ആഫ്രിക്കൻ ജ്ഞാനവ്യവസ്ഥ മനസ്സിലാക്കാനാവാതെ പോകുന്നതെന്ന വാദവും ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്. ഇത് യൂറോപ്യരെ പ്രതിസന്ധിയിലാക്കുകയും ആഫ്രിക്കൻ ജ്ഞാനവ്യവസ്ഥയ്ക്ക് പുറത്തു നിർത്തുകയും ചെയ്യുന്നതോടെയാണ് ആഫ്രിക്ക, യൂറോപ്യരെ സംബന്ധിച്ച് ഇരുട്ടു നിറഞ്ഞതാവുന്നത്, ആ ഇരുട്ടിനെ ഉച്ചാടനംചെയ്യാനുള്ള സങ്കൽപ്പനസാമഗ്രികളും വിമർശനാത്മകമായിരുന്നുവെന്ന് പറയേണ്ടിവരുന്നത്. പൊറ്റെക്കാട്ടിൽനിന്ന് സക്ക

റിയയിലേക്ക് വരുമ്പോൾ സഞ്ചാരപഥങ്ങൾക്കും കാഴ്ചപ്പാടുകൾക്കും ഏറെ വ്യത്യാസം കടന്നുവരുന്നു. ജോർജ് ലുക്കാച്ചിന്റെ നിരീക്ഷണം ഇവിടെ ഓർമ്മിക്കാവുന്നതാണ്. ലുക്കാച്ചു പറയുന്ന നന്മ, സ്ഥലങ്ങളെയും സന്ദർഭങ്ങളെയും കവിഞ്ഞുനിൽക്കുന്ന ഒന്നാണ്. ആശയങ്ങളോ സിദ്ധാന്തങ്ങളോ സ്ഥലകാലങ്ങൾക്കനുസരിച്ച് ശക്തിക്ഷയം സംഭവിച്ച് രൂപാന്തരീകരണത്തിന് വിധേയമാവുകയാണ് ചെയ്യുന്നത്. പൊറ്റെക്കാട്ടിൽനിന്ന് സക്കറിയയിലേക്കുള്ള ദൂരത്തെ അത്തരത്തിൽ വിലയിരുത്താവുന്നതാണ്.

ഋണാത്മകമായ ഒന്നായി സാമൂഹികമാറ്റത്തെ പരിഗണിക്കുകയും, വികസനത്തിന്റെയും പുരോഗതിയുടെയും അളവുകോലായി സ്റ്റാറ്റിസ്റ്റിക്കൽ സാങ്കേതങ്ങളിലൂടെ സാമ്പത്തികയുക്തിയുടെ (Economic rationality) അടിസ്ഥാനത്തിൽ സമൂഹങ്ങളുടെ വികാസത്തെ ഭൂമിശാസ്ത്രപരമായി വിലയിരുത്തുകയും ചെയ്യുന്നത് സഞ്ചാരസാഹിത്യത്തിന്റെ സവിശേഷതയായി ചില നിരീക്ഷകർ ചൂണ്ടിക്കാണിക്കുന്നുണ്ട്.[62] ഇവിടെ ഒരർഥത്തിലുള്ള പെരുമാറ്റഭൂമിശാസ്ത്രമായിട്ടാണ് സഞ്ചാരസാഹിത്യം വർത്തിക്കുന്നത്. സക്കറിയ ബോട്സ്വാനയെക്കുറിച്ചുള്ള തന്റെ കുറിപ്പുകളിൽ നിരത്തുന്ന സാങ്കേതികവിവരങ്ങളുടെ സ്വഭാവം ഇക്കാര്യം മനസ്സിലാക്കാനുതകുന്നതാണ്.

> ''കേരളത്തിന്റെ അരമടങ്ങുകൂടി വിസ്തീർണമുള്ള ബോട്സ്വാനയുടെ ജനസംഖ്യ 15 ലക്ഷം മാത്രം. 80 വർഷത്തോളം ബ്രിട്ടന്റെ പ്രൊട്ടക്ടറേറ്റ് - സംരക്ഷിതരാജ്യം - ആയിരുന്ന ബെക്വാനാലാന്റ് ആണ് 1966-ൽ സ്വാതന്ത്ര്യം നേടി ബോട്സ്വാനയായിത്തീർന്നത്.....''
>
> ''കറുത്ത ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ ഏറ്റവും ഉറച്ച സമ്പദ്വ്യവസ്ഥിതിയാണ് ബോട്സ്വാനയുടേത്. ദക്ഷിണാഫ്രിക്കയായിരുന്നു ഒരിക്കൽ ഒന്നാംസ്ഥാനത്ത്. മുക്കാൽഭാഗത്തോളം മരുപ്രദേശമായ

ഒരു രാജ്യം എങ്ങനെയിതു സാധിച്ചു? പ്രകൃതിദത്തവും മനുഷ്യപരിശ്രമനിർമ്മിതവുമായ കാരണങ്ങൾ അതിനു പിന്നിലുണ്ട്. 1966-ൽ ബ്രിട്ടീഷുകാർ ബോട്സ്വാന വിട്ടുപോയി. 1967-ൽ ലോകംകണ്ടിട്ടുള്ള ഏറ്റവും വമ്പിച്ച മൂന്ന് രത്നക്കൽനിക്ഷേപങ്ങൾ ബോട്സ്വാനയിൽ കണ്ടെത്തുന്നു.''

''ബോട്സ്വാന തങ്ങളുടെ രത്നക്കൽനിക്ഷേപത്തിന്റെ ഖനന-വിപണന അവകാശം ലോകത്തിലെ ഏറ്റവും വലിയ രത്നക്കൽ കമ്പനിയായ ദക്ഷിണാഫ്രിക്കയിലെ ഡീ ബീർസിന് ഏൽപ്പിച്ചുകൊടുത്തു. 75 ശതമാനം ലാഭവീതം ബോട്സ്വാനയ്ക്ക് ലഭിക്കുന്നു.''[63]

ഇത്തരം വിവരങ്ങൾ സഞ്ചാരക്കുറിപ്പുകളിൽ സ്വാംശീകരിക്കുന്നതിന്റെ രാഷ്ട്രീയതാൽപ്പര്യം പ്രധാനമായും വികസനത്തെയും പുരോഗതിയെയും കുറിച്ചുള്ള സാമ്പത്തികശാസ്ത്രവിശകലനത്തെ കൂടെ കൂട്ടുക എന്നതാണ്. സാമ്പത്തികശാസ്ത്രവിവരങ്ങൾ വച്ച് ബോട്സ്വാന മറ്റ് ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ ജനങ്ങളുടേതിനേക്കാൾ ഉയർന്ന ജീവിതനിലവാരം പുലർത്തുന്നു എന്ന് സ്ഥാപിക്കാനുള്ള ഉദ്യമമാണ് ഈ കുറിപ്പിന്റെ പ്രധാന ഉള്ളടക്കമായി സക്കറിയ വരച്ചിടുന്നത്. സക്കറിയ തുടരുന്നു:

''പത്തിലേറെ വർഷങ്ങളായി മിച്ച ബജറ്റ് അവതരിപ്പിക്കുന്ന ഏക കറുത്ത ആഫ്രിക്കൻ രാഷ്ട്രമെന്ന കീർത്തി ബോട്സ്വാന നേടിയതിനുപിന്നിൽ മറ്റൊരു സമ്പദ്മേഖലകൂടി പ്രവർത്തിക്കുന്നുണ്ട് - മാംസവ്യാപാരം. ഭൂമിയുടെ നല്ല പങ്കും കൃഷിക്ക് അനുയോജ്യമല്ലാത്ത ബോട്സ്വാന ഇറച്ചിക്കാലിവളർത്തലിനെ ഒരു വമ്പിച്ച ആദായമാർഗമായി വികസിപ്പിച്ചു. ബോട്സ്വാന മീറ്റ് കമ്മീഷൻ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ദേശീയ സ്ഥാപനങ്ങളിലൊന്നാണ്.

> കാലിവളർത്തലിന്റെ ഓരോ ഘട്ടവും ശാസ്ത്രീയവും സൂക്ഷ്മവുമായ പരിശോധനയ്ക്ക് വിധേയമാണ്.''[64]

ബോട്സ്വാനയെക്കുറിച്ചുള്ള അഞ്ച് പേജുള്ള കുറിപ്പിൽ സാമ്പത്തിക-ജീവിതപുരോഗതിയെക്കുറിച്ചു തന്നെയാണ് സക്കറിയ ഊന്നിപ്പറയുന്നത്. മാത്രവുമല്ല, ജീവിതരീതികളോ ഭക്ഷണമോ വസ്ത്രധാരണസവിശേഷതകളോ സ്ത്രീപുരുഷബന്ധങ്ങളോ മറ്റു പരിതസ്ഥിതികളോ ഒന്നും ഈ കുറിപ്പിൽ പരാമർശിക്കപ്പെടുന്നില്ല. ബോട്സ്വാനയെക്കുറിച്ചുള്ള ഈ ഖണ്ഡം മാത്രമെടുത്തു പരിശോധിച്ചാൽ അത് സഞ്ചാരക്കുറിപ്പിന്റെ വിഷയാന്തരീകരണസ്വഭാവമാണ് പ്രകടിപ്പിക്കുന്നത്. ചരിത്രത്തിലേക്കോ ഭൂമിശാസ്ത്രത്തിലേക്കോ, സാമ്പത്തികശാസ്ത്രത്തിലേക്കോ ഭാഷാസാഹിത്യമണ്ഡലങ്ങളിലേക്കോ ജൈവവൈവിധ്യങ്ങളിലേക്കോ ഒക്കെ യഥേഷ്ടം ചേക്കേറാനുള്ള സഞ്ചാരക്കുറിപ്പുകളുടെ ചലനാത്മകതയായി ഇത് വായിക്കുന്നതായിരിക്കും അഭികാമ്യമായിട്ടുള്ളത്.

ചരിത്രവും ഭൂമിശാസ്ത്രവും രാഷ്ട്രതന്ത്രവും പ്രതിരോധവും കൂടിക്കലർന്ന ഒരു ഖണ്ഡം നോക്കുക. പൊറ്റെക്കാട്ടിന്റെ സഞ്ചാരക്കുറിപ്പിലെ 'സുഡാൻ ചരിത്രം' എന്ന ഭാഗത്തുനിന്നുള്ളതാണ്:

> ''ഞാൻ യാത്രചെയ്തിരുന്ന നൈൽക്കപ്പലിൽ സുഡാൻകാരനായ ഒരു ക്രിസ്തീയപാതിരി ഉണ്ടായിരുന്നു. റവറന്റ് ആന്ദ്രേയ അപ്പായ എന്നു പേരായ കാപ്പിരിപാതിരിയെ, കപ്പലിലെ ഈജിപ്തുകാരും സുഡാൻമുസ്ലിങ്ങളും അവജ്ഞയോടെയാണ് വീക്ഷിച്ചിരുന്നത്. ഇദ്ദേഹവുമായി ഞാൻ കുറേനേരം സുഡാൻകാര്യങ്ങളെക്കുറിച്ചു സംസാരിച്ചു. വെള്ളക്കാരൻ രക്ഷിതാവായിരുന്നാൽ മാത്രമേ സുഡാനിലെ വർഗങ്ങൾക്ക് പുരോഗതിയുണ്ടാകൂ എന്നാണ് ഇദ്ദേഹത്തിന്റെ അഭിപ്രായം. ഈജിപ്തുകാർ പണ്ടു തങ്ങളെ അടിമകളാക്കി ഭരിച്ചിരുന്നവരാണെന്നും ഇന്നും തങ്ങളെ അവർ അധഃകൃതരായിട്ടാണ്

കരുതുന്നതെന്നും സുഡാൻ ഈജിപ്തിന്റെ പരമാധികാരത്തിൽ വരികയാണെങ്കിൽ സുഡാനിലെ നൈൽവെള്ളവും വിഭവങ്ങളും ചൂഷണം ചെയ്ത് ഈജിപ്തിനെ പുഷ്ടിപ്പെടുത്താനല്ലാതെ സുഡാൻവർഗങ്ങളെ പരിഷ്കരിക്കാനോ അവരെ അവരുടെ മൃഗീയ നിലയിൽ നിന്നുയർത്താനോ ഈജിപ്തുകാർ താൽപ്പര്യം കാണിക്കുമെന്നു തങ്ങൾക്കു വിശ്വാസമില്ലെന്നും ആ മനുഷ്യൻ പറയുകയുണ്ടായി''[65]

എങ്ങോട്ട് വേണമെങ്കിലും മുന തിരിക്കാവുന്ന വിഷയവ്യാപ്തിയുള്ള ഒരു ഖണ്ഡമാണിത്. സഞ്ചാരസാഹിത്യത്തിനു മാത്രം സാധിക്കുന്ന വിഷയസഞ്ചയ സ്വഭാവമാണ് ഈ ഖണ്ഡത്തിൽ സ്വരൂപിക്കപ്പെട്ടിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ചതുപോലെ ഒരു വ്യക്തിയുടെ പെരുമാറ്റരീതികൾ അല്ലെങ്കിൽ പ്രകടനങ്ങൾ, പ്രത്യേകിച്ച് സഞ്ചാരസാഹിത്യകൃതികളിൽ കാഴ്ചപ്പെടുന്ന ബാഹ്യതലങ്ങൾ എങ്ങനെ സാമൂഹികമായി രൂപപ്പെടുന്നു എന്നിടത്താണ് ഇവിടത്തെ ഊന്നൽ. ഇത്തരം സാംസ്കാരികവിവക്ഷകളെ അരിച്ചെടുക്കാൻ കഴിയുംവിധം സഞ്ചാരക്കുറിപ്പുകൾക്കുള്ളിൽ വലിയ അടരുകളാണുള്ളത്.

**കുറിപ്പുകൾ**

1. Pierre Bourdieu, of Distinction, A Social Critique of the Judgement of Taste (Traslated by Richard Nice) Routledge, London, 1999, Page - 417-418.

2. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്. ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ്-1062.

3. Jurgen Habermas, Knowledge and Human Interests, (Translated by Jeremy J. Shapiro) Polity Press. U.K, 1998, Page - 191.

4. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്. ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ്-1059.

5. അതേ പുസ്തകം പേജ് - 13.

6. Audrey Kobayashi, The Construction of Geographical Knowledge - Racialization, Spatialization, (Ed. Kay Anderson, Mona Domash Steve Pile and Nigel Thrift, - Cultural Geography) Sage Publication, London, 2003. Page - 544.

7. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്. ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ്- 14-15.

8. Audrey Kobayashi, The Construction of Geographical Knowledge - Racialization, Spatialization, (Ed. Kay Anderson, Mona Domash Steve

Pile and Nigel Thrift, - Cultural Geography) Sage Publication, London, 2003. Page - 544.

9. Michel Foucault, Power, (Edited, James D.Faubion - Translated by Robert Hurley and Other) Volume - 111, The New Press, New York, 2000, Page 327-331.

10. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്. ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ്- 20.

11. ഇ.വി.രാമകൃഷ്ണൻ. ദേശീയതകളും സാഹിത്യവും : ഡി.സി.ബുക്സ്, കോട്ടയം, 2001, പേജ്-17.

12. Gerhard Preyer, The Problem of Subjectivity – Dieter Hen rich's Turn, (Eds. Sofia Miguens, Gerhard Preyer, Consciousness and Subjectivity, Transaction Books, South America, 2011, Page-193.

13. Ibid - Page 197.

14. എസ്.കെ.പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്. ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ്- 15.

15. വില്യം ലോഗൻ, മലബാർ മാന്വൽ (വിവ: ടി.വി.കൃഷ്ണൻ), മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007, പേജ് XVII-XVIII.

16. Paolo Rebughini, Sebject, Subjectivity, Subjectvation, State University of Milan, Italy, Sociopedia, 2014, p. 5.

17. Stuart Grant, Practical Intersubjectivity, University of Sydney, USA 2005, Page - 560-570.

18. Audrey Kobayashi, The Construction of Geographical Knowledge - Racialization, Spatialization, (Ed. Kay Anderson, Mona Domash Steve Pile and Nigel Thrift, - Cultural Geography) Sage Publication, New Delhi 2003. Page - 545.

19. Ibid. 546.

20. മിഷേൽ ഫൂക്കോയുടെ ഭാഷയിൽ പറഞ്ഞാൽ Power എന്നും ജോർജിയോ അംഗബന്റെ ഭാഷയിൽ 'Force' എന്നും വേറിട്ടു വിശദീകരിച്ചുപോവുന്നതിനെ സൂചിപ്പിക്കാനാണിവിടെ ഉദ്ദേശിക്കുന്നത്. 'എന്താണ് ഒരു ഉപകരണം' എന്ന ജോർജിയോ അംഗബന്റെ പ്രബന്ധം കാണുക.

21. Giorgio Agamben, What is an apparatus? (Translated by David Kishik and Stefan Pedatella) Stannford Unviersity Press. California 2009, page-2

22. Ibid Page - 4.

23. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്, ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ് - 30.

24. Antoinette Burton, Brown Over Black, Three Essays collective, Gurgaon, 2012, Page 11.

25. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്, ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ് – 7071.

26. കെ. പാനൂർ, കേരളത്തിലെ ആഫ്രിക്ക, ടൂറിങ്ങ് ബുക്ക് സ്റ്റാൾ, കോഴിക്കോട്, 1986, പേജ്, 86–87.

27. ഇടശ്ശേരി ഗോവിന്ദൻനായർ, ഇടശ്ശേരിക്കവിതകൾ, മാതൃഭൂമി ബുക്സ്, 2012, പേജ്–807–808, സി.ജെ. തോമസ് പണിമുടക്കത്തിന്റെ അവതാരികയിൽ സി. ജെ.യുടെ ഉദ്ദേശ്യം നീതീകരിക്കപ്പെട്ടേക്കാമെങ്കിലും 'കാപ്പിരി' എന്ന ശ്രേണീകരണത്തിന്റെ കോളോണിയൽയുക്തി പ്രശ്നവൽക്കരിക്കപ്പെടേണ്ട തുണ്ടെന്നാണ് ഇവിടെ വാദിക്കുന്നത്.

28. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്, ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ് – 23, 24.

29. Audrey Kobayashi, The Construction of Geographical Knowledge - Racialization, Spatialization, (Ed. Kay Anderson, Mona Domash Steve Pile and Nigel Thrift, - Cultural Geography) Sage Publication, London, 2003. Page - 544.

30. Alastair Bonnett and Anoop Nayak, Cultural Geographies of Realization - The Territory of Raiz, Page - 300;

31. Edward Said, 1985, Orientalism, New York Vintage Books Page - 73.

32. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്, ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ് – 1062.

33. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം. 2005, പേജ് - 15;

34. അതേ പുസ്തകം, പേജ് - 16.

35. Alastair Bonnett and Anoop Nayak, (Cultural Geographies of Realization - The Territory of Race, Sage Publication, New Delhi, 2003 Page - 302. - 300;

36. Ibid Page - 303.

37. സക്കറിയ, ഒരു ആഫ്രിക്കൻ യാത്ര, ഡി.സി.ബുക്സ്, കോട്ടയം. 2005, പേജ് - 17.

38. Alastair Bonnett and Anoop Nayak, (Cultural Geographies of Realization - The Territory of Race, Sage Publication, New Delhi, 2003 Page - 304.

39. ഡോ. ടി.ജി. മാധവൻകുട്ടി, സഞ്ചാരസാഹിത്യം (എഡി.പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, സമ്പൂർണ മാലയാളസാഹിത്യചരിത്രം), കറന്റ് ബുക്സ്, തൃശ്ശൂർ 2008, പേജ് 829.

40. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം 2005, പേജ് - 139.

41. Edward W Said, Orientalism, Vintage Books, New York, 1978, Page2.

42. Ibid - Page XII

43. എം.കെ. ഗാന്ധി, ആത്മകഥ, അഥവാ എന്റെ സത്യാന്വേഷണപരീക്ഷണ കഥ (വിവ. ജോർജ് ഇരുമ്പയം), നവജീവൻ പബ്ലിഷിങ് ഹൗസ്, അഹമ്മദാബാദ്, 2002, പേജ്-129.

44. അതേ പുസ്തകം, പേജ് - 130.

45. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം, 2005, പേജ് -139.

46. Ali A. Mazrui, African Thought in Comparative Perspective, Cambridge Scholars Publications, U.K, 2014, Page - 6.

47. സക്കറിയ, ഒരു ആഫ്രിക്കൻ യാത്ര, ഡി.സി.ബുക്സ്, കോട്ടയം, 2005, പേജ് 364.

48. ബി. രാജീവൻ, വാക്കുകളും വസ്തുക്കളും, ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ് - 243.

49. ഡോ. ആർ ലീലാദേവി, വി. ബാലകൃഷ്ണൻ, (ചീഫ് എഡിറ്റേഴ്സ്), ശാസ്ത്രസാങ്കേതികവിജ്ഞാനകോശം, വിദ്യാർത്ഥിമിത്രം പ്രസ്, കോട്ടയം, 1990, പേജ് - 44.

50. Edward Said, Orientalism, Vintage Books, New York, 1978, Page - 37.

51. F.A Airoboman, A.A.Asekhauno, Isthziz an (African Epistemology? Jorind 10, December 2012, Page 14 - സെഘോനോവിന്റെ African Mode of thinking എന്ന പ്രബന്ധത്തിലെ I feel, I dance the other, I am in എന്ന പ്രസ്താവനയെ മുൻനിർത്തിയാണ് യൂറോപ്പിന്റെ ദ്വന്ദ്വാത്മക വിഭാ

വനയ്ക്കെതിരായ ജ്ഞാനശാസ്ത്രപദ്ധതിയായി ഈ പ്രബന്ധത്തിൽ വിശദീകരിക്കുന്നത്.

52. Alison Jones Ehondlo Mtshali, Race, Power and Indigenous Knowledge Systems, Alteration, Volume 20, No.1, South Africa, 2013, Page-2.

53. Nick Crossley, critical Social Theory, Sage Publication, New Delhi, 2006, Page 201.

54. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്, ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ് - 89-90.

55. Michel Foucault. Descipline and Punish, Cirns. by Alan Sheridam) Penguin Books. U.K, 1991, Page.196.

56. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, എഡി, ഡി.സി.ബുക്സ്, കോട്ടയം, 2010, പേജ്.14.

57. Alison jones and Khondlo Mtshali, (Guest Editors)Racz, power Indigenous knowledge systems, CSSALL Durban, 2013, page.2.

58. *Ibid* Page.3

59. ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം, 2005, പേജ്.16.

60. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്. ഡി.സി.ബുക്സ്. കോട്ടയം, 2010,പേജ് 80

61. Alison Jones and Khondlo Mtshali, (Guest Editor), Race Power and Indigenous knowledge systems, CSSALL Durban, 2013, page.3.

62. G.S. Dunbar. Else Reclus: Historian of Nature Archon, Humden, Conn 1978 page.44.

63. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി. ബുക്സ് കോട്ടയം, 2005, പേജ്.157-159.

64. അതേ പുസ്തകം, പേജ്.159.

65. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ഭാഗം ഒന്ന്, ഡി.സി. ബുക്സ്, കോട്ടയം, 2010, പേജ് 364.

## അധ്യായം 3

## ആഫ്രിക്ക: പാഠങ്ങളും സമീപനങ്ങളും

സാമൂഹികശാസ്ത്രവിഷയങ്ങളുടെയും സാഹിത്യത്തിന്റെയും ശാസ്ത്രത്തിന്റെയുമൊക്കെ 19-ാം നൂറ്റാണ്ടുമുതലുള്ള വിഭാവനങ്ങളിൽ പുരോഗതി, പരിണാമം, വളർച്ച എന്നീ അർഥങ്ങളിലുള്ള സങ്കൽപ്പങ്ങളെ കേന്ദ്രമായി സ്വാംശീകരിച്ചിട്ടുള്ളത് കാണാനാകും. ശാസ്ത്ര-സാമൂഹികശാസ്ത്ര-സാഹിത്യവിഷയങ്ങളുടെ പരസ്പരാദേശ സ്വഭാവങ്ങളെക്കൂടി ഇതു കുറിക്കുന്നുണ്ട്. അതിനുപിറകിലേക്ക് പോയാൽ കൊളോണിയൽ വ്യവഹാരങ്ങളുടെയാകെ അടിത്തറയായി വർത്തിച്ചിട്ടുള്ളതും പരിണാമമോ വികസനമോ വളർച്ചയോ ഒക്കെയാണെന്ന് മനസ്സിലാക്കാനാവും. കൊളോണിയൽ വിചാരമാതൃകകൾക്കുള്ളിൽ വിഭാവനം ചെയ്യപ്പെട്ട ഭൂമിശാസ്ത്രപദ്ധതികളുമായി സഞ്ചാരസാഹിത്യത്തിനുള്ള ബന്ധം ആ വിഷയത്തെയും സമീപനത്തെയും പരിശോധിക്കുമ്പോൾ വിഷയാന്തരികതയുടെ ചരിത്രമാനങ്ങളിലേക്ക് ശ്രദ്ധതിരിക്കാൻ വിഷയിയെ പ്രേരിപ്പിക്കുന്നുണ്ട്.

കോളണീകരണത്തിന്റെ സാംസ്കാരികവീക്ഷണങ്ങളുടെ അളവുകോലുകൾ മറ്റു വിഷയങ്ങളേക്കാളേറെ സ്വാംശീകരിക്കുന്നത് സഞ്ചാരസാഹിത്യകർത്താക്കളാണെന്ന് കാൾ തോംസനെപ്പോലുള്ളവർ ചൂണ്ടിക്കാണിക്കുന്നുണ്ട്.[1] അമിതാവ്ഘോഷിന്റെ *വിശുദ്ധദേശങ്ങളിൽ* എന്ന കൃതിയെക്കുറിച്ചുള്ള പഠനത്തിൽ യാഥാസ്ഥിതിക സഞ്ചാരസാഹിത്യകൃതികളുടെ അന്തർധാര വികസനത്തിന്റെ ചരിത്രത്തിലാണ് തിരയേണ്ടതെന്ന് ലിയാം പാർലാൻഡ് (Liam Mc Parland) ചൂണ്ടിക്കാണിക്കുന്നു. മാത്രവുമല്ല, സാമ്രാജ്യത്തിന്റെ ആശയാവലികൾക്കുള്ളിലാണ് സാമ്പ്രദായിക സഞ്ചാരക്കുറിപ്പുകൾ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് അവർ കൂട്ടിച്ചേർക്കുന്നു. അപരരെ താഴ്ത്തിക്കെട്ടിക്കൊണ്ട് നിർമ്മിക്കുന്ന സവിശേഷശ്രേണികളെ കോളണീകരണത്തിന്റെ വ്യാപനമായി കണക്കാക്കണമെന്നുകൂടി ലിയാം

ചൂണ്ടിക്കാണിക്കുന്നുണ്ട്. അതായത് ഇത്തരത്തിലുള്ള ശ്രേണീകരണങ്ങളിൽനിന്നാണ് വളർച്ചയെക്കുറിച്ചുള്ള ആശയങ്ങൾ സ്വരൂപിക്കുന്നത് എന്നു ചുരുക്കം.

കോളണീകരണത്തോടൊപ്പം വിഭാവനംചെയ്യപ്പെട്ട വളർച്ചയെക്കുറിച്ചും വികസനത്തെക്കുറിച്ചും പരിഷ്കൃതിയെപ്പറ്റിയുമുള്ള ആശയാവലികളുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ് യാത്രാവിവരണമെന്ന സങ്കൽപ്പം ഉണ്ടാകുന്നത്. ഇത് യാത്രയെന്ന അനുഭവത്തിന്റെ വ്യത്യസ്തതലങ്ങളെ പുതിയ സാമൂഹികസന്ദർഭത്തിൽ നോക്കിക്കാണാനുള്ള ശ്രമമാണ്. അതായത് അതിന് മുമ്പുള്ള വാമൊഴി, വരമൊഴി പാഠങ്ങളെ യാത്രാനുഭവങ്ങളിൽനിന്നു വ്യത്യസ്തമായ ചില സാമൂഹിക ധർമ്മങ്ങൾ ചരിത്രപരമായി നിറവേറ്റാനുള്ള ദൗത്യമായാണ് യാത്രാവിവരണങ്ങൾ ഏറ്റെടുക്കുന്നത് എന്ന് ചുരുക്കം. യാത്രയുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ലക്ഷ്യങ്ങൾ മേൽസൂചിപ്പിച്ച വികസനത്തെയോ വളർച്ചയെയോ കുറിക്കുന്ന കൊളോണിയൽ ചട്ടക്കൂടിനകത്താണ് നിൽക്കുന്നത്. മലയാളത്തിലെ ആദ്യകാലയാത്രാവിവരണഗ്രന്ഥമായ പാറേമ്മാക്കൽ തോമാകത്തനാരുടെ (1736 -1799) *വർത്തമാനപ്പുസ്ത*കത്തിന്റെ പിന്നിലെ സാമൂഹികബന്ധങ്ങളുടെ സ്വഭാവം വിശദീകരിച്ചുകൊണ്ട് *വർത്തമാനപ്പുസ്തകത്തിന്റെ വർത്തമാനം* എന്ന ഗ്രന്ഥത്തിൽ കെ.സി. വർഗീസ് സൂചിപ്പിക്കുന്നതു നോക്കുക:

> ''ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെല്ലാം കച്ചവടകാര്യങ്ങളിൽ സാമ്രാജ്യവിസ്തൃതി വർധിപ്പിക്കുന്നതിനും കോളണികൾ സ്ഥാപിച്ച് സ്വന്തം സാമ്രാജ്യവിസ്തൃതി വർധിപ്പിക്കുന്നതിനും കോളണികൾ പ്രബലമാക്കുന്നതിനും യൂറോപ്യൻരാജ്യങ്ങൾ മത്സരിച്ചുപോന്ന കാലമായിരുന്നു ഇത്. മാർപാപ്പയുടെ മതാധിപത്യത്തെ യൂറോപ്പിലെ ഒരുവിഭാഗം രാജാക്കന്മാരും പ്രഭുക്കന്മാരും നിഷ്കരുണം നിഷേധിച്ചപ്പോൾ അവരുടെ എതിരാളികളായ മറ്റൊരു വിഭാഗം മാർപാപ്പയോടൊപ്പം നിന്നു. പോർട്ടുഗലും

> സ്പെയിനും ആയിരുന്നു മാർപാപ്പയെ അനുകൂലിച്ച പ്രധാനരാജ്യ ങ്ങൾ. തങ്ങൾ പരസ്പരം കോളനിസ്ഥാപനത്തിലും കച്ചവടക്ക ുത്തകയിലും മത്സരിക്കാതിരിക്കേണ്ടതിനു മാർപാപ്പയെ മധ്യസ്ഥ നാക്കി ഇരുരാജ്യങ്ങളും ഒരു വ്യവസ്ഥയുണ്ടാക്കി. അതുപ്രകാരം പുതുതായി കണ്ടുപിടിച്ച പടിഞ്ഞാറൻദേശങ്ങൾ സ്പെയിനിനും കിഴക്കൻദേശങ്ങൾ (ഇന്ത്യ ഉൾപ്പെടെ) പോർട്ടുഗല്ലിനും അവകാശ പ്പെട്ടതായിരുന്നു.''[2]

തോമാകത്തനാരുടെ റോമായാത്രയുടെ പശ്ചാത്തലം വിശദീകരിക്കുന്ന കൊളോ ണിയൽ ഇടപെടലുകളുടെ സ്വഭാവത്തിലേക്കുള്ള സൂചനയാണിത്. ഒരു യാത്ര യുടെ ആരംഭത്തിലേക്കു നയിക്കുന്ന സാംസ്കാരികശ്രേണീകരണത്തിന്റെ വിഭാവ നക്കുപിന്നിലെ വ്യത്യസ്ത താൽപ്പര്യങ്ങളുടെ മാനങ്ങൾ ഇവിടെ തെളിഞ്ഞുവരു ന്നു. അതായത് കോളണീകരണങ്ങളുടെ പിന്നിലെ വിഭവസമാഹരണങ്ങളും സാമ്പത്തിക താൽപ്പര്യങ്ങളും സ്പെയിനിന്റെയും പോർട്ടുഗലിന്റെയും വളർച്ചയെ മുൻനിർത്തി വിഭാവനം ചെയ്തവയാണെന്നു കാണാം. രാഷ്ട്രീയ - സാമ്പത്തികാ ധികാരവും മതാധികാരവും രൂപപ്പെടുത്തിയ പദ്ധതിയുമായി കണ്ണിചേർന്നാണ് പാറേമ്മാക്കൽ തോമാകത്തനാർ തന്റെ ആദ്യയാത്രയും യാത്രക്കുറിപ്പുകളും എഴു തുന്നത്. പടിഞ്ഞാറുമായി പൗരസ്ത്യത്തിനുള്ള ബന്ധം ഊട്ടിയുറപ്പിക്കാൻ വേണ്ടി ഫലത്തിൽ പൗരസ്ത്യത്തേക്കാൾ ആത്മീയമായും ഭൗതികമായും വളർന്ന്, വിക സിച്ച പരിഷ്കൃതസമൂഹങ്ങളെക്കുറിച്ചുള്ള മുൻധാരണകളുടെ പുറത്താണ് പാറേ മ്മാക്കൽ തോമാകത്തനാരുടെ യാത്രയും യാത്രക്കുറിപ്പും നിൽക്കുന്നത്.

**സഞ്ചാരത്തിന്റെ ദിശകൾ**

സഞ്ചാരക്കുറിപ്പുകൾ, നോവലുകളും കഥകളും മറ്റു ഗദ്യസാഹിത്യവിഭാഗ ങ്ങളും പോലെതന്നെ മലയാളത്തിലേക്ക് കോളണീകരണത്തിന്റെ പശ്ചാത്തല ത്തിൽത്തന്നെയാണ് കടന്നുവന്നിട്ടുള്ളത്. അതുമാത്രമല്ല, സഞ്ചാരസാഹിത്യകൃതി

കളുടെ പൊതുവായ ഉള്ളടക്കവും ഊന്നലുകളും മറ്റു സാഹിത്യവിഷയങ്ങളെക്കാളേറെ കൊളോണിയൽ കാഴ്ചപ്പാടുകളോടുള്ള വിധേയത്വത്തിന്റെ സ്വാംശീകരണവുമാണ്.

സാമൂഹികപരിണാമത്തിന്റെയും വളർച്ചയുടെയും ആശയാവലികളിലാണ് ആഫ്രിക്കൻയാത്രയുടെയും യാത്രക്കുറിപ്പുകളുടെയും അസ്ഥിവാരം എസ്.കെ.പൊറ്റെക്കാട്ട് ഉറപ്പിച്ചിട്ടുള്ളത്. അതിന് ആഫ്രിക്കൻ സംസ്കാരത്തെയും ജനതയെയും യൂറോപ്പിനെയും ഏഷ്യയെയും വ്യത്യസ്ത കള്ളികളിലാക്കി താരതമ്യപ്പെടുത്തുകയും മൂല്യനിർണയനം നടത്തുകയും ചെയ്തു. പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻ വിവരണത്തിലെമ്പാടും സാംസ്കാരികപരിണാമത്തെ മുൻനിർത്തിയുള്ള മൂല്യവിചാരങ്ങളുടെ ആവർത്തനങ്ങളാണ്. 'ആഫ്രിക്കയുടെ മണ്ണിൽ' എന്ന പ്രഥമ ഭാഗത്തുതന്നെ ഈ മൂല്യവിചാരങ്ങളുടെ ഭാരം വല്ലാതെ അനുഭവപ്പെടുന്ന ആഖ്യാനങ്ങളാണുള്ളത്.

> ''മനുഷ്യവർഗങ്ങളിലൊന്നിന്റെ ദയനീയവും ഭയങ്കരവുമായ പശ്ചാത്ഗമനമാണ് നാമിവിടെ കാണുന്നത്. അവന്റെ ഇന്നലെ യുഗങ്ങൾക്കപ്പുറമാണ്. അവന്റെ 'നാളെ' കിടക്കുന്നതും നൂറ്റാണ്ടുകൾക്കപ്പുറത്താണെന്നു പറയാം. സഹസ്രാബ്ദങ്ങളിലെ ദീർഘനിദ്രയിൽനിന്ന് അവൻ മെല്ലെ ഉണർന്നുവരികയാണ്. അവന്റെ ഈ മയക്കം തീരാൻ ദശാബ്ദങ്ങളല്ല, ശതാബ്ദങ്ങൾ തന്നെ വേണ്ടിവരുമെന്നാണ് തോന്നുന്നത്.''[3]

എസ്.കെ. പൊറ്റെക്കാട്ടെന്ന കൊളോണിയൽ/കൊളോണിയലാനന്തര വിഷയിയുടെ സമീപനത്തെ വിശകലനം ചെയ്യുമ്പോൾ ആഫ്രിക്കയെ അളക്കാൻ അദ്ദേഹമെടുക്കുന്ന അളവുകോലുകളുടെ സ്വഭാവവും ഉള്ളടക്കവും പ്രശ്നവൽക്കരിക്കേണ്ടിവരും. അതോടൊപ്പം പുരോഗതി, പരിണാമം, വികാസം തുടങ്ങിയ ആശയാവലികൾ ഉരുത്തിരിഞ്ഞു വന്ന പശ്ചാത്തലംകൂടി പരിഗണിക്കണം.

*ചരിത്രത്തെക്കുറിച്ചുള്ള ആശയം* (The idea of History) എന്ന കൃതിയിൽ ആർ.ജി. കോളിൻവുഡ് പരിണാമം, വികാസം തുടങ്ങിയ ആശയങ്ങൾ ചരിത്രത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളുടെ നിർമ്മിതിയാണെന്നു ചൂണ്ടിക്കാണിക്കുന്നുണ്ട്. 19 -ാം നൂറ്റാണ്ടിലാണ് വികാസം, പരിണാമം ഇത്യാദി സങ്കൽപ്പങ്ങൾ രൂപപ്പെടുന്നതെന്നാണ് കോളിൻവുഡ് പറയുന്നത്. പ്രകൃതി എന്നത് മാറ്റമില്ലാത്തതാണെന്നും മനുഷ്യർ (മനുഷ്യർ മാത്രം) അവരുടെ ആവശ്യങ്ങളെ മുൻനിർത്തി പ്രകൃതിയെ തന്നെ മാറ്റിയെടുക്കാനുള്ള ശേഷി പ്രകടിപ്പിക്കുകയും അങ്ങനെ മാറ്റത്തിന്റെ, വികാസത്തിന്റെ നിയമനിർണേതാക്കളാവുകയും ചെയ്യുന്നുവെന്നും അങ്ങനെ വികാസം, ഒരു പ്രകൃതിനിയമമായിത്തീരുന്നുവെന്നും കോളിൻവുഡ് കൂട്ടിച്ചേർക്കുന്നു.[4] വികാസത്തെക്കുറിച്ചും പരിണാമത്തെക്കുറിച്ചുമുള്ള ഈ ചരിത്രധാരണയുടെ പുറത്താണ് എസ്.കെ. പൊറ്റെക്കാട്ട് ആഫ്രിക്കയെക്കുറിച്ചുള്ള ചിത്രങ്ങൾ കണ്ടെടുക്കുന്നതും ശ്രേണീകരിക്കുന്നതും.

ഏറ്റവും പ്രധാനപ്പെട്ട കാര്യം സഞ്ചാരക്കുറിപ്പുകൾക്ക് ചരിത്രരചനാരീതി ശാസ്ത്രങ്ങളുടെ ആഖ്യാനസ്വഭാവമുണ്ടെന്നതാണ്. എസ്.കെ. പൊറ്റെക്കാട്ട് 'ആഫ്രിക്കൻമണ്ണിൽ'നിന്ന് തുടങ്ങുന്നതിന്റെ അർഥം മറ്റൊന്നല്ല. ഭൂമിശാസ്ത്രവും നരവംശശാസ്ത്രവും പ്രകൃതിവിഭവങ്ങളും ജീവജാലങ്ങളും ഉൽപ്പാദനവ്യവസ്ഥകളും ഭരണകൂടാധികാരങ്ങളും സംസ്കാരങ്ങളും പൊറ്റെക്കാട്ട് കണ്ട ആഫ്രിക്കയുടെ ചരിത്രമാണ്. പൊറ്റെക്കാട്ട് തുടങ്ങുന്നതിങ്ങനെയാണ്:

> ''ബോംബെയിൽനിന്ന് സമുദ്രംവഴിയായി 2500 നാഴിക സഞ്ചരിച്ച് പത്താംദിവസം പ്രഭാതത്തിൽ ആഫ്രിക്കൻ വൻകരയുടെ കിഴക്കൻ പടിവാതിലെന്നു പറയപ്പെടുന്ന 'മൊമ്പാസ' തുറമുഖം സ്പർശിച്ച് ഞങ്ങളുടെ കപ്പൽ നിന്നു. പുറത്തേക്കു നോക്കിയപ്പോൾ ആദ്യമായി എന്റെ ശ്രദ്ധയിൽപ്പെട്ടതു 'വാർഫി'ലെ ഗുദാമിന്റെ മുകൾത്തട്ടിൽനിന്ന് അത്ഭുതത്തോടെ കപ്പലിനെ നോക്കിക്കൊണ്ട് നിൽക്കുന്ന

> അർധനഗ്നനായ ഒരു കുറ്റൻ കാപ്പിരിയുടെ രൂപമാണ് - കാപ്പിരിക ളുടെ നാട്ടിൽവച്ച് ഞാൻ ആദ്യമായി കണ്ടുമുട്ടുന്ന നീഗ്രോ''[5]

ഇവിടെ വിഷയിയും വിഷയവും തമ്മിലുള്ള ഭൂമിശാസ്ത്രപരവും സാമൂഹികവുമായ അകലമാണ് ആദ്യമായി കുറിച്ചിടുന്നത്. അരനൂറ്റാണ്ടിനിടയിൽ സക്കറിയ നടത്തുന്ന ഒരു ആഫ്രിക്കൻയാത്രയും ആരംഭിക്കുന്നത് ഭൂമിശാസ്ത്രപരമായ അകലത്തെ മുൻനിർത്തിയാണ്.

> ''ന്യൂയോർക്കിൽനിന്ന് ഞാൻ കേപ്ടൗണി (Cape Town) ലേക്ക് യാത്രപുറപ്പെട്ടിട്ട് ഏകദേശം പന്ത്രണ്ടു മണിക്കൂറായിരിക്കുന്നു. ഈ സമയമെല്ലാം വിമാനം ആകാശംപോലെ കാണപ്പെട്ട അറ്റ്ലാന്റിക് സമുദ്രത്തിന്റെ വെള്ളപ്പതപ്പൊട്ടുകൾ നീന്തുന്ന ഇരുണ്ട പരപ്പിന് മീതെയായിരുന്നു.''[6]

ഇത്തരം അകലങ്ങൾ അതായത് ആഖ്യാനത്തിൽ മുൻഗണനക്രമത്തിന് കൊടുക്കുന്ന ഭൂമിശാസ്ത്രപരമായ ഊന്നലുകൾ ദേശങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹങ്ങളെ വിഭജിക്കുന്ന ദ്വന്ദ്വയുക്തിയെയാണ് പിന്തുടരുന്നത്. ''ബോംബെയിൽനിന്നു സമുദ്രവഴിയായി 2500 നാഴിക ദൂരത്തിൽ'' വച്ച് കണ്ടെത്തുന്ന 'നീഗ്രോ' 'കൊളോണിയൽ ഇന്ത്യയി'ലെ പൗര/പൗരനിൽനിന്ന് ഏറെ അകലെയാണെന്ന് പൊറ്റെക്കാട്ട് അളന്നെടുക്കുന്നത് യൂറോപ്യൻ വർണ, വംശ, ദേശ, അധീശത്വ ആശയാവലികളിലൂടെയാണ്. ഈ അധീശത്വബോധമാവട്ടെ, സാമൂഹികവികാസം, പരിണാമം എന്നീ ആശയങ്ങളുടെ നിർമ്മിതിയുമാണ്.

ആഖ്യാനങ്ങളുടെ ഘടനയിൽത്തന്നെയുള്ള വികാസത്തിന്റെ തലങ്ങളെ, പ്രത്യേകിച്ച് നോവലുകളുടെയും ചരിത്രങ്ങളുടെയും ശൃംഖലാബന്ധങ്ങളെ, സഞ്ചാരക്കുറിപ്പുകളും സ്വാംശീകരിക്കുന്നത് ഏറെ ശ്രദ്ധേയമാണ്. ഇക്കാരണം കൊണ്ട് വർത്തമാനകാലത്തെ അടയാളപ്പെടുത്തുന്ന എന്തിനും ഈ ചരിത്രാത്മക

തയുടെ സ്വഭാവമുണ്ടെന്നു പറയാം. പൂർവകാലത്തുനിന്ന് വർത്തമാനത്തിലേക്കുള്ള സൂചനകൾ നൽകുന്നതെന്തും ഈ പരിണാമനിയമങ്ങളുടെ ആശയാവലികൾക്കകത്താണെന്നും അത് ചരിത്രത്തെക്കുറിച്ചുള്ള ആശയങ്ങളാണ് പങ്കിടുന്നതെന്നും ആർ.ജി. കോളിൻവുഡ് നിരീക്ഷിക്കുന്നത് ഇവിടെ കൂട്ടിവായിക്കേണ്ടതുണ്ട്.[7]

ആധുനികസംസ്കൃതിയുടെ മാനദണ്ഡങ്ങൾ പൊറ്റെക്കാട്ടിനെ വലിയൊരളവിൽ യൂറോപ്യൻ സമീപനങ്ങളുടെ വാഹകനാക്കുന്നുണ്ട്. ആഫ്രിക്കയെക്കുറിച്ചുള്ള സൂചനകളിലെമ്പാടും ആവർത്തിച്ചുവരുന്ന പുറന്തള്ളലിന്റെ യുക്തി വിചാരണ ചെയ്യപ്പെടേണ്ടതുണ്ട്. അല്ലെങ്കിൽ 'കേരളത്തിലെ ആഫ്രിക്കയൊക്കെ'[8] ആവർത്തിക്കാൻ സാധ്യതയുണ്ട്. ലോകത്തിലെ ഏറ്റവും പഴക്കമുള്ള സംസ്കാരങ്ങളിലൊന്നായ ആഫ്രിക്കരുടെ നൃത്തങ്ങളെക്കുറിച്ച് പൊറ്റെക്കാട്ട് നൽകുന്ന വിശദീകരണം നോക്കുക:

> ''അപരിഷ്കൃതരായ കാപ്പിരിവർഗങ്ങൾക്കിടയിൽ കലാബോധം കാണുമോ? പലരും ചോദിക്കാറുണ്ട്. നമ്മൾക്ക് പരിചയമുള്ള തരം പരിഷ്കാരത്തിന്റെ പ്രവേശമേൽക്കാത്ത ആഫ്രിക്കയിലെ കാട്ടുമലകളിലും ഇരുണ്ട ഉൾനാടൻഗ്രാമങ്ങളിലും സഹസ്രാബ്ദങ്ങൾ കഴിഞ്ഞിട്ടും മാറ്റം വരാത്ത സാമുദായികാചാരങ്ങളോടെ പാർത്തുവരുന്ന കാപ്പിരികൾക്കുമുണ്ട് തങ്ങളുടേതായ കലാപ്രകടനങ്ങൾ.''[9]

ഏതു ചരിത്ര - സാംസ്കാരികാന്തരീക്ഷത്തിലാണ് പൊറ്റെക്കാട്ടിലെ വിഷയി രൂപപ്പെട്ടതെന്നുള്ള ചോദ്യത്തിനുത്തരമായി ഇത്തരം മുൻവിധികളെ പരിഗണിക്കാവുന്നതാണ്.

കോളണീകരണത്തിന്റെ അന്തരീക്ഷത്തിൽ യൂറോപ്യൻ വിഷയിയെ സംബന്ധിച്ച് മലയാളികൾ വിഭാവനം ചെയ്യപ്പെട്ടതെങ്ങനെ എന്നുള്ളതിന് *മലബാർ*

*മാന്വൽ* കർത്താവായ വില്യംലോഗന്റെ ചില നിരീക്ഷണങ്ങൾ പരിശോധിക്കാവുന്ന താണ്. മലയാളികളെക്കുറിച്ച് *മലബാർ മാന്വലി*ന്റെ ആമുഖത്തിൽ ലോഗൻ ഇങ്ങ നെയാണ് കുറിക്കുന്നത്:

> ''ഒരായിരമോ അതിലേറെയോ വർഷങ്ങൾക്കുമുമ്പുതൊട്ടു തുടങ്ങി ഇന്നും അഭിനിവേശപൂർവം തിരിഞ്ഞുനോക്കുന്ന ഒരു ജനസമൂഹം (മക്കത്തേക്ക് പോയ് കാരണവർ തിരിച്ചെത്തുന്നത്) സ്വന്തം ചരിത്ര ത്തിൽ നാഴികക്കകല്ലുകളോ അതല്ലെങ്കിൽ ചവിട്ടുപടികളോ ഗണ്യ മായി സ്വായത്തമാക്കാൻ കഴിയാതെപോയ ഒരു ജനതയായിരിക്ക ണം. നിരവധി നൂറ്റാണ്ടുകളായി അഭംഗുരം നിലനിന്നുപോന്ന ആശ്ച ര്യകരമായ ഒരു സിവിൽഭരണസംവിധാനത്തിന്റെ അവകാശികളാണ വർ. അത് രൂപംകൊണ്ട അന്ന് സ്വന്തം ചരിത്രം മിക്കവാറും പൂർത്തി യാക്കാൻ കഴിഞ്ഞ ഒരു ജനതയാണ് മലയാളികളെന്നു പറയാം. മലയാളിസമൂഹം ചരിത്രകാരന്മാർക്ക് ജന്മം കൊടുത്തിട്ടില്ല. ഒരർഥ ത്തിൽ രേഖപ്പെടുത്താൻ മാത്രം ചരിത്രം അവർക്കുണ്ടായിരുന്നില്ലെ ന്നുതന്നെ കാരണം.''[10]

ചരിത്രമില്ലെന്ന് ലോഗൻ പറയുന്നതിനർഥം, മലയാളികൾക്ക് ഭൂതകാലവും വർത്തമാനവും ഇല്ലെന്നു സ്ഥാപിക്കാനാണ്. കോളണീകരണത്തോടെ കോളനിക ളായ രാഷ്ട്രങ്ങളുടെയാകെ സാമൂഹിക - സാംസ്കാരിക ജീവിതങ്ങൾ ചരിത്ര ത്തിന് പുറത്താവുകയാണ്. ചരിത്രത്തിന് പുറത്താവുക എന്നതിന്റെ അർഥം യൂറോപ്യൻചരിത്രത്തിന്റെ സങ്കൽപ്പനങ്ങൾക്ക് പുറത്താവുക എന്നതാണ്. കേരള ത്തിന്റെ മാത്രമല്ല, ഏഷ്യയുടെയും ആഫ്രിക്കയുടെയും കോളണീകരണത്തിന്റെ പദ്ധതി വിഭാവനം ചെയ്യപ്പെട്ടത് ഇത്തരമുള്ള പുറത്താക്കലിലൂടെയാണ്.

പുറത്താക്കലുകളുടെ ആശയാവലികൾ ആദ്യം സൂചിപ്പിച്ച വികാസവും പരിണാമവുമായി ബന്ധപ്പെട്ടതാണ്. ഇന്ത്യക്കാരെയും മലയാളികളെയും പോലെ

ആഫ്രിക്കരെയും ചരിത്രത്തിന് വെളിയിലാക്കിയ കൊളോണിയൽ സമീപനമാണ് പൊറ്റെക്കാട്ട് ആഫ്രിക്കയ്ക്ക് മേൽ അടിച്ചേൽപ്പിക്കുന്നത്. മാത്രവുമല്ല, കൊളോണിയൽ വിഷയിയുടെ വിവിധ സമീപനങ്ങളിലെ സവിശേഷധാര വ്യത്യസ്ത കോളനികൾക്കുള്ളിൽ എങ്ങനെ പരസ്പരം വിഷയങ്ങളെ വിഭാവനം ചെയ്തു എന്നതിന്റെ തെളിവുകൾകൂടിയാണ് പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും യാത്രക്കുറിപ്പുകൾ. കൊളോണിയൽ ചരിത്രഘട്ടത്തിൽ ജീവിക്കുകയും കൊളോണിയൽമൂല്യങ്ങളെ സ്വാംശീകരിക്കുകയും ചെയ്തിട്ടുള്ള പൊറ്റെക്കാട്ട്, ഇന്ത്യയടക്കമുള്ള കോളനികളെ മുൻനിർത്തി യൂറോപ്പ് സ്വരൂപിച്ച ആഖ്യാനങ്ങളിലെ സമീപനങ്ങൾ ആഫ്രിക്കക്കാരെ മുൻനിർത്തി ഉപയോഗിക്കുന്നതിലെ ഔചിത്യം പുനർവിചാരണയ്ക്ക് വിധേയമാക്കേണ്ടിവരും. ആഫ്രിക്കക്കാരെ ധൈഷണികമായി ശ്രേണീകരിക്കുന്ന ഒരു കഥ പൊറ്റെക്കാട്ട് വിവരിക്കുന്നത് ശ്രദ്ധിക്കുക:

> ''ഒടുവിൽ ഥത്തെ തന്റെ ഭൃത്യനോടു ലോറിക്കു കെട്ടാനുപയോഗിക്കുന്ന നീണ്ട ചളിമ്പുകയർ എടുത്തുകൊണ്ടുവരാൻ പറഞ്ഞു. ഒരു കാപ്പിരി മുകളിൽ കയറി പെട്ടിക്ക് കുടുക്കിട്ട് മുറുക്കി. കയറിന്റെ അറ്റം താഴോട്ടു നീട്ടിക്കൊടുത്തു. താഴെ നിൽക്കുന്ന രണ്ടു കാപ്പിരികൾ - ആ രാത്രി കാവൽക്കാർ - ഉടനെ കയർ പിടിച്ചുവലിച്ചു പെട്ടി താഴോട്ടു വീഴ്ത്താനുള്ള പുറപ്പാടാണെന്ന് മനസ്സിലായപ്പോൾ ഞാനും മി. ഥത്തെയും ആ കാപ്പിരികളുടെ കൈ കടന്നുപിടിച്ചു.''
>
> ''ആ കാപ്പിരികളുടെ ബുദ്ധിയുടെ വലിപ്പമോർത്ത് ഞാൻ ചിരിച്ചുപോയി. മാർക് ട്വൈൻ പറഞ്ഞ ഒരു സൊള്ളർ കഥയാണ് എനിക്കപ്പോൾ ഓർമ്മ വന്നത്.''[11]

ആഫ്രിക്കൻജനതയെക്കുറിച്ചുള്ള ഇത്തരം യൂറോപ്യൻകഥകളുടെ സ്വാംശീകരണം പൊറ്റെക്കാട്ടിന്റെ കാഴ്ചകളെ വികലമാക്കുന്നുണ്ട്.

**രണ്ടു കാലം, രണ്ടു പാഠങ്ങൾ**

കോളണീകരണത്തിന്റെ സങ്കീർണവിഷയിയായി വേണം പൊറ്റെക്കാട്ടിന്റെ സമീപനങ്ങളുടെ കർതൃത്വത്തെ മനസ്സിലാക്കാൻ. അതിനർഥം, കോളണീകരണ ങ്ങൾക്കെതിരായ തദ്ദേശീയമായ രാഷ്ട്രീയനീക്കങ്ങളുടെയും ചെറുത്തുനിൽപ്പുക ളുടെയും ആശയാവലികൾ പൊറ്റെക്കാട്ട് സ്വാംശീകരിക്കുന്നില്ല എന്നതല്ല. കൊളോണിയൽ അധിനിവേശിത വിഷയിയായിരിക്കുമ്പോഴും സങ്കീർണമായ സാമ്പ്രദായികമൂല്യബോധങ്ങളുടെ വ്യത്യസ്ത തലങ്ങൾ ആഫ്രിക്കൻപാഠങ്ങളിൽ പ്രതിഫലിക്കുന്നുണ്ട് എന്ന വാദമാണ് പൊറ്റെക്കാട്ടിനെ സംബന്ധിച്ച് ഏറെ പ്രസ ക്തമായിട്ടുള്ളത്. കേരളീയ ജാതിയവസ്ഥകളുടെ ശ്രേണീകരണഘടനയെ സ്വാംശീകരിച്ചിട്ടുള്ള വിഷയിയുടെ സമീപനങ്ങളാണ് പൊറ്റെക്കാട്ടിന്റെ ആഫ്രി ക്കൻകുറിപ്പുകളുടെ ആന്തരികഘടനയിൽ ഊടും പാവുമായിരിക്കുന്നത്. സക്കറി യയും ഈ കാര്യത്തിൽ വിഭിന്നമായ സമീപനമുള്ള വിഷയിയല്ല.

പൊറ്റെക്കാട്ടിന്റെ യാത്രയെഴുത്തിൽ എടുത്തുപറയാവുന്ന മട്ടിൽ കേര ളീയഭൂമിശാസ്ത്രവും സാമൂഹികചരിത്രവും ആശയാവലികളുമുണ്ട്. പൊറ്റെ ക്കാട്ടിന് ശേഷം അരനൂറ്റാണ്ടിന്റെ ഇടവേളയിൽ സക്കറിയ നടത്തുന്ന യാത്രകളിൽ അത്രയൊന്നും എടുത്തുപറയാൻ കഴിയാത്തവിധത്തിലാണ്, താൻ കൂടെ വഹി ക്കുന്ന ആശയാവലികളെ പ്രതിഫലിപ്പിക്കുന്നത്. 'നൈലിന്റെ ഉത്ഭവസ്ഥാനത്ത്' എന്ന കുറിപ്പ് തുടങ്ങുന്നതിങ്ങനെയാണ്:

> ''കമ്പാലയിൽനിന്ന് ജിഞ്ചയിലേക്കുള്ള യാത്രയുടെ കേരളീയതയെ ഞാൻ അനുഭവിച്ച് അത്ഭുതപ്പെടുന്നതിന് അരനൂറ്റാണ്ടു മുൻപേ പൊറ്റെക്കാട്ട് വിശദമായി വിവരിച്ചിട്ടുണ്ട്. ''ആലുവായിൽനിന്ന് റോഡുവഴി ഷൊർണൂരിലേക്ക് സഞ്ചരിക്കുമ്പോൾ നിങ്ങൾ കടന്നു പോകുന്ന സ്ഥലങ്ങളിലെ ഭൂപ്രകൃതിയുടെയും സസ്യസമൃദ്ധിയു ടെയും തനിപ്പകർപ്പുകളാണ് കമ്പാല-ജിഞ്ച റോഡിലൂടെ സഞ്ചരി

ക്കുമ്പോൾ നിങ്ങളെ എതിരേൽക്കുന്നത്. മുന്നോട്ടു ചെല്ലും തോറും ഈ കേരളചിത്രവിലാസങ്ങൾക്ക് മാറ്റ് വർധിക്കുന്നു. ആ പച്ചക്കാടുകളും കൂമൻമേടുകളും കൊച്ചുചുരങ്ങളും തിരമാലകൾപോലെ കിടക്കുന്ന കുന്നുകളും പടുമരക്കോട്ടകളും ചേടിക്കുഴികളും മുളക്കൂട്ടങ്ങളും വാഴത്തോട്ടങ്ങളും വയൽക്കരകളും കടന്നുപോന്നപ്പോൾ കേരളമണ്ണിലല്ലെന്നു വിശ്വസിക്കാൻ കഴിഞ്ഞില്ല.''[12]

പൊറ്റെക്കാട്ടിന്റെ ആ പാത ഇന്നും ഏതാണ്ട് അങ്ങനെയൊക്കെ തന്നെയാണ് എന്നാണ് സക്കറിയ എഴുതിയറിയിക്കുന്നത്. സക്കറിയയും അരനൂറ്റാണ്ടിനു മുമ്പ് പൊറ്റെക്കാട്ടും എഴുതിയ സഞ്ചാരക്കുറിപ്പുകളിൽ ഒളിഞ്ഞു തെളിഞ്ഞു നിൽക്കുന്ന കേരളചിത്രങ്ങൾ സഞ്ചാരസാഹിത്യകാരന്റെ ആഖ്യാനത്തിലെ സ്വാതന്ത്ര്യമാണ്. അതായത് മറ്റ് ആഖ്യാനരൂപങ്ങളിൽനിന്ന് വേറിട്ട് കണ്ടെഴുത്തിന്റെ ഉള്ളടക്കത്തിലേക്ക് വിഷയി കൂടെ കൊണ്ടുപോവുന്ന ലോകചിത്രങ്ങളാണത്. ഏതൊക്കെ ലോകചിത്രങ്ങൾ, എവിടെയൊക്കെ തിരഞ്ഞെടുത്ത് കൂട്ടിച്ചേർത്ത് വയ്ക്കാമെന്നത് വിഷയിയുടെ ഔചിത്യബോധത്തെ ആശ്രയിച്ചിരിക്കുന്നതാണ്. സക്കറിയയുടെ ആഫ്രിക്കൻയാത്രയുടെ ആമുഖത്തിൽ തന്നെ, പൊറ്റെക്കാട്ട് കാണിച്ചുതന്ന വിവരങ്ങളുടെയും വിശദാംശങ്ങളുടെയും മാനങ്ങൾ, അരനൂറ്റാണ്ടിനു ശേഷം, തന്നെ ആഫ്രിക്കൻയാത്രയിലേക്കു നയിച്ച അടിസ്ഥാനഘടകമായി തന്നെയാണ് വിലയിരുത്തുന്നത്.

ഇത് കണ്ടെഴുത്തിന്റെ സമ്മർദ്ദങ്ങളുടെ രാഷ്ട്രീയ മാനങ്ങളെ വായനക്കാരുടെ മുമ്പിലേക്ക് എടുത്തുവയ്ക്കുന്നുണ്ട്. അരനൂറ്റാണ്ടുമുമ്പ് പൊറ്റെക്കാട്ടിന്റെ അഭിരുചികളുടെയും സാമൂഹികസാഹചര്യങ്ങളുടെയും സാധ്യതയിലൂടെ നടത്തിയ കണ്ടെത്തലുകളുടെയും ഊന്നലുകളുടെയും ക്രമം സക്കറിയയെയും അദ്ദേഹത്തിന്റെ എഴുത്തിന്റെയും കാഴ്ചയുടെയും മുൻഗണനക്രമങ്ങളെയും നിർണയിക്കുന്നുണ്ടെന്നു സാരം. പക്ഷേ, 50 വർഷം മുമ്പ് പൊറ്റെക്കാട്ട് കണ്ട നൈലിന്റെ

ഉത്ഭവസ്ഥാനത്ത് 2004-ൽ സക്കറിയ ആ കാഴ്ചതന്നെ കാണുന്നതിന്റെ അർഥം, ചരിത്രപരമായി നീതീകരിക്കാനാവില്ല.

'പൊറ്റെക്കാട്ടിന്റെ ആഫ്രിക്കയിലേക്ക്' എന്ന് തന്റെ സഞ്ചാരക്കുറിപ്പുകൾക്ക് ആമുഖനാമം കുറിച്ചിടുന്ന സക്കറിയ, കൊളോണിയൽ വിഷയിയായ പൊറ്റെക്കാട്ടിന്റെ സാംസ്കാരികകർതൃത്വത്തിൽനിന്ന് ഭിന്നമായിരിക്കുന്നു. ചരിത്രപരമായി അപകോളനീകരണത്തിന്റെ രാഷ്ട്രീയാവസ്ഥയിൽനിന്ന് കണ്ടെഴുതാൻ പുറപ്പെടുന്ന സക്കറിയയ്ക്ക് ഉണ്ടാവേണ്ട ചരിത്രാനുഭവങ്ങളിലെ വിച്ഛേദം, വിസ്മരിക്കപ്പെടുന്ന പാഠംകൂടിയായി *ഒരു ആഫ്രിക്കൻയാത്ര* വായിക്കപ്പെടേണ്ടതുണ്ട്. അപകോളനീകരണത്തിന്റെ സാമൂഹികദർശനത്തെക്കുറിച്ച് കൃതിയുടെ ആമുഖത്തിൽ വാചാലനാവുന്ന സക്കറിയ, ചരിത്രപരമായ വിച്ഛേദങ്ങളെ സാർവലൗകികതയുടെ പ്രത്യയശാസ്ത്രമറകൊണ്ട് ഒളിപ്പിക്കുന്ന പാഠംകൂടിയാണ് '*ഒരു ആഫ്രിക്കൻ യാത്ര*'. സക്കറിയ എഴുതുന്നു:

> ''ആഫ്രിക്കയെ ആദ്യമായി സമീപിക്കവേ ഞാൻ ആലോചിച്ചു. അമ്പത്തിരണ്ടു വർഷം മുൻപ് പൊറ്റെക്കാട്ട് കണ്ടെത്തിയ ആഫ്രിക്കയുടെ ഇന്നത്തെ സ്വരൂപമാണ് ഞാൻ അന്വേഷിക്കുന്നത്. അദ്ദേഹത്തിന്റെ പാതകളിലൂടെയാണ് എന്റെ സഞ്ചാരത്തിന്റെ മുഖ്യഭാഗവും നിർവഹിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്. എസ്.കെയുടെ തൂലിക നിർമ്മിച്ച വിസ്മയലോകത്തിന്റെ ഓർമ്മകളും പിന്നീടു ലഭിച്ച അനവധി ആഫ്രിക്കൻ പ്രതിച്ഛായകളുടെ മിശ്രിതവും കൂടിച്ചേർന്ന ഒരു രഹസ്യാത്മകചിത്രമാണ് എന്റെ തലച്ചോറിൽ പതിപ്പിച്ചിരിക്കുന്ന ഭൂപടം.''[13]

സക്കറിയയുടെ ഈ പ്രസ്താവനയുടെ അർഥമെന്താണ്? പൊറ്റെക്കാട്ടിന്റെ കാലഘട്ടത്തിലെ വിഷയിയെയും മുൻഗണനക്രമങ്ങളെയും കണ്ടെഴുത്തിന്റെ മാനങ്ങളെയും ഒരു സവിശേഷമാതൃകയായി പിന്തുടരാൻ ശ്രമിക്കുന്നു എന്നുതന്നെ

യാണ്. അതായത് പൊറ്റെക്കാട്ട് നിർമ്മിച്ചുവച്ചതും വിശദീകരിച്ചുപോയതുമായ ചിത്രങ്ങളും വഴികളും സാംസ്കാരികാഭിമുഖ്യങ്ങളും സവിശേഷമാതൃകയായി സക്കറിയ സ്വീകരിക്കുന്നുവെന്ന വാദമാണിവിടെ മുന്നിട്ടുനിൽക്കുന്നത്. ഒരു ആഫ്രിക്കൻയാത്രയുടെ സന്ദർഭവും പൊറ്റെക്കാട്ട് കാണുന്ന ആഫ്രിക്കയും തമ്മിൽ അരനൂറ്റാണ്ടിന്റെ അകലമുണ്ടെങ്കിലും സമീപനത്തിൽ ഈ അകലമില്ലെന്ന് വിളിച്ചു പറയുന്ന സന്ദർഭംകൂടിയാണ് മുകളിൽ കൊടുത്ത സക്കറിയയുടെ പ്രസ്താവന കൾ.

അറിവാണ് താൽപ്പര്യങ്ങളെ വിഭാവനം ചെയ്യുന്നത്[14] എന്ന സാമൂഹികസി ദ്ധാന്തത്തിന്റെ വഴിയിലേക്ക് സഞ്ചാരസാഹിത്യപ്രസ്ഥാനത്തെ ചേർത്തുനിർത്തുന്ന പ്രധാനപ്പെട്ട ചില ഘടകങ്ങളുണ്ട്. അറിവിന്റെ എല്ലാ രൂപങ്ങളും കൂടിച്ചേർന്നാണ് സാമൂഹികജീവിയായ മനുഷ്യരുടെ അവസ്ഥകളെ നിർണയിക്കുന്നതും നിയന്ത്രി ക്കുന്നതും രൂപപ്പെടുത്തുന്നതും എന്ന് ഹാബർമാസിന്റെ *അറിവും മാനുഷികാഭിരു ചികളും* എന്ന കൃതിയെ മുൻനിർത്തി നിക് ക്രോസ്‌ലി[15] ചൂണ്ടിക്കാണിക്കുന്നുണ്ട്. പൊറ്റെക്കാട്ട് 1949-50 കളിൽ ആഫ്രിക്കയിലേക്ക് പോകുംമുമ്പ് അങ്ങോട്ടേക്കു തന്നെ ആകർഷിച്ച അജ്ഞാതനായ സഞ്ചാരിയുടെ കുറിപ്പിനെക്കുറിച്ച് സൂചിപ്പി ക്കുന്നുണ്ട്. ''പച്ചമനുഷ്യനെ കാണണമെങ്കിൽ ആഫ്രിക്കയിൽ പോകണം എന്ന് അജ്ഞാതനായൊരു സഞ്ചാരി രേഖപ്പെടുത്തിയത് എന്നെ ആകർഷിച്ചു''എന്ന് *സഞ്ചാരസാഹിത്യം* ഒന്നാം പതിപ്പിനെഴുതിയ ആമുഖത്തിൽ[16] അദ്ദേഹം പറയുന്നു ണ്ട്. അച്ചടിമാധ്യമങ്ങളുടെ വ്യാപനവും വിദ്യാഭ്യാസ, തൊഴിൽമണ്ഡലങ്ങളിൽ കൊളോണിയൽ ഇന്ത്യയിലുണ്ടായ പുതിയ സാമൂഹിക - സാമ്പത്തിക ഘടനകളു മൊക്കെ ചേർന്നാണ് ആഫ്രിക്കൻയാത്രയുടെ അഭിരുചി നിർമ്മിതി പൊറ്റെക്കാട്ടിൽ രൂപപ്പെടുത്തുന്നത്. അതായത് പൊറ്റെക്കാട്ട് വെളിപ്പെടുത്തുന്ന അജ്ഞാത സഞ്ചാ രിയുടെ ആ ലേഖനം മാത്രമല്ല അദ്ദേഹത്തെ ആഫ്രിക്കയിലേക്ക് തിരിയാൻ പ്രേരി പ്പിച്ചതെന്നർഥം. ഇവിടെ പൊറ്റെക്കാട്ട് സൂചിപ്പിക്കുന്ന അജ്ഞാത സഞ്ചാരിയുടെ

കുറിപ്പ്, അദ്ദേഹത്തിലെ അഭിരുചിനിർണയത്തിന്റെ ശൃംഖലയിലെ ഒരുകണ്ണി മാത്രമേ ആകുന്നുള്ളൂ എന്ന് ചുരുക്കം.

സക്കറിയ തന്റെ *ഒരു ആഫ്രിക്കൻ യാത്ര* സാധ്യമാക്കിയത് വായനയുടെ ജ്ഞാനാനുഭവത്തിൽനിന്ന് രൂപപ്പെട്ട ആഫിക്കയോടുള്ള സവിശേഷ മമതാബന്ധം കൊണ്ടാണെന്ന് *ആഫ്രിക്കൻയാത്ര*യുടെ ആമുഖക്കുറിപ്പിൽ പറയുന്നുണ്ട്:

> "*കാപ്പിരികളുടെ നാട്ടിൽ* ഖണ്ഡശ്ശ പ്രസിദ്ധീകരിച്ച മാതൃഭൂമി ആഴ്ചപ്പതിപ്പുകൾ എന്റെ കുട്ടിക്കാലത്ത് വീട്ടിലുണ്ടായിരുന്നു. പുസ്തകത്തിന്റെ ഇപ്പോളെന്റെ പക്കലുള്ള രണ്ടാംപതിപ്പ് അപ്പൻ കോട്ടയത്തു പോയി വാങ്ങിക്കൊണ്ടുവന്നതാണ്. പിന്നീട് എസ്. കെയുടെ എല്ലാ യാത്രാവിവരണങ്ങളും വീട്ടിലെത്തി. 1976-ൽ അടിയന്തരാവസ്ഥയുടെ മധ്യത്തിൽ എഴുപതാമത്തെ വയസ്സിൽ മരിക്കുംവരെ അപ്പൻ യാതൊരു വിരസതയുമില്ലാതെ അവ ആവർത്തിച്ച് വായിച്ചിരുന്നു. എന്റെ അമ്മയും അവയോരോന്നും വായിച്ചിരുന്നത് എനിക്കോർമ്മയുണ്ട്. നാട്ടിൻപുറത്തെ കൃഷിക്കാരും വായനക്കാരുമായിരുന്ന എന്റെ അപ്പനമ്മമാർക്ക് സ്വപ്നം കാണാൻ എസ്.കെ. വരച്ചുകൊടുത്ത ആ ആഫ്രിക്ക പിന്നീട് എന്റെ രഹസ്യമോഹമായിത്തീരുന്നു."[17]

മോഹം രൂപീകരിക്കപ്പെടുന്ന സാംസ്കാരികസന്ദർഭത്തിന്റെ പശ്ചാത്തലമാണ് ഇവിടെ ശ്രദ്ധേയമായ വിഷയം. അഭിരുചിനിർമ്മിതിയുടെ പരിണാമചരിത്രമാണത്. വായനയും പുസ്തകങ്ങളും എങ്ങനെ അഭിരുചികളെ വാർത്തെടുക്കുന്നു എന്ന് സക്കറിയ തന്നെ വിശദീകരിക്കുകയാണിവിടെ.

സഞ്ചാരക്കുറിപ്പുകൾ മറ്റു സാഹിത്യരൂപങ്ങളിൽനിന്ന് വ്യത്യസ്തമായി വലിയതോതിൽ വിവരങ്ങൾ കോർത്തെടുത്ത് ശ്രേണീകരിക്കുകകൂടി ചെയ്യുന്നുണ്ട്. പൊറ്റെക്കാട്ടിന്റെ ചരിത്രസന്ദർഭത്തിൽ സഞ്ചാരസാഹിത്യത്തിന്റെ മണ്ഡലത്തിൽ

കയറിയവരാതിരുന്ന, ഒഴിവാക്കപ്പെട്ടിരുന്ന വിവരങ്ങളും വിശദീകരണങ്ങളും സക്കറിയയിലൂടെ കയറിവരുന്നുണ്ട്. വിവരശേഖരണങ്ങളുടെ ചരിത്രമാനങ്ങൾ എസ്. കെ. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും സഞ്ചാരക്കുറിപ്പുകളിൽ അടുക്കി ചിട്ടപ്പെടുത്തിയിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ജനതയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും ഭൂമിശാസ്ത്രത്തെക്കുറിച്ചുമുള്ള വിവരങ്ങളും വിവരണങ്ങളുമാണ്. ഉണ്ണുനീലി, ഉണ്ണിയച്ചി ചരിതങ്ങളിലെ വിവരങ്ങളും വിവരണങ്ങളും ഉള്ളടക്കത്തിൽ പദ്യരൂപത്തിലുള്ള സഞ്ചാരസാഹിത്യം എന്ന വിഷയത്തെ ചരിത്രപരമായി കുറച്ചുകൂടി മുന്നിലേക്ക് പോയി വിശദീകരിക്കാനുള്ള സാധ്യതകൾ തുറന്നിടുന്നത് ഓർക്കാവുന്നതാണ്. സന്ദേശകാവ്യങ്ങൾ ഉള്ളടക്കത്തിൽ സന്ദേശങ്ങളേക്കാളേറെ സഞ്ചാരക്കുറിപ്പുകൾക്ക് പ്രാധാന്യം നൽകുന്നത് സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്.

ആഫ്രിക്കയെക്കുറിച്ചും മനുഷ്യവർഗത്തെക്കുറിച്ചും നരവംശശാസ്ത്രത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും പരിഷ്കൃതിയെക്കുറിച്ചും കൊളോണിയൽ വിഷയിക്കുണ്ടാകുന്ന അറിവുകളുടെ വിശദാംശങ്ങളിൽനിന്നാണ് പൊറ്റെക്കാട്ട് ആഫ്രിക്കയിലേക്കു പ്രവേശിക്കുന്നത്. ഇത്തരം ജ്ഞാനപരിസരങ്ങൾ നിർമ്മിച്ച ലോകബോധത്തിൽനിന്നാണ് പൊറ്റെക്കാട്ട് തന്റെ ആഫ്രിക്കയിലേക്കുള്ള യാത്ര പുറപ്പെട്ടുതുടങ്ങുന്നത്. പൊറ്റെക്കാട്ടിന്റെ സഞ്ചാരക്കുറിപ്പുകളുടെ ഏറിയ പങ്കും വിവരങ്ങളാണ്. അതിൽ വ്യത്യസ്തങ്ങളായ അനവധി ജ്ഞാനശാഖകളുണ്ടാകും. അത് യാദൃച്ഛികമല്ല. പൊറ്റെക്കാട്ട് ആദ്യത്തെ ഖണ്ഡികയിൽ ആഫ്രിക്കൻവംശജരുടെ സാംസ്കാരികാവസ്ഥയെ കൊളോണിയൽ കാഴ്ചപ്പാടിലൂടെ മനുഷ്യസമൂഹത്തിലെ ഏറ്റവും താഴെ തട്ടിൽ പ്രതിഷ്ഠിക്കുകയും അതിനെ ന്യായീകരിക്കുകയുമാണ് ചെയ്യുന്നത്. കോളണീകരണങ്ങളെ ന്യായീകരിച്ച കോളോണിയൽ അധീശത്വ വിഷയിയുടെ സമീപനമാണ് ഈ പാഠത്തിന്റെ മുഖവുരതന്നെ. തുടക്കം ഇങ്ങനെയാണ്:

''പതിനൊന്നാംനൂറ്റാണ്ടിൽ, ആഫ്രിക്കയാവുന്ന ഇരുട്ടറയുടെ വാതിൽ തുറക്കുവാൻ പുറപ്പെട്ട സാഹസികരായ ചില 'നോർവേ' നാവികരുടെ കപ്പൽ കടലിൽ പ്രത്യക്ഷപ്പെട്ടപ്പോഴും അവൻ ഇങ്ങനെത്തന്നെ മിഴിച്ചുനിന്നിരിക്കണം. 1497-ാം മാണ്ടിൽ വാസ്കോഡിഗാമയുടെ കപ്പൽ കരയ്ക്കണഞ്ഞപ്പോഴും അവൻ ഇങ്ങനെത്തന്നെ തുറിച്ചുനോക്കി നിന്നിട്ടുണ്ടാകും. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അവന്റെ അത്ഭുതഭാവം മാറിയിട്ടില്ല. അവൻ ഇന്നും പുരോഗമിക്കാതിരിക്കുന്നതിന്റെ കാരണം അതുതന്നെ. നമുക്ക് അവന്റെ പൂർവചരിത്രത്തെക്കുറിച്ചും കുറഞ്ഞൊന്നു ചിന്തിക്കാം.''[18]

ആഫ്രിക്കൻജനത അപരിഷ്കൃതരാണെന്നും യൂറോപ്യർ പരിഷ്കൃതരാണെന്നുമുള്ള, ഈ പരിഷ്കൃത/അപരിഷ്കൃത വിഭജനത്തിന്റെ ന്യായീകരണങ്ങളിലേക്കുള്ള പ്രവേശകമാണ് പൊറ്റെക്കാട്ടിന്റെ ഈ വാക്യങ്ങൾ. ഈ വീക്ഷണത്തിന്റെ നീതീകരണമെന്ന നിലയിലാണ് മനുഷ്യവർഗത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ. ചില നരവംശശാസ്ത്ര സങ്കൽപ്പങ്ങളെ ഉപയോഗിച്ചുകൊണ്ടാണ് പൊറ്റെക്കാട്ട് ഇത് വിശദീകരിക്കുന്നത്.

1950 കളിലെ നരവംശശാസ്ത്ര, ഭാഷാശാസ്ത്ര, സാംസ്കാരിക വിശകലനങ്ങളുടെയൊക്കെ ആശയാവലികളിൽ കോളോണിയൽ അധീശത്വത്തിന്റെ ശ്രേണീകരണങ്ങളാണ് ഒളിഞ്ഞും തെളിഞ്ഞും പ്രകടമാവുന്നത്. പൊറ്റെക്കാട്ട് മൂന്നാമത്തെ ഖണ്ഡികയായി കൂട്ടിച്ചേർക്കുന്നത് ശ്രദ്ധിക്കുക:

''മനുഷ്യവർഗത്തിന്റെ ഉത്ഭവം തെക്കുകിഴക്കനേഷ്യയിലെവിടെയോ വെച്ച്, മിക്കവാറും ഇന്ത്യയിൽനിന്ന് ആണെന്നു പല ഗവേഷണങ്ങൾകൊണ്ടും തെളിഞ്ഞുവരുന്നുണ്ട്. ആസ്ട്രേലോയിഡ് എന്നു വിളിച്ചുവരുന്ന നരവംശത്തിൽനിന്ന് നിഗ്രോ ഉപവർഗം ദക്ഷിണേഷ്യയിൽ ഉത്ഭവിച്ചതായും ആ നീഗ്രോ ഇന്ത്യ, മലയാ, ന്യൂഗിനിയാ,

> ശാന്തസമുദ്ര ദ്വീപുകൾ, ആസ്ട്രേലിയ, ന്യൂസിലാന്റ് മുതലായ രാജ്യങ്ങളിലേക്ക് സംക്രമിച്ചതായും പറയപ്പെടുന്നു. ആ നീഗ്രോ ഉപവർഗത്തിൽ നിന്നുതന്നെ മറ്റൊരു സംഘം പടിഞ്ഞാട്ടു പേർഷ്യ, മെസപ്പെട്ടോമിയ, സിറിയ, അറേബ്യ മുതലായ രാജ്യങ്ങളിലേക്കും പ്രവേശിച്ചു. അറേബ്യയിൽനിന്നും പേർഷ്യയിൽനിന്നും അവർ വടക്കേ ആഫ്രിക്കയിലേക്കു കടന്നു.''[19]

കോളണീകരണത്തോടൊപ്പം അതിന്റെ ഭാഗമായി രൂപപ്പെട്ടുവന്ന വിഷയങ്ങളെ അടുക്കി ചിട്ടപ്പെടുത്തുന്നതിലൂടെ കോളോണീകരണത്തെയും അതിന്റെ വിഷയവിഭജനങ്ങളെയും സ്ഥാപിക്കുകയും ന്യായീകരിക്കുകയുമാണ് പൊറ്റെക്കാട്ട് ചെയ്യുന്നത്. അതായത് പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻകുറിപ്പുകൾ യൂറോപ്പിന്റെ വിഷയ - വിഷയി വിഭാവനത്തിന്റെ വിപുലീകരണപദ്ധതികൂടിയായി പരിഗണിക്കേണ്ടിവരും, ചില തലങ്ങളിലെങ്കിലും എന്നു സാരം.

പൊറ്റെക്കാട്ടിന്റെ മുകളിൽക്കൊടുത്ത പ്രസ്താവനകൾ 'നരവംശശാസ്ത്രപരമായി, ആഫ്രിക്കൻജനത എന്തുകൊണ്ട് അപരിഷ്കൃതരായിപ്പോയി എന്നുള്ളതിന്റെ ദൃഷ്ടാന്തവും കൂടിയാണ്. സഞ്ചാരക്കുറിപ്പുകളിലേക്കുള്ള പ്രവേശകത്തിന്റെ ആദ്യഭാഗത്തുതന്നെ നരവംശശാസ്ത്രത്തെ തുടർന്ന് ആഫ്രിക്കൻജനത എങ്ങനെ അപരിഷ്കൃതരായിത്തീർന്നു എന്ന് ഭൂമിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കാനാണ് ശ്രമിക്കുന്നത്:

> ''വെളുത്ത മനുഷ്യസഹോദരങ്ങളുടെ മർദ്ദനമേറ്റ് മധ്യാഫ്രിക്കയുടെ ഉള്ളിലേക്കുമാറിയ നീഗ്രോവർഗത്തിന്റെ ദുരിതങ്ങൾ അവിടെയും അവസാനിച്ചില്ല. പ്രകൃതിപോലും അവർക്കെതിരായിരുന്നു. അതിബൃഹത്തായ ഭൂഗർഭപരിവർത്തനങ്ങൾ സംഭവിച്ചുതുടങ്ങി. ഉത്തരയൂറോപ്പിലെ വമ്പിച്ച ഹിമഭിത്തികൾ ഉരുകിയൊലിച്ചു പുതിയ നദികളുണ്ടായി. സമുദ്രവിതാനം പൊങ്ങി. അവയുടെയെല്ലാം പ്രത്യാ

ഘാതങ്ങൾ ആഫ്രിക്കൻ വൻകരയിൽ അനുഭവപ്പെട്ടു. അവിടെ ഉഷ്ണം വർധിച്ചു. നദികളും തടാകങ്ങളും വറ്റി. കൊടുങ്കാറ്റ്, ഭൂകമ്പം! ചിലേടത്തു ഭൂമി പൊട്ടിപ്പിളർന്നു. പാറക്കെട്ടുകൾ തവിടു പൊടിയായി. നൂറ്റാണ്ടുകളായി തുടർന്നുകൊണ്ടിരിക്കുന്ന ഈ പ്രകൃതിവിക്രിയകളുടെ ഫലമായി ആഫ്രിക്കയുടെ വടക്കുഭാഗം വലിയൊരു മരുഭൂമിയായിത്തീർന്നു.''[20]

ആഫ്രിക്കയുടെ ഭൂപരിഷ്കൃതാവസ്ഥയുടെ കൊളോണിയൽ കാരണം വിശദീകരിക്കാനുള്ള ശ്രമമാണ് ഇത്. യൂറോപ്പുമായി താരതമ്യപ്പെടുത്തുമ്പോൾ ആഫ്രിക്ക, ദേശമെന്ന നിലയിൽ ഭൂമിശാസ്ത്രപരമായും ജനതയെന്ന നിലയിൽ നരവംശശാസ്ത്രപരമായും പതിതമാണെന്ന് സ്ഥാപിക്കപ്പെടുകയാണ്. എങ്ങനെ സഞ്ചാരക്കുറിപ്പ്, ദേശങ്ങളെയും ജനതയെയും ബന്ധിപ്പിക്കുന്നതിനുപകരം വിഭജി ക്കുന്നു എന്നുള്ളതിന്റെ ദൃഷ്ടാന്തമാണിവിടെ ഉന്നയിക്കപ്പെടുന്ന വാദങ്ങളെല്ലാം തന്നെ.

കോളണീകരണത്തിന്റെ മാനദണ്ഡങ്ങളും അളവുകോലുകളും പുതിയ വിഷയങ്ങളെന്ന നിലയിൽ, പ്രത്യേകിച്ച് അറിവുകളെന്ന നിലയിൽ സ്വാംശീകരി ക്കുന്ന കോളനികളിലെ സമൂഹം, യൂറോകേന്ദ്രിതമായ വിഷയവിഭാവനകൾക്കു ള്ളിൽ മനസ്ഥിതിപരമായും രാഷ്ട്രീയമായും കുരുങ്ങിപ്പോകുന്നതെങ്ങനെ എന്നു ള്ളത് ആഫ്രിക്കയെക്കുറിച്ചുള്ള പൊറ്റെക്കാട്ടിന്റെ ഓരോ പാഠങ്ങളിലും കാണാനാ കും. മാത്രവുമല്ല, യൂറോകേന്ദ്രിതമായ ഇത്തരം വിഷയസങ്കൽപ്പങ്ങൾ സ്വാംശീകരിക്കപ്പെടുന്ന വിഷയിസമൂഹങ്ങളിൽനിന്ന്, എങ്ങനെ അപരവൽക്കരിക്ക പ്പെടുന്നുവെന്നും പൊറ്റെക്കാട്ടിന്റെ വിഷയി സിദ്ധാന്തിക്കുന്നുണ്ട്. പ്രതിഫലനാ ത്മകത നഷ്ടപ്പെടുന്ന അറിവുകൾ ഉപകരണങ്ങൾ മാത്രമായിത്തീരുന്ന അവസ്ഥ യാണിത്. *അറിവും മാനവികാഭിരുചികളും* എന്ന കൃതിയിൽ യുർഗൻ ഹാബർമാസ് അറിവിന്റെ പ്രതിഫലനാത്മകതയെക്കുറിച്ച് പറയുമ്പോൾ ഇക്കാര്യം

എടുത്തുപറയുന്നുണ്ട്. വിഷയങ്ങൾ വിഷയിയിൽ സ്വയം പ്രതിഫലനാത്മകമാകാതെ വിവരങ്ങളായി മാറുന്നത് സാങ്കേതികതയുടെ നിയന്ത്രണാധികാരവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കേണ്ടതാണെന്ന് ഹാബർമാസ് ചൂണ്ടിക്കാണിക്കുന്നു. ഇത് വിഷയിയെയും സവിശേഷമായ സാംസ്കാരികപ്രതിസന്ധിയിലേക്കു നയിക്കുന്നു. കൊളോണീകരണത്തിനു വിധേയമായ സമൂഹങ്ങളിലെ വിഷയികളുടെ ഈ സാംസ്കാരികപ്രതിസന്ധിയിലാണ് പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻ സഞ്ചാരക്കുറിപ്പുകൾ വിഭാവനം ചെയ്യപ്പെടുന്നത്. വിഷയി സ്വാംശീകരിക്കുന്ന അറിവുകൾ, ആശയങ്ങൾ എന്നിവ വിഷയിയുടെ പ്രവൃത്തികളെ ന്യായീകരിക്കുന്നുവെന്ന് ഹാബർമാസ് ഇതോടൊപ്പം പറയുന്നുണ്ട്.[21] കൊളോണിയൽ വിഷയസങ്കൽപ്പങ്ങളുടെ ഭാരം വിമർശനാത്മക അവബോധമില്ലാതെ, സ്വയം പ്രതിഫലനാത്മകതയില്ലാത്ത വിഷയിയായി യൂറോപ്യൻകണ്ണിലൂടെ ആഫ്രിക്കയെ കണ്ടെഴുതുന്നതിലേക്ക് പൊറ്റെക്കാട്ടിനെ നയിക്കുന്നു. അങ്ങനെ പൊറ്റെക്കാട്ട് നടത്തുന്ന കണ്ടെഴുത്ത് ഇങ്ങനെ തുടരുകയാണ്:

> ''മധ്യാഫ്രിക്കയിൽ അഭയംപ്രാപിച്ച നമ്മുടെ ഇന്ത്യൻ നീഗ്രോവർഗം വടക്ക് വലിയൊരു മരുഭൂമിക്കും തെക്ക് വൻകാടുകൾക്കും ഇടയിൽ അകപ്പെട്ടുപോയി. മധ്യധരണ്യാഴിപ്രദേശത്ത് തങ്ങളുടെ ചില പൂർവികർ പരിഷ്കാരത്തിന്റെ പടവുകൾ കയറിക്കൊണ്ടിരിക്കെ അവരുമായി ബന്ധപ്പെടാൻ കഴിയാതെ പ്രകൃതിയുടെ തടവിൽപ്പെട്ടുപോയ ഇക്കൂട്ടർ കിടന്നു പരുങ്ങി മധ്യാഫ്രിക്കയിലേക്ക് ഓടിവന്ന കാലത്ത് ഇവർക്കും ചില പരിഷ്കാരങ്ങളെല്ലാം ഉണ്ടായിരുന്നിരിക്കണം. പക്ഷേ, സഹസ്രാബ്ദങ്ങളായി തുടർന്നനുഭവിക്കേണ്ടിവന്ന ഏകാന്തതടവ്, ഇവരെ പഴയ കാടത്തത്തിലേക്ക്, വെറും മൃഗീയതയിലേക്ക് വലിച്ചുകൊണ്ടുപോയി. മനുഷ്യവർഗങ്ങളിലൊന്നിന്റെ ദയനീയവും ഭയങ്കരവുമായ പശ്ചാത്ഗമനമാണ് നാമിവിടെ കാണുന്നത്.''[22]

പൊറ്റെക്കാട്ടിന്റെ പുരോ/പശ്ചാത്ഗമനങ്ങളുടെ അളവുകോലുകളും സമീപനങ്ങളും ആകത്തുകയിൽ അറിവുകളുടെ ഏതു വിധത്തിലുള്ള സ്വഭാവമാണ് പങ്കുവയ്ക്കുന്നത് എന്നതാണ് പ്രധാന പ്രശ്നം.

പൊറ്റെക്കാട്ടിന്റെ ആഫ്രിക്കയ്ക്കും സക്കറിയയുടെ ആഫ്രിക്കയ്ക്കും ഇടയിൽ നൂറ്റാണ്ടുകളുടെ അകലം ചരിത്രപരമായി നിലനിൽക്കുന്നുണ്ട്. അത് ഇരുവരുടെയും ആഫ്രിക്കൻപാഠങ്ങളെ ഏറെ വ്യതിരിക്തമാക്കുന്നുമുണ്ട്. പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻപാഠങ്ങൾക്ക് കൊളോണിയൽ ചരിത്രപശ്ചാത്തലമാണുണ്ടായിരുന്നതെങ്കിൽ സക്കറിയ കോളനിയാനന്തരസന്ദർഭത്തിന്റെ ആഫ്രിക്കൻ പാഠമാണ് അവതരിപ്പിക്കുന്നത്. പൊറ്റെക്കാട്ട് പോയ വഴിയിലൂടെ ചിലപ്പോൾ സംശയിച്ചും ചിലപ്പോൾ ഒഴിഞ്ഞുമാറിയും ചിലപ്പോൾ ചില പാഠങ്ങൾ കൂട്ടിച്ചേർത്തും ചിലവ തിരുത്തിയെഴുതിയുമാണ് സക്കറിയ യാത്ര തുടരുന്നത്. പക്ഷേ, ആഫ്രിക്കയെക്കുറിച്ചു പറയുമ്പോൾ മനുഷ്യവംശത്തെക്കുറിച്ചും നരവംശശാസ്ത്രത്തെക്കുറിച്ചും വിശദീകരിക്കാൻ പൊറ്റെക്കാട്ടിന്റെ വഴിതന്നെയാണ് സക്കറിയയും തിരഞ്ഞെടുക്കുന്നത്:

> ''ഇന്ന് നാം മനുഷ്യൻ എന്നു വിളിക്കുന്ന ജീവി ആദ്യമായി പ്രത്യക്ഷപ്പെട്ട കരയാണിത്. ടാൻസാനിയ (Tanzania) യിലെ ഓൾഡുവായ് (Olduvai) ഗർത്തത്തിലാണ് മേരി ലീക്കി എന്ന നരവംശശാസ്ത്രജ്ഞ ആദ്യമനുഷ്യന്റെയും മുതുമുത്തച്ഛന്റെ അടയാളങ്ങൾ കണ്ടെത്തിയത്. നട്ടെല്ലും കഴുത്തും ഉയർത്തിപ്പിടിച്ച് കൈവീശി രണ്ടുകാലിൽ ജാടകൾ കാണിച്ച് നടക്കുന്ന നാം ആഫ്രിക്കയിൽനിന്നാണ് ആ നടപ്പാരംഭിച്ചത്.''[23]

സാമ്പ്രദായികവും പ്രാദേശികവുമായ ആഫ്രിക്കൻചരിത്രത്തിന്റെ ചിതറിയ ചിത്രങ്ങളാണ് സക്കറിയയുടെ *ഒരു ആഫ്രിക്കൻ യാത്ര*യിലുടനീളമുള്ളത്. നവോത്ഥാനത്തിനുള്ളിലെ വൈരുധ്യങ്ങളെക്കുറിച്ചും നവോത്ഥാനം എന്ന സങ്കൽപ്പത്തെക്കു

റിച്ചും വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ട് അഡോർണയും (Theodor W Adorno)ഹോർഖീമറും (Max Horkheimer) ചൂണ്ടിക്കാണിക്കുന്നതുപോലെ, മിത്തുകളുടെ സ്ഥാനത്ത് നവോത്ഥാനം ജ്ഞാനത്തെ അവരോധിക്കുന്നുവെന്ന വാദമാണ് നവോത്ഥാനസങ്കൽപ്പങ്ങളിൽ പൊതുവെയുള്ളത്. സക്കറിയയുടെ ഒരു ചരിത്രവിശദീകരണം നോക്കുക:

> ''ഗുഡ്ഹോപ്പ് മുനമ്പിന്റെ വളവ് മനുഷ്യചരിത്രത്തിലെ അതിപ്രധാനമായ വളവുകളിലൊന്നാണ്. 1488-ൽ പോർത്തുഗീസ് നാവികൻ ബർത്തലോമ്യൂ ഡയസാണ്, ആദ്യമായി ഈ മുനമ്പുചുറ്റി ആഫ്രിക്കയുടെ കിഴക്കൻതീരം കണ്ടെത്തിയത്. 1497-ൽ മറ്റൊരു പോർത്തുഗീസ് നാവികൻ, വാസ്കോഡഗാമ, മുനമ്പ് ചുറ്റി ഇന്ത്യാസമുദ്രത്തിലൂടെ കിഴക്കോട്ടു പോയി. പിന്നീടുണ്ടായതെല്ലാം സുപ്രസിദ്ധവും കുപ്രസിദ്ധവുമാണ്. അതുവരെയുണ്ടായിരുന്ന ലോകം അവസാനിച്ചു. മറ്റൊരു ലോകം അവതരിച്ചു.''[25]

പഴയലോകം അവസാനിക്കുകയും പുതിയലോകം അവതരിക്കുകയും ചെയ്തു എന്നതിന്റെ സാരമാണ് പാശ്ചാത്യനവോത്ഥാനം. നവോത്ഥാനത്തിന്റെ ഉള്ളടക്കത്തെ സ്വാംശീകരിച്ച വിഷയിയുടെ ലോകബോധമാണ് പൊറ്റെക്കാട്ടിൽ നിറഞ്ഞുനിൽക്കുകയും സക്കറിയയിൽ ചില തിരുത്തുകളോടെ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നത്. 'നവോത്ഥാനം' ജനതയോട് ഒരു സ്വേച്ഛാധിപതിയോടെന്ന പോലെയാണ് പെരുമാറിയതെന്നും അറിവുകൾ നവോത്ഥാനസങ്കൽപ്പത്തിനുള്ളിൽ വലുതായും വ്യാപകമായും വളച്ചൊടിക്കപ്പെടുന്നുവെന്നും[25] അഡോർണയും ഹോർഖീമറും അടിവരയിട്ടു പറയുന്നത് ഇവിടെ കൂട്ടിവായിക്കേണ്ടതാണ്.

യൂറോപ്പ് നിർമ്മിച്ചെടുത്ത ചരിത്രസങ്കൽപ്പനങ്ങളുടെയും സാംസ്കാരിക വിവക്ഷകളുടെയും ചട്ടക്കൂടുകളിൽ നിന്നുകൊണ്ട് ലോകത്തെ അളക്കാൻ ഇറങ്ങിപ്പുറപ്പെടുന്ന പൊറ്റെക്കാട്ടിന്റെ സാർവകാലികവും സാർവലൗകികവുമായ ജ്ഞാന

സങ്കൽപ്പത്തിനുള്ളിലാണ് പരിഷ്കൃതമാക്കപ്പെടുന്ന ആഫ്രിക്ക സംഭവിക്കുന്നത്. നവോത്ഥാനത്തെക്കുറിച്ചുള്ള ഈ മൂല്യബോധം സഞ്ചാരസാഹിത്യത്തിൽ മാത്ര മല്ല ഇരുപതാം നൂറ്റാണ്ടിനോടടുത്തും അതിനുശേഷവും വന്നിട്ടുള്ള എഴുത്തുകാരു ടെയും കലാസൃഷ്ടികളുടെയും നിർമ്മിതികളുടെയുമൊക്കെ ഉള്ളടക്കമായി പരി ഗണിക്കേണ്ടിവരും. *എന്റെ സത്യാന്വേഷണ പരീക്ഷണകഥ*യിൽ ഗാന്ധി പരിഷ്കാ രിയാകാൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചു വിശദീകരിക്കുന്നത് നോക്കുക:

> ''പരിഷ്കാരമുള്ളവരായി കാണപ്പെടുന്നതിന് കഴിയുന്നിടത്തോളം വസ്ത്രവും പെരുമാറ്റവും യൂറോപ്യൻ രീതിയിലാക്കണമെന്ന് ഈ എഴുതുന്ന കാര്യങ്ങൾ നടന്ന കാലത്ത് ഞാൻ വിശ്വസിച്ചിരുന്നു. കാരണം, അങ്ങനെ ചെയ്താലേ നമുക്ക് കുറച്ച് സ്വാധീനമുണ്ടാ ക്കാൻ കഴിയൂ എന്നും സ്വാധീനമില്ലാതെ സമുദായസേവനം സാധ്യ മല്ലെന്നും ഞാൻ വിചാരിച്ചു. അതുകൊണ്ട് എന്റെ ഭാര്യക്കും കുട്ടി കൾക്കുമുള്ള വസ്ത്രത്തിന്റെ രൂപം എന്തായിരിക്കണമെന്ന് ഞാൻ നിശ്ചയിച്ചു. കത്യവാറിൽനിന്നുള്ള ബനിയകളായി അവർ അറിയ പ്പെടുന്നത് ഞാനെങ്ങനെ ഇഷ്ടപ്പെടും? ഇന്ത്യക്കാരിൽ ഏറ്റവും പരിഷ്കാരമുള്ളവരായി അക്കാലത്ത് കണക്കാക്കപ്പെട്ടിരുന്നത് പാഴ്സികളാണ്. അതിനാൽ പൂർണമായ യൂറോപ്യൻരീതി സ്വീകാര്യ മല്ലെന്ന് തോന്നിയപ്പോൾ പാഴ്സിരീതിയാണ് ഞങ്ങൾ സ്വീകരി ച്ചത്''.[27]

നവോത്ഥാനം, പരിഷ്കാരം, വികസനം തുടങ്ങിയ വിഷയങ്ങളുടെ ചർച്ച കൾ ആത്മകഥകളിലും ജീവചരിത്രത്തിലും നോവലുകളിലുമെല്ലാം വ്യത്യസ്ത മായ തോതിൽ സ്വാംശീകരിക്കപ്പെട്ടിരിക്കുന്നത് കാണാനാവും. *ഇന്ദുലേഖ*യിലെ പതിനെട്ടാമധ്യായത്തിൽ നടക്കുന്ന നീണ്ട സംഭാഷണങ്ങളിൽ മതവും മനുഷ്യനും യുക്തിയും വിശ്വാസവും ദൈവവും ഒക്കെ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളാണ്.

> “നമുക്ക് ഇതുവരെ കിട്ടിയേടത്തോളമുള്ള അറിവുകളിൽനിന്ന് ആദിയിൽ മനുഷ്യരെ കണ്ട കാലത്തിൽ അവർ ഇപ്പോൾ കാണുന്ന പ്രകൃതവും സ്വഭാവവും ഉള്ള മനുഷ്യരെപ്പോലെ ആയിരുന്നില്ല. ആദ്യത്തിൽ കണ്ടതായി അറിയപ്പെടുന്ന കാലത്തു മനുഷ്യൻ ഏതാണ്ട് ഒരു മൃഗം പോലെ ശുദ്ധമൃഗങ്ങളുമായി തമ്മിൽത്തല്ലി മല്ലിട്ടുകൊണ്ട് ഗുഹാവാസം ചെയ്തു കഴിച്ചിരുന്ന ഒരു ജന്തു തന്നെയായിരുന്നു. ആഫ്രിക്കൻരാജ്യത്ത് സാമാന്യം മൃഗങ്ങളെപ്പോലെ ഉള്ള മനുഷ്യർ ഇപ്പോഴും ഉണ്ട്”[28]

ആഫ്രിക്കൻ ജനതയെ ഏറ്റവും താഴെ മൃഗങ്ങളുമായി കണ്ണിചേർത്തുകൊണ്ടാണ്, അതിന് ശാസ്ത്രീയതയുടെ പിൻബലമുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് ഇരുപതാം നൂറ്റാണ്ടിലെ ആഖ്യാനങ്ങളേറെയും നവോത്ഥാനത്തിന്റെ പക്ഷത്തു നില്ക്കുന്നത്.

പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻയാത്രയിൽ മാത്രമല്ല, മലയാളസാഹിത്യത്തിലാകെ കൊളോണിയൽ ഘട്ടത്തിൽ സൃഷ്ടിക്കപ്പെട്ട ആഫ്രിക്കൻചിത്രങ്ങൾക്ക് മേൽസൂചിപ്പിച്ച യൂറോപ്യൻ വംശീയാധീശത്വസ്വഭാവം ഉണ്ടായിരുന്നുവെന്നാണ് ഇവിടെ വാദിക്കുന്നത്. അതാവട്ടെ, ഉള്ളടക്കത്തിൽ നവോത്ഥാനസങ്കൽപ്പത്തിനുള്ളിലെ മൂല്യങ്ങൾ പങ്കുവയ്ക്കുന്ന പാഠങ്ങൾക്കെല്ലാം ബാധകവുമാണ്. കൊളോണിയൽ ജ്ഞാനസങ്കൽപ്പങ്ങളുടെ ആശയാവലിമാതൃകകൾക്കുള്ളിലാണ് മലയാളത്തിലെ സഞ്ചാരസാഹിത്യപാഠങ്ങളെല്ലാംതന്നെ സ്ഥാനപ്പെട്ടുകിടക്കുന്നത്. തങ്ങളിൽനിന്ന് അപരത്തെ വേർതിരിച്ചെടുക്കാനുള്ള ശ്രമമാണ് സഞ്ചാരസാഹിത്യത്തിന്റെ പ്രധാന ഉദ്യമമെന്നാണ് കേസി ബ്ളാന്റനെപ്പോലുള്ള സഞ്ചാരസാഹിത്യപഠിതാക്കൾ വിവക്ഷിക്കുന്നത്.[29] സഞ്ചാരിയുടെ ഭാഷാബോധവും ചരിത്രബോധവും ജ്ഞാനപരിസരവും രാഷ്ട്രീയനിലപാടുകളുമെല്ലാം കൂടിച്ചേർന്നാണ് വിവരിക്കപ്പെടുന്ന പ്രദേശത്തെയും സംസ്കാരത്തെയും എഴുതുന്നത്. നവോത്ഥാനകാലനരവം

ശശാസ്ത്രജ്ഞരാണ് സംസ്കാരത്തെക്കുറിച്ചും ജനതയെക്കുറിച്ചുമുള്ള കൃത്യവും വസ്തുതാപരവുമായ വിശകലനസമ്പ്രദായങ്ങൾ വിഭാവനം ചെയ്യുന്നത്. അതോടെ വ്യത്യസ്തതകൾ പഠിക്കപ്പെടേണ്ട ഒരു വിഷയമായി രൂപാന്തരപ്പെടുകയാണ് ഉണ്ടായത്. ഈ രൂപാന്തരങ്ങളുടെ രാഷ്ട്രീയവിവക്ഷകൾ കോളണീകരണങ്ങളുടെ വിഭാവനങ്ങളുടെ ഭാഗമായി രൂപീകരിക്കപ്പെടുന്ന പദ്ധതികളായി കണക്കാക്കാവുന്നതാണ്.

കൊളോണിയൽ സങ്കൽപ്പത്തിനുള്ളിൽ എത്ര സ്വാഭാവികമായി വിഷയങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നുവെന്ന് നവോത്ഥാനകാല സഞ്ചാരക്കുറിപ്പുകളെല്ലാം രേഖപ്പെടുത്തുന്നു. പൊറ്റെക്കാട്ടിന്റെ 'കിലിമഞ്ജോറോവിന്റെ കഥ' നോക്കുക. ജോഹന്നാസ് റെബ്ബ്മാൻ എന്നൊരു ജർമ്മൻ പാതിരിയാണ് കിലിമഞ്ജോറോ ആദ്യമായി കണ്ടെത്തിയ വെള്ളക്കാരൻ. അത് 1848-ൽ ആയിരുന്നു. പിന്നീട് 40 വർഷക്കാലത്തോളം കിലിമഞ്ജോറോവിന്റെ ഉപരിമണ്ഡലത്തെക്കുറിച്ച് ആർക്കും അറിവുണ്ടായിരുന്നില്ല. 1889-ൽ ഡോക്ടർ ഹാൻസ്മെയർ എന്നൊരു ജർമ്മൻ ശാസ്ത്രജ്ഞൻ കിലിമഞ്ജോറോ മലകയറി ഒത്തമുകളിലോളമെത്തി. 6000 അടി വ്യാസമുള്ള ഒരു കൂറ്റൻ കുഴി മഞ്ഞുമൂടിക്കിടക്കുന്ന കാഴ്ചയാണ് ഡോക്ടർ മെയർ കണ്ടത്.

1884-ൽ കിലിമഞ്ജോറോ പർവതവും പരിസരങ്ങളും ബ്രിട്ടീഷാധിപത്യത്തിലുള്ള ഭൂമിയായിത്തീർന്നു. പിന്നീടത് ജർമ്മനിയുടെ കൈയിലായി. വിക്ടോറിയ മഹാറാണി കൈസർ വില്യം ചക്രവർത്തിക്ക് കിലിമഞ്ജോറോമല ഒരു പിറന്നാൾസമ്മാനമായി നൽകി എന്നാണ് ഐതിഹ്യം.[30] അരനൂറ്റാണ്ടിനപ്പുറം സക്കറിയ കോളനിയാനന്തര സന്ദർഭത്തിൽ കിലിമഞ്ജോറയെ പാഠവൽക്കരിക്കുന്നത് എങ്ങനെയെന്ന് നോക്കുക:

> "വെള്ളക്കാർ കാണുമ്പോൾ മാത്രമേ മഹനീയങ്ങളായ ദൃശ്യങ്ങൾ 'കണ്ടുപിടി'ക്കപ്പെടുന്നുള്ളൂ എന്ന തത്ത്വമനുസരിച്ച് നോക്കുമ്പോൾ

കിലിമഞ്ജോറോ കണ്ടുപിടിച്ചത് 1948- ഏപ്രിൽ 27ന് യോഹാൻ റെബ്മാൻ എന്ന യുവാവായ സ്വിസ്സ്-ജർമ്മൻ മിഷണറിയായിരുന്നു. മലമുകളിലെ വെളുപ്പ്, മേഘമാണെന്ന് റെബ്മാൻ ആദ്യം തെറ്റിദ്ധരിച്ചു. പക്ഷേ, ഹിമത്തിന്റെ നാട്ടിൽ നിന്നുവന്ന റെബ്മാന് അത് മഞ്ഞാണെു തിരിച്ചറിയാൻ അധികം സമയം വേണ്ടിവന്നില്ല. ഈ കണ്ടുപിടിത്തം യൂറോപ്പിൽ അറിവായപ്പോൾ അതൊരു അതിശയോക്തിയായാണ് ആദ്യം വ്യാഖ്യാനിക്കപ്പെട്ടത്. ആഫ്രിക്കയിലെങ്ങനെ മഞ്ഞുമല? പക്ഷേ, താമസിയാതെ കോളണിവാഴ്ച കിലിമഞ്ജോറോയേയും വലയംചെയ്തു. സാൻസിബാറിലെ സുൽത്താനിൽനിന്ന് (സാൻസിബാറിലെ അറബിസുൽത്താൻമാരായിരുന്നു അടിമക്കച്ചവടത്തിന്റെ സൂത്രധാരന്മാർ) ജർമ്മൻകാരും ബ്രിട്ടീഷുകാരും ചേർന്ന് കിലിമഞ്ജോറോയുടെ നാട്, ഇന്നത്തെ ടാൻസാനിയ പിടിച്ചെടുത്തു.''[31]

കോളണിയാനന്തരഘട്ടത്തിന്റെ രാഷ്ട്രീയസങ്കൽപ്പങ്ങളിൽ നിന്നുകൊണ്ടുള്ള നോട്ടത്തിലാണ് സക്കറിയ 'വെള്ളക്കാരുടെ' കണ്ടെത്തലുകളുടെ സാരം വിമർശനവിധേയമാക്കുന്നത്. നവോത്ഥാനകാല സങ്കൽപ്പങ്ങളുടെ നിർമ്മിതിയായ, ഏകീകൃതവും ശാസ്ത്രീയവുമായ ക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള അറിവുകളുടെ വ്യവസ്ഥപ്പെടലിലാണ്[32] വെള്ളക്കാരുടെ ഇത്തരം കണ്ടെത്തലുകൾ രൂപപ്പെടുന്നത് എന്ന് അഡോർണയും ഹോർഖീമറും വിമർശിക്കുന്നുണ്ട്.

പൊറ്റെക്കാട്ടിൽ കാണുന്ന കൊളോണിയൽ അവബോധത്തേക്കാൾ കുറച്ചുകൂടി കടുത്ത അധീശനിർമ്മിത 'ശാസ്ത്ര'സങ്കൽപ്പങ്ങൾ സക്കറിയയിലും കടന്നുവരുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അപകോളനീകരണത്തെ അസാധ്യമാക്കുന്ന സങ്കീർണബലതന്ത്രങ്ങൾ ഇത്തരം ശാസ്ത്രീയതയുടെ ഉള്ളടക്കത്തിൽ പ്രവർത്തിക്കുന്നുവെന്ന് സാരം. സക്കറിയ നൽകുന്ന മുൻഗണനക്രമങ്ങളിൽ

യൂറോപ്യർ കൈവശം വച്ചിരുന്ന, അവർക്ക് പ്രാധാന്യം തോന്നിയിരുന്ന ഇടങ്ങളുടെയും വസ്തുക്കളുടെയും അഭിരുചികളുടേയും ശക്തമായ ശ്രേണി പ്രവർത്തിക്കുന്നുണ്ട്. അധിനിവേശത്തിൽ ചരിത്രത്തിന്, പ്രത്യേകിച്ച് യൂറോപ്യൻ വ്യാഖ്യാനങ്ങൾക്ക് ആഖ്യാനത്തിൽ കൊടുക്കുന്ന ഇടം അധിനിവേശിതരുടെ ആശയാവലികളുടെ ഘടനയോടുള്ള വിധേയത്വമായിക്കൂടി പരിഗണിക്കാവുന്നതാണ്. ഉദാഹരണമായി സക്കറിയയുടെ 'കേപ്ടൗൺവിശേഷങ്ങൾ' ശ്രദ്ധിക്കുക.

> ''ലോകത്തിലെ ഏറ്റവും സുന്ദരമായ നഗരങ്ങളിലൊന്നായി അറിയപ്പെടുന്ന കേപ്ടൗണിന്റെ ആരംഭം 1652-ൽ ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കപ്പലുകളുടെ വഴിത്താവളമായിട്ടാണ്. 1497-ൽ പോർത്തുഗീസുകാരനായ വാസ്കോഡഗാമ ഗുഡ്ഹോപ്പ് മുനമ്പ് കടന്ന് തെക്കേ ഇന്ത്യയിലേക്ക് യാത്രചെയ്തതിനു പിന്നാലെ, 16-ാം നൂറ്റാണ്ടിൽ ഡച്ചുകാരും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും സ്കാന്റിനേവിയക്കാരും മുനമ്പുവളഞ്ഞ് ഏഷ്യയിലേക്ക് പൊയ്ക്കൊണ്ടിരുന്നു. അവർ കേപ് തീരത്ത് കപ്പലടുപ്പിക്കുകയും അവിടെ ജീവിച്ചിരുന്ന ഖോയ്, സാൻ എന്നീ വർഗക്കാരിൽനിന്ന് വെള്ളവും പച്ചക്കറികളും ആടുമാടുകളും, പിത്തളയും ഇരുമ്പും പകരം കൊടുത്തുവാങ്ങുകയും ചെയ്തിരുന്നു. 1620-ൽ ഇംഗ്ലീഷ് കപ്പിത്താൻ, കേപ് പിടിച്ചെടുക്കുന്നത് നന്നായിരിക്കും എന്ന ആശയം ബ്രിട്ടീഷ് ഭരണകൂടത്തിനു നൽകിയെങ്കിലും അവരത് കൈക്കൊണ്ടില്ലത്രേ. അങ്ങനെയിരിക്കവെയാണ് 1649-ൽ  മേശ മലയുടെ തീരത്ത് കപ്പൽച്ചേദം സംഭവിച്ച ഡച്ച് നാവികർ അവിടെ ഒരു തണുപ്പുകാലം കഴിച്ചു കൂട്ടേണ്ടി വന്നത്. അവർ നാട്ടിൽ മടങ്ങിയെത്തിയപ്പോൾ ഡച്ചുകാർ  കേപ്പിൽ കുടിയേറുന്നത് ഉപയോഗപ്രദമാണെന്ന നിർദ്ദേശം മുന്നോട്ടുവച്ചു. അങ്ങനെ 1962 ൽ യാൽവാൻ റിബീക്ക് എന്ന ഡച്ചുകാരൻ എൺപത് ഡച്ചു ഈസ്റ്റ് ഇന്ത്യാ കമ്പനി ജോലിക്കാരുമായി മുന

> മ്പിൽ കപ്പലിറങ്ങി. തെക്കേ ഇന്ത്യയിലേക്കും ഏഷ്യൻ രാജ്യങ്ങളിലേക്കും യാത്രപോകുന്ന ഡച്ച് വ്യാപാരക്കപ്പലുകൾക്ക് വെള്ളവും ഭക്ഷണവും നിറയ്ക്കാൻ അവർ സ്ഥാപിച്ച ഇടത്താവളം കാലക്രമേണ ഒരു ഡച്ചുകുടിയേറ്റ കേന്ദ്രമായി രൂപാന്തരപ്പെട്ടു. 1659-ൽ ഡച്ചുകാർ ആഫ്രിക്കക്കാരുമായി യുദ്ധങ്ങൾ തുടങ്ങി. 1688-ഓടെ മുനമ്പിന്റെ നൂറു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളെല്ലാം വെള്ളക്കാർ കൈയടക്കിക്കഴിഞ്ഞിരുന്നു! കേപ്ടൗൺ എന്ന കുടിയേറ്റനഗരം 'മേശമല'ക്കീഴിൽ രൂപംകൊണ്ടു.''[33]

നീണ്ടുനീണ്ടുപോകുന്ന യൂറോപ്യരുടെ കടന്നുകയറ്റങ്ങളുടെ വിവരണങ്ങൾകൊണ്ട് ചില തലക്കെട്ടുകൾ നിറഞ്ഞിരിക്കുന്നുണ്ട്. ആഫ്രിക്കയെക്കുറിച്ച് പറയുമ്പോൾ കൊളോണിയൽ അധിനിവേശത്തെക്കുറിച്ച് പറയേണ്ടതില്ല എന്നതല്ല ഇവിടെ വിവക്ഷിക്കുന്നത്. മറിച്ച്, കൊളോണിയൽ അധിനിവേശചരിത്രത്തിൽ ദൃഷ്ടിയുടക്കിക്കിടക്കുന്നത് സമീപനത്തിന്റെ പ്രശ്നമായി കണക്കാക്കണമെന്ന വിവക്ഷയാണിവിടെ മുന്നോട്ടുവയ്ക്കുന്നത്. കാരണം ആഫ്രിക്കയുടെ സാമൂഹിക ഇടങ്ങളെയും സംസ്കാരത്തെയും കെട്ടിപ്പടുത്ത കൊളോണിയൽ അധികാരിവർഗത്തിന്റെ വിനിമയങ്ങളിൽ കേന്ദ്രീകരിക്കുന്നത്, കൊളോണിയൽ വിഷയത്തിൽ തടവിലാക്കപ്പെടുന്നതിനു തുല്യമാണ്.

സക്കറിയയുടെ 'സിംബാബ്‌വേചരിത്രങ്ങളുടെ' ഒരു ഭാഗം നോക്കുക:

> ''അങ്ങനെയിരിക്കുമ്പോളാണ് സർ സെസിൽ റോഡ്സ് ദക്ഷിണാഫ്രിക്കയിലെ കിംബേർലി രത്നഖനികളിൽനിന്നുണ്ടാക്കിയ കണക്കില്ലാത്ത ധനവുമായി പുതിയ മേഖലകളിൽ കണ്ണുവെച്ചത്. ബ്രിട്ടീഷ് രാജ്ഞിയുടെ താൽപ്പര്യവും സ്വന്തം താൽപ്പര്യങ്ങളും റോഡ്സ് വൈദഗ്ധ്യത്തോടെ യോജിപ്പിച്ചു. കേപ്ടൗണിൽനിന്ന് കെയ്റോ വരെയുള്ള ഒരു തീവണ്ടിപ്പാത, അതായത് ആഫ്രിക്കയുടെ തെക്കേ

> മുനമ്പ് മുതൽ വടക്കേ തീരംവരെ നീളുന്ന ഒരു ബ്രിട്ടീഷ് സാമ്രാജ്യ പ്പാത പണിതീർക്കുക എന്ന പദ്ധതി റോഡ്സ് അവതരിപ്പിച്ചു. 1889 -ൽ ബ്രിട്ടൻ, റോഡ്സിന്റെ ബ്രിട്ടീഷ് സൗത്ത് ആഫ്രിക്ക കമ്പനിക്ക് ആഫ്രിക്കയിൽ യുദ്ധം ചെയ്യാനും നിയമമുണ്ടാക്കാനും കരംപിരി ക്കാനും ഭൂമി പിടിച്ചെടുക്കാനുമുള്ള സ്വാതന്ത്ര്യങ്ങളടക്കം സർവശ ക്തിയും നൽകുന്ന അനുവാദപത്രം നൽകി.''[34]

വിഷയത്തിന്റെ പരിധികൾ നിർണയിക്കുന്നതിൽ അറിവിന്റെ ലഭ്യത പ്രധാ നപ്പെട്ട പങ്കു വഹിക്കുന്നുവെന്നതാണ് ഇവിടെ വ്യക്തമാവുന്നത്. ആഫ്രിക്കൻജന ങ്ങളുടെ സംസ്കാരത്തെക്കുറിച്ചുള്ള അറിവുകളിൽ കൊളോണിയൽ അധിനിവേ ശിതരുടെ വലിയതോതിലുള്ള ആഖ്യാനമണ്ഡലത്തിലെ ദൃശ്യതയുടെ പ്രശ്ന ങ്ങളും പ്രധാനമാണ്. സക്കറിയ 'കറുത്ത ആഫ്രിക്കയിൽ ഞാൻ കണ്ട എല്ലാ മ്യൂസിയങ്ങളെയും പോലെ ഇത് ഒട്ടും (ബോട്സ്വാനയിലെ മ്യൂസിയം) ശ്രദ്ധേയ മായിരുന്നില്ല. ആഫ്രിക്കയിലെ വന-ഗ്രാമീണ ഗോത്രങ്ങൾക്ക് ഇത്തരമൊരു പ്രദർശനത്തിനു വയ്ക്കാനുപയുക്തമായ കലാ-സാംസ്കാരിക-സാങ്കേതിക-ചരി ത്രവസ്തുക്കളില്ല എന്നത് ഒരു കാരണം മാത്രമാണ്''[35] എന്ന് തീർപ്പുകൽപ്പിക്കുന്ന തിന്റെ അർഥം മുമ്പിൽ കിടക്കുന്ന അറിവുകളുടെ ശേഖരത്തിൽ ആഫ്രിക്കയെക്കു റിച്ചുള്ള അറിവ് അപര്യാപ്തമാണ് എന്നതുമാത്രമാണ്. ഇവിടെ അവരോടുള്ള വിമുഖതയുടെ കാരണംകൂടി അന്വേഷിക്കുന്നതിന് പ്രസക്തിയുണ്ട്. വിഷയം സഞ്ചാരസാഹിത്യമാകുമ്പോൾ, അതിന്റെ അടിത്തറകളിലൊന്ന് അപരനിലേക്കുള്ള നോട്ടമാവുമ്പോൾ പ്രത്യേകിച്ചും. ഇക്കാരണംകൊണ്ട് കൂടിയാണ് ബ്ലാന്റനെപ്പോലു ള്ള സഞ്ചാരസാഹിത്യപഠിതാക്കൾ ആധുനിക സഞ്ചാരസാഹിത്യകർത്താക്കൾ യഥാർഥ്യത്തിൽനിന്ന് പുറത്താക്കപ്പെട്ടവരാണെന്ന് നിരീക്ഷിക്കുന്നത്.[36] പ്രതിനിധാ നങ്ങളും വിശദീകരണങ്ങളും ഒരിക്കലും സ്വതന്ത്രമായ മാനദണ്ഡങ്ങളിൽനിന്ന് രൂപപ്പെടുന്നവയല്ലെന്ന് ഹാബർമാസ് നിരീക്ഷിക്കുന്നത്[37] ഇവിടെ കൂട്ടിവായിക്കാവു ന്നതാണ്.

സാഹിത്യകർത്താക്കൾ സഞ്ചാരം നടത്താൻ തിരഞ്ഞെടുക്കുന്ന വഴികൾ ഏതേത് ഇടങ്ങളെ എങ്ങനെയൊക്കെ സ്പർശിക്കുന്നുവെന്നതൊക്കെ ഏറെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഗോത്രങ്ങളും ഭാഷയും അണക്കെട്ടുകളും പ്രാചീനസംസ്കാരങ്ങളും പർവതങ്ങളും ആഫ്രിക്കയിലെ ഇന്ത്യക്കാരും കൊളോണിയൽ ഭരണാധികാരികളും ഇപ്പോഴുള്ള ഭരണകൂടങ്ങളും ഭക്ഷണവും വസ്ത്രവുമൊക്കെ സഞ്ചാരക്കുറിപ്പിൽ ശ്രേണീകരിക്കപ്പെടുകയാണ്. പൊറ്റെക്കാട്ടും സക്കറിയയും നടത്തുന്ന കണ്ടെത്തലുകളിൽ ആഫ്രിക്കൻജനതയും അവരുടെ അധ്വാനവും സാമൂഹികബന്ധങ്ങളുടെ മാനങ്ങളും അരികുവൽക്കരിക്കപ്പെടുന്നുണ്ട്. നിലനിൽക്കുന്ന ജ്ഞാനവ്യവസ്ഥകളുടെ ഘടന സവിശേഷമായ മുൻഗണനക്രമങ്ങളിലൂടെയാണ് ആവിഷ്കരിക്കപ്പെടുന്നത്. ആത്മകഥയോ ചരിത്രമോ സിനിമകളോ എന്തുമായിക്കൊള്ളട്ടെ, ഈ ശ്രേണീകരണങ്ങളിൽനിന്ന് ചരിത്രപരമായി മുക്തരാകാൻ ആധിപത്യത്തിന്റെ ആശയാവലികൾ അനുവദിക്കുന്നില്ല. പറഞ്ഞുവരുന്നത് സഞ്ചാരസാഹിത്യം എങ്ങനെ ഭരണകൂടാശയാവലികളുടെ ഉള്ളടക്കം പങ്കുവയ്ക്കുന്നു എന്ന് സൂചിപ്പിക്കാനാണ്. ഭരണകൂടത്തിന്റെ ഉപകരണമായി സഞ്ചാരസാഹിത്യങ്ങളും കഥകളും നോവലുകളും ആത്മകഥകളും ജീവചരിത്രങ്ങളുമൊക്കെ സംഘാടനം ചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ് ഇവിടെ ചുരുക്കത്തിൽ പ്രതിപാദിച്ചത്. ആഫ്രിക്ക പഠിക്കപ്പെടേണ്ട ഒരു വിഷയമായിത്തീരുന്നത് യൂറോപ്പിന്റെ എതിർപക്ഷത്ത് അപരിഷ്കൃതമായി നിൽക്കുന്നതുകൊണ്ടാണ്.

**മലയാളത്തിലെ രണ്ട് ആഫ്രിക്കൻചരിത്രങ്ങൾ**

ആഫ്രിക്കയെക്കുറിച്ച് മലയാളത്തിൽ അരനൂറ്റാണ്ടിനിടയിൽ രചിക്കപ്പെട്ട രണ്ടു ചരിത്രപാഠങ്ങളായി പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും സഞ്ചാരക്കുറിപ്പുകൾ കാണേണ്ടതുണ്ട്. സംഭവങ്ങളെ കാലക്രമത്തിനനുസരിച്ച് അടുക്കിചിട്ടപ്പെടുത്തുന്നത് ചരിത്രരചനയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയാണ്. പൊറ്റെക്കാട്ടും സക്കറിയയും കണ്ട ദേശങ്ങളുടെയും സമൂഹത്തിന്റെയും വർത്ത

മാനം മാത്രമല്ല ചികഞ്ഞെടുത്തത്. ചുരുങ്ങിയത് 300 വർഷത്തിലധികം പിറകിലേക്ക് പോയി കോളണീകരണത്തിന്റെ ചരിത്രഘട്ടം മുതൽ വർത്തമാനകാലത്തോളം നടക്കുന്ന സാംസ്കാരികപരിണാമത്തിന്റെ ചരിത്രത്തെയാണ് അവർ രേഖപ്പെടുത്തുന്നത്. ഹൈഡൻ വൈറ്റിനെപ്പോലുള്ള ചരിത്രചിന്തകർ ഭാഷാശാസ്ത്രപരമോ കാവ്യാത്മകമോ ആയ ഉള്ളടക്കങ്ങളിലെ ആന്തരികഘടനയിൽ ചരിത്രത്തെ ഉദ്ഖനനം ചെയ്യേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് ഊന്നിപ്പറയുന്നവരാണ്. ആർ.ജി. കോളിൻവുഡും (R.G. Collingwood) ഹൈഡൻ വൈറ്റും (Hayden White) വ്യക്തികളുടെ വിശദീകരണങ്ങളെയും പാഠത്തിലെ ഘടകങ്ങളെയും മുൻനിർത്തി ആഖ്യാനങ്ങളിലെ ചരിത്രാത്മകതയെ ഇഴപിരിച്ചെടുക്കാൻ ശ്രമിക്കുന്നുണ്ട്. വായനയിലൂടെയും വിശകലനങ്ങളിലൂടെയും വ്യാഖ്യാനങ്ങളിലൂടെയും സാഹിത്യപാഠങ്ങളെ മനസ്സിലാക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യം.

തുടക്കവും മധ്യവും അവസാനവുമുള്ള എല്ലാ ആഖ്യാനങ്ങളും ചരിത്രത്തിന്റെ സ്വഭാവസവിശേഷതകൾ പങ്കുവയ്ക്കുന്നുണ്ടെന്ന് ഫ്രാങ്ക് ആൻകർ സ്മിറ്റിനെപ്പോലുള്ള ചരിത്രപഠിതാക്കൾ നിരീക്ഷിക്കുന്നുണ്ട്.[39] പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻപാഠങ്ങൾ മൂന്നാംലോക മനുഷ്യന്റെ കണ്ടെഴുത്തിന്റെ ചരിത്രമാണ്. മൂന്നാംലോകമനുഷ്യൻ കാണാൻ തുടങ്ങുന്നുവെന്നത് ചരിത്രപരമായി ഏറെ രാഷ്ട്രീയപ്രാധാന്യമുള്ള ഒരു കാര്യമാണ്. തന്നെയും താൻ ജീവിക്കുന്ന ഇടത്തെയും മാത്രമല്ല, തനിക്ക് പുറത്തുള്ള അപരലോകത്തേയും മൂന്നാംലോക മനുഷ്യർ വിഷയമായി സ്വീകരിക്കുന്നു എന്നിടത്താണ് പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും പാഠങ്ങൾ പ്രസക്തമാകുന്നത്. സഞ്ചാരസാഹിത്യകർത്താക്കളോ മറ്റേതെങ്കിലും ചെറിയ വിഭാഗങ്ങളോ അവരുടെ വ്യക്തിപരമായ കഥകളുടെ ആഖ്യാനം നിർവഹിക്കുമ്പോൾ അവയുടെ പിന്നിലെ വൈകാരികോർജ്ജം ഉറവെടുക്കുന്നത് കൂട്ടായ ഓർമ്മകളുടെ ഘടനയിൽനിന്നാണ് എന്ന് ആൻകർ സ്മിറ്റ് ചൂണ്ടിക്കാണിക്കുന്നുണ്ട്.[40] ഇവിടെ ആഫ്രിക്കയെക്കുറിച്ചുള്ള

പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും സ്വപ്നങ്ങളിലേക്കു നയിക്കുന്ന താൽപ്പര്യങ്ങളുടെയും അറിവുകളുടെയും ശൃംഖലകളടക്കം ആഫ്രിക്കൻവിഷയത്തെ മനസ്സിലാക്കുന്നതിന് സഹായകമാണ്. അതുവരെ യൂറോപ്പിന് വിഷയമായിരുന്നവർ, യൂറോപ്പിനെ വിഷയമായി പരിചരിക്കാനാരംഭിക്കുമ്പോൾ പുതിയ അധികാരബന്ധമാണ് ഉടലെടുക്കുന്നത്.

ആഫ്രിക്ക പൊറ്റെക്കാട്ടിനും സക്കറിയയ്ക്കും വിഷയമാകുന്നത് യാദൃച്ഛികമായല്ല. യൂറോപ്പിന്റെ പരിഷ്കൃതിയുടെ ഉരകല്ലായി ആഫ്രിക്കയെ സ്ഥാനപ്പെടുത്തിക്കൊണ്ടാണ് കൊളോണിയൽ അധീശത്വം ആഫ്രിക്കൻജനതയ്ക്കും വിഭവങ്ങൾക്കും മേൽ കടന്നുകയറ്റങ്ങൾ നടത്തിയിട്ടുള്ളത്. ആ ആഫ്രിക്കൻ വിഷയം തന്നെയാണ് പൊറ്റെക്കാട്ടും അവിടെ പരതുന്നത്. യൂറോപ്പ് കണ്ടെടുത്ത വിഷയത്തിന്റെ ആമുഖമോ അനുബന്ധമോ ആയി ഉള്ളടക്കത്തിൽ പൊറ്റെക്കാട്ടിന്റെ കണ്ടെത്തലുകളുടെ സാരാംശവും പ്രവർത്തിക്കുന്നു. 'മസായി'കളെക്കുറിച്ചുള്ള പൊറ്റെക്കാട്ടിന്റെ ഒരു വിശദീകരണം എങ്ങനെയാണ് യൂറോപ്പിന്റെ വിഷയത്തിന് അനുബന്ധമാകുന്നതെന്ന് നോക്കുക:

> ''പൂർവ ആഫ്രിക്കയിൽ വംശശുദ്ധിയുടെ പാരമ്പര്യം കണിശമായി പ്രവർത്തിച്ചുവരുന്ന ഒരു വീരവർഗമാണ് മസായികൾ. ഇവർ ഇടയരാണ്. കാലികൾ മാത്രമാണ് ഇവരുടെ സ്വത്ത്. ഇതരവർഗങ്ങളുമായി ഒരുതരത്തിലും ബന്ധം പുലർത്താതെ സ്വന്തമായ ആചാരങ്ങളുടെയും സാമുദായികനിയമങ്ങളുടെയും വിചിത്രമണ്ഡലത്തിൽ അലഞ്ഞുതിരിയുന്ന മസായികൾ മഹാപരാക്രമശാലികളാണ്. സമുദായത്തിലെ സകലയുവാക്കളും പ്രാകൃതമട്ടിലുള്ള ഒരു പട്ടാളജീവിതമാണ് നയിക്കുന്നത്. വെള്ളക്കാരന്റെ ഭരണം വരുന്നതുവരെ ആഫ്രിക്കയിൽ മസായികൾ മറ്റെല്ലാ വർഗങ്ങൾക്കും ഒരു മഹാഭീഷണിയായിരുന്നു. അന്യവർഗങ്ങളുടെ കാലികളെ കൊള്ളചെയ്യു

ന്നതും മസായികളുടെ ഒരു പ്രധാന പരിപാടിയായിരുന്നു. വെള്ള ക്കാരൻ അവതരിപ്പിച്ച പരിഷ്കൃതജീവിതരീതികൾ ഇവരെ തെല്ലു പോലും പ്രചോദിപ്പിക്കുന്നില്ല.''[41]

ഇന്ത്യയിലെ പൊതുസമൂഹങ്ങൾ വിധേയപ്പെട്ടതുപോലെ, വെള്ളക്കാരുടെ പരിഷ്കൃതികൾക്ക് വിധേയപ്പെടാതിരിക്കുക എന്ന മഹാപാതകമാണ് പൊറ്റെക്കാട്ട് മസായികളിൽ കാണുന്ന ഏറ്റവും വലിയ ന്യൂനത. ഇന്ത്യയിൽ സാന്താളുകളും കുറിച്യരും ഇതര ആദിവാസിഗോത്രവിഭാഗങ്ങളും കൊളോണിയൽ ശക്തി കൾക്കെതിരെ നടത്തിയ ചെറുത്തുനിൽപ്പുകളുടെ ചരിത്രം ഇവിടെ പൊറ്റെക്കാ ട്ടിന്റെ ഈ അനുബന്ധത്തോട് ചേർത്തുവായിക്കേണ്ടതുണ്ട്.

ചരിത്രരചനയെക്കുറിച്ചുള്ള, പ്രത്യേകിച്ചും സാംസ്കാരിക ചരിത്രത്തെക്കു റിച്ചുള്ള അന്വേഷണങ്ങൾക്ക് സഞ്ചാരസാഹിത്യം പുതിയ തുറസ്സുകൾ നൽകുന്നു ണ്ട്. ആത്മകഥകളും ജീവചരിത്രങ്ങളുമൊക്കെ സാമുദായികജീവിതത്തെക്കുറിച്ചും സാമൂഹികബന്ധങ്ങളെക്കുറിച്ചും പുതിയ സമീപനങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. സഞ്ചാരസാഹിത്യം വ്യത്യസ്തദേശത്തെയും സംസ്കാ രത്തെയും എഴുതുന്നത് ആ ദേശത്തിൽ നിന്നുകൊണ്ടാണെന്നും അതുകൊണ്ട് സാമ്പ്രദായിക ചരിത്രകർത്താക്കൾ പുറമെനിന്നു നോക്കുന്നതിനപ്പുറത്തേക്ക് സംഭ വങ്ങളെ സന്ദർഭനിഷ്ഠമാക്കാനും രേഖകളെയും തെളിവുകളെയും എടുത്തു പരി ശോധിക്കാനും സഞ്ചാരസാഹിത്യകർത്താവിനാണ് കൂടുതൽ സൗകര്യം ലഭിക്കു ന്നതെന്നും ചില ചരിത്രകർത്താക്കൾ വാദിക്കുന്നുണ്ട്.[42] സാമ്പ്രദായിക അക്കാദ മിക ചരിത്രപദ്ധതിയെ ചില തലങ്ങളിൽ മറികടക്കാൻ സഞ്ചാരസാഹിത്യത്തിനാ വുമെന്ന സൂചനയാണിവിടെയുള്ളത്.

ആഖ്യാനമെന്ന നിലയിൽ സഞ്ചാരസാഹിത്യത്തിനുള്ളിലെ അധികാരശ്രേ ണീബന്ധങ്ങൾ കൂടുതൽ അയവുള്ള ആധിപത്യത്തിന്റേതാണ്. സംസ്കാര ത്തെയും മനസ്ഥിതിയെയും ഭൂമിശാസ്ത്രത്തെയും നരവംശശാസ്ത്രത്തെയും

ആചാരം, വിശ്വാസം, കല തുടങ്ങിയ വിവിധ മണ്ഡലങ്ങളെയുമുൾക്കൊള്ളാൻ പര്യാപ്തമായ തുറസ്സുകൾ അനുശീലനമെന്ന നിലയിൽ സഞ്ചാരസാഹിത്യത്തിനുണ്ട്. ഇത് രീതിശാസ്ത്രപരമായ സാധ്യതയാണ്. സൗകര്യപൂർവം വ്യത്യസ്തമണ്ഡലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള വഴികൾ സഞ്ചാരക്കുറിപ്പുകൾക്ക് മുന്നിൽ തുറന്നുകിടക്കുന്നുണ്ട്. വിശദാംശങ്ങളിലേക്കും വിശദീകരണങ്ങളിലേക്കും കയറിയിറങ്ങാനുള്ള പാഠങ്ങളുടെ ബഹുദിശോന്മുഖതയാണ് അതിന് കാരണം. പൊറ്റെക്കാട്ടിന്റെ 'വിക്ടോറിയതടാകത്തിൽ' എന്ന കുറിപ്പിലെ 'ഉറക്കുരോഗം' എന്ന തലക്കെട്ടുകൊടുത്ത ഭാഗം ശ്രദ്ധിക്കുക:

> ''കന്നുകാലികളെയും മനുഷ്യരെയും ഈ രോഗം ഒരുപോലെ കൊന്നൊടുക്കുന്നു. എന്നാൽ കന്നുകാലികളെ അവശരാക്കി കൊല്ലുന്ന അതേ രോഗത്തിന്റെ അണുജീവികൾ തന്നെയാണ് മനുഷ്യരിലും ഉറക്കുരോഗം ഉണ്ടാക്കിത്തീർക്കുന്നത് എന്ന വാസ്തവം വളരെ കാലത്തോളം ശാസ്ത്രജ്ഞന്മാർ അറിഞ്ഞിരുന്നില്ല. സുളുലാൻഡിലെ ബ്രൂസ് എന്നൊരു വൈദ്യവിദ്യാർഥി, ങ്കാനദീനം (ഉറക്കുരോഗം) കൊണ്ടു ചത്ത ഒരു കാളയുടെ രക്തം ഭൂതക്കണ്ണാടിയിലൂടെ പരിശോധിച്ചപ്പോൾ അതിൽ നീണ്ട വാലോടുകൂടിയ ആരൽമത്സ്യത്തിന്റെ ആകൃതിയിലുള്ള ഒരണുജീവി തത്തിപ്പിടയ്ക്കുന്നതു കണ്ടു. ഈ വിഷജീവിക്കു ട്രൈപ്പാനോസം (Trypanosome) എന്നാണ് പേര്. പശ്ചിമാഫ്രിക്കയിൽ ഇതേ രോഗങ്ങളുടെ ലക്ഷണങ്ങളോടെ ചത്ത ഒരു കാളയുടെ രക്തബിന്ദുവിലും ഈ ട്രൈപ്പാനോസം കണ്ടെത്തുകയുണ്ടായി.''

ഒരു രോഗാണുവിന്റെ വംശാവലി തേടിപ്പോവുകയാണിവിടെ ഈ സഞ്ചാരസാഹിത്യകാരൻ ചെയ്യുന്നത്. മറ്റെന്തൊക്കെയോ വിഷയങ്ങളായി പരിണമിച്ചിട്ടുള്ള

അനുശീലനങ്ങളെ സഞ്ചാരസാഹിത്യത്തിലേക്ക് സ്വാംശീകരിക്കുകയാണ് ചെയ്യുന്നത്.

പൊറ്റെക്കാട്ടിന്റേതിൽനിന്ന് വ്യത്യസ്തമായി അരനൂറ്റാണ്ടിനുശേഷം സക്കറിയ എഴുതുന്ന സഞ്ചാരക്കുറിപ്പുകളിൽ 'അസ്വാൻ അണക്കെട്ടിലേക്ക്' എന്ന ഒരു ഭാഗം നോക്കുക:

> ''ആകാശം മുട്ടുന്ന ഭീമൻ കൽത്തൂണുകളുടെ ഒരു മഹാവനത്തിലേക്കാണ് നാം നോക്കുന്നത്. ഓരോ തൂണിനും കുറഞ്ഞത് 45 അടിയെങ്കിലും ചുറ്റളവുണ്ട്. അറുപതടിയോളം ഉയരവും. ആ ഉയരത്തിൽ അവയെ കൊത്തിമിനുക്കിയ കൂറ്റൻ കരിങ്കൽഖണ്ഡങ്ങൾകൊണ്ട് ബന്ധിപ്പിച്ച് തട്ടുണ്ടാക്കിയിരിക്കുന്നു. എണ്ണായിരത്തോളം ചതുശ്ര അടി വിസ്താരമുള്ള ഒരു വിശാലതളത്തിൽ നൂറ്റമ്പതോളം മഹാസ്തംഭങ്ങൾ ഉയർന്നുനിൽക്കുന്നു. കരിങ്കല്ലുകൊണ്ടുള്ള തട്ട് മിക്കവാറും പൂർണമായും തകർന്നുപോയിരിക്കുകയാണ്. നാലായിരത്തിലേറെ വർഷങ്ങൾക്കുമുമ്പ് കല്ലാശാരിമാരുടെയും മറ്റു തൊഴിലാളികളുടെയും കൈകൾ തീർത്ത ഈ ശിലാവിഹാരത്തിന്റെ ഗാംഭീര്യത്തിനു മുമ്പിൽ നാം വിരണ്ടുപോകുന്നു. ഈ മണ്ഡലത്തിനപ്പുറത്തും ചുറ്റിലും ഉപമണ്ഡപങ്ങളും പ്രദക്ഷിണവഴികളും ആരാധനാമുറികളും 95-ഓളം ഏക്കറുകളിൽ പരന്നുകിടക്കുന്നു.''[44]

പ്രാക് ഈജിപ്തിലെ വാസ്തുശാസ്ത്രത്തിന്റെ ആഴവും പരപ്പും സൂചിപ്പിക്കുകയാണിവിടെ സക്കറിയ ചെയ്യുന്നത്.

യഥേഷ്ടം മറ്റ് അനുശീലനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ പൊറ്റെക്കാട്ടിന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ സാധ്യത സക്കറിയയുടെ കാലത്തെ സഞ്ചാരക്കുറിപ്പുകൾ പ്രകടിപ്പിക്കുന്നുണ്ട് എന്ന കാര്യം സൂചിപ്പിക്കാനാണ് ഈ

ഉദാഹരണം ഇവിടെ ചേർക്കുന്നത്. ഈയർഥത്തിൽ സഞ്ചാരസാഹിത്യമെന്നത് ബഹുവിഷയങ്ങളുടെ ഒരു കോളനിയാണെന്നു പറയാം. അനുശീലനങ്ങളിലെ വൈവിധ്യം പരിഗണിച്ചുകൊണ്ടാണ് ഈ വാദം ഉന്നയിക്കുന്നത്.

ബഹുവിഷയങ്ങളുടെ കോളണികളെന്ന നിലയിൽ സഞ്ചാരസാഹിത്യത്തെക്കുറിച്ച് മേലെ സൂചിപ്പിച്ചതിനാധാരനം മറ്റൊരുതലത്തിൽ കൂടി പ്രസക്തമാണ്. ബഹുവിഷയങ്ങളെ രൂപപ്പെടുത്തുന്നതും വ്യാപിപ്പിക്കുന്നതും ഭാഷകൾക്കും സംസ്കാരങ്ങൾക്കും കുറുകെ നടത്തുന്ന സഞ്ചാരങ്ങളാണ്. *ദേശീയതകളും സാഹിത്യവും* എന്ന കൃതിയിൽ ഇ.വി. രാമകൃഷ്ണൻ ഇക്കാര്യം വിശദീകരിക്കുന്നത് നോക്കുക:

> ''ജനങ്ങൾ ധാരാളമായി രാജ്യാന്തരസഞ്ചാരങ്ങൾ നടത്താൻ തുടങ്ങിയതോടെ വംശീയതയെക്കുറിച്ച് പുതിയൊരു അവബോധം പരന്നു. ജനങ്ങളെ വിവിധ  വംശങ്ങളായി വിഭജിക്കാനും വംശങ്ങളെ പലതട്ടിൽ വിലയിരുത്താനും ഇക്കാലത്ത് ശ്രമങ്ങൾ നടന്നു (ഫ്രെനോളജി മുതലായ ശാസ്ത്രങ്ങൾ വ്യത്യസ്തവംശങ്ങളുടെ താരതമ്യപഠനത്തിനായി ഉണ്ടായതാണെന്നോർക്കുക).''[45]

കോളണീകരണത്തിന്റെ ആശയാവലികളുടെ ഭൂമികകളിൽനിന്ന് യാത്രതുടങ്ങുന്ന പൊറ്റെക്കാട്ടും അപകോളനീകരണത്തിന്റെ സന്ദർഭത്തിൽ നിൽക്കുന്ന സക്കറിയയും സ്വാംശീകരിക്കുന്ന മൂല്യബോധത്തിൽ അഴിച്ചെടുക്കാൻ യത്നിക്കേണ്ട ഒട്ടേറെ സങ്കീർണതകളാണുള്ളത്.

പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻപാഠങ്ങൾ ഉള്ളടക്കത്തിൽ കോളണീകരണചരിത്രത്തിന്റെ അനുബന്ധചരിത്രം കൂടിയാണ്. ഈ രണ്ടു പാഠങ്ങളിലും കേരളത്തിലെ കോളോണിയൽ വിഷയിയുടെ ലോകബോധം വലിയ അളവിൽ പ്രകടമാണ്. സഞ്ചാരക്കുറിപ്പിലെ വിഷയങ്ങൾക്ക് നൽകുന്ന മുൻഗണനക്രമങ്ങൾ, വിശദാംശങ്ങൾ, അഭിപ്രായങ്ങൾ എന്നിവയൊക്കെ അടുക്കി ചിട്ടപ്പെടു

ത്തുന്ന രീതികളടക്കം യൂറോപ്യൻ വിഷയിയുടെ പ്രകടമായ സാന്നിധ്യം സക്കറിയയിലും പൊറ്റെക്കാട്ടിലും സുലഭമാണ്. ഇത് ചരിത്രപരമായ യാഥാർഥ്യങ്ങളുടെ സ്വഭാവം എന്ന നിലയിലാണ് മനസ്സിലാക്കേണ്ടതും വിശദീകരിക്കേണ്ടതും. ഫ്രാൻസ് ഫാനന്റെ *കറുത്ത ചർമ്മവും വെളുത്ത മുഖംമൂടിയും* എന്ന കൃതിയിലെ കൊളോണിയൽ മനസ്ഥിതിയുടെ സൂക്ഷ്മതലങ്ങളെ വിശദീകരിച്ചുകൊണ്ട് ഇ.വി. രാമകൃഷ്ണൻ *ദേശീയതകളും സാഹിത്യവും* എന്ന കൃതിയിൽ ഇങ്ങനെ എഴുതുന്നുണ്ട്:

> ''വെളുത്തവർഗക്കാരന്റെ കർതൃത്വം രൂപപ്പെടുത്തുന്നതുതന്നെ കറുത്തവനെ പ്രവർജിച്ചുകൊണ്ടാണ്. കറുത്തവൻ അഭാവവും ബാഹ്യവുമാണ് ഇവിടെ. എന്നാൽ കറുത്തവന്റെ മനസ്സിൽ അഭിലഷണീയമായ എല്ലാറ്റിന്റെയും പ്രതീകമാണ് വെളുപ്പ്. അതാകട്ടെ, അവന് അപ്രാപ്യമാവുന്നത് അധികാരഘടനയുടെ ഭാഗമായി മാത്രം വെളുത്തവർഗം നിലനിൽക്കുന്നതുകൊണ്ടാണ്. അധികാരസ്ഥാപനങ്ങളിൽനിന്നു വ്യത്യസ്തമായി വെളുത്തവർഗക്കാരനെ കാണാൻ കറുത്തവനു കഴിയില്ല. വെളുപ്പ് അങ്ങനെ അവന്റെ കർതൃത്വത്തെ അസാധുവാക്കുന്നു. ഇതിനെതിരെ കറുത്തവൻ പ്രതികരിക്കുന്നത് വെളുത്ത മുഖംമൂടി ധരിച്ചുകൊണ്ടാണ്.''[46]

ഫാനന്റെ ഈ നിരീക്ഷണം കോളണീകരിക്കപ്പെട്ട എല്ലാ സമൂഹങ്ങളുടെയും സമീപനത്തെക്കുറിച്ചുള്ളതാണ്. ആഫ്രിക്കയ്ക്ക് മാത്രമായി ബാധകമായ ശ്രേണീകൃത നിയമമല്ലത്. കോളണീകരണത്തിന്റെയും അപകോളണീകരണത്തിന്റെയും വിഷയ /വിഷയീബന്ധങ്ങളിൽ സ്വാംശീകരിക്കപ്പെട്ട അധീശ/ വിധേയ അധികാരശ്രേണിയുടെ തന്ത്രമാണത്. സാർവലൗകികതയുടെ ചട്ടക്കൂടുകൾ രൂപപ്പെടുത്തുകയും ആ അളവുകോലുകൾ കോളനികളിലാകെ പ്രതിഫലിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത ബൃഹത് അധീശത്വവിഭാവനമാണ് സഞ്ചാരക്കുറിപ്പുക

ളുടെയും കൊളോണിയൽ ധർമ്മങ്ങളിൽ ഏറെ പ്രസക്തമായത്. പൊറ്റെക്കാട്ടിലെയും സക്കറിയയിലെയും വിഷയി വിഭാവനംചെയ്ത ആഫ്രിക്കൻ വിഷയത്തിൽ പ്രത്യക്ഷമായും പരോക്ഷമായും കറുപ്പിനുമീതെ വെളുപ്പിനെ വംശീയമായി സ്ഥാപിക്കുന്ന ആശയാവലികളുടെ ബാഹുല്യം കാണാനാകും.

എസ്.കെ. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻ യാത്രക്കുറിപ്പുകളുടെ ഒരു ചെറിയ ശതമാനം ഇന്ത്യയും കേരളവും കൈയടക്കുന്നതെങ്ങനെ എന്നത് വിഷയി-വിഷയബന്ധത്തെ മുൻനിർത്തി ആദ്യ അധ്യായത്തിൽ പൊതുവായി വിശദീകരിക്കുന്നുണ്ട്. എന്നാൽ ആ വിവരണങ്ങളുടെ സ്വഭാവമെന്തെന്ന് പരിശോധിക്കാനാണിവിടെ ശ്രമിക്കുന്നത്. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും കുറിപ്പുകളിൽ കവിഞ്ഞുനിൽക്കുന്ന ഒരു ഭാവം, ആഫ്രിക്ക കൽപ്പിച്ചുകൊടുത്തിട്ടുള്ള ആശ്രിത-വിധേയത്വഭാവമാണ്. അതിന്റെ രാഷ്ട്രീയവിവക്ഷയാണ് കറുപ്പിന് മേലെയുള്ള തവിട്ടിനെ[47]ക്കുറിച്ചുള്ള സൂചനകളിൽ ആദ്യഭാഗത്ത് സൂചിപ്പിച്ചത്.

പൊറ്റെക്കാട്ടും സക്കറിയയും ഇന്ത്യക്കാരായ ആഫ്രിക്കൻ കുടിയേറ്റക്കാരുടെയും ബിസിനസ്സുകാരുടെയും ഉദ്യോഗസ്ഥരുടെയും ആതിഥ്യം സ്വീകരിച്ചാണ് ആഫ്രിക്കയിൽ സഞ്ചരിക്കുന്നത്. അത് ആഫ്രിക്കയിലേക്ക് സ്വതന്ത്രമായി ഇഴുകിയിറങ്ങാനുള്ള സന്ദർഭത്തെ പരിപോഷിപ്പിക്കുകയാണോ തടസ്സപ്പെടുത്തുകയാണോ എന്ന് ആലോചിക്കേണ്ടതുണ്ട്. 'സുഡാനും ഇന്ത്യയും' എന്ന ഒരു തലക്കുറിക്ക് താഴെ പൊറ്റെക്കാട്ട് ഇങ്ങനെ എഴുതുന്നു:

> ''സുഡാനിലെ രാഷ്ട്രീയനേതാക്കൾക്കു മാർഗദർശനം നൽകുന്നത് ഇന്ത്യയുടെ ദേശീയസമരചരിത്രമാണ്. തങ്ങളുടെ സ്വാതന്ത്ര്യക്കാര്യം ഐക്യരാഷ്ട്രസഭയിലും ബാഹ്യലോകത്തിന്റെ ശ്രദ്ധയിലും കൊണ്ടുവരാൻ സുഡാൻ നേതാക്കന്മാർ ഏഷ്യയിലെ മഹച്ഛക്തിയായ ഇന്ത്യയുടെ നേർക്കാണ് സഹായാർഥം ഉറ്റുനോക്കുന്നത്. ഇന്ത്യയുടെ ചരിത്രത്തെപ്പറ്റിയും ഇന്ത്യൻ ദേശീയനേതാക്കന്മാരെ

പ്പറ്റിയും സുഡാനിലെ രാഷ്ട്രീയ പ്രബുദ്ധരായ ആളുകൾക്കുള്ള അറിവും താൽപ്പര്യവും എന്നെ അത്ഭുതപ്പെടുത്തുകയുണ്ടായി. നമുക്കു സുഡാനെപ്പറ്റി അധികമൊന്നും അറിഞ്ഞുകൂടാ. എന്നാൽ അവർ ഇന്ത്യയിലെ കാര്യങ്ങൾ ശ്രദ്ധിച്ചു പഠിച്ചുവച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിനുള്ള അവരുടെ ആദ്യത്തെ രാഷ്ട്രീയസംഘടനയ്ക്കു നൽകിയിരിക്കുന്ന പേർ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ അനുകരിച്ചുകൊണ്ട് സുഡാൻ നാഷണൽ കോൺഗ്രസ് എന്നാണ്. ഖാർത്തൂമിലെ പല ഗൃഹങ്ങളിലും മുറിയുടെ ചുവരിൽ ജവഹർലാൽ നെഹ്റുവിന്റെ പടം വിലസുന്നതു ഞാൻ കാണുകയുണ്ടായി. എന്തുകൊണ്ടാണെന്നു നിശ്ചയമില്ല, മഹാത്മജിയെക്കാൾ അവർ അറിയുന്നതും ആദരിക്കുന്നതും നെഹ്റുജിയെയാണ്.''[48]

ഇന്ത്യയുടെ ചരിത്രം, രാഷ്ട്രീയനേതാക്കൾ, ഭൂമിശാസ്ത്രം, പാരമ്പര്യം, മിത്തുകൾ എന്നിവയൊക്കെക്കൊണ്ട് സവിശേഷ അനുപാതത്തിൽ ആഫ്രിക്കൻ കുറിപ്പ് പൂരിപ്പിക്കുകയാണ് പൊറ്റെക്കാട്ടും സക്കറിയയും ചെയ്യുന്നത്. രാഷ്ട്രീയമായി ശ്രേണീകൃത ആശയാവലികൾ കുത്തിനിറച്ച് ആഫ്രിക്കൻ സമസ്യയെ യൂറോപ്യർ പൂരിപ്പിച്ചതുപോലെയാണ് ഏറെക്കുറേ ഇവരും പൂരിപ്പിക്കുന്നത്.

'ഏറുമാടത്തിലെ രാജകുമാരി' എന്ന് പേരിട്ടിരിക്കുന്ന സക്കറിയയുടെ കുറിപ്പിൽ ആകെ അഞ്ചു ഖണ്ഡികയാണുള്ളത്. അതിന്റെ മുക്കാൽഭാഗവും ഇന്ത്യൻ പുരാണമാണ് അവതരിപ്പിക്കുന്നത്. തലക്കെട്ടിനുതാഴെ കുറിപ്പ് തുടങ്ങുന്നത് എം. പി. നാരായണപ്പിള്ളയിലൂടെയാണ്.[49] അത് പിന്നീട് മൊമ്പാസ തുറമുഖത്തുനിന്ന് ഉഗാണ്ടയിലേക്കുള്ള തീവണ്ടിപ്പാത പണിയാൻ ഇന്ത്യയിൽനിന്ന് കടമെടുത്ത കരാർപ്പണിക്കാരിലേക്കും അവരുടെ പിൻമുറക്കാരായി ഇന്ന് കെനിയയിൽ കാണുന്ന ധനാഢ്യരായ ഇന്ത്യൻ വംശജരിലേക്കും ഗാന്ധിയിലേക്കും നെയ്റോബി

പണിതുയർത്തിയ ഇന്ത്യൻ ആശാരിമാരിലേക്കും മരപ്പണിക്കാരിലേക്കും അങ്ങനെ ഒഴുകുന്നു.

> ''സാധുവും അസമർഥനുമായ ആഫ്രിക്കക്കാരന്റെ വിധി കാണുക! അവൻ വെള്ളക്കാരന്റെ മാത്രമല്ല, വെള്ളക്കാരുടെ കീഴാളരായ ഇന്ത്യക്കാരുടെയും കീഴാളനായിത്തീർന്നു,''[50]

എന്ന് സക്കറിയ കുറിക്കുന്നത് വിശദമായി ആഫ്രിക്കൻ കുറിപ്പെഴുതുന്ന ഇന്ത്യൻ വിഷയിയെ വിശകലനം ചെയ്യാൻ പ്രേരിപ്പിക്കുന്നുണ്ട്. ഇതുമാത്രമല്ല സക്കറിയ കുറിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട വിവരണം നോക്കുക:

> ''കെനിയയുടെ സ്വാതന്ത്ര്യസമരത്തിലും ധാരാളം ഇന്ത്യൻ വംശജർ അതിപ്രധാനമായ പങ്കുവഹിച്ചു - ദക്ഷിണാഫ്രിക്കയിലെന്നപോലെ. സ്വാതന്ത്ര്യസമരനായകനായിരുന്ന ജോമോ കെന്യാറ്റയെ ബ്രിട്ടീഷ് തടങ്കലിൽനിന്ന് മോചിപ്പിക്കാനുള്ള പ്രസ്ഥാനം നയിച്ചത് ശ്രീമതി ലീലാപട്ടേലും അവരുടെ ഭർത്താവ് അംബു പട്ടേലുമായിരുന്നു. ഇന്ത്യൻ വംശജയും സ്വാതന്ത്ര്യസമരനേതാവുമായിരുന്ന ജോസഫ് മുറുംബി പിന്നീട് കെനിയയുടെ വിദേശകാര്യമന്ത്രിയും രണ്ടാമത്തെ വൈസ് പ്രസിഡണ്ടും ആയിത്തീർന്നു. ഫിറ്റ്സ് ഡിസൂസ 1964 മുതൽ 69 വരെ കെനിയൻ പാർലമെന്റിന്റെ ഡെപ്യൂട്ടി സ്പീക്കറായിരുന്നു.''[51]

ഏഷ്യ-ആഫ്രിക്കൻ പശ്ചാത്തലത്തെക്കുറിച്ച് പഠിച്ചിട്ടുള്ള അന്റോണിറ്റി ബർട്ടനെപ്പോലുള്ളവർ പറയുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ തടക്കത്തിൽ ആഫ്രിക്കൻ- ഇന്ത്യൻ സംസ്കാരങ്ങൾ തമ്മിൽ സമന്വയത്തിന്റെ സാംസ്കാരികാന്തരീക്ഷമാണ് ഉണ്ടായിരുന്നതെന്നാണ്. എന്നാൽ കോളണിയാനന്തര അന്തരീക്ഷത്തിൽ സമന്വയത്തിനു പകരം ഇന്ത്യയും ആഫ്രിക്കയും തമ്മിൽ സംഘർഷത്തിന്റെ വംശ

വർണ ഭൂമികകൾ ഉരുത്തിരിഞ്ഞു വരുന്നതിനെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.[52]

സക്കറിയ സൂചിപ്പിക്കുന്ന 'സാധുവും അസമർത്ഥനുമായ ആഫ്രിക്കക്കാരന്റെ വിധി' എന്ന മുൻവിധിയാണ് ഇവിടെ പ്രശ്നവൽക്കരിക്കപ്പെടേണ്ടത്. അതായത് കർതൃത്വശേഷി നശിച്ച വിധേയത്വവത്ക്കരിക്കപ്പെടേണ്ട വസ്തുവായിട്ടാണ് സക്കറിയ ആഫ്രിക്കൻ വിഷയിയെ പരിഗണിക്കുന്നതെന്നർഥം. സക്കറിയയുടെ ഈ സമീപനംതന്നെയാണ് നെഹ്റു ആഫ്രിക്കയോട് വച്ചുപുലർത്തിയിരുന്നതെന്ന് പല കോണുകളിൽനിന്നും വിമർശനം ഉയരുന്നുണ്ട്. ആഫ്രിക്കയെന്നത് സ്ഥിരമായി വസ്തുവൽക്കരിക്കപ്പെട്ട ഒന്നായിട്ടാണ് നെഹ്റു പരിഗണിക്കുന്നതെന്നും നെഹ്റുവിന്റെ ലോകബോധത്തിന്റെ കേന്ദ്രം ഇന്ത്യയാണെന്നും ഇത് വംശീയവൽക്കരിക്കപ്പെട്ട കൊളോണിയൽ ലോകബോധമാണെന്നുമാണ് ആ വിമർശനത്തിന്റെ കാതൽ.[53] മാത്രവുമല്ല, ദക്ഷിണാഫ്രിക്കയിൽ ഗാന്ധി ഉയർത്തിക്കൊണ്ടുവന്ന സമരപാതകളിൽ, പ്രത്യേകിച്ച് വർണത്തിന്റെ ആധിപത്യവിധേയത്വബോധം ഇല്ലാതാക്കാൻ ശ്രമിച്ച ഇടങ്ങളിൽ, ഇന്ത്യക്കാരും ആഫ്രിക്കക്കാരും കൂടിക്കലരാതെ വിഘടിച്ചാണ് ജീവിക്കുന്നത് എന്ന കാര്യം ഇവിടെ എടുത്തുപറയുന്നുണ്ട് അന്റോണിറ്റി ബർട്ടൺ.[54] അത് ശാരീരികമായും മാനസികമായും ആഫ്രിക്കൻ-ഇന്ത്യൻ സമൂഹങ്ങൾക്കിടയിൽ നിൽക്കുന്ന അധിശത്വ-വിധേയബന്ധങ്ങളെയാണ് കാണിക്കുന്നത്.

പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ഇന്ത്യൻ പശ്ചാത്തലത്തിലെത്തുമ്പോഴുള്ള അതിവാചാലത ഇന്ത്യൻ കേന്ദ്രിതമായ അധീശത്വബോധത്തിന്റെ പ്രകടനമാണ്. വീണ്ടും വീണ്ടും ന്യായീകരിക്കുകയും ഇന്ത്യൻവംശത്തിൽ അഭിരമിക്കുകയും ചെയ്യുന്നതിൽ സക്കറിയ എസ്.കെ.പൊറ്റെക്കാട്ടിനേക്കാൾ ഒട്ടും പിന്നിലല്ല.

> ''ഈ വിധത്തിൽ സങ്കീർണവും തലമുറകളുടെ പഴക്കമുള്ളതുമായ ഒരു ആഫ്രിക്കൻ അതിജീവനം നടത്തിയ ഇന്ത്യൻവംശജരുടെ

ഇന്നും നിലനിൽക്കുന്ന സ്വാധീനത്തിന്റെ ഉദാഹരണമാണ് പ്രൊഫ. യശ്പാൽ ഘായ്. അദ്ദേഹമാണ് കെനിയയുടെ ഭരണഘടനാ പുനപ്പരിശോധനാ കമ്മീഷന്റെ ചെയർമാൻ. കെനിയയിൽ ജനിച്ച് നെയ്റോബിയിൽ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഇംഗ്ലണ്ടിൽ ഉന്നതവിദ്യാഭ്യാസം നടത്തി നിയമപണ്ഡിതനും അധ്യാപകനുമായി ത്തീർന്ന യശ്പാൽ ഘായ്യുടെ മുൻവിദ്യാർഥികളാണ് കെനിയൻ മനുഷ്യാവകാശ കമ്മീഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ, കെനിയ യുടെ അറ്റോർണി ജനറൽ, ലോ സൊസൈറ്റിയുടെ ചെയർമാൻ തുടങ്ങിയവർ. ഭരണഘടനാനിർമ്മാണത്തിൽ ലോകപ്രശസ്തനായ പ്രൊഫ. ഘായ് ന്യൂഗിനിയ, ബെനിക്ക്, സോളമൻ ഐലന്റ്, ഹോങ്കോങ് എന്നിങ്ങനെ നിരവധി രാജ്യങ്ങളെ ഭരണഘടനാരചന യിൽ ഉപദേശിച്ചിട്ടുണ്ട്.''[55]

ഇനിയും തുടർച്ചയായി നീണ്ടുപോകുന്ന ഇന്ത്യൻവംശജന്റെ വ്യക്തിപു രാണം കെനിയയിലെ സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിലെ തദ്ദേശീയ ജ്ഞാനമാതൃകകളുടെമേൽ അധീശത്വസ്വഭാവത്തോടെയാണ് വാർന്നുവീഴുന്നത്.

ഇന്ത്യൻ അന്തരീക്ഷത്തിന്റെ അസന്തുലിതമായ ഈ ആഖ്യാനം, യഥാർഥത്തിലുള്ള ആഫ്രിക്കൻസമൂഹത്തെയും സംസ്കാരത്തെയും സ്വതന്ത്രമായി അവതരിപ്പിക്കുന്നതിൽ തടസ്സമായിനിൽക്കുന്നുണ്ട്. ആഖ്യാനത്തിൽ ഏറിയോ കുറഞ്ഞോ നിൽക്കുന്നതും വിശദീകരിക്കപ്പെടുന്നതും മറച്ചുവയ്ക്കപ്പെടുന്നതും മുൻഗണന കൊടുക്കുന്നതുമായ വിഷയങ്ങളുടെ ശൃംഖലകളെ വിഷയിയുടെ രാഷ്ട്രീയതാൽപ്പര്യമായി പരിഗണിക്കാവുന്നതാണ്. സക്കറിയയും പൊറ്റെക്കാട്ടും ആഫ്രിക്കയിലെ ഇന്ത്യൻ കച്ചവടക്കാർക്കു (ഹരാരെയിലെ സ്വാമി നിശ്രേയസ്സാന ന്ദ)കൊടുക്കുന്ന പ്രാധാന്യം ആഫ്രിക്കയിലെ തദ്ദേശീയരായ ജനതയ്ക്ക് തീരെയും കൊടുത്തുകാണുന്നില്ല. മാത്രവുമല്ല, ഇന്ത്യൻ വംശജരുടെ ലോകബോധം ആഫ്രി

ക്കയുടെ ജ്ഞാനപരിസരത്തെയും അതിന്റെ പ്രാഗ്ചരിത്രത്തെയും കവിഞ്ഞു നിൽക്കുന്നതായി അവതരിപ്പിക്കുകയും ചെയ്യുന്നു. ഹരാരെയിലെ സ്വാമി നിശ്രേയ സ്സാനന്ദയെക്കുറിച്ച് പറയുമ്പോൾ സക്കറിയ മുന്നോട്ടു വയ്ക്കുന്ന സൂചകങ്ങളുടെ ലോകം ശ്രദ്ധിക്കുക:

> ''വീടിന്റെ ഒരു ഭാഗത്ത് സ്വാമിയെ പരിചരിച്ചിരുന്ന വെള്ളക്കാരി വൃദ്ധ താമസിക്കുന്നുണ്ട്. ഒരു പുസ്തകപ്പുഴുവിന്റെ നാവിൽ വെള്ള മൂറുന്ന ഗ്രന്ഥശേഖരം. ആധ്യാത്മികവും ദാർശനികവുമായ ഗ്രന്ഥ ങ്ങൾ മാത്രമല്ല, നോവലും കഥയും കവിതയും ചരിത്രവും ചിത്രക ലയും എല്ലാമുണ്ട്. ജെ. കൃഷ്ണമൂർത്തിയും ഓഷോയും അലൻവാട്സും ഫൂക്കോയും എഡ്വേഡ് സെയ്ദും ഹോബ്സ്ഷോമും സയൻസ് ഫിക്ഷനും ബോർഹസും മാർക്വെസും കുന്ദേരയും സിനിമപഠനങ്ങളുമുണ്ട്.''[57]

വിവരണങ്ങളുടെ സ്വഭാവം, കേന്ദ്രീകരിക്കപ്പെടുന്ന ഇടങ്ങൾ, ഇവയൊക്കെ വിഷയിയുടെ കർതൃത്വത്തെക്കുറിച്ചാണ് പറയുന്നത്. അതിന്റെ കേന്ദ്രം ആഫ്രിക്ക യല്ല, ഇന്ത്യയാണ് എന്നതിന്റെ ദൃഷ്ടാന്തങ്ങളാണ് ഇത്തരം കുറിപ്പുകൾ.

പാരായണത്തെക്കുറിച്ചുള്ള ജോർജ് ഗദാമറുടെ പ്രധാനപ്പെട്ട ഒരു നിരീ ക്ഷണം ഇവിടെ കൂട്ടിച്ചേർക്കാവുന്നതാണ് പ്രത്യേകിച്ച് സഞ്ചാരസാഹിത്യകൃതി കളെ സംബന്ധിച്ച് ഇത് ചിലപ്പോൾ പൊതുവായി ബാധകമാകാവുന്ന പ്രസ്താവന യാണ്. 'വീട് വിട്ടുപോകുന്നതിനേക്കാൾ വീട്ടിലേക്കു മടങ്ങുന്ന പ്രക്രിയയാണ് പാരായണമെന്നാണ് ഗദാമർ പറയുന്നത്.[58] അത് ഇവിടെ സഞ്ചാരസാഹിത്യത്തെ ക്കുറിച്ച് പറയുമ്പോൾ വീടുവിട്ടുപോകലല്ല, വീട്ടിലേക്കുള്ള മടക്കമാണ് വിഷയിയെ ചൂഴ്ന്നുനിൽക്കുന്നതെന്ന് പറയാം. പ്രത്യേകിച്ചും ആഫ്രിക്കൻ യാത്രക്കുറിപ്പുക ളുടെ കർത്താക്കളെക്കുറിച്ച്.

ഒരുദേശത്തെ, അവിടങ്ങളിലെ സാംസ്കാരികസൂചനകളെ എത്തരത്തിൽ വായിച്ചെടുക്കണമെന്നുള്ളത് സമീപനത്തിന്റെ മണ്ഡലത്തിലെ പ്രശ്നമാണ്. ആഫ്രിക്കൻ സഞ്ചാരക്കുറിപ്പുകളുടെ മട്ടും മാതിരിയും ഊന്നലുകളും കേന്ദ്രീകരണങ്ങളും വിഷയിയുടെ ഭ്രമണപഥങ്ങളിൽത്തന്നെ ചുറ്റിത്തിരിയുകയാണ് ചെയ്യുന്നത്. തദ്ദേശീയജനതയോടും അവരുടെ ജ്ഞാനമണ്ഡലങ്ങളോടും പുറംതിരിഞ്ഞു നിൽക്കുന്ന സമീപനങ്ങളുടെ ഭാരം ആഫ്രിക്കൻ നോട്ടങ്ങൾക്ക് വലിയ തോതിൽ വിഘാതം സൃഷ്ടിക്കുന്നു. അതായത് ഒരു ദേശത്തെ അടുത്തറിയാൻ ഏതൊക്കെ മണ്ഡലങ്ങളിലാണ് ശ്രദ്ധപതിപ്പിക്കേണ്ടതെന്ന തിരിച്ചറിവാണ് സഞ്ചാരസാഹിത്യകർത്താക്കളെ സംബന്ധിച്ച് ഏറെ പ്രധാനപ്പെട്ട കാര്യം. യഥാർഥത്തിൽ സഞ്ചാരസാഹിത്യകർത്താവിന് സഞ്ചാരത്തിനുമുമ്പ്, കണ്ടെഴുത്തിനുമുമ്പ് വലിയതോതിൽ 'കാണാൻ' കോപ്പുകൂട്ടേണ്ടതുണ്ട്. കാഴ്ചയ്ക്കുവേണ്ടിയുള്ള മുൻനിലയായി ഈ 'കോപ്പുകൂട്ടലുകളെ' രാഷ്ട്രീയമായി കാണണം. കോപ്പില്ലാത്തവരുടെ കാഴ്ചയുടെ ഭാരം സഞ്ചാരസാഹിത്യത്തെ സംബന്ധിച്ചു വലിയ അധീശ-വിധേയത്വബന്ധങ്ങളുടെ നിർമ്മിതിക്ക് കാരണമാകുന്നു.

ആഫ്രിക്കക്കാരെ സംബന്ധിച്ച് സക്കറിയയുടെയും പൊറ്റെക്കാട്ടിന്റെയും കാഴ്ചയുടെ ഭാരവും ഹിംസാത്മകതയും സമീപനത്തിലെ രാഷ്ട്രീയാധീശത്വവും ഏറെ പ്രതിരോധങ്ങളുയർത്താൻ അവരെ നിർബന്ധിതരാക്കിയേക്കും. കോളണീകരണത്തിന്റെ അധിനിവേശദൃഷ്ടിയിൽനിന്ന് വ്യതിരിക്തമെങ്കിലും നവ അധിനിവേശത്തിന്റെ സാംസ്കാരികപാഠങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സാഹിത്യശാഖയായി സഞ്ചാരസാഹിത്യം മാറുന്നതെങ്ങനെ എന്നുപഠിക്കാൻ സഹായകമായ പാഠങ്ങളായി തന്നെയാണ് സക്കറിയയുടെയും പൊറ്റെക്കാട്ടിന്റെയും ആഫ്രിക്കൻവിഷയം പ്രസക്തമാകുന്നത്.

**കുറിപ്പുകൾ**


1. Carl Thompson, 'Travel Writing', Routledge, London, 2011, p.55.
2. കെ.സി. വർഗീസ്, വർത്തമാനപ്പുസ്തകത്തിന്റെ വർത്തമാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018. പു. 14.
3. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്), ഡി.സി. ബുക്സ്, കോട്ടയം, 2010, പു. 14-15.
4. R.G. Colling wood, The Idea of History, OUP, New Delhi, 2000, p. 321-323
5. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്), ഡി.സി. ബുക്സ്, കോട്ടയം, 2010, പു. 13.
6. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി. ബുക്സ്, കോട്ടയം, 2014, പു. 21.
7. R.G. Colling Wood, The Idea of History, OUP, New Delhi, 2000, p.321-323.
8. കെ. പാനൂർ, കേരളത്തിലെ ആഫ്രിക്ക
9. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്), ഡി.സി. ബുക്സ്, കോട്ടയം, 2010, പു.
10. വില്യം ലോഗൻ, മലബാർ മാന്വൽ (വിവ. ടി.വി. കൃഷ്ണൻ), മാതൃഭൂമി ബുക്സ്, 2007, പു. XVIII.
11. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്), ഡി.സി. ബുക്സ്, കോട്ടയം, 2010, പു.54

12. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി. ബുക്സ്, കോട്ടയം, 2014, പു. 493.

13. അതേ പുസ്തകം, പു. 15.

14. Nick Crossley, Critical Social Theory, Sage Publication, London, 2006, p. 177.

15. Ibid, p. 178.

16. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്), ഡി.സി. ബുക്സ്, കോട്ടയം, 2010, പു.1062.

17. സക്കറിയ, ഒരു ആഫ്രിക്കൻ യാത്ര, ഡി.സി. ബുക്സ് കോട്ടയം, 2014, പു. 13.

18. എസ്. കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്), ഡി.സി. ബുക്സ്, കോട്ടയം, 2010, പു. 13.

19. അതേ പുസ്തകം, 13.

20. Jurgen Habermas (Translated by Jeremy J. Shapiro), Knowledge and Human Interests, Polity Press, U.K, 1998, p. 311-313.

21. Ibid, p. 311.

22. എസ്. കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്), ഡി.സി. ബുക്സ്, കോട്ടയം, 2010, പു.14.

23. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി. ബുക്സ്, കോട്ടയം, 2014, പു.24.

24. Theodor W. Adorno and Max Horkheimer, Dialectic of' Enlightenment Verso, London, 1997, p.3.

26. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി. ബുക്സ്, കോട്ടയം, 2014, പു.25.

27. എം.കെ. ഗാന്ധി, ആത്മകഥ അഥവാ എന്റെ സത്യാന്വേഷണ പരീക്ഷണ കഥ, (വിവ. ജോർജ് ഇരുമ്പയം), നവജീവൻ പബ്ലിഷിങ് ഹൗസ്, അഹമ്മദാബാദ്, 2002, പു. 186.

28. ഒ. ചന്തുമേനോൻ, ഇന്ദുലേഖ, റെഡ്റോസ് പബ്ലിക്കേഷൻസ്, കുന്നംകുളം, 2013, പു. 217.

29. Cascy Blanton, Travel Writing, The Self and the World, Routledge, 1997, p.xi.

30. എസ്. കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്), ഡി.സി. ബുക്സ്, കോട്ടയം, 2010, പു.173.

31. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി. ബുക്സ്, കോട്ടയം, 2014, പു.406 -407.

32. അതേ പുസ്തകം, പു. 407.

33. അതേ പുസ്തകം, പു. 31.

34. അതേ പുസ്തകം, പു. 206.

35. അതേ പുസ്തകം, പു. 170.

36. Cascy Blanton, Travel Writing, The Self and the World, Routledge, 1997, p. XIII.

37. Jurgen Haberman (Translated by Jermcy I Shapairo), Knowledge and Human Interests, Polity Press, U.K. 1998, p. 312.

38. Hyden White meta-history, Johns Hoplcin, University Press, 1973, p.ix.

39. Ankersmit, F.Domanska, E.Kellner, H (eds.) Re-figuring Hayden White, Standford University Press, 2009. p. 1.

40. *Ibid.,* p. 27.

41. എസ്. കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്), ഡി.സി. ബുക്സ്, കോട്ടയം, 2010, പു.136.

42. Depesh Chakarvarty, Provincializing Europe: Post Colonial Thought and Historical Difference, Princeton University Press, 2000. p. 7.

43. എസ്. കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്), ഡി.സി. ബുക്സ്, കോട്ടയം, 2010, പു.212.

44. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി. ബുക്സ്, കോട്ടയം, 2014, പു.542.

45. ഇ.വി. രാമകൃഷ്ണൻ, ദേശീയതകളും സാഹിത്യവും, ഡി.സി. ബുക്സ്, കോട്ടയം, 2001, പു. 31.

46. അതേ പുസ്തകം, പു. 76.

47. Antoinette Burton, Brown Over Black, Three Essays Collective, 2012, New Delhi.

48. എസ്. കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം ഒന്ന്. ഡി.സി.ബുക്സ്, കോട്ടയം, 2010, പേജ് 365-366.

49. എം.പി. നാരായണപ്പിള്ള തന്റെ കഥയിലൂടെ പ്രശസ്തനാക്കിയ ജോർജ് ആറാമൻ രാജാവും കെനിയയിലെ വന്യമൃഗനിരീക്ഷണസഞ്ചാരികളെ ലോകപ്രശസ്തരാക്കിയ ഒരു സംഭവവും തമ്മിലുള്ള ബന്ധം കൊളോണിയ ലിസത്തിന്റെ രസകരമായ മുഖങ്ങളിലൊന്നാണ് - സക്കറിയ ഒരു ആഫ്രി ക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം, 2005, പേജ് 363.

50. അതേ പുസ്തകം, പേജ് 364.

51. അതേ പുസ്തകം, പേജ് 365.

52. Antoinette Burton, Brown Over Black, Three Essays Collective, New Delhi, 2012, page 9.

53. Ibid, page 9.

54. Ibid, page 13.

55. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം 2005, പേജ് 367.

56. അതേ പുസ്തകം, പേജ് 262.

57. അതേ പുസ്തകം, പേജ് 264.

58. ഡോ.സി. രാജേന്ദ്രൻ, വ്യാഖ്യാനശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005, പേജ് 77.

# അധ്യായം 4

# കണ്ടെഴുത്തിന്റെ രാഷ്ട്രീയഭാരങ്ങൾ

1913-ലെ *മംഗളോദയ*ത്തിൽ നാലപ്പാട്ട് നാരായണമേനോൻ ബംഗാളിയിലെ ചില ലേഖനങ്ങളെ മുൻനിർത്തി ഈജിപ്തിനെക്കുറിച്ച് 'ഇന്ത്യയും ഈജിപ്തും' എന്ന ലേഖനമെഴുതുന്നുണ്ട്. അത് ഈജിപ്തിന്റെ മഹത്തായ പരിഷ്കൃതിയെ വാഴ്ത്തിക്കൊണ്ടുള്ള ലേഖനമാണ്. മാത്രവുമല്ല, ആ പരിഷ്കാരത്തിന്റെ സ്രഷ്ടാക്കൾ ഹിന്ദുക്കളാണെന്ന വാദവുമാണ് നാരായണമേനോൻ ഉയർത്തിക്കാട്ടുന്നത്.

> ''യവനപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഈജിപ്തിലെ ആദ്യത്തെ രാജാവിനു മെനസ്, മെനു എന്ന പേരായിരുന്നു എന്നു പറയുന്നുണ്ട്. ഒന്നാമത്തെ രാജാവ് 'മനു' ആയിരുന്നു എന്നു ഹിന്ദുക്കളും വിശ്വസിക്കുന്നു. അതിനാൽ ഈജിപ്ത് പിടിച്ചടക്കിയ പ്രാചീനഹിന്ദുക്കൾ തങ്ങളുടെ രാജാവിന്, ഇവിടത്തെ സമ്പ്രദായപ്രകാരം മനു അല്ലെങ്കിൽ മെനസ് എന്നു പേരിട്ടതായിരിക്കണം എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇത്രയും പറഞ്ഞതുകൊണ്ട് ഈജിപ്ത് ആദ്യമായി പിടിച്ചടക്കിയവർ, ഇത്രയും അത്ഭുതകരമായ ഒരു പരിഷ്കൃതസമ്പ്രദായത്തെ അവിടെ ആദ്യമായി നടപ്പാക്കിയവർ നമ്മുടെ പൂർവികന്മാരായ ഹിന്ദുക്കൾ തന്നെയാണെന്ന് ഒരുവിധം തെളിഞ്ഞിരിക്കണം.''[1]

പ്രധാനമായും രണ്ടു തലത്തിലെങ്കിലും ഈജിപ്തിനെക്കുറിച്ചുള്ള നാലപ്പാട്ട് നാരായണമേനോന്റെ പരാമർശം ശ്രദ്ധയർഹിക്കുന്നുണ്ട്. ഒന്നാമത് മലയാളവായനക്കാർക്കിടയിൽ രൂപപ്പെടുന്ന ആഫ്രിക്കൻ ചിത്രത്തെക്കുറിച്ചുള്ളതാണ്. രണ്ടാമതായി ആഫ്രിക്കയെക്കുറിച്ച്, പ്രത്യേകിച്ച് ഈജിപ്തിനെക്കുറിച്ചുള്ള ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ വരുന്ന ഇന്ത്യൻ കാഴ്ചയുടെ മട്ടും മാതിരിയും

എത്തരത്തിലാണ് എന്നതിലേക്ക് വിരൽചൂണ്ടുന്ന ഒരു പാഠമാണ് നാലപ്പാട്ട് നാരായണമേനോന്റേത് എന്നർഥത്തിലാണ് പ്രസക്തമാകുന്നത്. രണ്ടർഥത്തിലും പൊറ്റെക്കാട്ടിനെ ആഫ്രിക്കയിലേക്ക് ആകർഷിക്കുന്നതായ ദിശാസൂചികകളായി നാലപ്പാടനെപ്പോലുള്ളവരുടെ ആഫ്രിക്കൻപാഠങ്ങൾ വർത്തിച്ചിട്ടുണ്ടെന്നുസാരം. പരിചയപ്പെടുത്തലിനപ്പുറത്തേക്ക് നാലപ്പാട്ട് നാരായണമേനോന്റെയും എസ്.കെ. പൊറ്റെക്കാട്ടിന്റെയും ആഫ്രിക്കൻവിഷയത്തിന് ചില സാദൃശ്യങ്ങൾകൂടി കാണാനാകും. അത് ഇന്ത്യൻ ദേശീയതയുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട ചില ആശയങ്ങളുടെ പശ്ചാത്തലത്തിലാണ് രണ്ടുപേരും ഉന്നയിക്കുന്നത് എന്നതാണ് ശ്രദ്ധേയം.

നാലപ്പാട്ട് നാരായണമേനോൻ എഴുതുന്നത് ഇന്ത്യൻ ദേശീയപ്രസ്ഥാനങ്ങളുടെ സവിശേഷമായ ചില ഘട്ടങ്ങളെ മുൻനിർത്തിയാണ്. മാത്രവുമല്ല, ഇന്ത്യൻ ദേശീയതയുടെ വൈകാരികാടിത്തറയിൽ സ്വാംശീകരിക്കപ്പെട്ട ലോകബോധമാണ് ഈജിപ്തിനെക്കുറിച്ചുള്ള കുറിപ്പിലുടനീളം പ്രതിഫലിക്കുന്നതും. ഗാന്ധിയുടെ വലിയ പരിവേഷത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യൻ ദേശീയത വിഭാവനം ചെയ്യപ്പെടുന്നത്. ഈ കുറിപ്പിന്റെ തുടക്കംതന്നെ ശ്രദ്ധിക്കുക:

> ''മിസ്റ്റർ ഗാന്ധിയും അദ്ദേഹത്തിന്റെ അനുഗാമികളുംകൂടി തെക്കേ ആഫ്രിക്കയിലെ ബൂവർ ഗവർമ്മേണ്ടിന്റെ ന്യായരഹിതങ്ങളായ പ്രവൃത്തികളോടു വെറും മനശ്ശക്തികൊണ്ടുമാത്രം ഈ വിധം മല്ലിട്ടു നിന്നു. പരിഷ്കൃതലോകത്തെ മുഴുവനും അത്ഭുതപരതന്ത്രന്മാരാക്കി''[2]

കോളണീകരണം, കോളണീകരണം നടത്തുന്നവരുടെയും കോളണീകരണത്തിന് വിധേയമായവരുടെയും മാത്രം അധീശത്വ വിധേയത്വബന്ധങ്ങളല്ല. അധിനിവേശശക്തികൾക്ക് മുമ്പിൽവരുന്ന വ്യത്യസ്ത സമൂഹങ്ങളുടെ ലോകാനുഭവങ്ങളെയൊക്കെ അധീശത്വ വിഷയി ശ്രേണീകരിക്കുന്നുണ്ട്. വ്യത്യസ്തങ്ങളെയെല്ലാം അപരവൽക്കരിച്ചുകൊണ്ടാണ് അധീശത്വവിഷയി അതിന്റെ ഉൺമയെ വിഭാവനം

ചെയ്യുന്നത്. കൊളോണിയൽ ചരിത്രഘട്ടത്തിലെ ഇന്ത്യൻ വിഷയി, ആഫ്രിക്കക്ക് മേൽ വരഞ്ഞിടുന്ന ചില ചിത്രങ്ങൾ, രണ്ട് കോളണികൾ തമ്മിലുള്ള രാഷ്ട്രീയാവ സ്ഥകളുടെ സാദൃശ്യത്തിന്റെ ഉള്ളടക്കത്തെയല്ല പരിഗണിക്കുന്നത്. ജാതിവ്യവസ്ഥ പോലെ വലിയ ശ്രേണീകരണങ്ങളാണ് കോളണീകരണത്തിന്റെ വ്യവഹാരത്തിനു ള്ളിൽ നടന്നത്.

ആഫ്രിക്കയിൽ 'നീഗ്രോ' സ്വത്വം രൂപീകരിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തെ ക്കുറിച്ചുള്ള ഫ്രാൻസ് ഫാനന്റെ നിരീക്ഷണങ്ങളെ ഇ.വി. രാമകൃഷ്ണൻ ഇങ്ങനെ രേഖപ്പെടുത്തുന്നു:

> ''അധിനിവേശം കൈവശപ്പെടുത്തുന്നത് ദേശവാസിയുടെ ഭൂമിയെ യോ ഭാവിയെയോ വർത്തമാനത്തെയോ മാത്രമല്ല. അവന്റെ ഭാവന യെയും ചിന്താശക്തിയെയും വരുതിയിൽ നിർത്താനും അധിനിവേ ശപൂർവചരിത്രത്തെ കാട്ടാളത്തത്തിന്റെയും മൃഗീയതയുടെയും പ്രാകൃതചിത്രങ്ങളാക്കിത്തീർക്കാനും അധിനിവേശം യത്നിക്കുന്നു. യൂറോപ്യൻ മനസ്സ് അംഗോളയെയോ അൾജീരിയയെയോ വേർതിരി ച്ചുകാണുന്നില്ല. ആഫ്രിക്ക എന്ന ഇരുണ്ട വൻകരയെ ആണ് യൂറോ പ്യൻ കാണുന്നത്. മുഴുവൻ വൻകരയെയും അപരിഷ്കൃതത്വ ത്തിന്റെ പര്യായമായിക്കാണുന്ന ഈ ദൃഷ്ടിയാണ് നീഗ്രോത്വത്തെ ഉൽപ്പാദിപ്പിക്കുന്നത്''[3]

വളരെ സങ്കീർണമായ അധിനിവേശപ്രക്രിയയുടെ അടരുകളാണ് ഫാനൻ മുന്നോട്ടുവയ്ക്കുന്നത്. യൂറോപ്പിന്റെ അളവുകോലുകളെ മുൻനിർത്തി ആഫ്രിക്ക യെയും ഇന്ത്യയെയും ശ്രേണീകരിച്ചുകൊണ്ടാണ് പൊറ്റെക്കാട്ട് 'ആഫ്രിക്കയുടെ മണ്ണി'ലേക്ക് കടക്കുന്നത്. മുമ്പ് നാലപ്പാട്ട് നാരായണമേനോന്റേതായി സൂചിപ്പിച്ച 'ഇന്ത്യയും ഈജിപ്തും' എന്ന ലേഖനത്തിലെ വിഷയവിഭാവനത്തോട് വളരെയടു ത്താണ് പൊറ്റെക്കാട്ടും നിൽക്കുന്നത്:

''മനുഷ്യവർഗത്തിന്റെ ഉത്ഭവം - തെക്കുകിഴക്കനേഷ്യയിലെവിടെയോവെച്ച് - മിക്കവാറും ഇന്ത്യയിൽനിന്ന് - ആണെന്നു പല ഗവേഷണങ്ങൾകൊണ്ടു തെളിഞ്ഞു വരുന്നുണ്ട്. 'ആസ്ട്രലോയ്ഡ്' എന്നു വിളിച്ചുവരുന്ന നരവംശത്തിൽ നിന്നും നീഗ്രോ ഉപവർഗ്ഗം ദക്ഷിണേഷ്യയിൽ ഉത്ഭവിച്ചതായും ആ നീഗ്രോ ഉപവർഗം ഇന്ത്യ, മലയാ, ന്യൂഗിനിയ, ശാന്തസമുദ്ര ദ്വീപുകൾ, ആസ്ട്രേലിയ, ന്യൂസിലാന്റ് മുതലായ രാജ്യങ്ങളിലേക്ക് സംക്രമിച്ചതായും പറയപ്പെടുന്നു. ആ നീഗ്രോ ഉപവർഗത്തിൽനിന്നു തന്നെ മറ്റൊരു സംഘം പടിഞ്ഞാട്ട് പേർസ്യ, മെസൊപ്പൊട്ടേമിയ, സിറിയ, അറേബ്യ മുതലായ രാജ്യങ്ങളിലേക്കും പ്രവേശിച്ചു. അറേബ്യയിൽനിന്നും പേർസ്യയിൽനിന്നും അവർ വടക്കേ ആഫ്രിക്കയിലേക്ക് കടന്നു.''[4]

ആഫ്രിക്കയെ ശ്രേണീകരിക്കാനുള്ള കൊളോണിയൽ പദ്ധതിയുടെ വിഷയിയായി പൊറ്റെക്കാട്ട് രൂപാന്തരപ്പെടുന്നതായാണ് കാണാനാവുന്നത്. നാലപ്പാടനും മറ്റും കുറിക്കുന്ന ആഫ്രിക്കൻ ചിത്രത്തിൽനിന്ന് തുടങ്ങുന്നതും പൊറ്റെക്കാട്ട് സ്വാംശീകരിക്കുന്നതും കൊളോണിയൽ ചട്ടക്കൂടിനും മുൻഗണനാ ക്രമത്തിനും വിധേയമായിക്കൊണ്ടാണ്.

ആഖ്യാനത്തിലുടനീളം ഇന്ത്യൻചിത്രങ്ങൾ ആഫ്രിക്കൻ സാംസ്കാരിക ചരിത്രത്തെ തട്ടിച്ചുനോക്കാനുള്ള ഉരകല്ലുകളായിട്ടാണ് കടന്നുവരുന്നത്. ഇന്ത്യൻ വിഷയി എന്ന നിലയിൽ പൊറ്റെക്കാടോ സക്കറിയയോ സ്വാംശീകരിക്കുന്ന അളവുകോലുകൾക്ക് ഇന്ത്യയുടെ സാംസ്കാരികസ്വഭാവം ഉണ്ടാവും. അത് സ്വാഭാവികമാണുതാനും. എന്നാൽ ഒരു സംസ്കാരവും ജനതയും മറ്റൊന്നിന്റെ താഴെയോ മേലെയോ എന്ന് അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള അളവുകോലായി ഇവ്വിധം ഉപയോഗിക്കപ്പെടുന്നതിൽ വലിയ അനീതിയുണ്ട്. അത്തരം അളവുകോലുകളുടെ ഭാരം പൊറ്റെക്കാട്ടിന്റെയും സക്കറിയയുടേയും ആഫ്രിക്കൻചിത്രങ്ങളിൽ

ആവർത്തിച്ചാവർത്തിച്ച് കാണാനാകും. ആഫ്രിക്കയിൽ കുടിയേറിയ ഇന്ത്യ ക്കാരെക്കുറിച്ച് പൊറ്റെക്കാട്ടിന്റെ ആഖ്യാനങ്ങളിലെല്ലാം ആഫ്രിക്കയ്ക്ക് മേലെ യാണ് ഇന്ത്യൻ ജനതയെന്ന അവബോധം പടർന്ന് പന്തലിച്ച് നില്ക്കുന്നുണ്ട്. ഒരു സന്ദർഭം നോക്കുക:

> ''റൊഡേഷ്യയിൽ നാടുകാണാൻ വേണ്ടി മാത്രം വന്നുചേർന്ന ഒരു ദക്ഷിണേന്ത്യക്കാരനെ താൻ ആദ്യമായിട്ടു കാണുകയാണെന്ന് അയാൾ (സൗരാജുലു നായിഡു) എന്നോടു പറഞ്ഞു. അയാളുടെ ആഫ്രിക്കയിലെ കുടുംബകാര്യങ്ങളെക്കുറിച്ചു ഞാൻ അന്വേഷിച്ച പ്പോൾ അതു തുറന്നുപറയാൻ അയാൾ മടിച്ചു. തെക്കേ ആഫ്രിക്ക യിലെ മറ്റു തമിഴരെപ്പോലെ തന്നെ അയാളും ഒരു കാപ്പിരിച്ചിയെയും കെട്ടി, കുറ്റിത്തലമുടിയോടുകൂടിയ കുറേ കുട്ടികളുമായി, ഒരു കുടി ലിൽ താമസിക്കുന്നുണ്ടായിരിക്കുമെന്നു ഞാൻ ഊഹിച്ചു. അവിടെ അങ്ങനെത്തന്നെ പല കുടുംബങ്ങളെയും ഞാൻ കാണുകയുണ്ടാ യി. ബുലമായോവിൽത്തന്നെ റെയിൽവേ ഹോട്ടലിലെ ഹെഡ് 'കുക്കാ'യി ഒരു മിസ്റ്റർ നായരുണ്ട്. 30 കൊല്ലം മുമ്പാണ് അയാൾ ആഫ്രിക്കയിൽ വന്നത്. പിന്നെ നായർ ജനിച്ച നാട് കണ്ടിട്ടില്ല. ബുലവായോവിൽ അയാൾക്ക് നീഗ്രോപെണ്ണും നാലഞ്ചു കുട്ടികളു മുണ്ട്.''[5]

ഇന്ത്യക്കാരായ കുടിയേറ്റക്കാർ ആഫ്രിക്കൻ പങ്കാളികളെ ജീവിതത്തിൽ തിരഞ്ഞെടുക്കുന്നത് അപമാനകരമാണെന്ന ധാരണയുടെ പക്ഷത്തുനിന്നുകൊ ണ്ടാണ് പൊറ്റെക്കാട്ട് ഇങ്ങനെ എഴുതുന്നത്. ഇന്ത്യൻ വംശത്തിന്റെയും സാമൂഹിക പദവിയുടെയും തലത്തിൽ നിന്നുകൊണ്ട് ആഫ്രിക്കൻവംശത്തെ കുടുംബമായി തെരഞ്ഞെടുക്കുന്നത് പദവിയിലെ താഴ്ചയായാണ് അദ്ദേഹം കാണുന്നത്. ഇന്ത്യക്കും ആഫ്രിക്കക്കും ഇടയിൽ പുതിയ മേൽ-കീഴ് ശ്രേണി വിഭാവനം ചെയ്യു

കയാണ് പൊറ്റെക്കാട്ട്. 'അപരിഷ്കൃതനും' മരമണ്ടൂസനുമായ കാപ്പിരിക്ക് മേലെ ഇന്ത്യക്കാരെ പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങൾ പൊറ്റെക്കാട്ട് ആഫ്രിക്കൻ കുറിപ്പിലാകെ തുടർന്നുപോരുന്നുണ്ട്. സംഭവങ്ങളുടെ തിരഞ്ഞെടുപ്പിൽ അദ്ദേഹം സ്വീകരിക്കുന്ന മുൻഗണനാക്രമങ്ങൾ ആഫ്രിക്കയിലെ ജനതയുടെ വാഴ്വിനെയോ അധ്വാനത്തെയോ സാമൂഹികബന്ധങ്ങളുടെ മാനങ്ങളെയോ മാനിച്ചുകൊണ്ടല്ല. മേൽ സൂചിപ്പിച്ച വിധത്തിലുള്ള ശ്രേണീകരണത്തിനുതകുന്ന തരത്തിൽ ആഫ്രിക്കക്കാരെ അപരവൽക്കരിച്ച് മാറ്റിനിർത്താനുതകുന്ന കഥകളുടെ ഏച്ചുകെട്ടലുകൾ പല അധ്യായങ്ങളിലും കാണാം. 'മൊമ്പാസയിലെ ദിവസങ്ങൾ' എന്ന അധ്യായത്തിൽ ആഫ്രിക്കയിലെ ഇന്ത്യക്കാരെക്കുറിച്ച്, പ്രത്യേകിച്ച് മലയാളികളെക്കുറിച്ചാണ് ഊന്നിപ്പറയുന്നത്. ഒരു മലയാളിയായ കുടിയേറ്റക്കാരൻ കണ്ണൂർക്കാരൻ കരുണാകരൻനായർ പറയുന്ന കഥകളിൽ രണ്ടെണ്ണം പൊറ്റെക്കാട്ട് എടുത്തുചേർക്കുന്നുണ്ട്. അതിലൊന്ന് പക്കോമ വർഗക്കാരെ പറ്റിയാണ്.

> ''മനുഷ്യരെ കൊന്ന്, അവരുടെ ലിംഗം അറുത്തെടുത്ത് വലിച്ചു നീട്ടി ഉണക്കി ഇവർ കഴുത്തിൽ കെട്ടിത്തൂക്കി നടക്കും. അധികം ലിംഗങ്ങൾ മാലയായി കെട്ടിനടക്കുന്ന പക്കോമാപ്പുരുഷനേ സമുദായത്തിൽനിന്നു പെണ്ണുകിട്ടുകയുള്ളൂ.''[6]

മറ്റൊന്ന് ഇങ്ങനെയാണ് :

> ''റബ്ബോനിയിൽ ഒരു കിഴവൻ കാപ്പിരിയുടെ കൈയിൽ ഒരു വാക്കിങ്സ്റ്റിക്ക് കണ്ടു. കരുണാകരൻനായർ ആ വടി വാങ്ങിനോക്കി. ഒരു സാധാരണ ചൂരൽവടിയാണെന്നേ തോന്നൂ. അതു കാളയുടെ ലിംഗം വലിച്ചുനീട്ടി, ചില മരുന്നുകൾ പുരട്ടി ഉണക്കിയെടുത്തതാണത്രേ. അതു കൂടെ കൊണ്ടുനടക്കുന്ന കിഴവന്മാർക്കു കാളയുടെ ബലം കിട്ടുമെന്നാണ് വിശ്വസം.''[7]

ഇവിടെ ഈ രണ്ടു ചിത്രങ്ങൾ ഉദ്ധരിച്ചത് പൊറ്റെക്കാട്ടിന്റെ വിവരണത്തിന്റെ വസ്തുത പരിശോധിക്കാനല്ല. മറിച്ച് ആഫ്രിക്കൻ കുറിപ്പിൽ അദ്ദേഹം നൽകുന്ന ചിത്രങ്ങൾ പലപ്പോഴും യൂറോപ്യൻ അളവുകോലുകൾ വച്ചുനോക്കുമ്പോൾ കൗതുകമുണർത്തുന്നവയാണെന്നും ആഖ്യാനത്തിലേക്ക് അവ സ്വീകരിക്കപ്പെടുന്നതിന്റെ മുൻഗണനക്രമത്തിൽ ആ കൗതുകത്തിന് പങ്കുണ്ടെന്നും സൂചിപ്പിക്കാനാണ്.

ആഖ്യാനത്തിൽ ഇത്തരം സംഭവങ്ങൾക്കു കൊടുക്കുന്ന പരിഗണന, ആഫ്രിക്കൻജീവിതത്തിന്റെ ഏതു തരത്തിലുള്ള പ്രതിനിധാനങ്ങളെയാണ് പൊറ്റെക്കാട്ട് അണിനിരത്തുന്നത് എന്നതിന്റെ ദൃഷ്ടാന്തങ്ങളായാണ്. പൊറ്റെക്കാട്ടിന്റേതു മാത്രമല്ല, സക്കറിയയുടെ താരതമ്യങ്ങളും വിവരണത്തിലെ ഊന്നലുകളും സഞ്ചാരസാഹിത്യകൃതിയെക്കുറിച്ചുള്ള സമ്പ്രദായികധാരണകളോടൊത്തുപോകുന്നവയാണ്. അതായത് സാമ്പ്രദായിക സഞ്ചാരസാഹിത്യകൃതികളിലെ രസംപിടിപ്പിക്കുന്ന വർണ്ണനകളും ഉദ്വേഗഭരിതമായ അവതരണരീതികളും ആഫ്രിക്കൻസഞ്ചാരങ്ങളുടെ അരനൂറ്റാണ്ടിന്റെ അകലത്തിലും അത്രയധികം ദൂരെയല്ലാതെ കിടക്കുന്നത് കാണാനാകും. നിഷ്പക്ഷമെന്നു തോന്നിയേക്കാമെങ്കിലും വളരെ കൃത്യമായി കേരളീയ സാമൂഹിക സദാചാരതത്ത്വങ്ങളെ മുൻനിർത്തി ആഫ്രിക്കക്കാരെ അളക്കാൻ ഇറങ്ങിപ്പുറപ്പെടുന്ന ഒരു മധ്യവർഗ മലയാളിയുടെ ശബ്ദം ഉയർന്നുവരുന്നത് ശ്രദ്ധിക്കേണ്ടുന്ന ഒരു സന്ദർഭം നോക്കുക:

> ''ധനം സമ്പാദിച്ചുവെക്കുക ആഫ്രിക്കക്കാരന്റെ സ്വഭാവമല്ല. കറുത്തവരുടെ മധ്യവർഗങ്ങൾ അധ്യാപകരും ബാങ്കുദ്യോഗസ്ഥരുമൊക്കെയാണ്. പക്ഷേ പണം സൂക്ഷിപ്പില്ല. നാളെയെപ്പറ്റി ചിന്തയില്ല. ബാങ്കുകളിൽനിന്ന് കിട്ടാവുന്ന എല്ലാ ലോണും എടുത്ത് സുഖമായി ജീവിക്കും.''[8]

സാമ്പത്തിക ക്രയവിക്രയങ്ങളെ സംബന്ധിച്ചും സാമൂഹികജീവിതത്തെ സംബന്ധിച്ചും ജീവിതത്തിൽ വിവിധ ഘടകങ്ങൾക്ക് നൽകുന്ന ഊന്നലുകൾ സംബ

ഡിച്ചും കേരളീയരുടെ സാമ്പത്തികമുൻഗണനകളെ മുൻനിർത്തി വിചാരണ ചെയ്യുന്നതിന്റെ അർഥം സാമൂഹികപദവിയിൽ ആഫ്രിക്കക്കാരേക്കാൾ മുന്തിയവരുടെ വീഷയീപക്ഷത്താണ് സക്കറിയയുടെയും നിൽപ്പ് എന്നല്ലാതെ മറ്റൊന്നുമല്ല. കണ്ടെഴുത്തിന്റെ പക്ഷം സഞ്ചാരസാഹിത്യം എന്ന ആഖ്യാനത്തിന്റെ അനുശീലനപരമായ മുൻഗണനക്രമങ്ങളുടെ ചട്ടക്കൂടിലാണ് വാർന്നുവീഴുന്നത്.

കോളണീകരണത്തിന്റെ വിഷയവിഭാവനങ്ങൾക്കുള്ളിൽ വർണം, ഭാഷ, ദേശം, സാമ്പത്തികം, സാംസ്കാരികം എന്നീ മണ്ഡലങ്ങളിലാകെ വ്യാപകമായ ശ്രേണീകരണങ്ങൾക്ക് വിധേയമായ ജനത കൂടിയാണ് ആഫ്രിക്കക്കാർ എന്ന കാര്യം ഏറെ പ്രധാനപ്പെട്ടതാണ്. യൂറോപ്പിന്റെ ഈ കോളണീകരണത്തിന്റെ അളവുകോലുകൾക്കുള്ളിൽ കയറിയിറങ്ങിയ ആഫ്രിക്കൻവിഷയമാണ് അതിനുമേലെ ഇന്ത്യൻ ശ്രേണീകരണങ്ങൾക്കുകൂടി വിധേയമാവുന്നത്. നോട്ടത്തിന് വിധേയമാവുക എന്നാൽ പുതിയൊരു ശ്രേണികൂടി അവിടെ സൃഷ്ടിക്കപ്പെടുന്നു എന്നാണർഥം. ഏതുവിധത്തിലുള്ള അപരത്തെയാണ് സഞ്ചാരക്കുറിപ്പുകളിലെ ചിത്രങ്ങളിലൂടെ കണ്ടെടുക്കുന്നത് എന്നത് സൂക്ഷ്മമായി അപഗ്രഥിക്കപ്പെടേണ്ടതുണ്ട്. തങ്ങളിൽനിന്ന് അപരരിലേക്കുള്ള ദൂരമാണ് സഞ്ചാരക്കുറിപ്പുകളിൽ പ്രധാനമായി രേഖപ്പെടുത്തപ്പെടുന്നതെന്ന് കേസി ബ്ലാന്റൻ സഞ്ചാരസാഹിത്യത്തിലെ വിഷയിയെയും വിഷയത്തെയും മുൻനിർത്തി ചൂണ്ടിക്കാണിക്കുന്നുണ്ട്.[9] അതായത് ഇന്ത്യൻ സാമൂഹികശ്രേണീകരണത്തിന്റെ ഘടനയും സ്വഭാവവും അതിന്റെ മുൻഗണനക്രമങ്ങളും അപരവൽക്കരണത്തിൽ വലിയ പങ്കു വഹിക്കുന്നുവെന്ന് താൽപ്പര്യം.

**ആൺനോട്ടത്തിന്റെ വിദൂരതകൾ**

പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും നോട്ടത്തിനുപിന്നിലെ ചരിത്രപരവും ഭാഷാപരവും സാംസ്കാരികവുമായ സവിശേഷതകളെക്കുറിച്ച് വിശദീകരിക്കുമ്പോൾ ഏറെ പ്രാധാന്യത്തോടെ കാണേണ്ട ഒരു വസ്തുത അത് ആൺകാ

ഴ്ചയുടെ ഭാഗികലോകം കൂടിയാണെന്നതാണ്. ആൺകാഴ്ചകൾക്ക് തിരഞ്ഞെടുക്കുന്ന വഴികളും വസ്തുതകളും മാനദണ്ഡങ്ങളും സങ്കൽപ്പങ്ങളുമല്ല പെൺകാഴ്ചയുടെ അഭിരുചിലോകത്ത് നിലനിൽക്കുന്നത്. ലിംഗപദവി ഏത് ലോകത്തെ എങ്ങനെയാണ് പ്രതിഫലിപ്പിക്കുന്നത് എന്ന കാര്യം മനസ്സിലാക്കണമെങ്കിൽ പെൺസഞ്ചാരക്കുറിപ്പുകൾ വിശകലനത്തിനെടുക്കേണ്ടിവരും. എന്തായാലും പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻ സഞ്ചാരക്കുറിപ്പുകൾ കേരളത്തിലെ ആണിന്റെ ആഫ്രിക്കയായിത്തന്നെ കണക്കാക്കേണ്ടതുണ്ട്.

കോളണീകരണത്തിന്റെ ചരിത്രഘട്ടത്തിൽ യൂറോപ്യൻ സ്ത്രീസഞ്ചാരികൾ നടത്തിയ നോട്ടത്തിന്റെ സ്വഭാവത്തെക്കുറിച്ച് കാൾ തോംസൺ വിലയിരുത്തുന്നത് ശ്രദ്ധേയമാണ്. കാൾ തോംസൺ പറയുന്നത്, യൂറോപ്പിലെ സ്ത്രീസഞ്ചാരികൾ വീടിനെയും അതിന്റെ പശ്ചാത്തലത്തെയും ദൈനംദിന ജീവിതാനുഭവങ്ങളുടെ വിശദാംശങ്ങളെയും തീരെ ചെറിയ കാര്യങ്ങളെപ്പോലും പ്രത്യേകിച്ച് സ്ത്രീകളുമായി ബന്ധപ്പെട്ടവ കണ്ടെടുക്കാനും വിവരിക്കാനും നടത്തുന്ന ശ്രമങ്ങൾ ആ സഞ്ചാരികളായ സ്ത്രീകളുടെ നീതിബോധത്തെയും രാഷ്ട്രീയപദവിയെയും പ്രതിഫലിപ്പിക്കുന്നുവെന്നാണ്. മാത്രവുമല്ല, സാമ്രാജ്യത്വ അധിനിവേശ ഘട്ടത്തിൽ സ്ത്രീകൾ അവരുടെ പുരുഷന്മാരേക്കാൾ തദ്ദേശീയരായ ജനതയോട് മാനസിക പരിഗണന പ്രകടിപ്പിച്ചിട്ടുള്ളവരായിരുന്നു എന്നുകൂടി കാൾ തോംസൺ ചൂണ്ടിക്കാണിക്കുന്നുണ്ട്.[10] ഇത് വിഷയി നിർമ്മിച്ചെടുക്കുന്ന സവിശേഷ വിഷയത്തിന്റെ സ്വഭാവത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

ആഫ്രിക്കയെപ്പോലുള്ള സാംസ്കാരികഭൂമിക കോളണീകരണങ്ങളുടെ ചരിത്രഘട്ടങ്ങളോടെ ഒട്ടേറെ സമ്മർദ്ദങ്ങൾക്കും ശ്രേണീകരണങ്ങൾക്കും ഇടയാകുന്നുണ്ട്. യൂറോപ്യൻ സഞ്ചാരിയിൽനിന്ന് വ്യത്യസ്തമായി ഇന്ത്യൻ വിഷയി എന്ന നിലയിൽ സമാനാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ത്യയെയും സവിശേഷഗണത്തിൽ പെടുത്താവുന്നതാണ്. ആഫ്രിക്കൻ ഭൂഖണ്ഡവും ഇന്ത്യൻ ദേശരാഷ്ട്രവും

തമ്മിൽ സാമൂഹിക ഉള്ളടക്കത്തിൽ, പ്രത്യേകിച്ച് വംശീയവിവേചനങ്ങൾക്കെതിരെ യുള്ള സമരങ്ങളിലും യൂറോപ്പിനെതിരെ നടത്തിയ ചെറുത്തുനിൽപുകളുടെ ആശ യമണ്ഡലങ്ങളിലും അനുഭവപരിസരങ്ങളിലും വലിയ ചില സാദൃശ്യങ്ങളുണ്ടെന്ന് അന്റോനിറ്റി ബർട്ടനെപ്പോലുള്ളവർ ചൂണ്ടിക്കാണിക്കുന്നുണ്ട്.[11] എന്നാൽ കോളണീ കരണാനന്തരം ഇത്തരം സാദൃശ്യങ്ങൾ വിസ്മൃതിയിലാണ്ടുപോയതായും 'തവിട്ട്' നിറം കറുപ്പിന്റെ മേലെ ആധിപത്യം സ്ഥാപിക്കുന്ന പദ്ധതികൾ വിഭാവനം ചെയ്യാൻ തുടങ്ങിയതായും ബർട്ടൺ നിരീക്ഷിക്കുന്നു.[12]

പലവിധത്തിലുള്ള അധിനിവേശങ്ങളുടെ തലങ്ങളെ സഞ്ചാരക്കുറിപ്പുകൾ പ്രതിഫലിപ്പിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്ന് പുരുഷത്വത്തിന്റെ കടന്നുകയറ്റ മായി സഞ്ചാരക്കുറിപ്പുകളെ പരിഗണിക്കുന്നുവെന്നതാണ്. ഭാഷ, ചലനം എന്നിവ യൊക്കെ പൗരുഷത്തിന്റെ ഭാഗമായിട്ടാണ് സാമ്പ്രദായിക 'ആണത്ത'വിചാരങ്ങ ളിൽ സ്വാംശീകരിക്കപ്പെട്ടിട്ടുള്ളതെന്ന് ഡുൻലെയ്ത് ബേഡ് നിരീക്ഷിക്കുന്നുണ്ട്.[13] മാത്രമല്ല, ചലിക്കുന്ന അഥവാ യാത്രചെയ്യുന്ന സ്ത്രീ അസ്വാഭാവികതയുള്ള, പ്രകൃ തിവിരുദ്ധയായ സ്ത്രീയാണെന്ന പൊതുബോധം നിലനിന്നിരുന്ന കാര്യംകൂടി ഡുൻലെയ്ത് ചൂണ്ടിക്കാട്ടുന്നു. ആഫ്രിക്കൻകാഴ്ചയുടെ പുരുഷഭാഷ്യത്തിൽ വര ച്ചിടുന്ന ആഫ്രിക്കൻസ്ത്രീ സവിശേഷവിഷയമാവുന്നത് ഏതേത് മാനങ്ങളിലാണെ ന്നത് ശ്രദ്ധേയമാണ്. സക്കറിയ നൽകുന്ന ഒരു ചിത്രം നോക്കുക:

> ''കുട്ടിയുമായി മാമോദീസയ്ക്കു വരുമ്പോഴാണ് പലപ്പോഴും കല്യാണം നടത്തുക. പെണ്ണ് ഋതുമതിയായാൽ ഉടൻ ഗർഭധാരണം തീർച്ചയാണ്. ഗർഭമലസിക്കൽ തീരെ കുറവാണ്. പിന്നീട് ഞാൻ മറ്റ് ആഫ്രിക്കൻരാജ്യങ്ങളിൽ നിരീക്ഷിച്ചതുപോലെ പ്രസവിച്ച യുവതി കൾക്കാണ് വിവാഹമാർക്കറ്റിൽ കൂടുതൽ ആകർഷണീയത. കേരള ത്തിലെ സദാചാരവുംകൊണ്ട് ഇവിടെ പള്ളി നടത്താൻ ശ്രമിച്ചാൽ

ഒന്നുകിൽ വെടിയുണ്ട, അല്ലെങ്കിൽ ആളൊഴിഞ്ഞ പള്ളി ആയി രിക്കും ഫലം.''[14]

എന്തുകൊണ്ടായിരിക്കാം സക്കറിയ പെൺകുട്ടികളെക്കുറിച്ച് മാത്രം പറയുന്നത് എന്ന ചോദ്യം ഏറെ പ്രസക്തമാണ്. ഒരു പുരുഷന്റെ കാഴ്ചകളെ ആകർഷിക്കുന്ന ഘടകങ്ങളെല്ലാം മേൽ പ്രസ്താവിച്ച വിവരണങ്ങളിൽ നോട്ടമെത്താൻ കാരണ മായി എന്നതാണ് ഈ പ്രകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യം. മാത്രവുമല്ല, കൊളോണിയൽ കേരളം സ്വാംശീകരിച്ച വിക്ടോറിയൻ സദാചാരത്തിനുള്ളിലേക്ക് ആഫ്രിക്കൻ സ്ത്രീ-പുരുഷബന്ധങ്ങളെ ചുരുക്കിക്കൊണ്ടുവരുകയും കേരളീയ സ ദാചാര മൂല്യങ്ങൾ ഉരകല്ലായെടുത്തുകൊണ്ട് ആഫ്രിക്കൻ ലൈംഗികതയെയും സ്ത്രീപുരുഷബന്ധങ്ങളെയും താരതമ്യപ്പെടുത്തുകയുമാണ് അടിത്തട്ടിൽ സക്ക റിയ ചെയ്യുന്നത്. ഇതിനെ സക്കറിയയുടെ മാത്രം നോട്ടപ്പാടായല്ല, കോളണീകരണ ത്തോടെ ലോകത്തെയാകെ യൂറോപ്പിലേക്ക് വെട്ടിച്ചുരുക്കിക്കൊണ്ട് അളന്നെടു ക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി സ്വരൂപിക്കപ്പെട്ട സമീപനങ്ങളുടെ കടന്നുകയറ്റ മായാണ് കാണേണ്ടത്. ഇഫി അമാദിയുമെ (Ifi Amadiume) എന്ന ഗവേഷക യുടെ കണ്ടെത്തലുകളെ മുൻനിർത്തി ആഫ്രിക്കൻ ജനതയ്ക്ക് മേൽ രീതിശാസ്ത്ര പരമായി നടത്തിയ കടന്നുകയറ്റങ്ങളെക്കുറിച്ച് നിവേദിത മേനോൻ പറയുന്നത് ശ്രദ്ധിക്കുക:

''ആഫ്രിക്കയിലെ ജനങ്ങൾ ലോകത്തെ മനസ്സിലാക്കുന്ന രീതികൾ യൂറോപ്യൻ രീതികളിൽനിന്ന് അടിസ്ഥാനപരമായിത്തന്നെ വ്യത്യ സ്തമായിരുന്നു. എന്നാൽ അധിനിവേശത്തിനുശേഷം അവ പിതൃ മേധാവിത്വപരമായ മുൻധാരണകൾ നിറഞ്ഞ പാശ്ചാത്യസംവർഗ്ഗങ്ങ ളിലേക്കും സങ്കൽപ്പങ്ങളിലേക്കും ഭാഷയിലേക്കും നിരന്തര പരിഭാ ഷയിലൂടെ ചുരുക്കപ്പെട്ടു. ഇതിന് വളംവച്ചു കൊടുത്തവരിൽ ആഫ്രിക്കൻ പണ്ഡിതരുമുണ്ടായിരുന്നു. അപ്പോൾ ആഫ്രിക്കയിൽ

ആൺ-പെൺഭേദത്തിന്റെ കണ്ടുപിടിത്തം ആ നാടിനെയും ജനങ്ങ ളെയും യൂറോപ്പിന് വായിച്ചെടുക്കാനെളുപ്പമായ രീതിയിൽ, യൂറോ പ്യൻ സങ്കൽപ്പങ്ങൾക്കും സംവർഗങ്ങൾക്കും അനുസൃതമായ രീതി യിൽ മാറ്റിത്തീർത്ത അധിനിവേശ പ്രക്രിയകളിലൂടെയായിരുന്നെന്ന് പറഞ്ഞുകൂടേ?''[15]

കേരളീയപുരുഷന്റെ സദാചാരത്തിലേക്ക് ആഫ്രിക്കൻസ്ത്രീകളെ വെട്ടി യൊതുക്കാനുള്ള ശ്രമം കൊളോണിയൽ യൂറോപ്യൻ മൂല്യബോധത്തിന്റെ അടി ത്തറയിൽനിന്നാണ് രൂപംകൊള്ളുന്നത്. ഇന്ത്യക്കും ആഫ്രിക്കയ്ക്കും പൊതുവായി ബാധകമായ അധിനിവേശപശ്ചാത്തലം പ്രകടമായി ഉയർന്നുനിൽക്കുമ്പോഴും അധിനിവേശകർ നൽകിയ സദാചാരമൂല്യങ്ങൾ വച്ച് ആഫ്രിക്കയെ അളക്കാൻ ഇറ ങ്ങിപ്പുറപ്പെടുകയാണ് പൊറ്റെക്കാട്ടും സക്കറിയയും ചെയ്യുന്നത്. ചില തലങ്ങളിൽ ഏറ്റക്കുറച്ചിലുകളുണ്ടെന്നു മാത്രം. ആഫ്രിക്കയെപ്പോലുള്ള ശക്തമായ ജ്ഞാനാനു ഭവങ്ങളുടെ ചരിത്രമുള്ള ജനതയെ കോളണിയാനന്തരഘട്ടത്തിലെ പൊറ്റെക്കാട്ടും സക്കറിയയുമൊന്നും തിരിച്ചറിയുന്നില്ലെന്നു സാരം. മാത്രവുമല്ല, പൊറ്റെക്കാട്ടി ന്റെയും സക്കറിയയുടെയും കുറിപ്പുകളുടെ ആകത്തുക, പുരുഷലോകത്തിൽ തിരഞ്ഞെടുപ്പുകളുടെ ഘടനയും സ്വഭാവവും സ്ത്രീക്കുമേൽ വിവേചനത്തിന്റെ അതിരുകൾ കെട്ടിയുയർത്തുന്നതിന്റെകൂടി ദൃഷ്ടാന്തങ്ങളാണ്. ഇക്കാരണങ്ങളാൽ തന്നെ ഈ രണ്ടു സഞ്ചാരക്കുറിപ്പുകളുടെയും കാഴ്ചയുടെ രാഷ്ട്രീയഭാരം ഏറെ വലുതാണ്. തങ്ങളിൽനിന്നു ഭിന്നമായി അപരരെ വാർപ്പുമാതൃകകളായി വിഭാവനം ചെയ്യുന്ന ആഖ്യാനപരിസരമാണ് 18-ാം നൂറ്റാണ്ടു മുതൽ യൂറോകേന്ദ്രിതമായി ഉൽപ്പാദിപ്പിക്കപ്പെട്ട സഞ്ചാരസാഹിത്യകൃതികളുടെ ചട്ടക്കൂടെന്ന് എലിസബത് സോൾഡ് സ്ത്രീകളുടെ സഞ്ചാരക്കുറിപ്പുകളുടെ പഠനത്തെ മുൻനിർത്തി അഭിപ്രായപ്പെടുന്നുണ്ട്.[16]

സഞ്ചാരസാഹിത്യം നൈസർഗികമായിത്തന്നെ പുരുഷനുമാത്രം വഴങ്ങുന്ന ഒരു അനുശീലനമായാണ് പതിനെട്ടു മുതൽ 19-ാം നൂറ്റാണ്ടുവരെ കണ്ടത് എന്ന് പാം പെർക്കിൻസ് എടുത്തുപറയുന്നുണ്ട്.[17] കാരണം സാർവലൗകികജ്ഞാനം ആർജിക്കാനുള്ള ശേഷി സ്ത്രീകൾക്കില്ലെന്ന പുരുഷാധീശത്വബോധമാണ് സഞ്ചാരസാഹിത്യത്തിൽ നിന്ന് മറ്റ് പലതിനെയുമെന്നതുപോലെ സ്ത്രീകളെ മാറ്റി നിർത്തിയിരുന്നതിന്റെ അടിസ്ഥാനമെന്നു പാംപെർക്കിൻസ് സൂചിപ്പിക്കുന്നു. ലിംഗ പദവി, വർണം, പ്രായം, വർഗം, സാമ്പത്തികസ്ഥിതി, വിദ്യാഭ്യാസം, രാഷ്ട്രീയാശയാവലികൾ, ചരിത്രസന്ദർഭം മുതലായവയൊക്കെ യാത്രകളുടെ അനുഭവങ്ങളിൽനിന്നും ആവിഷ്കാരങ്ങളിൽനിന്നും സ്ത്രീകളെയും പാർശ്വവൽകൃതരെയും ഒഴിച്ചുനിർത്തിയിട്ടുണ്ടെന്ന് പാം പെർക്കിൻസ് ഈ ലേഖനത്തിൽ വാദിക്കുന്നുണ്ട്. മാത്രമല്ല, സ്ത്രീകളുടെ സഞ്ചാരസാഹിത്യക്കുറിപ്പുകളുടെ കർതൃത്വനില ആത്മകഥാപരമാണെന്ന വിമർശനവും ഉയർന്നുവന്നിട്ടുണ്ടെന്നും പാം പെർക്കിൻസ് വിശദീകരിക്കുന്നുണ്ട്.[18] സക്കറിയയുടെയും പൊറ്റെക്കാട്ടിന്റെയും സഞ്ചാരസാഹിത്യക്കുറിപ്പുകളിൽനിന്ന് വേറിട്ടൊന്നാകുമായിരുന്നു ഏതെങ്കിലും സ്ത്രീ ആഫ്രിക്കൻ യാത്രയെക്കുറിച്ച് എഴുതിയിരുന്നെങ്കിൽ എന്ന് വിചാരിക്കാവുന്നതാണ്. പുരുഷകാഴ്ചയുടെ രാഷ്ട്രീയഭാരം സ്വാംശീകരിക്കപ്പെടുന്ന കുറിപ്പുകളാണ് പൊറ്റെക്കാട്ടിന്റേതും സക്കറിയയുടേതും എന്നുസാരം.

വിവരണത്തിനു തിരഞ്ഞെടുക്കുന്ന ഇടങ്ങളുടെയും സന്ദർഭങ്ങളുടെയും സവിശേഷഗുണങ്ങളുടെയും നിർണയത്തിന് ഏത് മാനദണ്ഡമാണ് സഞ്ചാരസാഹിത്യകർത്താക്കൾ സ്വീകരിക്കുന്നത് എന്നത് പ്രധാനപ്പെട്ട കാര്യമാണ്. മാറിമാറി വരുന്ന വിവിധ ആഫ്രിക്കൻ ഭരണകർത്താക്കളുടെ നയങ്ങളും പദ്ധതികളും അവയുടെ അനന്തരഫലങ്ങളുമൊക്കെ സവിശേഷ ഊന്നലുകളോടെ പിന്തുടരാൻ *ഒരു ആഫ്രിക്കൻയാത്ര*യിൽ സക്കറിയ ശ്രമിക്കുന്നുണ്ട്. പലതും അതിശയോക്തികൾ മാത്രമല്ല, സാമാന്യവൽക്കരണത്തിന്റെ തലത്തിലേക്കു കടന്ന് യൂറോപ്യൻ നോട്ടപ്പാടിൽ ക്രമീകരിക്കപ്പെട്ടവകൂടിയാണ്. 'മനുഷ്യമാംസക്കൊതിയും പോലീസ്നായ

പരിശീലനവും' എന്ന തലക്കെട്ടിലെ ചില വിവരണങ്ങളുടെ തിരഞ്ഞെടുപ്പുകളും അവയെ സാമാന്യവൽക്കരിക്കാനുള്ള ശ്രമവും നോക്കുക:

> ''ആഫ്രിക്കൻ സ്വേച്ഛാധിപതികൾക്ക് എല്ലാം തികഞ്ഞു എന്ന സംതൃപ്തി തോന്നണമെങ്കിൽ അൽപ്പം മനുഷ്യമാംസരുചി കൂടി ആവണമത്രേ.''[19]

സഞ്ചാരസാഹിത്യത്തിന് സവിശേഷമായ മാനദണ്ഡങ്ങളോ ഉള്ളടക്കമോ ഏതു കാലഘട്ടത്തിലാണ് രൂപപ്പെട്ടത് എന്നതു പരിശോധിക്കേണ്ടതുണ്ട്. പാറേമാക്കൽ തോമാകത്തനാരുടെ *വർത്തമാനപ്പുസ്തകം* പ്രധാനമായും മതാധികാരമെന്ന വിഷയത്തിനാണ് ഊന്നൽ കാടുക്കുന്നത്.[20] മലയാളത്തിലെ ആദ്യകാല നോവലുകൾക്കും അതിനുമുമ്പുള്ള സന്ദേശകാവ്യങ്ങൾക്കും യാത്രാവിവരണങ്ങളുടെ വിഷയവിഭാവനയുമായുള്ള ബന്ധം കൂട്ടിവായിക്കാവുന്നതാണിവിടെ. *ഇന്ദുലേഖ*യും *ശാരദ*യുമടക്കമുള്ള ആദ്യകാല നോവലുകളിലെ അധ്യായങ്ങൾ തന്നെ യാത്രാവിവരണസ്വഭാവത്തിലാവുന്നത് ആഖ്യാനത്തിന്റെ തലത്തിലുള്ള സാദൃശ്യങ്ങൾ കൊണ്ടുതന്നെയാണ്. *ഇന്ദുലേഖ*യിലെ 16-ാം അധ്യായമായ മാധവന്റെ രാജ്യസഞ്ചാരം മുതൽ 19-ാം അധ്യായംവരെ സഞ്ചാരക്കുറിപ്പുകളുടെ ഉള്ളടക്കമാണ്. നോവലിലെ ആദ്യഭാഗങ്ങളിൽ മദിരാശിയാത്രകളുടെ ചിത്രങ്ങൾ ഏറെയാണ്.

> ''യൂറോപ്പിലേക്കു തത്ക്കാലം പോവേണ്ട എന്നുള്ള സായ്‌വിന്റെ ഉപദേശവും കൈയിൽ ധാരാളം പണമില്ലായ്കയും നിമിത്തം മാധവൻ അരയാൽച്ചുവട്ടിൽ വെച്ചു സഞ്ചരിപ്പാൻ നിശ്ചയിച്ചിരുന്ന സ്ഥലങ്ങളെ എല്ലാം മനസ്സുകൊണ്ടു വിട്ട്, വടക്കെ ഇന്ത്യയിലും ബർമ്മയിലും സഞ്ചരിക്കാമെന്നുറച്ചു''[21]

ഈ നോവൽ ഭാഗം യാത്രാവിവരണത്തിൽ ഉൾപ്പെടുത്തുന്നതിനെ പ്രതിരോധിക്കുന്ന ഘടകങ്ങളൊന്നും 'യാത്രാവിവരണം' എന്ന സാഹിത്യരൂപത്തെക്കുറിച്ചുള്ള സങ്കൽപ്പത്തിലില്ല. പലയർഥങ്ങളിലും യാത്രാവിവരണമെന്ന ആഖ്യാനരൂപത്തിന്റെ

ചലനാത്മകതയെക്കൂടി ഇത് സൂചിപ്പിക്കുന്നുണ്ട്. വിഷയ, വിഷയി യഥാർത്ഥ്യങ്ങ ളെയും കെട്ടുകഥകളെയും രൂപീകരിക്കുന്ന സങ്കീർണബാന്ധവങ്ങളുടെ വൈരു ദ്ധ്യാത്മക അനുശീലനമാണ് സഞ്ചാരസാഹിത്യമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.[22]

സഞ്ചാരസാഹിത്യത്തിന്റെ ഈ സങ്കീർണതയും പാഠാന്തരബന്ധങ്ങളുമാണ് വ്യത്യസ്ത അനുശീലനങ്ങളിലേക്ക് കയറിക്കൂടാൻ അവയെ പ്രാപ്തമാക്കുന്നത്. പൊറ്റെക്കാട്ടിനു മുമ്പിലെ ആഫ്രിക്കയെന്ന സാംസ്കാരിക ഇടം ഏറിയഭാഗവും യൂറോപ്പിന്റെയും ഇന്ത്യയുടെയും അപരമായിട്ടാണ് ചിത്രീകരിക്കപ്പെടുന്നത്. അന്യ വൽക്കരിക്കപ്പെട്ട ജനതയും ആചാരങ്ങളും വിശ്വാസങ്ങളും സാംസ്കാരിക വിനി മയരൂപങ്ങളും ചേർത്തുവച്ച് കൗതുകമുണർത്താനുള്ള ശ്രമങ്ങളും പൊറ്റെക്കാട്ട് തന്റെ ആഫ്രിക്കൻ സഞ്ചാരക്കുറിപ്പിലൂടെ ശ്രമിക്കുന്നുണ്ട്. ഇത് ബോധപൂർവമെന്ന തിനേക്കാൾ അനുശീലനപരമായി പരിഗണിക്കാവുന്നതാണ്. ആവർത്തിച്ചു വരുന്ന അപരവൽക്കരണത്തിന്റെ നീണ്ട ചിത്രങ്ങൾകൊണ്ട് തുന്നിയെടുത്ത ഭാവനാചിത്ര ങ്ങൾ പൊടിപ്പും തൊങ്ങലുംവച്ച് പൊറ്റെക്കാട്ട് തന്റെ കുറിപ്പുകളിലുടനീളം കോറി യിടുന്നുണ്ട്. 'അങ്കൂരു' എന്ന ഗോത്രവിഭാഗത്തിലെ ചില നരഭോജികളെക്കുറിച്ച് ഏതോ ഇംഗ്ലീഷ്പത്രത്തിൽ വന്നുവെന്ന് പറഞ്ഞുകൊണ്ട് ഒരു കഥ പൊറ്റെക്കാട്ട് പറയുന്നുണ്ട്:

> ''ഒരു അങ്കൂരുക്കാരിയുടെ ഭർത്താവ് മരിച്ചപ്പോൾ അവളുടെ സ്നേഹിതയായ മറ്റൊരു അങ്കൂരുക്കാരി മരിച്ചയാളുടെ ഒരു കൈ മുറിച്ചുകൊടുക്കുവാൻ ആ വിധവയോടപേക്ഷിച്ചു. എന്നാൽ ഞാൻ ആവശ്യപ്പെടുമ്പോൾ മറ്റൊരു മനുഷ്യക്കൈ എനിക്കു പകരം തന്നു കൊള്ളുകയും വേണം എന്നൊരു കരാറിന്മേൽ അവൾ ഭർത്താ വിന്റെ ശവത്തിൽനിന്ന് ഒരു കൈ അറുത്തെടുത്തു സ്നേഹിതയ്ക്കു കൊടുത്തു. ഒന്നുരണ്ടു കൊല്ലം കഴിഞ്ഞു. ഒരു ദിവസം ആ വിധ വയ്ക്കും മനുഷ്യമാംസത്തിന്റെ രുചിയറിയാൻ ഒരു കൊതി കയറി.

ഉടനെ അവൾക്കു പണ്ടു സ്നേഹിതയ്ക്കു കടംകൊടുത്ത കൈയിന്റെ കാര്യം ഓർമ്മവന്നു. തന്റെ മുതൽ മടക്കിക്കൊടുക്കാൻ അവൾ സ്നേഹിതയെ നിർബന്ധിച്ചുതുടങ്ങി. മറ്റേവൾ എവിടന്നു കൊടുക്കാനാണ്? വെള്ളക്കാരൻ നാട്ടിൽ വന്നിറങ്ങിയതോടുകൂടി ആളിറച്ചി കിട്ടാൻ വഴിയില്ലാതായില്ലേ? അതൊന്നും കടക്കാരി കേട്ടില്ല. അവൾ നിർബന്ധം തുടർന്നുകൊണ്ടേയിരുന്നു. ഒടുവിൽ പൊറുതിമുട്ടിയപ്പോൾ ആ സ്നേഹിത ഒരു പണി ചെയ്തു. തന്റെ പതിനഞ്ചുവയസ്സു പ്രായം ചെന്ന മകളെ കാട്ടിലേക്കു കൂട്ടിക്കൊണ്ടു പോയി കഴുത്തറുത്തുകൊന്ന് ഒരു കൈ അരിഞ്ഞെടുത്തു സ്നേഹി തയുടെ കടംവീട്ടി. മകളുടെ ശേഷിച്ച അവയവങ്ങൾ അവൾ പൂച്ച യെപ്പോലെ തൃപ്തിയോടെ തിന്നുതീർക്കുകയും ചെയ്തു. കൊല്ല പ്പെട്ട പെൺകിടാവിന് ഒരു കാമുകനുണ്ടായിരുന്നു. തന്റെ പ്രേമഭാജ നത്തെ കാണാതായപ്പോൾ അവൻ അന്വേഷിച്ചുതുടങ്ങി. നടന്ന സംഭവങ്ങളെല്ലാം ഒടുവിൽ അവന് മനസ്സിലായി. ഉടനെ അവൻ തന്റെ പ്രിയതമയെ കൊന്നവളോടുള്ള പകകൊണ്ടോ, അല്ല അതിൽ ഓരോഹരി തനിക്ക് കിട്ടാഞ്ഞതിലുള്ള നിരാശകൊണ്ടോ എന്തോ നേരെ പോലീസിൽ പോയി വിവരം കൊടുത്തു.''[23]

ഇത്തരം വിവരണങ്ങൾ കൊണ്ട് ആഫ്രിക്കയുടെ ഏത് ചിത്രമാണ് മലയാളി കൾക്കുമുമ്പിൽ പൊറ്റെക്കാട്ട് തുറന്നുവയ്ക്കുന്നത് എന്നു വ്യക്തമാകുന്നുണ്ട്. അപൂർവമായി സംഭവിക്കുന്ന ഒരു നരഭോജിസംഭവമായല്ല പൊറ്റെക്കാട്ടിന്റെ ചിത്രീ കരണം. മറിച്ച്, പരിഷ്കാരികളായ യൂറോപ്യർ വന്നപ്പോൾ നരഭോജികളായ ആഫ്രിക്കൻവംശജരും മാറിപ്പോയി എന്നു പറഞ്ഞുകൊണ്ട് യൂറോപ്യരെയും ആഫ്രിക്കരെയും ശ്രേണീകരിക്കുന്ന പാഠങ്ങൾ ഉൽപ്പാദിപ്പിക്കുകയാണ്. ഇംഗ്ലണ്ട് ഈജിപ്തിനുള്ളിലേക്ക് കടന്നുകയറുന്നതോടെ ഈജിപ്തിന്റെ കീഴ് അവസ്ഥ കളിൽ, പ്രത്യേകിച്ചും സാമൂഹികവും സാമ്പത്തികവും സദാചാരപരവുമായ മണ്ഡ

ലങ്ങളിൽ ഉണ്ടാകുന്ന കയറ്റത്തെക്കുറിച്ച് എഡ്വേഡ് സെയ്ദ് പറയുന്നു. മറ്റ് പൗര സ്ത്യദേശങ്ങൾക്കിടയിൽ ഉയർന്നുനിൽക്കുന്ന ഈജിപ്തിനെക്കുറിച്ച് 1907-ൽ നട ത്തുന്ന ചില നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ സെയ്ദ് ചൂണ്ടിക്കാണിക്കുന്നു ണ്ട്.[24] കോളണീകരണത്തോടെ അധിനിവേശകർ തദ്ദേശീയർക്കിടയിൽ ഉണ്ടാകുന്ന ഉണർവ് അളന്നെടുക്കുന്നവരാണെന്ന് സെയ്ദ് പറയുന്നുണ്ട്. ഗവേഷകർ, മിഷണറി കൾ, കച്ചവടക്കാർ, പട്ടാളക്കാർ, അധ്യാപകർ-ഇവരെല്ലാമാണ് അധിനിവേശ ത്തിന്റെ നീതീകരണപ്രവർത്തനങ്ങളെ സാക്ഷാൽക്കരിക്കുന്നവരെന്നാണ് സെയ്ദ് പറഞ്ഞുവയ്ക്കുന്നത്.[25] പൊറ്റെക്കാട്ട് തിരഞ്ഞെടുക്കുന്ന, നരഭോജികളുടെ ആഖ്യാനം പുറത്തുവരുന്ന പത്രങ്ങൾ ശ്രേണീകരണങ്ങളിലൂടെ അധിനിവേശ ഭാഷ്യം ചമയ്ക്കുകയാണ്. ഇവിടെ ഫ്രാൻസ് ഫാനന്റെ വളരെ പ്രധാനപ്പെട്ട ഒരു വാചകം ഓർക്കേണ്ടതുണ്ട്. കറുത്ത മനുഷ്യരില്ലായിരുന്നെങ്കിൽ വെളുത്ത മനു ഷ്യരും ഉണ്ടാകുമായിരുന്നില്ലെന്ന്.[26] വെളുത്ത മനുഷ്യനെ സാമൂഹികപദവിയിൽ കറുത്തവനുമേലെ സ്ഥാപിക്കുന്ന പ്രത്യയശാസ്ത്രപ്രവർത്തനമായി പൊറ്റക്കാ ടിന്റെ യാത്രാവിവരണങ്ങൾ മാറുന്നതെങ്ങനെയെന്ന് ഇത്തരം വിവരണങ്ങളുടെ തിരഞ്ഞെടുപ്പുകൾ തെളിയിക്കുന്നുണ്ട്.

'കറുത്ത തൊലിയും വെളുത്ത മുഖംമൂടിയും' രൂപീകരിക്കപ്പെടുന്ന സങ്കീർണപ്രവർത്തനത്തിൽ പൊറ്റെക്കാട്ടും സക്കറിയയും പങ്കാളികളാകുന്നുണ്ട്. കറുത്ത മനുഷ്യർക്ക് അവരുടെ ശരീരത്തിൽ നിന്നുതന്നെ അന്യവൽക്കരിക്കാനുള്ള ആശയങ്ങളുടെയും പ്രയോഗങ്ങളുടെയും മണ്ഡലമായാണ് കോളണീകരണം സാർവലൗകികതയുടെ മൂല്യങ്ങളെ സ്വാംശീകരിച്ചതെന്ന് ഫ്രാൻസ് ഫാനന്റെ ചിന്തകളെ വിലയിരുത്തിക്കൊണ്ട് ഓഡ്രി കോബായാഷിയും മാർക്ക് ബോയലും സമർഥിച്ചിട്ടുണ്ട്. പൈശാചികവും ഭയാനകവും വിചിത്രവുമായ കറുത്ത ശരീര ങ്ങളെ വിഭാവനം ചെയ്ത കോളണീകരണഭാവനയെ കുറിച്ച് അവർ എടുത്തു പറ യുന്നു.[27]

**നോട്ടങ്ങളുടെയും തിരഞ്ഞെടുപ്പുകളുടെയും പക്ഷങ്ങൾ**

അത്ര ലളിതമല്ലാത്ത ഒന്നാണ്, എവിടെ എത്രത്തോളം ആഴത്തിലും പരപ്പിലും നോക്കണമെന്നുള്ളതും നോക്കുന്നവയിൽത്തന്നെ എന്ത്, എങ്ങനെ പങ്കുവയ്ക്കണമെന്നുള്ളതും. നോവലുകളോ കഥയോ ചിത്രകലയോ പോലെ പ്രാഥമിക തലത്തിൽ വിവരണാത്മാകമായ സ്വഭാവമല്ല സഞ്ചാരസാഹിത്യത്തിനുള്ളത്. ശ്രേണീകരണങ്ങളുടെ സ്വഭാവം പലമടങ്ങുകളിലധികം സഞ്ചാരസാഹിത്യത്തിനുള്ളിൽ സ്വാംശീകരിക്കപ്പെടുന്നുണ്ട്. യാത്രയ്ക്കും കാഴ്ചയ്ക്കും തിരഞ്ഞെടുക്കുന്ന സ്ഥലങ്ങളുടെ മുൻഗണനകൾ ചരിത്രപരവും രാഷ്ട്രീയവുമായ ഉൾമടക്കുകളെ പ്രതിഫലിപ്പിക്കുന്നുണ്ട്. ഇത് അത്ര ലളിതമായ തിരഞ്ഞെടുപ്പല്ല. കാഴ്ചയ്ക്കുവേണ്ടിയുള്ള യാത്രാസ്ഥലങ്ങളല്ല, പലപ്പോഴും യാത്രക്കുറിപ്പുകൾക്കു വേണ്ടിയുള്ള യാത്രാസ്ഥലങ്ങൾ എന്നുള്ളതും യാത്രയുടെ സ്വഭാവത്തെ യാത്രക്കുറിപ്പുകളിലേക്കുള്ള സ്ഥലങ്ങളുടെ തിരഞ്ഞെടുപ്പുകളെ ഏറെ രാഷ്ട്രീയബദ്ധമാക്കുന്നുണ്ട്.

സ്ഥലങ്ങളുടെ തിരഞ്ഞെടുപ്പുകൾ എന്ന പ്രാഥമികഘട്ടം താണ്ടിവേണം വിവരണങ്ങളുടെ ദൈർഘ്യവും ഊന്നലുകളും വിവരങ്ങളുടെ അടുക്കി ചിട്ടപ്പെടുത്തലുകളും വിഭാവനം ചെയ്യുന്നത്. ആഫ്രിക്കയിലെ പ്രാചീനസംസ്കാരത്തെയും ആഫ്രിക്കൻജനത ലോകത്തിനു നൽകിയ സംഭാവനകളെയും പൊറ്റെക്കാട്ടും സക്കറിയയും ഏതുരീതിയിലാണ് സമീപിക്കുന്നത് എന്നത് നോട്ടത്തിന്റെ പക്ഷം മനസിലാക്കാൻ സഹായകമാണ്. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും 'വിഷയി' രൂപീകരിക്കപ്പെട്ടിരിക്കുന്ന ചരിത്രസന്ദർഭത്തിന്റെ ആശയാവലികളിലേക്കാണ് ഈ വിവരണങ്ങളുടെ മുനകൾ നീളുന്നത്.

ഗണിതശാസ്ത്രത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യകളുടെയും മണ്ഡലത്തിൽ ആഫ്രിക്കൻലോകം നടത്തിയ അന്വേഷണങ്ങളോ കണ്ടെത്തലുകളോ പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും കുറിപ്പുകളിൽ തീരെ സ്ഥാനം പിടിക്കുന്നില്ലെന്നു കാണാം. പിരമിഡുകളുടെയും മമ്മികളുടെയും മറ്റും

വിവരങ്ങൾ എത്രത്തോളം ഉദാസീനമായിട്ടാണവർ കൈകാര്യം ചെയ്തു പോകുന്നത് എന്നതും പ്രധാനപ്പെട്ടതാണ്. പുരാതനശിലായുഗം മുതൽ ഗണിതത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും ജ്യോതിശ്ശാസ്ത്രത്തിന്റെയും ലോഹവിദ്യയുടെയും മറ്റുമായ മണ്ഡലങ്ങളിൽ ആഫ്രിക്കൻജനത നടത്തിയിട്ടുള്ള അന്വേഷണങ്ങളുടെയും കണ്ടെത്തലുകളുടെയും പൂർവമാതൃകകൾ ഗവേഷകർ തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ ഈ വസ്തുതകളൊന്നും കാണാൻ നിൽക്കാതെ ആഫ്രിക്കൻമണ്ണിലൂടെ നടക്കുമ്പോൾ മറ്റെന്തൊക്കെയോ നോക്കിയെടുക്കാനായിരുന്നു പൊറ്റെക്കാട്ടും സക്കറിയയും ശ്രമിച്ചത്.

ലോകത്തിലെ ഏറ്റവും വലിയതും പഴക്കംചെന്നതുമായ സാംസ്കാരിക ഭൂമിയിലൂടെ നടന്നുപോവുന്ന സക്കറിയ ഈജിപ്തിന്റെ വർത്തമാനത്തെക്കുറിച്ച് ആശങ്കപ്പെടുന്നുണ്ട്:

> ‘‘ഇംഗ്ലീഷും ഫ്രഞ്ചുംപോലെയുള്ള ലോകഭാഷകൾ സാധാരണ പൗരന്മാരിലെത്തിച്ചേരുന്നതിനെ ഭരണകൂടം സമർഥമായി തടയുന്നുണ്ടത്രേ. വേണ്ടാത്ത അറിവെല്ലാം വലിച്ചുവെച്ച് പൊതുജനം ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയാലോ? അതുകൊണ്ട് ഭാഷകൾ പഠിക്കാനും ലോകപരിജ്ഞാനം നേടാനുമുള്ള അവസരം ലഭിക്കുന്നത് ഈജിപ്തിന്റെ ഭരണവർഗങ്ങളിലെ ഉന്നതവർഗങ്ങളുടെ കുട്ടികൾക്ക് മാത്രമാണ്.’’[28]

ഇംഗ്ലീഷും ഫ്രഞ്ചും ലോകഭാഷയാവുന്നതും ഇംഗ്ലീഷിനും ഫ്രഞ്ചിനും എത്രയോ മുമ്പുതന്നെ ലോകഭാഷകളും ലോകപരിജ്ഞാനവും ഉള്ള ജനതയ്ക്ക് ചരിത്രമില്ലാതാവുന്നതുമായ അഭാവവൽക്കരണപ്രക്രിയയാണ് ഈ പരാമർശത്തിൽ ഉള്ളത്. ഈജിപ്തിന്റെയും മറ്റ് ആഫ്രിക്കൻ രാഷ്ട്രങ്ങളുടെയും ചരിത്രവും സംസ്കാരവും പറയാതിരിക്കുകയും അവയെ വലിയ അസാന്നിധ്യമായി ചിത്രീകരിക്കുകയും കൊളോണിയൽശക്തികളുടെ സാന്നിധ്യം ആവർത്തിച്ചാവർത്തിച്ച് ഉറ

പ്പിക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്നതിലൂടെ സക്കറിയയുടെ നോട്ടപ്പാടിലെ 'വെള്ളമുഖംമൂടിയാണ്' വെളിപ്പെടുന്നത്. ഇത് ചരിത്രപരമായി കൊളോണിയൽ നോട്ടമാകുന്നത് അതുകൊണ്ടാണ്. ഫ്രഞ്ചിന്റെയും ബ്രിട്ടീഷിന്റെയും സാന്നിധ്യ ത്തിനിടയിൽ ആഫ്രിക്കക്കാരുടെ വലിയ അപകർഷതയുടെ അസാന്നിധ്യമാണുള്ള ത്. ഈ അസാന്നിധ്യമെന്നത് ആഫ്രിക്കക്കാരുടെ ഇല്ലായ്മയല്ല, മറിച്ച് അവർക്കുള്ളതിനെയെല്ലാം മറച്ചുവയ്ക്കുന്ന മുഖംമൂടിയുടെ ചരിത്രത്തിന്റെ സാന്നി ധ്യമാണ്.

> ''ലോകത്തിലെ ഏറ്റവും പഴക്കംചെന്ന സർവകലാശാലയായി അംഗീകരിക്കുന്നത് എ.ഡി. 859-ൽ മൊറോക്കോയിലെ ഫെസിൽ സ്ഥാപിതമായ അൽകാരേയിൽ സർവകലാശാലയാണ്. ഈജി പ്തിലെ കെയ്റോയിൽ 10-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ അൽ അ സ്ഹർ യൂണിവേഴ്സിറ്റി വിവിധതരം അക്കാദമിക ഡിഗ്രികൾ നൽകി. ബിരുദാനന്തരബിരുദ ഡിഗ്രികളടക്കം. അതിനെയാണ് പല പ്പോഴും പൂർണവികാസം നേടിയ ആദ്യ സർവകലാശാലയായി കണക്കാക്കുന്നത്.''[29]

ഇത്തരം വിവരങ്ങളുടെയും വസ്തുതകളുടെയും അഭാവം മാത്രമല്ല പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഖ്യാനങ്ങളിൽ ഏറിയും കുറഞ്ഞും ആഫ്രിക്കൻജനതയെയും സംസ്കാരത്തെയും ഇരുണ്ടതും മങ്ങിയതുമാക്കി ത്തീർക്കുന്നത്. മറിച്ച്, വിവരങ്ങളുടെ മറച്ചുവയ്ക്കലുകളും വളച്ചൊടിക്കലുകളും ചില തലങ്ങളിൽ മാത്രമുള്ള പെരുപ്പിക്കലുമൊക്കെയാണ്. കോളണീകരണത്തിന്റെ ഉന്നതമായ സാംസ്കാരികമണ്ഡലങ്ങളിലേക്ക് എത്തിപ്പിടിച്ചുകൊണ്ട് മാത്രമേ മാന വരാശിയുടെ സാർവലൗകികമായ വികാസം സാക്ഷാൽക്കരിക്കാനാവൂ എന്ന ധ്വനി യാണ് ഈ യാത്രാചിത്രങ്ങളുടെ പൊതുരൂപം. അങ്ങനെ നോക്കുമ്പോൾ എത്രയോ താഴെ കിടക്കുന്ന കറുത്തവംശജരെക്കുറിച്ച് അറിയുന്നതിലൂടെ മല

യാളവിഷയിക്ക് ചില തലങ്ങളിൽ കയറ്റം കിട്ടുമെന്നും സാമൂഹികപദവിയിൽ കറുത്തവരേക്കാൾ ഉയർന്നവരാണ് തവിട്ടുനിറക്കാരെന്നു[30] സ്ഥാപിക്കപ്പെടുമെന്നുള്ള വിഷയേച്ഛയാണ് സക്കറിയയിലും പൊറ്റെക്കാട്ടിലും മുഴച്ചു നിൽക്കുന്നത്. കോളണീകരണത്തോടനുബന്ധിച്ച് ഇന്ത്യയെ വിഷയവൽക്കരിച്ച യൂറോപ്യർ ഇന്ത്യൻസ്വത്വത്തെ നിറത്തിന്റെ അടിസ്ഥാനത്തിലാണ് വേർതിരിക്കാൻ ശ്രമിക്കുന്നതെന്ന് അന്റോണിറ്റ ബർട്ടൻ എടുത്തുപറയുന്നുണ്ട്. 'ആഫ്രിക്കനല്ലാത്ത, കറുത്തവരല്ലാത്ത'[31] എന്നിങ്ങനെയാണ് ഇന്ത്യക്കാരെ വിഭജിക്കുന്നത്. ഇതേ അളവുകോലുകൾ കൈയിൽ വച്ചുകൊണ്ടാണ് പൊറ്റെക്കാട്ടും സക്കറിയയും ഇന്ത്യയിൽനിന്ന് ആഫ്രിക്കയിലേക്ക് യാത്രതിരിക്കുന്നത്.

പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും നോട്ടങ്ങളെത്തുന്ന മുക്കും മൂലയും സംഭവങ്ങളും അവർ തിരഞ്ഞെടുക്കുന്ന ആഫ്രിക്കൻ ചിത്രങ്ങളുടെ മാതൃകകളും പ്രത്യക്ഷമായും പരോക്ഷമായും കോളണീകരണങ്ങളുടെ വിഷയവിഭാവനകൾക്ക് വെളിയിൽ കടക്കാൻ ത്രാണിയില്ലാത്തവയാണ്. ഇന്ത്യയും ആഫ്രിക്കയുമായുള്ള ബാന്ധവങ്ങളുടെ ശ്രേണികൾക്ക് ഏറെ ആഴമുണ്ടെന്ന് വേണം കരുതാൻ. ഒരു ഉദാഹരണം നോക്കുക: രണ്ടാംനൂറ്റാണ്ടിലെ അസീറിയൻ തർക്കശാസ്ത്രജ്ഞനായ ലുഷിയാനുസിന്റെ അഭിപ്രായത്തിൽ, ലോകത്തെ ഏറ്റവും ശക്തമായ രാജ്യമായ ഇന്ത്യയിലാണ് തത്ത്വചിന്തയുടെ ദേവത ആദ്യമായി ഇറങ്ങിവന്നത്. അപ്പോളോണിയൂസ് (പ്രാചീന ഗ്രീക്ക്ലോകത്തെ ഉന്നതനായ പുണ്യാത്മാവ്) വിശ്വസിച്ചത് ഈജിപ്തിനും എത്യോപ്യക്കും അവരുടെ വിജ്ഞാനം ലഭിച്ചത് ഇന്ത്യയിൽനിന്നാണെന്നും എത്യോപ്യയിലെ തത്ത്വചിന്തകർ ഇന്ത്യയിൽനിന്നു കുടിയേറിയവരാണെന്നുമാണ്.[32] ഈ കുടിയേറ്റം ചരിത്രസംഭവങ്ങൾക്കപ്പുറത്ത് ശ്രേണീകരണത്തിന്റെ ഒരു കൊളോണിയൽ മിത്താണ്. ആഫ്രിക്കയ്ക്ക് ഉണ്ടായിരുന്നതൊന്നും അവരുടേതല്ലെന്ന മുൻവിധി. മാത്രവുമല്ല, ആഫ്രിക്കക്കാരായ കറുത്തവരേക്കാൾ മേലെയാണ് തവിട്ടുനിറക്കാരെന്നും തവിട്ടുനിറക്കാരേക്കാൾ മേലെയാണ് വെളുത്തവരെന്നുള്ള 'വെളുത്തവരുടെ മുഖംമൂടി' കൂടിയാണത്.[33] ജ്ഞാനോൽപ്പാദന

ത്തിന്റെ രാഷ്ട്രീയമാണ് യഥാർഥത്തിൽ കോളണീകരണത്തെ ഇത്ര ആഴത്തിലും വ്യാപ്തിയിലും സാധ്യമാക്കുന്നത്. കോളണീകരണത്തെ മാത്രമല്ല, എല്ലാവിധത്തിലുമുള്ള ശ്രേണീകരണങ്ങളെയും നിലനിർത്തുന്നത്.

വിവരങ്ങളുടെ തിരഞ്ഞെടുപ്പും അവയുടെ വിന്യാസങ്ങളും ഈ രണ്ട് സഞ്ചാരക്കുറിപ്പുകളെയും പ്രശ്നവൽക്കരിക്കുന്നതിലേക്ക് ശ്രദ്ധതിരിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. വിവരങ്ങൾ ഏത് ആശയാവലികളെ സമർഥിക്കാനാണ് ഉപയോഗിക്കുന്നത് എന്ന കാര്യമാണ് ഇവിടെ പ്രധാനമായും പരിഗണിക്കേണ്ടത്. ആഫ്രിക്കയിലെ ഭരണത്തലവൻമാരുടെ തുടർച്ചയെക്കുറിച്ച് സക്കറിയ നടത്തുന്ന ഒരു പ്രസ്താവന നോക്കുക:

> ''ആഫ്രിക്കയിലെ രാഷ്ട്രത്തലവന്മാരാരും സ്വമേധയാ ഇറങ്ങിക്കൊടുക്കാറില്ല. തലവൻപദവി ആജീവനാന്തം, അല്ലെങ്കിൽ മറ്റൊരാൾ അത് പിടിച്ചെടുക്കുംവരെ നിലനിർത്തുക എന്നതാണ് പതിവ്. ഇതിന് അപവാദമായി അപൂർവം പേരുകളെയുള്ളൂ.''[34]

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും നേതൃത്വത്തുടർച്ചയുടെ ചരിത്രം ഏറെ സുപരിചിതമായിരുന്നിട്ടും ആഫ്രിക്കയെ ശ്രേണീകരിക്കാൻ ഇത്തരം വിവരങ്ങൾ ഉപയോഗിക്കുന്നതിന്റെ രാഷ്ട്രീയമാണ് പ്രശ്നവൽക്കരിക്കേണ്ടത്. ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്ന് അവകാശപ്പെടുന്ന ഇന്ത്യയുടെ സ്ഥിതിവിശേഷം വിസ്മരിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണെന്ന് ഈ ആഫ്രിക്കൻ ഭരണാധികാരത്തോട് ചേർത്തുനിർത്തി ചരിത്രപരമായി പരിശോധിക്കാൻ വായനക്കാർ നിർബന്ധിതരാവുന്നു. ഇന്ത്യയെക്കുറിച്ചുള്ള ഇത്തരം വിവരങ്ങൾ ഒളിച്ചുവയ്ക്കുന്നതിലൂടെ ആഫ്രിക്കയെ കീഴ്നിലയിൽ നിർത്താൻ കഴിയുമെന്ന സൗകര്യമാണ് കേരളീയരായ സഞ്ചാരസാഹിത്യകർത്താക്കൾ നിർവഹിക്കുന്നത്. *കറുത്തവരായിരിക്കുന്നതിന്റെ പ്രാധാന്യം* എന്ന ഫ്രാങ്ക് മറെസന്റെ കൃതിയിലെ ഒരു ഉദ്ധരണി 'വർണവും ഇടത്തിന്റെ രാഷ്ട്രീയവും'

എന്ന ലേഖനത്തിൽ അന്റോണിറ്റി ബർട്ടൻ എടുത്തു ചേർക്കുന്നുണ്ട്. ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന് 20 വർഷത്തിനടുത്താണ് ഈ അഭിപ്രായം പറയുന്നത് എന്ന് പ്രത്യേകം ഇവിടെ സൂചിപ്പിക്കുന്നുണ്ട്. അഭിപ്രായമിതാണ്:

> ''ആഫ്രിക്കക്കാർ വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും പരിചയത്തിന്റെയും കാര്യത്തിൽ യൂറോപ്യരേക്കാൾ മാത്രമല്ല, ഏഷ്യാക്കാരേക്കാളും വളരെ പിറകിലാണ്. യൂറോപ്യരേക്കാൾ 100 വർഷം പിറകിലാണെങ്കിൽ ഏഷ്യാക്കാരേക്കാൾ 50 വർഷം വികസനത്തിന്റെയും മനസ്ഥിതിയുടെയും ശേഷിയുടെയും കാര്യത്തിൽ അവർ പിറകിലാണ്.''[35]

യൂറോപ്യൻ, ഏഷ്യൻ, ആഫ്രിക്കൻ ശ്രേണീകരണത്തിന്റെ ഇത്തരം ഇടയുക്തിയാണ് പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും യാത്രാചിത്രങ്ങളിൽ പൊതുവായി കാണപ്പെടുന്നത്. ശൈശവദശയിലുള്ള ആഫ്രിക്കയും യുവാവായ ഏഷ്യയുമാണ് ഈ കൃതിയിൽത്തന്നെയുള്ള മറ്റൊരു താരതമ്യം.[36] ഇത്തരം താരതമ്യങ്ങൾക്കുള്ളിൽനിന്ന് രൂപപ്പെടുന്ന പാഠങ്ങളാണ് സക്കറിയയുടെയും പൊറ്റെക്കാട്ടിന്റെയും ആഫ്രിക്കൻ യാത്രാചിത്രങ്ങളിലേത്. ഇത്തരം താരതമ്യങ്ങളും അവയുടെ അളവുകോലുകളും വച്ചുകൊണ്ട് അളന്നെടുത്ത ചിത്രങ്ങളാണ് ഈ രണ്ടുകൃതികളിലും അടുക്കി ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യയെ മാത്രമല്ല, ഏഷ്യക്കാരെയൊക്കെ ആഫ്രിക്കയുടെ മേലെ പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങൾ പൊറ്റെക്കാട്ടും സക്കറിയയുമൊക്കെ ആഖ്യാനങ്ങളിലൂടെയാണ് നിർവഹിക്കുന്നതെങ്കിൽ ചൈന ഇതേക്കാൾ ശക്തമായ ഇടപെടലുകളാണ് ആഫ്രിക്കയ്ക്കുമേൽ നടത്തിക്കൊണ്ടിരിക്കുന്നത്. സക്കറിയയുടെ ഒരു വിശദീകരണം നോക്കുക:

> ''വഴിനീളെ ചെറുഗ്രാമങ്ങളിൽപ്പോലും ചീനക്കാരുടെ കടകൾ. ജോഹന്നാസ്ബർഗിൽ ഗാന്ധിജിക്കൊപ്പം സത്യഗ്രഹം നടത്തിയ ചീനക്കാരുടെ ചിത്രങ്ങൾ കണ്ടത് ഞാൻ ഓർമ്മിച്ചു.

ഇന്ത്യക്കാരെപ്പോലെ അവരും നൂറ്റമ്പതോളം വർഷം മുമ്പ് ആഫ്രിക്കയിൽ കരാർപ്പണിക്കാരായി വന്നെത്തിയവരാണ് (ഗുജറാത്തിൽനിന്നുള്ള മുസ്ലീം കച്ചവടക്കാർ അതിനും വളരെ മുൻപേ കിഴക്കൻ ആഫ്രിക്കയുടെ ഉൾനാടുകളിൽപ്പോലും കച്ചവടം നടത്തിത്തുടങ്ങിയിരുന്നു). ബോട്സ്വാനയിലും സിംബാബ്‌വേയിലും മറ്റും ചൈന ഇന്ന് ഹൈവേകൾ, വൻ പാലങ്ങൾ തുടങ്ങിയ പ്രോജക്റ്റുകൾ ഏറ്റെടുത്തു നടത്തുന്നുണ്ട്.''[37]

ശ്രേണീകരണങ്ങളുടെ സുദീർഘമായ പരമ്പരയിലാണ് ആഫ്രിക്കപോലുള്ള ദേശത്തെക്കുറിച്ചുള്ള ചിത്രങ്ങൾ സംയോജിക്കപ്പെട്ടിട്ടുള്ളത്. ചൈനയുടെയും ഇന്ത്യയുടെയും അറേബ്യയുടെയും അകലത്തിൽ, യൂറോപ്പിൽനിന്ന് ഏറെയകലത്തിൽ അളന്ന് ചിട്ടപ്പെടുത്തി വരച്ചിടുന്ന നിറങ്ങളാണ് ആഫ്രിക്കയ്ക്കുമേൽ സക്കറിയയും പൊറ്റെക്കാട്ടും ചാർത്തിയിട്ടുള്ളത്. ആ വിടവുകൾക്കിടയിൽ ആഫ്രിക്കൻജനതയെ തളച്ചിടാനാണ് ഇത്തരം ആഖ്യാനങ്ങളിലൂടെ ശ്രമിക്കുന്നത്. അതായത് ആഖ്യാനങ്ങളുടെ ഘടനയും ഊന്നലുകളും വലിയതോതിൽ രാഷ്ട്രീയാശയങ്ങളാൽ ബന്ധിതമാണ്.

### സാന്നിധ്യങ്ങളുടെയും അസാന്നിധ്യങ്ങളുടെയും മറുപുറം

ആഖ്യാനങ്ങളുടെ വിവിധ മാതൃകകൾ അവ രൂപംകൊണ്ടതും വ്യാപരിക്കുന്നതുമായ സാംസ്കാരികസന്ദർഭത്തിലെ രാഷ്ട്രീയഭാരമുൾവഹിക്കുന്നവയാണ്. സഞ്ചാരസാഹിത്യകൃതികൾ, ആഖ്യാനങ്ങൾ സമൂഹത്തെ എഴുതലാണ്. അതിനുള്ളിൽ ചരിത്രപരമായ എല്ലാ സാമൂഹികവ്യവഹാരങ്ങളും പെടും. സമൂഹത്തെക്കുറിച്ചും ഭാഷയെക്കുറിച്ചും ആചാരവിശ്വാസങ്ങളെക്കുറിച്ചും ആകെയുള്ള പ്രാപഞ്ചിക ധാരണകളുടെ ഘടനയ്ക്കുള്ളിലാണ് ആഖ്യാനമാതൃകകൾ എഴുതപ്പെട്ടത്. ആഫ്രിക്കയെക്കുറിച്ചുള്ള സക്കറിയയുടെയും പൊറ്റെക്കാട്ടിന്റെയും കാഴ്ചകൾ

ക്രമീകരിക്കപ്പെടുന്നത് എങ്ങനെ എന്നുമനസിലാക്കാൻ ഹൈദഗറുടെ ഒരു നിരീക്ഷണം സഹായകമാണ് :

> ''നമ്മുടെ അനുഭവങ്ങളൊന്നും 'ക്ലീൻസ്ലേറ്റിൽ' അല്ല തുടങ്ങുന്നത്. മനുഷ്യൻ നിലനിൽക്കുന്നത് ചുറ്റുപാടുകളുമായി ബന്ധപ്പെട്ടുകൊണ്ടാണ്. അങ്ങനെയല്ലാതെ മനുഷ്യചേതനയ്ക്ക് സ്വയം നിർവചിക്കാനുമാവില്ല. അപഗ്രഥിക്കാൻ പാകത്തിലൊരു പ്രപഞ്ചം നമുക്കു ബാഹ്യമായി നിലകൊള്ളുന്നില്ല. മറിച്ചാണ് സ്ഥിതി. നമ്മെ നാം സ്വയം മനസ്സിലാക്കുന്നത് ബാഹ്യപ്രപഞ്ചവുമായി നാം ബന്ധപ്പെട്ടു കിടക്കുന്നതെങ്ങനെയെന്ന പരിഗണനയിലാണ്.''[38]

പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻചിത്രങ്ങൾ വായിക്കുമ്പോൾ കണ്ടെഴുത്തുകാരുടെ പക്ഷം എങ്ങനെയാണ് രൂപപ്പെടുന്നത് എന്ന് മനസ്സിലാക്കേണ്ടതുണ്ട്.

ആചാരങ്ങൾ, വിശ്വാസങ്ങൾ, വിദ്യാഭ്യാസം, ഭാഷ, ദേശം, സമൂഹം മുതലായ സാംസ്കാരികമാനങ്ങളിലെല്ലാം ആഫ്രിക്കയ്ക്കുമേൽ വീഴുന്ന കീഴായ്മയുടെ ശ്രേണി, ആഖ്യാനത്തിൽ സാന്നിധ്യത്തിന്റെയും അസാന്നിധ്യത്തിന്റെയും വക്രീകരണങ്ങളിലൂടെയാണ് സാധ്യമാകുന്നത്. സാമ്പ്രദായിക സാമൂഹികശ്രേണികളിൽ അധീശാധികാരികൾ രൂപപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ മനസ്സിലാക്കാതെ സാന്നിധ്യത്തിന്റെയും അസാന്നിധ്യത്തിന്റെയും പെരുക്കങ്ങളെ മനസ്സിലാക്കാനാവില്ല. വെളുപ്പിന്റെ അസാന്നിധ്യത്തിലൂടെയാണ് വിദ്യാഭ്യാസത്തിന്റെയും അധികാര ഇടങ്ങളുടെയും അസാന്നിധ്യങ്ങളിലൂടെയാണ്, ആഫ്രിക്കയെ ഇരുളടഞ്ഞ ഭൂഖണ്ഡമായി സാന്നിധ്യപ്പെടുത്തുന്നത്. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും കൃതികളിലെ വെളുപ്പിന്റെ അസാന്നിധ്യമാണ്, കറുപ്പിന്റെ സാന്നിധ്യമല്ല ആഫ്രിക്കയെ കറുപ്പിക്കുന്നത്. കറുപ്പിന്റെ സാന്നിധ്യത്തെ പ്രതിഫലിപ്പിക്കുന്ന സാംസ്കാരികചിഹ്നങ്ങൾ അവിടെ പ്രത്യക്ഷമാവുന്നുണ്ടെന്ന് പലപ്പോഴും പറയാൻ

കഴിയില്ല. കാരണം, അധ്വാനത്തിന്റെയും സമൂഹത്തെ നിലനിർത്തുന്ന വ്യവഹാര മണ്ഡലങ്ങളുടെയും സാന്നിധ്യംതന്നെ ഈ ആഖ്യാനങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് വിരളമായിട്ടാണെന്ന് കാണാനാവും.

സാന്നിധ്യത്തിന്റെയും അസാന്നിധ്യത്തിന്റെയും ഇത്തരം സന്ദർഭങ്ങളെ പ്രശ്നവൽക്കരിക്കാതെ ആഫ്രിക്കൻചിത്രങ്ങളുടെ ശ്രേണീരൂപങ്ങളെ വായിച്ചെടുക്കാനാവില്ല. എത്ര ലളിതമായും ഉദാസീനവുമായാണ് ആഫ്രിക്കൻജനതയുടെ ഉൽപ്പാദനവ്യവസ്ഥയെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നത്. പൊറ്റെക്കാട്ട് നൽകുന്ന ഒരു ചിത്രം നോക്കുക:

> ''ഇരുപതും മുപ്പതും മൈലകലെയുള്ള കാട്ടുഗ്രാമങ്ങളിൽനിന്നും കാപ്പിരികൾ തങ്ങൾക്കാവശ്യമുള്ള സാമാനങ്ങൾ വാങ്ങാൻ ഇവിടെ വന്നെത്തുന്നു. തങ്ങളുടെ കന്നുകാലികളെയും കൃഷിചെയ്ത പുകയിലയെയും ധാന്യങ്ങളെയും വിറ്റു പണമാക്കിയിട്ടാണ് അവർ വരുന്നത്. ഗുജറാത്തിയുടെ കടയിൽ കയറിയാൽ പിന്നെ അവരുടെ പണസഞ്ചി കാലിയായതുതന്നെ. 40 മൈൽ ദൂരെയുള്ള കാടുകളിൽനിന്നു കാപ്പിരികൾ അവിടെ സാമാനങ്ങൾ വാങ്ങാൻ വന്നുചേരാറുണ്ട്. ഒരു കഷണം കറുപ്പുതുണികൊണ്ടു കഷ്ടിച്ചു നഗ്നത മറച്ച വൃത്തികെട്ട കാപ്പിരികൾ.''[39]

ഒരു ഗുജറാത്തിയുടെ കടയിൽ സാധനങ്ങൾ വാങ്ങാനെത്തുന്ന ആഫ്രിക്കൻജനതയെപറ്റിയുള്ള വിവരണമാണിത്. ആഫ്രിക്കയിലെ ഉൽപ്പാദനപ്രക്രിയകളിൽ നെടുനായകത്വം വഹിക്കുന്ന, മറ്റുള്ളവരെയാകെ നിലനിർത്തുകയും പോറ്റുകയും ചെയ്യുന്ന വർഗത്തിന്റെ സാന്നിധ്യം ഇവിടെ 'വൃത്തികെട്ട'താണെന്ന് പൊറ്റെക്കാട്ട് പറയുന്നതിന്റെ അർഥം യൂറോപ്യരുടെ സാന്നിധ്യത്തെ പെരുപ്പിക്കുന്നതിനുവേണ്ടിയാണ്. അതായത് കറുത്തവർഗക്കാരുടെ സാന്നിധ്യത്തെത്തന്നെ അപ്രത്യക്ഷമാക്കുകയോ വികലമാക്കുകയോ ആണ് ഇത്തരം ചിത്രങ്ങൾ നിർവഹി

ക്കുന്ന ധർമ്മം. അസഹിഷ്ണുതയും പരിഹാസവും പുച്ഛവും സ്ഫുരിക്കുന്ന വാക്ചിത്രങ്ങളുടെ മൂല്യബോധം തദ്ദേശീയ സംസ്കാരങ്ങളുടെ എതിർസ്ഥാന ത്താണ് നിൽക്കുന്നത്. വാക്കുകളുടെ രാഷ്ട്രീയഭാരം തദ്ദേശീയരായ ആഫ്രി ക്കൻജനതയുടെ സാംസ്കാരിക-സാമൂഹികസ്വത്വത്തെ അപരവൽക്കരിച്ച് ഭ്രഷ്ടരാ ക്കുകയാണ്. അതായത് പൊറ്റെക്കാട്ട് ഉൾവഹിക്കുന്ന യൂറോപ്യൻ വംശീയാഭിമു ഖ്യത്തിന്റെ വാക്പ്രപഞ്ചം ആഫ്രിക്കൻവംശജരെ അവരുടെ ഇടത്തിൽനിന്നുതന്നെ നിഷ്കാസിതരാക്കുകയാണ് ചെയ്യുന്നത്.

ആഫ്രിക്കൻചിത്രങ്ങളിൽ കാണുന്ന ഈ 'വൈരൂപ്യം' ദേശത്തിന്റെയും മനു ഷ്യത്വത്തിന്റെയും ആചാരവിശ്വാസങ്ങളുടെയും പകർച്ചയായി മാത്രം കാണേണ്ട തില്ല. പൊറ്റെക്കാട്ട് ആഫ്രിക്കയിലെ ചെടികളെയും മരങ്ങളെയും മൃഗങ്ങളെയും ഒന്നും ഒഴിവാക്കിനിർത്തുന്നില്ല എന്നുകാണാം. പലതും യൂറോപ്യൻ, ആഫ്രിക്കൻ എന്നിങ്ങനെ തന്നെ വ്യവഛേദിച്ച് ഉപയോഗിക്കുന്നത് പ്രത്യേകം മനസ്സിലാക്കേണ്ട തുണ്ട്. മരങ്ങളെപ്പോലും ഈ ശ്രേണീകരണത്തിൽനിന്ന് ഒഴിവാക്കിനിർത്താതെ പാർശ്വവൽക്കരിക്കാൻ ശ്രമിക്കുന്ന പൊറ്റെക്കാട്ടിനെ നോക്കുക:

> "ആഫ്രിക്കയിൽമാത്രം കണ്ടുവരുന്ന ഒരു വിരൂപവൃക്ഷമാണ് ബഓ ബാബ്. പീപ്പയുടെ ആകൃതിയിൽ വീർത്ത തടിമരവും നേർത്ത് കുറുകിയ കവരങ്ങളുമുള്ള ഒരു വിചിത്രവൃക്ഷം. കൊല്ലങ്ങളോളം ജീവിക്കാൻ കഴിയുന്ന ഈ കാട്ടുമരങ്ങളെ കാപ്പിരികൾ ആരാധിച്ചു വരുന്നു."[40]

ഈ വൈരൂപ്യത്തിന്റെ വേരുകൾ എവിടെനിന്ന് പൊട്ടിപ്പുറപ്പെടുന്നു എന്നത് ഏറെ ശ്രദ്ധയോടെ നിരീക്ഷിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് ആഫ്രിക്കയെക്കു റിച്ചുള്ള ചിത്രങ്ങളിൽ വൈരൂപ്യം വരുന്ന വഴികൾക്ക് ഏറെ രാഷ്ട്രീയമാനങ്ങളു ണ്ട്. രൂപം, നിറം, പ്രത്യക്ഷത തുടങ്ങിയ പൂർവകാല അനുഭവങ്ങളുടെ ഗുണത്തെ ക്കുറിച്ച് ഓരോരുത്തരിലും ചരിത്രപരമായി രൂപീകരിക്കപ്പെട്ടിട്ടുള്ള ധാരണയുടെ

അടിസ്ഥാനത്തിലാണ് 'വൈരൂപ്യം' ഉടലെടുക്കുന്നത് എന്ന് ജോർജ് ഹാങ്മാൻ, ഉംബർട്ടോ എക്കോയെപ്പോലുള്ള ചിന്തകരെ മുൻനിർത്തി ചൂണ്ടിക്കാണിക്കുന്നുണ്ട്.[41] അതായത്, സൗന്ദര്യാത്മകതയുടെ രാഷ്ട്രീയമാണ് ഇവിടെ പ്രശ്നവൽക്കരിക്കപ്പെടുന്നത്. വൈരൂപ്യം ചരിത്രപരമായി ആശയാവലികൾക്കുള്ളിൽനിന്ന് സ്വാംശീകരിക്കുന്ന ഒരു സാമൂഹികനിർമ്മിത യഥാർഥ്യം മാത്രമായിവരുമ്പോൾ, മനുഷ്യനെയും മൃഗങ്ങളെയും മരങ്ങളെയും വൈരൂപ്യവൽക്കരിക്കുന്ന നോട്ടപ്പാടുകളുടെ പ്രശ്നങ്ങളാണ് തെളിഞ്ഞുവരുന്നത്. അത്തരം നോട്ടങ്ങളും സമീപനങ്ങളും വർണവിവേചനത്തിന്റെ അടിവേരുകളിൽനിന്ന് സ്വാംശീകരിച്ച ആശയാവലികളായി വേണം പരിഗണിക്കാൻ.

സക്കറിയ നിറത്തിന്റെയും രൂപത്തിന്റെയും രാഷ്ട്രീയതലത്തിൽ സംഭവിക്കുന്ന വൈരൂപ്യത്തിന്റെ മൂർത്തമായ രൂപത്തെക്കുറിച്ച് ചൂണ്ടിക്കാണിക്കുന്ന ഒരു സന്ദർഭം നോക്കുക:

> ''അപ്പാർത്തീഡ് കറുത്തവരെ സാംസ്കാരികമായും ധൈഷണികമായും ക്ഷയിപ്പിച്ചു എന്നു പറയുന്നതിൽ വാസ്തവമുണ്ട്. കറുത്തവർക്കുവേണ്ടി മാത്രം 'ബാന്റു വിദ്യാഭ്യാസപദ്ധതി' എന്നൊരു വിദ്യാഭ്യാസസമ്പ്രദായം വെള്ളക്കാർ നടപ്പിൽവരുത്തി. ഈ ഫാഷിസ്റ്റ് വിദ്യാഭ്യാസക്രമത്തിന്റെ അടിസ്ഥാനതത്ത്വം കറുത്തവർക്ക് ഏറ്റവും താഴേക്കിടയിലുള്ള ജോലികൾ ചെയ്യാനേ ശേഷിയുള്ളൂ, അതിനനുസരിച്ചുള്ള വിദ്യാഭ്യാസം മാത്രം അവർക്ക് നൽകിയാൽ മതി എന്നതായിരുന്നു. അങ്ങനെ കറുത്തവരുടെ പല തലമുറകൾ, ഇന്ത്യയിൽ അവർണരെന്ന പോലെ, സാംസ്കാരികവും ബൗദ്ധികവുമായ പരിശീലനം വിലക്കപ്പെട്ടവരായിത്തീർന്നു. അവരെ സ്വദേശങ്ങളിൽ അടച്ചിട്ട് വെളുത്തവരുടെ വീടുകളിലും കട

കളിലും കൃഷിസ്ഥലങ്ങളിലും സ്വർണ-രത്നഖനികളിലും നിർബ ന്ധിതസേവനം അനുഷ്ഠിക്കുന്ന അടിമകളാക്കി മാറ്റി.''[42]

വൈരൂപ്യം ചരിത്രപരമായി നിർമ്മിക്കുന്ന അധികാരയന്ത്രങ്ങളുടെയും ആശയാവലികളുടെയും നാവുകളായി മാറാൻ ആഖ്യാനങ്ങളിലെ അസാന്നിധ്യ ങ്ങൾക്കും സാന്നിധ്യങ്ങൾക്കും കഴിയും.

ആഫ്രിക്കൻ ഭൂമിശാസ്ത്രം പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും സഞ്ചാരക്കുറിപ്പുകളിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ ചിത്രീകരിക്കപ്പെടുകയു ണ്ടായില്ല. ആഫ്രിക്കൻ ഭൂമിശാസ്ത്രത്തിന്റേ ഈ അഭാവവും പ്രശ്നവൽക്കരി ക്കപ്പെടേണ്ടതുണ്ട്. നിലവിലുള്ള ആഖ്യാനമാതൃകകളിൽ കാലത്തിനു വലിയ തോതിൽ പ്രാധാന്യം കൊടുക്കുന്നതിനെ, പ്രത്യേകിച്ച് ചരിത്രവാദങ്ങളെ മിഷേൽ ഫൂക്കോയെപ്പോലുള്ളവർ വിമർശിക്കുന്നത് ശ്രദ്ധേയമാണ്.[43] പ്രത്യേകിച്ച് ആഫ്രി ക്കൻ സമൂഹങ്ങളുടെ സാന്നിധ്യത്തിന്റെ അഭാവത്തെ സംബന്ധിച്ച മുൻസൂചന കളും ഇടത്തിന്റെ സാന്നിധ്യത്തിന്റെ കുറവുകളും പ്രത്യക്ഷത്തിലും പരോക്ഷ ത്തിലും ബന്ധപ്പെട്ടുകിടക്കുന്നതാണ്. ആഖ്യാനങ്ങളിൽ കാലത്തിന് കൊടുക്കുന്ന പ്രാധാന്യം ഇടത്തിന് നൽകാത്തതിന്റെ പ്രശ്നങ്ങൾ *ഇടം, അറിവ്, അധികാരം* എന്ന പ്രബന്ധത്തിൽ ഫൂക്കോ ഊന്നിപ്പറയുന്നുണ്ട്.

പൊറ്റക്കാട് 'ദക്ഷിണ റെഡേഷ്യയുടെ' ഒരു ചിത്രം കോറിയിടുന്നത് ശ്രദ്ധി ക്കുക:

> ''വെള്ളക്കാരന്റെ സുഖത്തിനും അഭിവൃദ്ധിക്കും വെട്ടിത്തെളിയിച്ച മലഞ്ചെരുവുകളും അവന്റെ ഉപജീവനമാർഗത്തിനുള്ള കൃഷിസ്ഥല ങ്ങളും മറ്റും ഒരു സന്ദർശകനെ ആകർഷിക്കുന്നില്ല. തെക്കൻ റൊഡേഷ്യയിൽ പ്രാചീനതയുടെ ഗന്ധം വഹിക്കുന്ന കാഴ്ചകൾ കുറച്ചേയുള്ളൂ. അജ്ഞാതരായി ജീവിച്ച് അജ്ഞാതരായിത്തന്നെ മറഞ്ഞുപോയ ഏതോ ഒരു പുരാതനവർഗത്തിന്റെ ചില ശില്പരേഖ

കളും ചിത്രവേലകളും പതിഞ്ഞു കാണപ്പെടുന്ന കുറേ ഗുഹകളും ചുമരുകളും 'സിംബാംബ്‌വെ അവശിഷ്ടതകളും ഏറ്റവും വടക്കേ അറ്റത്തുള്ള വിക്ടോറിയ വെള്ളച്ചാട്ടവും 'വങ്കി' മൃഗസംരക്ഷണവനങ്ങളും കണ്ടു കഴിഞ്ഞാൽ പിന്നെ പരിഷ്കാരത്തിന്റെ പുതുമുദ്രകൾ പതിഞ്ഞ പട്ടണങ്ങളും പരുക്കൻകാടുകളും മാത്രമാണുള്ളത്.''[44]

ചരിത്രത്തിൽ ആഫ്രിക്കൻജനതയുടെ അസാന്നിധ്യം എങ്ങനെയുണ്ടാവുന്നു എന്നതിന് ദൃഷ്ടാന്തമാണീ ഉദ്ധരണി. പൊറ്റെക്കാട്ടിന്റെ ആഖ്യാനം ആഫ്രിക്കൻജനതയെയല്ല, അവരുടെ അധ്വാനത്തെയും അവരെ ഉൾക്കൊള്ളുന്ന ഇടത്തെയും ആകെത്തന്നെ ചരിത്രപരമായും അനശീലനപരമായും തിരസ്കരിക്കുകയാണ് ചെയ്യുന്നത്. ''വെള്ളക്കാരന്റെ സുഖത്തിനും അഭിവൃദ്ധിക്കും വെട്ടിത്തെളിയിച്ച മലഞ്ചെരുവുകളും അവന്റെ ഉപജീവനമാർഗത്തിനുള്ള കൃഷിസ്ഥലങ്ങളും മറ്റും ഒരു സന്ദർശകനെ ആകർഷിക്കുന്നില്ല.'' എന്നു പറഞ്ഞാൽ ആഫ്രിക്കൻ യാത്രക്കുറിപ്പിൽനിന്ന് ആഫ്രിക്കൻജനത ബഹിഷ്കരിക്കപ്പെട്ടിരിക്കുന്നു എന്നുതന്നെയാണ് അർഥം. മാത്രവുമല്ല, വെള്ളക്കാരന്റെ സുഖത്തിനും അഭിവൃദ്ധിക്കുംവേണ്ടിയുള്ള മലഞ്ചെരുവുകളും കൃഷിസ്ഥലങ്ങളും'' എന്ന സൂചനയിൽ വെള്ളക്കാരുടെ സാന്നിധ്യം പർവതീകരിച്ചു നിൽക്കുകയാണ്. ആഫ്രിക്കൻ ഇടങ്ങളെയും കറുത്തവംശജരായ ജനതയെയും അവരുടെ അധ്വാനങ്ങളെയും എത്ര സമർഥമായാണ്, സൂചനകൾ പോലും നൽകാതെ അദൃശ്യരാക്കുന്നത് എന്നതിന്റെ തെളിവുകൂടിയാണ് ഈ ഉദ്ധരണി.

അജ്ഞാതരായി ജീവിച്ച് അജ്ഞാതരായിത്തന്നെ മറഞ്ഞുപോയ ഏതോ പുരാതനവർഗമാക്കി ദക്ഷിണ റൊഡേഷ്യയിലെ പൂർവസമൂഹത്തെ അഭാവവൽക്കരിക്കുന്ന അതേ മാതൃകയിൽത്തന്നെയാണ്, വെള്ളക്കാരനുവേണ്ടി പൊറ്റെക്കാട്ടിന്റെ മുമ്പിൽ പണിയെടുക്കുന്ന ആഫ്രിക്കൻജനതയും ആ ഇടങ്ങളും 'ഒരു സന്ദർശകനെ ആകർഷിക്കുന്നില്ല' എന്ന് അദ്ദേഹം കണ്ടെഴുതുന്നതും. അതാ

യത്, പൊറ്റെക്കാട്ടിന്റെ ആകർഷണീയതയുടെ ബലതന്ത്രവും മുൻഗണനക്രമങ്ങളും പ്രശ്നവൽക്കരിച്ചുകൊണ്ട് മാത്രമേ കണ്ടെഴുത്തുകളുടെ പക്ഷത്തെ നിർധാരണം ചെയ്യാനാവൂ എന്ന് ചുരുക്കം. വെള്ളക്കാരന്റെ നിലനിൽക്കുന്ന സാന്നിധ്യത്തിന്റെ ധാരാളിത്തവും ആഫ്രിക്കൻജനതയുടെ അസാന്നിധ്യത്തിന്റെ ശകലങ്ങളും പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും കണ്ടെഴുത്തുകളുടെ രാഷ്ട്രീയപക്ഷത്തെയാണ് ഊന്നുന്നത്.

വിക്ടോറിയവെള്ളച്ചാട്ടത്തെക്കുറിച്ച് യൂറോപ്യർ നടത്തിയ കണ്ടെത്തലിനെക്കുറിച്ച് പൊറ്റെക്കാട്ട് വിശദീകരിക്കന്നതിൽ ആഫ്രിക്കൻജനതയെ അവരുടെ ഉദ്ദേശ്യത്തിൽനിന്നും അന്തരീക്ഷത്തിൽനിന്നും എത്ര അകലെ വിഛേദിച്ച് മാറ്റിനിർത്തിയിരിക്കുന്നു എന്നു വ്യക്തമാക്കുന്നുണ്ട്:

> ''സാംബസിനദിയുടെ പാതാളവീഴ്ചയുടെ കാഴ്ച ആദ്യമായി ദർശിച്ച വെള്ളക്കാരൻ ആരായാലും ശരി, ലിവിങ്സറ്റൺ അവിടെ വന്നതിന്റെ എത്രയോ നൂറ്റാണ്ടുകൾ മുമ്പു മുതൽക്കു തന്നെ കാപ്പിരികൾ അതിനെ കണ്ടും ആരാധിച്ചും വന്നിരുന്നുവെന്നതു വാസ്തവമാണ്. ഈ ജലപാതം പോലെത്തന്നെ ഗംഭീരമായ സാംബസിനദിയും കാപ്പിരികൾക്കു ദുർഗ്രഹമായ ഒരദ്ഭുതമായിരുന്നു. ഇരുമ്പുചങ്ങലകൊണ്ടു കൂട്ടിക്കെട്ടിയ അടിമക്കൂട്ടങ്ങളെയും വഹിച്ചു നാടൻ തോണികൾ സാംബസിനദിയിലൂടെ നീങ്ങുന്നത് അവർ കാണാറുണ്ട്. എന്നാൽ ആ മഹാനദിയുടെ ഗതിയെപ്പറ്റി അവർക്കൊരറിവും ഉണ്ടായിരുന്നില്ല. അവരുടെ ഗ്രാമീണഗാനം ഇതായിരുന്നു:
>
> ''അയ്യയ്യോ ലീയാംബി![45] എങ്ങുനിന്നാകുന്നു?
> നീയെങ്ങുപോകുന്നു?- ആർക്കറിയാം.''[46]

വിക്ടോറിയ വെള്ളച്ചാട്ടം എന്ന കുറിപ്പ്, വെള്ളച്ചാട്ടത്തെക്കുറിച്ചല്ല യഥാർഥത്തിൽ വിവരിക്കുന്നത്. യൂറോപ്യരുടെ കണ്ടെത്തലുകളുടെ ആധികാരികതയും

ആഫ്രിക്കൻജനതയുടെ അറിവില്ലായ്മയും കാണാനും കേൾക്കാനും മനസ്സിലാക്കാനുമുള്ള ശേഷിയില്ലായ്മയും ചേർത്തുവയ്ക്കുകയാണ് പൊറ്റെക്കാട്ട്. മനസ്സിലാക്കിയാൽതന്നെ യൂറോപ്യൻ ആധികാരികതയുടെയും ഭ്രമണങ്ങളുടെയും തെളിച്ചത്തിൽ ആഫ്രിക്കൻജനതയുടെ അറിവ് പരിമിതവും പരിഹാസ്യവുമാണെന്ന് സാക്ഷ്യപ്പെടുത്തുകകൂടി ചെയ്യുന്നുണ്ട് അദ്ദേഹം. ജലപാതവും സാംബസിനദിയും 'കാപ്പിരികൾക്ക്' ദുർഗ്രഹമായ ഒരത്ഭുതമായിരുന്നു എന്നും അവർ ജലപാതവും നദിയും കണ്ടിട്ടും കേട്ടിട്ടും അവർക്കൊരറിവും ഉണ്ടായിരുന്നില്ല എന്നും പൊറ്റെക്കാട്ട് സാക്ഷ്യപ്പെടുത്തുന്നതിന്റെ 'യുക്തി'യാണ് ആഫ്രിക്കൻ യാത്രക്കുറിപ്പിനെയാകെ വാർത്തെടുത്തിരിക്കുന്ന മൂശ.

അരനൂറ്റാണ്ടിനുശേഷം വിക്ടോറിയവെള്ളച്ചാട്ടത്തെക്കുറിച്ചെഴുതുന്ന സക്കറിയ ഒരു സംഭാഷണത്തിലൂടെ യൂറോപ്യർ കണ്ടുപിടിച്ച വെള്ളച്ചാട്ടത്തെ ചരിത്രവൽക്കരിക്കാൻ ശ്രമിക്കുന്നുണ്ട്:

> ''എന്റെ ഗൈഡ് മൈക്കളിന്റെ സുഹൃത്ത് വാഷിങ്ടൺ എന്നോട് പറഞ്ഞു, 'ഡേവിഡ് ലിവിങ്സറ്റൺ വിക്ടോറിയവെള്ളച്ചാട്ടം കണ്ടുപിടിച്ചു എന്നു പറയുന്നത് എന്തൊരു അസംബന്ധമാണ്. ലിവിങ്സ്റ്റൺ കാണുന്നതിനു മുമ്പ് എത്രയോ ആയിരം വർഷങ്ങളായി ആഫ്രിക്കക്കാർക്ക് ഈ വെള്ളച്ചാട്ടം അറിയാമായിരുന്നു. വെള്ളക്കാരന്റെ കണ്ണു പതിക്കുന്നത് മാത്രമേ 'കണ്ടുപിടിത്ത'മാവുകയുള്ളോ? വാഷിങ്ടൺ പറഞ്ഞത് 100 ശതമാനം ശരിയാണ്. കൊളോണിയലിസത്തിന്റെ അവകാശവാദങ്ങളുടെ ഭാഗമാണ് ഇത്തരം 'കണ്ടുപിടിത്ത' ചരിത്രങ്ങൾ.''[47]

ഈ പ്രസ്താവനയ്ക്ക് ശേഷം സക്കറിയ വാഷിങ്ടൺ പറഞ്ഞ 100 ശതമാനം ശരിക്കൊപ്പമല്ല നിൽക്കുന്നത്. പകരം രണ്ട് പേജിലായി, കണ്ടുപിടിത്തം നടത്തിയ ലിവിങ്സ്റ്റന്റെ ജീവിതചിത്രങ്ങളും സാഹസങ്ങളും ഉദാത്തമനഃസ്ഥിതിയും വരച്ചിടു

കയാണ് ചെയ്യുന്നത്. മാത്രവുമല്ല, ലിവിങ്സ്റ്റന്റെ പ്രതിമയ്ക്കു മുന്നിൽ നിന്ന് ഫോട്ടോയെടുത്ത് കൂടെ ചേർക്കുകയും ചെയ്യുന്നു. ആഫ്രിക്കക്കാരുടെ അറിവില്ലായ്മയെക്കുറിച്ച് പൊറ്റെക്കാട്ട് നടത്തിയ പ്രസ്താവനകളും ലിവിങ്സ്റ്റന്റെ സുദീർഘ അപദാനങ്ങളും സംഗ്രഹിച്ച് നൽകുകയാണ് സക്കറിയ. പൊരുൾ മാറുന്നില്ല, സമീപനവും.

ആഖ്യാനത്തിൽ മുന്തിനിൽക്കുന്ന ഈ യൂറോപ്യൻ സാന്നിധ്യത്തിന്റെ ധാരാളിത്തം, ആഫ്രിക്കൻ ഇടത്തെ, ജനതയെ, വലിയ അസാന്നിധ്യമായി ആഖ്യാനത്തിലുടനീളം സാക്ഷാൽക്കരിച്ചുകൊണ്ടാണ് വിഭാവനം ചെയ്യുന്നത്. ചരിത്രത്തിൽ ഇനി അവശേഷിക്കുന്നതെല്ലാം ഇടത്തിന്റെ സ്ഥാനമാണെന്ന് ഫൂക്കോ നിരീക്ഷിക്കുന്നത് എഡ്വേഡ് സോജ *ചരിത്രം, ഭൂമിശാസ്ത്രം ആധുനികത* എന്ന പ്രബന്ധത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.[48] അതുകൊണ്ട് ചരിത്രവാദങ്ങൾക്കെല്ലാം സ്ഥലത്തെ അഭാവവത്ക്കരിക്കുന്ന പ്രശ്നങ്ങളുണ്ടെന്നും സോജ നിരീക്ഷിക്കുന്നുണ്ട്. ഇടത്തിൽ നിന്ന് മുഖം തിരിച്ച് കാലത്തോട് ഉന്മുഖമായി ചരിക്കുന്ന ആഖ്യാനപദ്ധതിയാണ് പലതലങ്ങളിലും സഞ്ചാരക്കുറിപ്പുകൾ. എന്നാൽ മറ്റ് ആഖ്യാനപദ്ധതികളിൽനിന്ന് വ്യത്യസ്തമായി സഞ്ചാരസാഹിത്യം ഇടത്തെ കുറച്ചുകൂടി ഗൗരവമായി പരിഗണിക്കുന്നുണ്ടുതാനും. ആഫ്രിക്കയെ സംബന്ധിച്ചിടത്തോളം ഇടത്തിലാണ് അധ്വാനത്തിന്റെ വലിയ സാന്നിധ്യമുള്ളത്. അധ്വാനത്തിന്റെ സാന്നിധ്യമെന്നു പറഞ്ഞാൽ ആഫ്രിക്കയിലെ തദ്ദേശീയരായ സ്ത്രീ-പുരുഷന്മാരുടെ സാന്നിധ്യമാണത്. ആ സാന്നിധ്യത്തിന്റെ ചലനാത്മകതയെ തിരസ്കരിക്കുകയാണ് ഇടത്തെ പാർശ്വവൽക്കരിക്കുന്നതിലൂടെ ചെയ്യുന്നത്.

ഇടത്തിലെ ജൈവസാന്നിധ്യങ്ങൾ, മണ്ണും മരങ്ങളും ചെടികളും പുഴയും മലകളും സഹജീവികളും ഉൽപ്പാദനവ്യവസ്ഥകളും വിഭവങ്ങളും ജനതയുടെ സാന്നിധ്യത്തിന്റെ ഭൗതികതയെയാണ് വിളിച്ചുപറയുന്നത്. അടിസ്ഥാന ജൈവമൂലകങ്ങൾ അപ്രസക്തമാക്കുക വഴി, എഴുതാതിരിക്കുകവഴി തലതിരിഞ്ഞ സാമൂഹിക

ബന്ധങ്ങളെയാണ് ഇത്തരം ആഖ്യാനങ്ങൾ പ്രക്ഷേപിക്കുന്നത്. ചരിത്രവാദങ്ങളിൽ ഫൂക്കോ നിരീക്ഷിക്കുന്ന ഇടത്തിന്റെ അസാന്നിധ്യം ഈയർഥത്തിലാണ് പ്രസക്തമാകുന്നത്. ആഫ്രിക്കൻ ഭൂഖണ്ഡങ്ങളിലുണ്ടെന്ന് യൂറോപ്യർ പറയുന്ന ഇരുട്ട് ഇടത്തിന്റെ അഭാവത്തിൽനിന്ന് ഉണ്ടാവുന്ന ഇരുട്ടാണ്. ആമുഖക്കുറിപ്പിൽ സക്കറിയതന്നെ കൊളോണിയൽ വ്യവഹാരങ്ങളുടെ താൽപ്പര്യപ്രകാരം ആഫ്രിക്കയ്ക്കുമേൽ വീണ ഇരുളിനെക്കുറിച്ച് വാചാലനാവുന്നുണ്ട്:

> ''1871-ൽ ബ്രിട്ടീഷ് മിഷനറിയും സഞ്ചാരിയുമായിരുന്ന ഡേവിഡ് ലിവിങ്സ്റ്റണെ തേടിപ്പോയ ബ്രിട്ടീഷ് പത്രപ്രവർത്തകൻ ഹെൻറി മോർട്ടൺ സ്റ്റാൻലിയുടെ യാത്രാവിവരണങ്ങൾ ആഫ്രിക്കയെ അതിസാഹസികതയോടെ സമീപിക്കേണ്ട ഒരു അന്ധകാരകാണ്ഡമായി ലോകത്തിന് മുൻപാകെ അവതരിപ്പിച്ചു. കോംഗോനദീതടത്തിലെ മഴക്കാടുകളിലൂടെയുള്ള യാത്രകൾ അതീവ ദുർഘടമായിരുന്നുവെന്നതിൽ സംശയമില്ല - മറ്റേത് ഉഷ്ണമേഖലാ മഴക്കാടിനെയും പോലെ. 'ത്രൂ ദി ഡാർക്ക് കോണ്ടിനെന്റ്' എന്നായിരുന്നു സ്റ്റാൻലിയുടെ പുസ്തകത്തിന്റെ പേര്. അങ്ങനെയാണ് 'ഇരുണ്ട ഭൂഖണ്ഡ'മെന്ന നാമം ആഫ്രിക്കയുടെമേൽ പതിഞ്ഞത്.''[49]

ഈ നാമകരണത്തിനു പിന്നിൽ സഞ്ചാരസാഹിത്യകാരനായത് യാദൃച്ഛികമല്ല. സഞ്ചാരസാഹിത്യം അനുശീലനപരമായി സ്വാംശീകരിക്കുന്ന ശ്രേണീകരണങ്ങളുടെ നിയമാവലികളാണ് ആഫ്രിക്കയെ ഇരുൾ പുതപ്പിക്കുന്നത്. അത് ആഫ്രിക്കയ്ക്കുള്ളിൽ നിന്നുള്ള ആശയങ്ങളുടെ വിഭാവനമല്ല, ആഫ്രിക്കയ്ക്ക് വെളിയിലുള്ള, ആഫ്രിക്കയുടെ മേൽ അധിനിവേശം നടത്തിയ അധീശഭാവനയുടെ തലക്കുറിയാണ്. സ്റ്റാൻലിയെപ്പോലുള്ള സഞ്ചാരികൾ ആഫ്രിക്കയ്ക്ക് മേൽ ഇറക്കിവച്ചത്, ആഫ്രിക്കക്കാരുടെ ഭാരമല്ല; അധിനിവേശക്കാരുടെ ഭാരമാണ്. സ്റ്റാൻലി മാത്രമല്ല, പിന്നീട് യൂറോപ്പിൽനിന്നും ഏഷ്യയിൽനിന്നുമൊക്കെ ആഫ്രിക്കയിലേക്ക്

പോകുന്ന സഞ്ചാരികളുടെ മേലാപ്പുകളിലെല്ലാം ഈ ഭാരം ഏറിയോ കുറഞ്ഞോ ഉണ്ടായിരുന്നു എന്നു വേണം കരുതാൻ.

സഞ്ചാരസാഹിത്യത്തെ, അധിനിവേശപ്രക്രിയകളെ ത്വരിതപ്പെടുത്തുന്ന സാമൂഹിക-സാംസ്കാരിക ഉപകരണമായിട്ടാണ് പലരും പരിഗണിക്കുന്നത്. *സഞ്ചാരസാഹിത്യം മലയാളത്തിൽ* എന്ന കൃതിയുടെ രചയിതാവായ വി. രമേഷ്ചന്ദ്രൻ ആഫ്രിക്കൻ അധിനിവേശം നടത്തിയ ചില യൂറോപ്യൻ വിഷയിക ളെക്കുറിച്ച് സൂചിപ്പിക്കുന്നത് നോക്കുക:

> ''ഇരുണ്ട ആഫ്രിക്കയുടെ രഹസ്യങ്ങൾ അനാവരണം ചെയ്യാനുള്ള സാഹസികയത്നത്തിലായി സഞ്ചാരികൾക്ക് താൽപ്പര്യം. മംഗോ പാർക്ക്, മേരി കിങ്സ്ലി, വിന്റ് വുഡ് റീഡ് തുടങ്ങിയവർക്ക് ആ യത്നത്തിൽ ജീവൻ തന്നെ ഹോമിക്കേണ്ടിവന്നു. മതപ്രചാര ണത്തിനും ശാസ്ത്രീയപര്യവേക്ഷണങ്ങൾക്കുമാണ് ഡേവിഡ് ലിവിങ്സ്റ്റൺ (1813 - 73) അംഗോള, ടാങ്കാനിക്ക, മധ്യാഫ്രിക്ക എന്നി വിടങ്ങളിൽ വിപുലവും ക്ലേശകരവുമായ യാത്രകൾ നടത്തിയത്. വിക്ടോറിയജലപാതം, ന്യാസാതടാകം, വാങ്കവിയൊലൊ ജലാ ശയം, ബാലൊണ്ട, ലോഅണ്ട പ്രദേശങ്ങൾ എന്നിവയെല്ലാം അദ്ദേഹം കണ്ടെത്തി.''[50]

സഞ്ചാരസാഹിത്യം ഒരു അനുശീലനം എന്നയർഥത്തിൽ ആധികാരികതയുടെയും പ്രാമാണികതയുടെയും അധീശയുക്തിയെയാണ് ആഖ്യാനങ്ങൾക്കുള്ളിൽ വിന്യ സിക്കുന്നത്. മേൽ സൂചിപ്പിച്ച വിധത്തിലുള്ള 'കണ്ടുപിടിത്ത'ങ്ങൾ ആഫ്രിക്കൻ ജനതയുടെ ജ്ഞാനസമ്പ്രദായങ്ങൾക്കുമേലുള്ള കടന്നു കയറ്റമാണ്. വിവിധ അനുശീലനങ്ങളിലൂടെ, പ്രത്യേകിച്ച് മതം, സ്ഥാപനങ്ങൾ, ഭാഷ, വേഷം, ഭക്ഷണം, ആശയാവലികൾ തുടങ്ങി എല്ലാ വിഷയങ്ങളിലുമായി യൂറോപ്യർ നടത്തിയ കട ന്നുകയറ്റങ്ങളുടെ വിഷയസഞ്ചയത്തിൽ, സഞ്ചാരസാഹിത്യംകൂടി അധിനിവേശ ത്തിന്റെ ഉപകരണമാകുന്നതെങ്ങനെ എന്നു പ്രതിഫലനാത്മകമായി പരിശോധി

ക്കാൻ പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും സഞ്ചാരകൃതികൾ പരിഗണിക്കാവുന്നതാണ്. ജ്ഞാനത്തിന് അധികാരവുമായുള്ള സങ്കീർണമായ ബന്ധങ്ങളെയാണ് ഈ സഞ്ചാരക്കുറിപ്പുകൾക്കുള്ളിൽ കാണേണ്ടത്.

**കുറിപ്പുകൾ**


1. നാലപ്പാട്ട് നാരായണമേനോൻ, ഇന്ത്യയും ഈജിപ്തും, മഗളോദയം, പുസ്തകം 6, ലക്കം 4, തൃശൂർ, 1913, പുറം 143.

2. അതേ ലേഖനം, പുറം 85

3. ഇ.വി. രാമകൃഷ്ണൻ, ദേശീയതയും സാഹിത്യവും, ഡി.സി. ബുക്സ്, കോട്ടയം, പുറം 74

4. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, ആഫ്രിക്കയുടെ മണ്ണിൽ, ഡി. സി. ബുക്സ്, കോട്ടയം, പുറം 13.

5. എസ്. കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, കാപ്പിരികളുടെ നാട്ടിൽ, ഡി. സി. ബുക്സ്, കോട്ടയം, പുറം 28.

6. അതേ പുസ്തകം, പുറം 182.

7. അതേ പുസ്തകം, പുറം 183.

8. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം, പുറം 45.

9. Caseu Blanton, Travel Writing. The Self and the world. Rout Ledge London, 1997, Page xi

10. Maureen Mulligam, Representation of India in the Female Gazc : Four Women Travellers, Rupkatha Journal, Volume VII, Number 2, 2015, Page-51.

11. Antrinette Burton, Brown Over Black, Three Essays Collective, Gurgaon, 2012, Page, 12-13.

12. Ibid. Page 1-3

13. Dunlaith Bird, Travelling in Different skins, Oup, 2012 Page-2

14. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം 2014, പേജ് 45.

15. നിവേദിത മേനോൻ, അകമേ പൊട്ടിയ കെട്ടുകൾക്കപ്പുറം ഇന്ത്യൻ ഫെമിനിസത്തിന്റെ വർത്തമാനങ്ങൾ (വിവ. ജെ. ദേവിക) എസ്.പി.സി.എസ്.കോട്ടയം, 2017, പേജ്-71-72.

16. Elizabeth Zold, Disconforting Narrative : Teaching Eighteenth Century Women's Travelogues, ABO: Interactive Journal for Woman int the Arts – 1640-1830, Scholar Commons, University of South Florida, Colume 4.2, Septan 2014, page 4.

17. Pam Perkins, Journeys To Authority : Reassessing Women's Early Travel Writing, 1763-1862, Women's writing, 2017, Vol.24, No.2, 131-150, Routledge London 2017, page – 131.

18. Ibid, page-134.

19. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം 2014, പേജ് 109.

20. കെ.സി.വർഗീസ്, വർത്തമാനപ്പുസ്തകത്തിന്റെ വർത്തമാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018. പേജ്-40.

21. ഒ. ചന്തുമേനോൻ, ഇന്ദുലേഖ, റെഡ്റോസ് പബ്ലിഷേഴ്സ് കുന്നംകുളം, 2013, പേജ് 178.

22. This is undoubtedly a dialectical genre creating a complex interaction of objective and subjective reality and fantacy, the statics of descriptions and dynamics of the path expected and the real the general and the particular. If there is a formation of an integral picture of being form disparate details, the individuals correlates with the universal, the personality and the nation are the process of self-knowledge (Venera Sibgalullina, Viach eslav kryov, yuliya goveruhina, Polemical Aspects of the Travelogue Genre theory, Kazan Federal University, 2017, page 278.

23. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം, (1) ഡി.സി.ബുക്സ്, കോട്ടയം 2010, പേജ് - 78-79.

24. Edward W Said, Orientalism, Orient longman UK 2003, page 34.

25. Ibid 35.

26. Audrey Kobayashi and Mark Boyle, Colonizings Colonized: Sartre and Fanon, (Edited by Bhigail B. Batan and Enakshi Dua) The orizing Anti-Racism, University of Toronto Press, London, 2014, Page 193.

27. Ibid 192.

28. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ് കോട്ടയം, 2014, പേജ് 516.

29. ഡോ.ആരിഫ് അലി കൊളത്തെക്കാട്ട്, അറിയപ്പെടാത്ത പൗരസ്ത്യലോകം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2012, പേജ് 173-174.

30. Antoincttle Burton, Brown Over Black, Three Essays Colelctive Gurgaon, 2012.

31. Ibid Page-4

32. ഡോ. ആരിഫ് അലി കൊളത്തെക്കാട്ട്, അറിയപ്പെടാത്ത പൗരസ്ത്യ ലോകം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം. 2012, പേജ് 111-112.

33. ഫ്രാൻസ് ഫാനന്റെ Black Skin White Masks എന്ന കൃതിയുടെ ആശയം.

34. സക്കറിയ ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ് കോട്ടയം, 2014, പേജ് 604.

35. Antoinette Burton, Brown over Black. Three Essays Colelctive Gurgaon, 2012, Page 60.

36. "The feeling of an adolescent Africa as against a compartively adult Asia ..... lingered and haunted are throughout my stay there. It seemed as if Africa brist led with very man angry youngmen like children they felt afraid to walk alone in the dark, but at the same time they are

resentful and suspicious of anyone who might light their way" – Ibid page – 60.

37. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം, 2014, പേജ് -517.

38. സി. രാജേന്ദ്രൻ, വ്യാഖ്യാനശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005, പേജ്-72.

39. എസ്.കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം ഭാഗം ഒന്ന്, ഡി.സി.ബുക്സ് കോട്ടയം 2016, പേജ് - 41.

40. അതേ പുസ്തകം - പേജ് 37.

41. George Alen Hagman, On Ugliness, The psycho analytic Quarterly, October 2003. Page 101.

42. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം 2014, പേജ് -91.

43. Edward Soja, History, Geography Modernity (ed. Simon During, The Cultural Studies reader), Routledge London, 2001. Page 122.

44. എസ്. കെ. പൊറ്റെക്കാട്ട്, സഞ്ചാരസാഹിത്യം ഭാഗം ഒന്ന്, ഡി.സി.ബുക്സ്-കോട്ടയം 2010, പേജ്-31.

45. അതേ പുസ്തകം, പേജ് 32.

46. അതേ പുസ്തകം പേജ് 32.

47. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം 2014, പേജ് -218.

48. Edward Soja, History, Geography Modernity (ed. Simon During, The Cultural Studies reader), Routledge London, 2001. Page 122.

49. സക്കറിയ, ഒരു ആഫ്രിക്കൻയാത്ര, ഡി.സി.ബുക്സ്, കോട്ടയം 2014, പേജ് -17.

50. പ്രൊഫ.വി. രമേഷ്ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989, പേജ്-13.

# ഉപസംഹാരം

സവിശേഷമായ ആഖ്യാനം എന്ന നിലയിൽ സഞ്ചാരസാഹിത്യം അത് സ്വാംശീകരിക്കുന്ന ബഹുവിഷയാത്മകതകൊണ്ട് ഏറെ സമ്പന്നമാണ്. പ്രത്യേകിച്ച് രാഷ്ട്രീയ-സാംസ്കാരിക നിരീക്ഷകരെ, അരനൂറ്റാണ്ടിന്റെ വ്യത്യാസത്തിൽ രചിക്കപ്പെട്ട പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻ യാത്രക്കുറിപ്പുകൾ ഒരേസമയം വിഷയിയിലേക്കും വിഷയത്തിലേക്കും ശ്രദ്ധതിരിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. പൊറ്റെക്കാട്ട് സഞ്ചരിക്കുന്ന 1950 കളിലെയും സക്കറിയ സഞ്ചരിക്കുന്ന 2000-ത്തിലെയും സാമൂഹിക-സാംസ്കാരിക പ്രതിനിധാനങ്ങളും ജ്ഞാനശാസ്ത്രസങ്കൽപ്പങ്ങളും ഈ കണ്ടെഴുത്തുകാരുടെ സാമൂഹിക-രാഷ്ട്രീയ ഭാവനകളെ വിഭാവനം ചെയ്തതെങ്ങനെയാണെന്ന് സവിശേഷമായ ചില മണ്ഡലങ്ങളെ മുൻനിർത്തി വിശകലനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിലെ രണ്ട്, മൂന്ന്, നാല് അധ്യായങ്ങളിലായി ചെയ്തിട്ടുള്ളത്.

സഞ്ചാരസാഹിത്യത്തെ നാടിനെക്കുറിച്ചുള്ള രസകരങ്ങളായ 'കഥപറച്ചിലു'കളായി പരിഗണിച്ചിരുന്ന ചരിത്രസന്ദർഭത്തിൽനിന്ന് വലിയ വ്യതിയാനമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പൊറ്റെക്കാട്ടിന്റെ കാലത്ത് ഉണ്ടായിരുന്ന മനുഷ്യ-ഭൗമരേഖകളെക്കുറിച്ചുള്ള ആലോചനകൾ സക്കറിയയുടെ ചരിത്രസന്ദർഭത്തിലേക്കു വരുമ്പോൾ കാതലായ മാറ്റങ്ങൾക്കു വിധേയമാകുന്നുണ്ട്. സഞ്ചാരസാഹിത്യത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചും സമീപനത്തെക്കുറിച്ചും നിലവിലിരുന്ന ധാരണകളെ പുനരാലോചനയ്ക്ക് വിധേയമാക്കേണ്ട സാമൂഹികസാഹചര്യമാണ് നിലനിൽക്കുന്നത്. കോളണീകരണത്തിനുശേഷമുള്ള സാംസ്കാരികസാഹചര്യങ്ങളിൽ കേരളീയാന്തരീക്ഷത്തിൽ സംഭവിച്ച ബാഹ്യ-ആന്തരികമാറ്റങ്ങളെ ചരിത്രപരമായി സ്വാംശീകരിക്കുന്ന വിഷയികളാണ് എസ്.കെ. പൊറ്റെക്കാട്ടും സക്കറിയയും.

ആഫ്രിക്കൻവിഷയങ്ങളിൽ ഈയൊരു രാഷ്ട്രീയം വളരെ ആഴത്തിൽ ശ്രേണീകരിക്കപ്പെട്ടിരിക്കുകയാണ്.

പല അർഥത്തിലും സഞ്ചാരസാഹിത്യത്തിന്റെ കേന്ദ്രം എന്നത് യാത്രികരുടെ അനുഭവങ്ങൾകൂടിയാണ്. അതായത് അനുഭവപരതയ്ക്ക് മറ്റ് ആഖ്യാനപ്രസ്ഥാനങ്ങളിൽനിന്നും വ്യതിരിക്തമായ ഊന്നൽ സഞ്ചാരസാഹിത്യം നൽകുന്നുണ്ട്. ഇത് ആഖ്യാനങ്ങളുടെ ഉള്ളടക്കത്തെയും മുൻഗണനക്രമങ്ങളെയും സവിശേഷമായി ശ്രേണീകരിക്കുന്നുണ്ട്. കാഴ്ചയ്ക്കു വിഷയീഭവിക്കുന്ന വിഭവങ്ങളിൽനിന്ന് കാഴ്ചയ്ക്കപ്പുറത്തേക്കും വിഷയങ്ങളുടെ വേരുകളിലേക്കും ഇറങ്ങിപ്പോവാനും സഞ്ചാരസാഹിത്യത്തിനു കഴിയും. കാഴ്ചപ്പെടുന്നതിൽനിന്ന് അതിന്റെ ചുറ്റുവട്ടത്തേക്ക് യഥേഷ്ടം വിവരാവബോധത്തെ ആസ്പദമാക്കിയാണ് സഞ്ചാരക്കുറിപ്പുകളിലെ വിവരണങ്ങൾ സാധ്യമാകുന്നത്. സഞ്ചാരക്കുറിപ്പുകൾ അനുഭവപരതയുടെ യാഥാർഥ്യബോധമാണ് പങ്കുവയ്ക്കുന്നതെന്നത് എന്ന നിഗമനത്തിന്റെ അർഥവും മറ്റൊന്നല്ല.

അനുഭവപരതയുടെ ഈ ആധികാരികതയെ മുൻനിർത്തിയാണ് ആദ്യകാല സഞ്ചാരസാഹിത്യകൃതികളെ ചരിത്രരചനയുടെ ഭാഗമായി വ്യാപകമായി പരിഗണിക്കുന്നത്. പ്രത്യേകിച്ചും ചരിത്രകൃതികളുടെ അഭാവത്തിൽ സവിശേഷമായി ശ്രദ്ധിക്കുന്നത്. ഈ പ്രബന്ധത്തിൽനിന്ന് സമാന്തരമായി ചരിത്രഭാവനയുടെ വിശദാംശങ്ങളിലേക്ക് ഇറങ്ങിപ്പോകാൻ സഹായകമായ സങ്കൽപ്പനങ്ങൾ സ്വാംശീകരിക്കാവുന്നതാണ്. അതായത് പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും യാത്രക്കുറിപ്പുകളിൽനിന്ന് രൂപീകരിച്ചെടുക്കാവുന്ന ചരിത്രഭാവനകൾ ഈ പ്രബന്ധത്തോടനുബന്ധമായും അനുപൂരകമായും അന്വേഷിക്കാവുന്ന മണ്ഡലമാണ് എന്നു സൂചിപ്പിക്കുകയാണ്. അത്തരമൊരു വിഷയത്തെ വിഭാവനം ചെയ്യാൻ പര്യാപ്തമായ സൂചനകളും സങ്കൽപ്പങ്ങളുമാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കത്തിൽ സങ്കൽപ്പിച്ചിരിക്കുന്നത് എന്നുസാരം.

യാത്രയും ദേശവും മറ്റ് അനുബന്ധവിഷയസംഘാതങ്ങളും സവിശേഷ സാമൂഹികഭാവനയിലേക്കു സഞ്ചാരസാഹിത്യമെന്ന പ്രസ്ഥാനരൂപത്തിൽ വിഭാവനം ചെയ്യപ്പെടുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ ഗ്രന്ഥത്തിലെ ഒന്നാം അധ്യായം ചില സങ്കൽപ്പനങ്ങളെ മുന്നോട്ടു വയ്ക്കുന്നത്. കൊളോണിയൽപൂർവ സാമൂഹികാനുഭവങ്ങളുടെ ധാരയിൽ പതിഞ്ഞുകിടക്കുന്ന സഞ്ചാരവിഷയത്തിന്റെ ആഖ്യാനരൂപങ്ങളെ മുൻനിർത്തിയുള്ള പഠനം ഏറെ പ്രധാനപ്പെട്ടതാണ്. സന്ദേശകാവ്യങ്ങളിലെ വിഷയിയുടെ ദേശാന്തരയാത്രകളുടെ സാംസ്കാരികാനുഭവം വേണ്ടത്ര ആഴത്തിൽ പരിഗണിക്കാതെയാണ് മലയാളത്തിലെ സഞ്ചാരസാഹിത്യ പഠനങ്ങൾ മുമ്പോട്ടു പോയിട്ടുള്ളത് എന്ന കാര്യം വിമർശനാത്മകമായി സൂചിപ്പിക്കാനും ഈ സന്ദർഭം ഉപയോഗിക്കുകയാണ്.

കോളണീകരണത്തിന്റെ അനുബന്ധവിഷയമായി ഗദ്യത്തിന്റെ വ്യാപനത്തോടെ ചരിത്രം, ആത്മകഥ, നോവൽ, ജീവചരിത്രം തുടങ്ങിയ അനുശീലനങ്ങൾക്കൊപ്പമാണ് സഞ്ചാരസാഹിത്യം മലയാളസാഹിത്യത്തിന്റെ ഭാഗമാകുന്നതെന്ന വിലയിരുത്തലാണ് പൊതുവെ സഞ്ചാരസാഹിത്യപഠനങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. പൊറ്റെക്കാട്ടിനെപ്പോലുള്ളവരെ സാഹിത്യചരിത്രത്തിനുള്ളിൽ സ്ഥാനപ്പെടുത്തിയിട്ടുള്ളതും ഈ അർഥത്തിലാണ്. കൊളോണിയൽ വിഷയസങ്കൽപ്പത്തിനുള്ളിലെ ആഫ്രിക്കൻചിത്രങ്ങളുടെ സ്വഭാവമാണ് പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻ കുറിപ്പുകളിൽ പ്രതിഫലിക്കുന്നത്. പ്രത്യേകിച്ച് യൂറോകേന്ദ്രിത വ്യവഹാരങ്ങൾക്കുള്ളിൽ ശ്രേണീകൃതമായി വിഭാവനം ചെയ്യപ്പെടുന്ന മലയാളിവിഷയിയുടെയും ആഫ്രിക്കൻ വിഷയത്തിന്റെയും ഉള്ളടക്കമാണ് ഈ സഞ്ചാരക്കുറിപ്പുകൾ പങ്കിടുന്നത്. കൊളോണിയൽ വിഷയി/വിഷയരൂപീകരണത്തിന്റെ ചരിത്ര-രാഷ്ട്രീയപശ്ചാത്തലത്തിലാണ് പൊറ്റെക്കാട്ട് എന്ന സഞ്ചാരസാഹിത്യകാരൻ ഉണ്ടാവുന്നത്. അത്തരത്തിൽ 'വിഷയി' എന്ന നിലയിൽ പൊറ്റെക്കാട്ടിന്റെ കർതൃത്വരൂപീകരണവും കർതൃത്വരൂപീകരണം സാധ്യമാക്കുന്ന വിഷയവിഭാവനകളും കൊളോണിയൽ ശ്രേണീകരണയുക്തികളാൽ സ്വാധീനിക്കപ്പെട്ടവയാണ്. കോള

ണീകരണത്തിന് വിധേയമായ സമൂഹങ്ങളിൽ അടിച്ചേൽപ്പിക്കപ്പെടുന്ന വിഷയ/വിഷയി മാതൃകയാണ് പൊറ്റെക്കാട്ട് എന്ന സഞ്ചാരസാഹിത്യകാരന്റെ ആഫ്രിക്കൻകുറിപ്പുകളുടെ ആകത്തുക.

എസ്.കെ. പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻ ആഖ്യാനങ്ങളിലെ കൊളോണിയൽ വിഷയിയെ വിമർശനാത്മകമായി പരിശോധിക്കുക എന്നത് സഞ്ചാരക്കുറിപ്പുകളുടെ മുന്നുപാധിയായി സ്വീകരിച്ചുകൊണ്ടാണ് സക്കറിയ തന്റെ ആഖ്യാനത്തെ വിന്യസിക്കുന്നത്. അരനൂറ്റാണ്ടിനു ശേഷമുള്ള ലോകബോധത്തിൽ പൊറ്റെക്കാട്ടിന്റെ ആഫ്രിക്കൻവിഷയവും വിഷയിയും കീഴ്മേൽ മറിക്കപ്പെടുകയും പുതിയ വിഷയി രൂപപ്പെടുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. പക്ഷേ, അധിനിവേശത്തിനു വിധേയമാവുന്ന കോളണികൾ തമ്മിൽ ശ്രേണീകരിക്കുന്ന സങ്കീർണമായ അധികാരപ്രക്രിയ സക്കറിയയുടെ ആഖ്യാനത്തിന്റെയും അബോധത്തിൽ പ്രവർത്തിക്കുന്നുണ്ട്. കോളനീകൃത പ്രത്യയശാസ്ത്രത്തെ തിരിച്ചറിയുമ്പോഴും അബോധം അതിനു വിധേയപ്പെട്ടുനിൽക്കുന്ന വൈരുധ്യം സക്കറിയയിൽ കാണാനാവുന്നുണ്ട്. ആഫ്രിക്കൻജനതയ്ക്കുമേൽ മറ്റു കുടിയേറ്റക്കാരെപ്പോലെ ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റക്കാരും അധീശത്വം സ്ഥാപിക്കുന്നത് സക്കറിയ പൂർണമായും കാണാതിരിക്കുന്നില്ല. എന്നാൽ ഈ അധിനിവേശത്തിന്റെ കാരണം വിശദീകരിക്കുമ്പോൾ സക്കറിയയുടെ ഭാഷയും നിരീക്ഷണങ്ങളും കൊളോണിയൽ യൂറോപ്പിന്റെ വിഷയവിഭാവനയിലേക്ക് കുടിയേറുന്നത് പ്രകടമാണ്.

കോളണീകരണത്തിന്റെയും അപകോളനീകരണത്തിന്റെയും സാംസ്കാരികശ്രേണീകരണത്തിനുള്ളിൽ വിവിധ ദേശങ്ങളും അവിടങ്ങളിലെ സമൂഹങ്ങളും അവരുടെ ആചാരവിശ്വാസങ്ങളും എങ്ങനെ അപമാനവീകരിക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്തുവെന്ന് പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻചിത്രങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഈ പ്രബന്ധം മുന്നോട്ടുവയ്ക്കുന്ന പ്രധാന നിഗമനങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാവുന്നതാണ് :

1. വിഷയി/വിഷയ രൂപീകരണത്തിന്റെ ചരിത്രമാണ് സഞ്ചാരക്കുറിപ്പുകളുടെ അടിത്തറ. സാമൂഹികജീവിതചുറ്റുപാടുകളാൽ നിർണയിക്കപ്പെടുന്ന സാംസ്കാരികകർത്തൃത്വമാണ് വിഷയത്തെ വിഭാവന ചെയ്യുന്നത്. വിഷയി തന്റെ അറിവ് ആർജ്ജിച്ചെടുക്കുന്ന സാമൂഹികവും സാമ്പത്തികവുമായ സാഹചര്യം, വിഷയത്തെ രൂപീകരിക്കുന്നതിൽ നിർണായകമാണ്. വിഷയ -വിഷയിബന്ധം പരസ്പരാശ്രിതമാണെന്നർഥം.

2. സഞ്ചാരസാഹിത്യം മറ്റ് അനുശീലനങ്ങളിൽനിന്ന് വ്യതിരിക്തമായ ചരിത്രാത്മകത പ്രതിഫലിപ്പിക്കുന്നുണ്ട്. സഞ്ചാരസാഹിത്യം കാലത്തെ സ്വാംശീകരിക്കുന്നത് ചരിത്രരചനയുടെ രീതിശാസ്ത്രപദ്ധതിയോട് അടുത്തുനിൽക്കുന്ന സങ്കല്പങ്ങളെ മുൻനിർത്തിയാണ്. പലപ്പോഴും കാലത്തെയും ഭൂമിശാസ്ത്രത്തെയും സമൂഹത്തെയും മറ്റും ചരിത്രരചനാപദ്ധതിക്കപ്പുറം മറികടക്കാനും ഈ വ്യവഹാരമാതൃകയ്ക്കാവും. സംസ്കാരപഠനങ്ങളുടെയും പ്രാദേശിചരിത്രരചനയുടെയും സങ്കല്പങ്ങളും രാഷ്ട്രീയവിവക്ഷകളും സഞ്ചാരസാഹിത്യത്തിന്റെ വിഷയവിവക്ഷകളെ മനസ്സിലാക്കാനും വിശദീകരിക്കാനും ഉതകുന്നതാണ്.

3. കൊളോണിയൽ വിധേയത്വത്തിന്റെ ശ്രേണീഭാഷ്യമാണ് പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻ യാത്രക്കുറിപ്പുകൾ. ഇന്ത്യൻ വിഷയിയെ രൂപീകരിച്ച കൊളോണിയൽ ജ്ഞാനപക്ഷത്തിന്റെ ഉള്ളടക്കമാണ് പൊറ്റെക്കാട്ടിന്റെ ശ്രേണീകരണബോധത്തെ നിർണ്ണയിച്ച അടിസ്ഥാനഘടകം. കൊളോണിയൽ അഭിനിവേശവിഷയങ്ങളുടെ മുൻഗണനാക്രമങ്ങളെയും താൽപ്പര്യങ്ങളെയും സ്വാംശീകരിക്കുന്നതിനായി പരിശീലിക്കപ്പെട്ട കർതൃത്വമാണ് അദ്ദേഹത്തിന്റേത്. വിഷയത്തെ പല അടരുകളായി ശ്രേണീ

കരിക്കാൻ ഇതുമൂലം സാധിക്കുന്നു. ആഫ്രിക്കയെ അടയാളപ്പെടുത്തുന്നതി നായി പൊറ്റേക്കാട്ട് ആശ്രയിക്കുന്ന നരവംശശാസ്ത്രം, ചരിത്രം, ഭൂമിശാ സ്ത്രം, മനശ്ശാസ്ത്രം, ജന്തുശാസ്ത്രം, പരിസ്ഥിതി തുടങ്ങിയ ജ്ഞാനപദ്ധ തികളെല്ലാം കൊളോണിയൽ വിഷയികൾ സവിശേഷതാൽപ്പര്യങ്ങളോടെ രൂപപ്പെടുത്തിയവയാണ്. എന്നാൽ അപകോളണീകരണത്തിന്റെ രാഷ്ട്രീ യാന്തരീക്ഷത്തിലാണ് സക്കറിയയുടെ ആഫ്രിക്കൻ യാത്ര നിർവ്വഹിക്കപ്പെ ടുന്നത്. വിഷയത്തിനും വിഷയിക്കും ചരിത്രപരമായി സംഭവിച്ച സ്വാധീന ങ്ങളും പരിണാമങ്ങളും തിരിച്ചറിയുന്ന കർതൃത്വമാണ് അദ്ദേഹത്തിന്റേത്. അപ്പോഴും ആഭ്യന്തരകോളണീകരണത്തിന്റെ ശ്രേണീകരണങ്ങൾ സക്കറി യയുടെ ആഖ്യാനത്തിൽ നിന്നും ധാരാളമായി എടുത്തുകാണിക്കാനാവും. ആഫ്രിക്കൻ ജനതയിൽ അദ്ദേഹം കണ്ടെത്തുന്ന അഭാവങ്ങളിൽ, കൊളോ ണിയൽ അധിനിവേശത്തിലൂടെ രൂപപ്പെട്ട ഇന്ത്യൻ വിഷയിയുടെ രാഷ്ട്രീ യാവബോധം തന്നെയാണ് പ്രതിഫലിക്കുന്നത്.

4. യൂറോപ്പ് വിഭാവനംചെയ്ത ഏഷ്യൻ, ആഫ്രിക്കൻ ശ്രേണിയിലെ ഇന്ത്യൻ പദവിയെയാണ് പൊറ്റെക്കാട്ടും സക്കറിയയുമെല്ലാം ആധാരമാക്കുന്നത്. ആഫ്രിക്ക, യൂറോപ്പ്, ഏഷ്യ എന്നിങ്ങനെ ശ്രേണീകരിക്കപ്പെട്ട ആശയാവലി കൾ രൂപപ്പെടുത്തി അത് തികച്ചും സ്വാഭാവികമെന്ന രീതിയിൽ വ്യാപിപ്പി ക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ പൊറ്റെക്കാട്ടിന്റെയും സക്കറിയയു ടെയും ആഖ്യാനങ്ങളിലുണ്ട്. യൂറോകേന്ദ്രിതബോധത്തിനുള്ളിൽ ആഫ്രി ക്കയെ അപേക്ഷിച്ച് ഇന്ത്യക്ക് നൽകപ്പെട്ടിട്ടുള്ള ഇടനില, ഒരു സവിശേഷ അധീശബോധം ഈ ഇന്ത്യൻ എഴുത്തുകാർക്ക് നൽകുന്നുണ്ട്. ആ ഇടനില ഒരു സങ്കീർണാവസ്ഥയാണ്. പൊറ്റെക്കാട്ടിൽ, കൊളോണിയൽ യുക്തി കളെ പൂർണമായി സ്വാംശീകരിച്ച്, ഇടനിലയിൽ നിന്നുകൊണ്ടുതന്നെ അധീശകർതൃത്വം സ്വന്തമാക്കുന്ന ആഖ്യാതാവിനെയാണ് കാണുന്നത്. സക്കറിയയാവട്ടെ, കൊളോണിയൽ യുക്തികളോടുള്ള അവിശ്വാസം പ്രത്യ

ക്ഷത്തിൽ പ്രകടിപ്പിക്കുമ്പോഴും ശ്രേണീകൃത അധീശയുക്തിയുടെ അബോധം ആഖ്യാനത്തിൽ നിലനിർത്തുന്നുണ്ട്.

5. സഞ്ചാരക്കുറിപ്പുകളിലേക്ക് സംഭവങ്ങളെയും ദേശത്തെയും തെരഞ്ഞെടുക്കുന്നത് സാംസ്കാരിക വ്യവസായത്തിന്റെ ചേരുവകൾകൂടി അടിസ്ഥാനമാക്കിയാണ്. സവിശേഷസമൂഹത്തിനുള്ളിലെ ജീവിതത്തിന്റെ ബാഹ്യ-ആന്തരികമണ്ഡലങ്ങളിലെയും ഭൗതികസാഹചര്യങ്ങളെയും നിലനിൽക്കുന്ന സാഹിത്യാഭിരുചികളുടെ ചട്ടക്കൂടിനുള്ളിലേക്ക് സാംസ്കാരിക ഭാവുകത്വത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനക്രമം ദീക്ഷിച്ചുകൊണ്ട് ഉൾച്ചേർക്കുന്നതിനായി നടത്തുന്ന തിരഞ്ഞെടുപ്പുകളാണ് സഞ്ചാരസാഹിത്യത്തിനുള്ളിലെ സംഭവങ്ങളായി ആഖ്യാനം ചെയ്യപ്പെടുന്നത്. സഞ്ചാരത്തിന് തിരഞ്ഞെടുക്കുന്ന ദേശം, മറ്റു ഭൗതികസാഹചര്യങ്ങൾ, സാമൂഹികാവസ്ഥ എന്നിവയെല്ലാം നിലനിൽക്കുന്ന സാംസ്കാരിക വ്യാവസായികമണ്ഡലത്തിൽ എത്രത്തോളം മൂല്യമുള്ള വിഷയമാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് അതാത് വിഷയവുമായി ബന്ധപ്പെട്ട സംഭവങ്ങൾ സഞ്ചാരസാഹിത്യത്തിന്റെ ആഖ്യാനചട്ടക്കൂടിനുള്ളിലേക്ക് ആനയിക്കപ്പെടുന്നത്. സംഭവങ്ങളുടെ തിരഞ്ഞെടുപ്പിൽ പൊറ്റെക്കാട്ടും സക്കറിയയും സ്വീകരിക്കുന്ന മുൻഗണനക്രമങ്ങൾ, ആഫ്രിക്കൻജനതയുടെ ജീവിതത്തെയോ അധ്വാനത്തെയോ സാമൂഹികബന്ധങ്ങളുടെ തനത് പ്രകൃതത്തെയോ അല്ല ഊന്നുന്നത്. മറിച്ച്, ശ്രേണീകരണത്തിലൂടെ പൊതുബോധത്തെ തൃപ്തിപ്പെടുത്തുന്ന മട്ടിൽ ആഫ്രിക്കക്കാരെ അപരവൽക്കരിച്ച് മാറ്റിനിർത്താനുതകുന്ന കഥകളുടെ ഏച്ചുകെട്ടലുകൾ ഒട്ടേറെ അധ്യായങ്ങളിൽ കാണാം.

6. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും സഞ്ചാരക്കുറിപ്പുകളിൽ കറുപ്പിനുമേലെ നിലനിൽക്കുന്ന തവിട്ട് (Brown) വർണബോധം പ്രതിഫലിപ്പിക്കുന്നുണ്ട്. നരവംശശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും ചിലവാദങ്ങൾ

നിരത്തിക്കൊണ്ട് ആഫ്രിക്കൻ സമൂഹങ്ങളെ വെളുപ്പിന്റെയും തവിട്ടിന്റെയും ഏറ്റവും അടിയിലായി സ്ഥാനപ്പെടുത്തുകയാണ് യൂറോപ്യന്മാർ ചെയ്തുപോന്നിരുന്നത്. കോളനീകരണത്തിന്റെ നീതീകരണയുക്തികൂടിയായാണ് അത് രൂപപ്പെടുന്നത്. തവിട്ടിനെ കറുപ്പിന് മുകളിലുള്ള ഒരു വർണനിലയായി പ്രതിഷ്ഠിക്കുന്ന ഈ കൊളോണിയൽ യുക്തിയെ പൊറ്റെക്കാട്ടും സക്കറിയയും പങ്കിടുന്നുണ്ട്. മുകളിൽ നിന്നുള്ള നോട്ടങ്ങളിലൂടെ ആഫ്രിക്കാരെ ശ്രേണീകരിക്കുന്ന നിരവധി സന്ദർഭങ്ങൾ ഇരുവരുടെയും ആഖ്യാനങ്ങളിൽ ധാരാളമുണ്ട്. അധികാരവും അറിവും തമ്മിലുള്ള സങ്കീർണമായ ബന്ധങ്ങളെ മുൻനിർത്തിയാണ് ഇത് വിശദീകരിക്കപ്പെടുന്നത്. സൂക്ഷ്മമായ അധികാരബന്ധങ്ങളുടെ പ്രവർത്തനഫലമായി, ആഫ്രിക്കയ്ക്കും യൂറോപ്പിനുമിടയിൽ നിൽക്കുന്ന ഏഷ്യ എന്നൊരു ആശയത്തെ ഏറ്റവും സ്വാഭാവികമായി അവതരിപ്പിക്കാൻ പൊറ്റെക്കാട്ടിനും സക്കറിയ്ക്കും സാധിക്കുന്നു. ആഖ്യാനത്തിലുടനീളം ഇന്ത്യൻ ചിത്രങ്ങൾ, ആഫ്രിക്കൻ സാംസ്കാരികചരിത്രത്തെ ഉരച്ചുനോക്കാനുള്ള ഉരകല്ലുകളായിട്ടാണ് കടന്നുവരുന്നത്. ഒരു സംസ്കാരവും ജനതയും മറ്റൊന്നിന്റെ താഴെയോ മേലെയോ എന്ന് തിട്ടപ്പെടുത്തുന്നതിനുള്ള അളവുകോലായി ഇവ്വിധം ഉപയോഗിക്കപ്പെടുന്നതിലുള്ള അനീതി പാരായണത്തിൽ കണ്ടെടുക്കാനാകും.

7. പൊറ്റെക്കാട്ടിന്റെയും സക്കറിയുടെയും നോട്ടങ്ങളിൽ തെളിയുന്നത് ആൺകാഴ്ചയുടെ ഭാഗികലോകം കൂടിയാണ്. കൊളോണിയൽ കേരളം സ്വാംശീകരിച്ച വിക്ടോറിയൻ സദാചാരത്തിനുള്ളിലേക്ക് ആഫ്രിക്കൻ സ്ത്രീ-പുരുഷബന്ധങ്ങളെ ചുരുക്കിക്കൊണ്ടുവരുകയും കേരളീയ സദാചാരമൂല്യങ്ങൾ ഉരകല്ലായെടുത്തുകൊണ്ട് ആഫ്രിക്കൻ ലൈംഗികതയെയും സ്ത്രീ-പുരുഷബന്ധങ്ങളെയും താരതമ്യപ്പെടുത്തുകയും ചെയ്യുന്ന രീതി ഈ ആഖ്യാനങ്ങളിൽ കാണാം. ആഫ്രിക്കയിലെ സ്ത്രീ-പുരുഷബന്ധങ്ങളെ, യൂറോപ്പിന് വായിച്ചെടുക്കാനെളുപ്പമായ രീതിയിൽ, പിതൃമേധാവി

ത്വപരമായ മുൻധാരണകൾ നിറഞ്ഞ യൂറോപ്പ്യൻ സംവർഗങ്ങൾക്കും സങ്കൽപ്പങ്ങൾക്കും അനുസൃതമായ രീതിയിൽ മാറ്റിത്തീർത്ത അധിനിവേശപ്രക്രിയയെ അബോധത്തിൽ വഹിക്കുന്നതുകൊണ്ടാണിത്.

8. അപരവൽക്കരണം പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഖ്യാനങ്ങളിൽ നിർണായക ഘടകമായി പ്രവർത്തിക്കുന്നുണ്ട്. ആഫ്രിക്ക എന്ന സാംസ്കാരികഇടം ഏറിയകൂറും യൂറോപ്പിന്റെയും ഇന്ത്യയുടെയും അപരമായിട്ടാണ് ചിത്രീകരിക്കപ്പെടുന്നത്. അപരവൽക്കരിക്കപ്പെട്ട ജനതയുടെ ആചാരങ്ങളും വിശ്വാസങ്ങളും ജീവിതരീതിയും സാംസ്കാരിക വിനിമയങ്ങളും എല്ലാം ചേർത്തുവെച്ച് കൗതുമുണർത്താനുള്ള ശ്രമങ്ങൾ ഒരു സങ്കേതമായി തന്നെ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ബോധപൂർവ്വം എന്നതിനേക്കാൾ അനുശീലനപരമാണിത്. ആഫ്രിക്കൻ ഗോത്രങ്ങളുടെ നരഭോജിത്വത്തെക്കുറിച്ചുള്ള ഒട്ടേറെ പരാമർശങ്ങളും കഥകളും ഈ ആഖ്യാനങ്ങളിലുണ്ട്. ഭാവനാചിത്രങ്ങൾ എന്നതിനേക്കാളേറെ, നരഭോജികളായ ആഫ്രിക്കൻ വംശജർ പരിഷ്കാരികളായ യൂറോപ്യർ വന്നപ്പോൾ പരിഷ്കരിക്കപ്പെട്ടു എന്ന് യൂറോപ്യന്മാരെയും ആഫ്രിക്കക്കാരെയും ശ്രേണീകരിക്കുന്ന പാഠങ്ങൾ ഉൽപ്പാദിപ്പിക്കാനാണ് ഇത് ഉപകരിക്കുന്നത്. കോളണീകരണത്തിന്റെ ഉന്നതമായ സാംസ്കാരിക മണ്ഡലത്തിലേക്ക് എത്തിപ്പിടിച്ചുകൊണ്ടു മാത്രമേ മാനവരാശിയുടെ സാർവ്വലൗകികമായ വികാസം സാക്ഷാത്ക്കരിക്കാനാവൂ എന്ന ധ്വനിയാണ് ഈ യാത്രാചിത്രങ്ങളുടെ പൊതുരൂപം.

9. വിവരങ്ങളുടെയും വസ്തുതകളുടെയും അഭാവത്തേക്കാൾ മറച്ചുവെക്കലുകളും വളച്ചൊടിക്കലുകളും പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും യാത്രായെഴുത്തുകളുടെ രാഷ്ട്രീയത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം, ലോഹസാങ്കേതികവിദ്യ തുടങ്ങിയ മണ്ഡലങ്ങളിൽ ആഫ്രിക്കൻ ജനത നടത്തിയ അന്വേഷണങ്ങളും

കണ്ടെത്തലുകളും ഗവേഷണലോകത്തിനു പരിചിതമാണ്. പക്ഷേ ഇത്തരം കണ്ടെത്തലുകൾ പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും കുറിപ്പുകളിൽ സ്ഥാനം പിടിക്കുന്നില്ല. ഈജിപ്തിന്റെയും മറ്റ് ആഫ്രിക്കൻ രാജ്യങ്ങളു ടെയും ഗുണാത്മകമായ ചരിത്രവും സംസ്കാരവും പറയാതിരിക്കുകയും അവയെ വലിയ അസാന്നിധ്യമായി ചിത്രീകരിക്കുകയും കൊളോണിയൽ ശക്തികളുടെ സാന്നിധ്യം ആവർത്തിച്ചുറപ്പിക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്നതിലൂടെ നോട്ടപ്പാടുകളുടെ അധിനിവേശരാഷ്ട്രീയം വെളിപ്പെടു ന്നുണ്ട്.

10. യൂറോകേന്ദ്രിതമായ വർണ-വംശബോധത്തിലും ജ്ഞാനപരിസരത്തും നിന്നുകൊണ്ടാണ് പൊറ്റെക്കാട്ടും സക്കറിയയും ആഫ്രിക്കയെ ചിത്രീകരി ക്കുന്നത്. സക്കറിയയിൽ ഈ അധീശത്വബോധം കൂടുതൽ വിമർശനവി ധേയമാകുന്നുവെന്നതും ശ്രദ്ധേയമാണ്.

# ഗ്രന്ഥസൂചി


അൻസാരി, എം.ടി. *മലബാർ ദേശീയതയുടെ ഇടപാടുകൾ,* ഡി.സി.ബുക്സ്, കോട്ടയം, 2008.

അപ്പൻ തമ്പുരാൻ. *തെരഞ്ഞെടുത്ത ബന്ധങ്ങൾ,* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1989.

അപ്പു നെടുങ്ങാടി, *കുന്ദലത,* ഡി.സി. ബുക്സ്, കോട്ടയം, 2008.

ആനന്ദി, ടി.കെ. *വീട്ടമ്മ - ഒരു സ്ത്രീവിചാരം,* ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2010.

ആരിഫ് അലി കൊളത്തെക്കാട്ട്, *അറിയപ്പെടാത്ത പൗരസ്ത്യ ലോകം,* ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2012.

ഇളംകുളം കുഞ്ഞൻപിള്ള, *ഇളംകുളം കുഞ്ഞൻപിള്ളയുടെ തിരഞ്ഞെടുത്ത കൃതികൾ,* അന്താരാഷ്ട്ര പഠനകേന്ദ്രം, തിരുവനന്തപുരം, 2005.

ഇളംകുളം കുഞ്ഞൻപിള്ള, *കേരളം അറനൂറുകൊല്ലം മുമ്പ്,* അവതാരിക ഇബ്നു ബത്തൂത്ത, (വിവ. വേലായുധൻ പണിക്കശ്ശേരി), കേരളം അറനൂറുകൊല്ലം മുമ്പ്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007.

ഇടശ്ശേരി ഗോവിന്ദൻ നായർ, *ഇടശ്ശേരിക്കവിതകൾ,* മാതൃഭൂമി ബുക്സ്, 2012.

കുമാരൻ. എം.കെ. *കുമാരനാശാനും സഹോദരൻ അയ്യപ്പനും സാമൂഹ്യവിപ്ലവവും,* കറന്റ് ബുക്സ്, കോട്ടയം, 1993.

കുറുപ്പ്, കെ.കെ.എൻ. *സുവിശേഷം ഉത്തരകേരളത്തിൽ,* എസ്.പി.സി.എസ്. കോട്ടയം, 2000.

കൊച്ചീപ്പൻ തരകൻ, പി.കെ. *ബാലികാസദനം.* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1993.

കൊച്ച്, കെ.കെ. *വായനയുടെ ദലിത് പാഠം,* പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2005.

കോസാംബി, ഡി.ഡി. *മിത്തും യാഥാർത്ഥ്യവും-ഇന്ത്യൻ സംസ്കാരത്തിന്റെ രൂപീകരണത്തെക്കുറിച്ചുള്ള പഠനങ്ങൾ,* ജനശക്തി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1989.

____________, *പ്രാചീനഭാരതത്തിന്റെ സംസ്കാരവും നാഗരികതയും ചരിത്രപരമായ രൂപരേഖ,* ഡി.സി.ബുക്സ്, കോട്ടയം, 2003.

കോശി, ആർച്ചുഡീക്കൻ, *പുല്ലേലിക്കുഞ്ചു,* പാപ്പിറസ്, കോട്ടയം, 2007.

ഗണേഷ് കെ.എൻ. *കേരളത്തിന്റെ ഇന്നലെകൾ,* സാംസ്കാരിക തിരുവനന്തപുരം, 1997.

____________. *കുഞ്ചൻനമ്പ്യാർ വാക്കും സമൂഹവും,* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1996.

____________. *കേരള സാമൂഹ്യ പഠനങ്ങൾ,* പ്രസക്തി ബുക്ഹൗസ്, പത്തനംതിട്ട, 2010.

ഗോപാലകൃഷ്ണൻ, പി.കെ. *കേരളത്തിന്റെ സാംസ്കാരിക ചരിത്രം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.

ഗാന്ധി, എം.കെ, *ആത്മകഥ അഥവാ എന്റെ സത്യാന്വേഷണ പരീക്ഷണകഥ,* (വിവ. ജോർജ്ജ് ഇരുമ്പയം), നവജീവൻ പബ്ലിഷിങ് ഹൗസ്, അഹമ്മദാബാദ്, 2000.

ചന്തുമേനോൻ, ഒ. *ഇന്ദുലേഖ,* റെഡ്റോസ് പബ്ലിഷേഴ്സ്, കുന്നംകുളം, 2013.

ദേവിക (എഡി.), *കല്പനയുടെ മാറ്റൊലി-സ്ത്രീപുരുഷ ഭേദവും ആദ്യകാല മലയാളി സ്ത്രീ രചനകളും,* ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2011.

___________. *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ,* ഡി.സി. ബുക്സ്, തിരുവനന്തപുരം, 2010.

___________. *ആണരശുനാട്ടിലെ പെൺകാഴ്ചകൾ,* കറന്റ് ബുക്സ്, കോട്ടയം, 2006.

നിവേദിത മേനോൻ, *അകമേ പൊട്ടിയ കെട്ടുകൾക്കപ്പുറം ഇന്ത്യൻ ഫെമിനിസത്തിന്റെ വർത്തമാനങ്ങൾ,* (വിവ.) ജെ. ദേവിക, എസ്.പി.എസ്. കോട്ടയം, 2017.

പാനൂർ, കെ. കേരളത്തിലെ ആഫ്രിക്ക, ടൂറിംഗ് ബുക്സ് സ്റ്റാൾ, കോഴിക്കോട്, 1986.

പണിക്കർ, കെ.എം. സർദാർ, *കേരളസിംഹം,* ഡി.സി.ബുക്സ്, കോട്ടയം, 2008.

പത്മനാഭമേനോൻ, കെ.പി. *കൊച്ചി രാജ്യചരിത്രം,* മാതൃഭൂമി ബുക്സ്, കോഴിക്കോട്, 1996.

പവിത്രൻ, ടി. *നിർമിതി ചരിത്രവും ചരിത്രനിർമിതിയും,* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2010.

പവിത്രൻ, പി. *ആധുനികതയുടെ കുറ്റസമ്മതം,* എസ്.പി.സി. എസ് കോട്ടയം, 2000.

പൊറ്റെക്കാട്ട്, എസ്.കെ. *സഞ്ചാരസാഹിത്യം (ഭാഗം ഒന്ന്)* ഡി.സി.ബുക്സ്, കോട്ടയം, 2010.

___________. *നാടൻ പ്രേമം,* മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2009.

___________. *വിഷകന്യക,* ഡി.സി.ബുക്സ്, കോട്ടയം, 2011.

___________. *കയ്റോ കത്തുകൾ*, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2014.

ഫ്രാൻസ് ഫാനൻ, *ഭൂമിയിലെ പതിതർ,* (വിവ. എൻ.എ. ലത്തീഫ്) ഗ്രാംഷി ബുക്സ്, കൊല്ലം, 2010.

ബാലകൃഷ്ണൻ പി.കെ. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും,* ഡി.സി.ബുക്സ്, കോട്ടയം, 2008.

___________. (എഡി.) *നാരായണഗുരു,* ഡി.സി.ബുക്സ്, കോട്ടയം, 2012.

___________. *ചന്തുമേനോൻ ഒരു പഠനം,* എസ്.പി.സി.എസ്, കോട്ടയം, 2000.

___________. *നിദ്രാസഞ്ചാരങ്ങൾ,* പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1999.

ഭാസ്കരനുണ്ണി, പി. *കേരളം പത്തൊമ്പതാം നൂറ്റാണ്ടിൽ,* കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2000.

___________. *കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ,* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2005.

മാധവൻകുട്ടി, ടി.ജി. *സഞ്ചാരസാഹിത്യം* (എഡി. പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം), കറന്റ് ബുക്സ്, തൃശ്ശൂർ, 2008.

യേശുദാസൻ, ടി.എം. *ബലിയാടുകളുടെ വംശാവലി,* പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം, 2010.

__________. *ദളിത് സ്വത്വവും അധികാരത്തിന്റെ പ്രശ്നവും,* ആൽമണ്ട് ബുക്സ്, ചങ്ങനാശ്ശേരി, 1997.

രമേഷ്ചന്ദ്രൻ, വി. *സഞ്ചാരസാഹിത്യം മലയാളത്തിൽ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989.

രാഘവവാര്യർ, *വായനയുടെ വഴികൾ,* കറന്റ് ബുക്സ്, തൃശ്ശൂർ, 1998.

__________. *കേരളീയതയുടെ വർത്തമാനങ്ങൾ,* വള്ളത്തോൾ വിദ്യാപീഠം, ശുക പുരം, 1990.

__________. *അഭിജ്ഞാനം,* പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1991.

__________. *മധ്യകാലകേരളം- സമ്പത്ത്, സമൂഹം, സംസ്കാരം,* ചിന്ത പബ്ലിഷേ ഴ്സ്, തിരുവനന്തപുരം, 1997.

__________. *അമ്മവഴിക്കേരളം,* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2006.

രാഘവവാര്യർ, രാജൻഗുരുക്കൾ, *മിത്തും സമൂഹവും,* സാഹിത്യപ്രവർത്തക സഹ കരണസംഘം, കോട്ടയം, 2013.

__________. *കേരളചരിത്രം,* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1995.

രാജഗോപാലൻ, ഇ.പി. (എഡി.), *ഇന്ദുലേഖ - വായനയുടെ ദിശകൾ,* കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2001.

__________. *നിരന്തരം നോട്ടങ്ങളും ഓർമ്മകളും,* കൈരളി ബുക്സ്, കണ്ണൂർ, 2007.

രാജീവൻ, ബി. *ജൈവരാഷ്ട്രീയവും ജനസഞ്ചയവും,* റാസ്ബെറി, കോഴിക്കോട്, 2013.

__________. *വാക്കുകളും വസ്തുതകളും,* ഡി.സി.ബുക്സ്, കോട്ടയം, 2009.

__________. *ജനനിബിഡമായ ദന്തഗോപുരം,* ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1991.

രാമകൃഷ്ണൻ, ഇ.വി. *അക്ഷരവും ആധുനികതയും,* സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2005.

__________. *വാക്കിലെ സമൂഹം,* ഡി.സി.ബുക്സ്, കോട്ടയം, 1997.

__________. *സ്ത്രീ സ്വത്വം, സമൂഹം- മാധവിക്കുട്ടി പഠനങ്ങൾ,* പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1994.

__________. *ദേശീയതകളും സാഹിത്യവും,* ഡി.സി.ബുക്സ്, കോട്ടയം, 2001.

ലീലാദേവി, വി. ബാലകൃഷ്ണൻ, (ചീഫ് എഡിറ്റേഴ്സ്), *ശാസ്ത്രസാങ്കേതിക വിജ്ഞാനകോശം,* വിദ്യാർത്ഥിമിത്രം, കോട്ടയം, 1990.

വംഗാരി മാതായ്, *ഒരു പെണ്ണിന്റെ ആത്മകഥ,* (വിവ. കബനി), സമത, തൃശ്ശൂർ, 2012.

വർഗ്ഗീസ്, കെ.സി, *വർത്തമാനപ്പുസ്തകത്തിന്റെ വർത്തമാനം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.

വില്യം ലോഗൻ, *മലബാർ മാന്വൽ,* (വിവ. ടി.വി. കൃഷ്ണൻ), മാതൃഭൂമി ബുക്സ്, 2007.

ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ, *എന്റെ സ്മരണകൾ* (ഒന്നാംഭാഗം), പഞ്ചാംഗം പുസ്തകശാല, കുന്ദകുളം, 2004.

__________. *എന്റെ സ്മരണകൾ* (രണ്ടാംഭാഗം), പഞ്ചാംഗം പുസ്തകശാല, കുന്ദ കുളം, 2004.

__________. *എന്റെ സ്മരണകൾ* (മൂന്നാംഭാഗം), പഞ്ചാംഗം പുസ്തകശാല, കുന്ദ കുളം, 2005.

ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള, *ശബ്ദതാരാവലി,* സാഹിത്യപ്രവർത്തക സഹകരണ സംഘം, 2015.

സിയാറ്റിൻ മൂപ്പൻ, *ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ,* (വിവ. സക്കറിയ), ഡി.സി. ബുക്സ്, കോട്ടയം, 2014.

സക്കറിയ, *ഒരു ആഫ്രിക്കൻയാത്ര,* ഡി.സി. ബുക്സ്, കോട്ടയം, 2005, 2014.

സോമശേഖരൻ, *കേരളപ്പഴമ ഒരു ചരിത്രസഞ്ചാരം,* സാഹിത്യ അക്കാദമി, തൃശ്ശൂർ, 2010.

________. *ഭഗവത്ഗീത - പലകാലം പല കാഴ്ചകൾ,* സൈൻ ബുക്സ്, തിരുവന ന്തപുരം, 2010.

________. *കേരളത്തിലെ പ്രത്യുത്പാദന ബന്ധങ്ങൾ,* സൈൻ ബുക്സ്, തൃശ്ശൂർ, 2005.

ജെ. ദേവിക, *പൂട്ട് കണ്ടെത്തുന്ന താക്കോലുകൾ,* മാതൃഭൂമി ആഴ്ചപതിപ്പ്, കോഴി ക്കോട്, സെപ്തംബർ 29, ഒക്ടോബർ 5, 2013, പു. 75.

ഷേർലി കുര്യൻ, *മലയാളത്തിലെ യാത്രാകാവ്യങ്ങൾ ഒരു പഠനം,* (ഗവേഷണ പ്രബന്ധം), മഹാത്മാഗാന്ധി സർവ്വകലാശാല, 1998.

## English

Alastair Bonnett and Anoop Nayak, (Cultural Geographies of Realization - The Territory of Race, Sage Publication, New Delhi, 2003.

Ali A. Mazrui, African Thought in Comparative Porspective, Cambridge Schoolars Publications, U.K, 2014

Alison jones and Khondlo Mtshali, (Guest Editors) Racz, power Indigenous knowledge systems, CSSALL Durban, 2013 .

Ankersmit, F.Domanska, E.Kellner, H (eds.) Re-figuring Hayden White, Standford University Press, 2009.

Anthony Giddens, The Constitution of Society, Polity Press, U.K, 1995.

Antoinette Burton, Brown Over Black, Three Essays collective, Gurgaon, 2012.

Asante M. Great Zimbawe : An Ancient African city state Blacks in Science Ancient and Modern, 1983.

Audrey Kobayashi, The Construction of Geographical Knowldege - Racialization, Spatialization, (Ed. Kay Anderson, Mona Domash Steve Pileand Nigel Thrift, - Cultural Geography) Sage Publication, London, 2003.

Carl Thompson, 'Travel Writing' Routledge, London, 2011, p.55.

Cascy Blanton, Travel Writing. The Self and the world. Rout Ledge London, 1997.

Che-Ming Yang, Nietzche, Deluze, and Nagarjuna Mapping the Dialectics of will/desire, Journal of language teaching and research, Vol. 1, No.6. November 2010

Dipesh Chakarbarty, Provincializing Europe: Post Colonial Thought and Historical Difference, Princeton University Press, 2000

Dragana Masovic. The Balkans in Travel Writing until the 1990's (Ed).

Edward Soja, History, Geography Modernity (ed. Simon During, The Cultural Studies reader), Routledge London, 2001. Page 122.

Edward W. Said, Orientalism, Vintage Books, New York, 1979,

Elizabeth Zold, Disconforting Narrative : Teaching Eighteenth Century Women's Travelogues, ABO: Interactive Journal for Woman int the Arts – 1640-1830, Scholar Commons, University of South Florida, Colume 4.2, Septan 2014,

F.A Airoboman, A.A.Asekhauno, Isthziz an (African Epistemology? Jorind 10, December 2012,

G.S. Dunbar. Else Reclus: Historian of Nature Archon, Humden, Conn 1978

George Alen Hagman, On Ugliness, The psycho analytic Quarterly, October 2003. Page

Gerhard Preyer, The Problem of Subjectivity - Dicter Hen rich's Turn, (Eds. Sofia Miguens, Gerhard Preyer, Consciousness and Subjectivity, Transaction Books, South America, 2011.

Giorgio Agamben, What is an apparatus? (Trainlated by David Kishik and Stefan Pedatella) Stannford Unviersity Press. California 2009,

Hyden White ,meta-history, Johns Hopkin, University Press, 1973.

Jurgen Habermas, Knowledge and Human Interests, (Translated by Jeremy J. Shapiro) Polity Press. U.K, 1998,

M. Merlean-ponty, Phenomenology of perception, (Translation Colin Smith) Routledge, London, 1989,

Marija Krivokapic – The Balkans in Travel Writing) – Cambridge Scholars, Publishing, U.K. 2015,

Maureen Mulligam, Representation of India in the Female Gazc : Four Women Travellers, Rupkatha Journal, Volume VII, Number 2, 2015.

Michel Foucault, Power, (Edited, James D.Faubion - Translated by Robert Hurley and Other) Volume - 111, The New Press, New York, 2000,

Michel Foucault, The Archaeology of Knowledge (Ranslated – AM Shcridan Smith) Panthron Books, New York,1972.

Michel Foucault. Descipline and Punish, Cirns. by Alan Sheridam) Penguin Books. U.K, 1991.

Nick Crossley, critical Social Theory, Sage Publication, New Delhi, 2006.

Pam Perkins, Journeys To authority : Reassessing Women's Early Travel Writing, 1763-1862, Women's writing, 2017, Vol.24, No.2, 131-150, Routledge London 2017,

Pierre Bourdieu, of Distinction. A Social Critique of the judgement of Taste (Trans.Richard Nice) Routledge, London, 1999.

R.G. Colling wood, The Idea of History, OUP, New Delhi, 2000, p

Ranajith Guha, History at the limit of World History, Columbia, University Press, New York, 2002,

Ranajith Guha, On some Aspects of the Historiography of Colonial India Edited by Ranajith Guha, Subaltern Studies-1), Oxford India Paper backs, New Delhi, 1994,

Storey, John, Cultural Theory and Popular culture, An introduction, Pearson, Longman, New Delhi, 2006,

Stuart Grant, Practical Intersubjectivity, University of Sydney, USA 2005

Theodor W. Adorno and Max Horkheimer, Dialectic of' Enlightenment Verso, London, 1997

Venera sibgalullina, Viach eslav kryov, yuliyagoveruhina, Polemical Aspects of the Travelogue Genre theory, Kazan Federal University, 2017.

പ്രബന്ധത്തോടൊപ്പം സമർപ്പിക്കുന്ന സിനോപ്സിസ്

**പ്രബന്ധം :**

# യാത്രാവിവരണങ്ങളിലെ സാംസ്കാരികവിവക്ഷകൾ

## പൊറ്റക്കാടിന്റേയും സക്കറിയയുടേയും ആഫ്രിക്കൻ യാത്രകളെ മുൻനിർത്തി ഒരു താരതമ്യപഠനം


ഗവേഷകൻ :

അബ്ദുൽ ഹക്കിം എ. കെ.

മാർഗ്ഗദർശി :

ഡോ. എം. സി. അബ്ദുൾ നാസർ

അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം

ഗവൺമെൻറ് ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്

കുട്ടികൃഷ്ണമാരാർ ഗവേഷണ കേന്ദ്രം

മലയാളവിഭാഗം

ഗവൺമെൻറ് ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്

## ആമുഖം

യാത്രാവിവരണങ്ങൾ വ്യത്യസ്ത ദേശങ്ങളേയും, സംസ്കാരങ്ങളേയും മനസ്സിലാക്കുന്നതിനും സ്വാധീനിക്കുന്നതിനും നൽകിയ സംഭാവനകൾ വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ യാത്രാവിവരണങ്ങളിലൂടെ പങ്കുവെയ്ക്കപ്പെട്ട സാംസ്കാരിക വിനിമയങ്ങളുടെ ഘടനയും സ്വഭാവവും ഉള്ളടക്കവും വലിയതോതിൽ ശ്രേണീകൃതവും വികലവും സാംസ്കാരികാധിനിവേശത്വര പ്രകടിപ്പിക്കുന്നതുമായിരുന്നു. അതായത് യാത്രാവിവരണങ്ങൾ സാംസ്കാരികസ്വാംശീകരണത്തിന്റെ തലംവിട്ട് സാംസ്കാരികാധിപത്യത്തിന്റേയും രാഷ്ട്രീയാധിനിവേശത്തിന്റേയും ധർമ്മം കൂടി നിർവ്വഹിച്ചു എന്നർത്ഥം. വ്യത്യസ്ത ദേശം, ഭാഷ, ആചാരങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയവ ആധികാരികമായി രേഖപ്പെടുത്തുന്ന 'കണ്ടെഴുത്തു' കളുടെ പക്ഷപാതിത്വങ്ങളും സമീപനങ്ങളുടെ രാഷ്ട്രീയ വിവക്ഷകളും യാത്രാവിവരണങ്ങളെ പ്രശ്നവൽക്കരിക്കേണ്ടതിലാണ് ഊന്നുന്നത്. എസ്. കെ. പൊറ്റക്കാടിന്റെയും സക്കറിയയുടേയും യാത്രാവിവരണങ്ങളാണ് ഈ പ്രബന്ധത്തിന്റെ സവിശേഷപഠനമേഖലയായി സ്വീകരിച്ചിരിക്കുന്നത്. അരനൂറ്റാണ്ടിന്റെ ഇടവേളകളിലായി ആഫ്രിക്കയെ സഞ്ചരിക്കാനും അതേക്കുറിച്ച് എഴുതാനും ആയി തിരഞ്ഞെടുത്ത രണ്ട് മലയാള വിഷയി എന്ന നിലയിലാണ് ഈ യാത്രക്കുറിപ്പുകൾ പരിശോധിക്കുന്നത്. സാങ്കേതികമായി അപകോളനീകരണത്തിന്റെ ചരിത്രഘട്ടത്തിലാണ് പൊറ്റക്കാട് യാത്ര തിരിക്കുന്നതെങ്കിലും കൊളോണിയൽ വിഷയിയുടെ ചട്ടക്കൂടുനുള്ളിലാണ് അദ്ദേഹം തന്റെ സമീപനങ്ങളെ വാർത്തെടുത്തിട്ടുള്ളത്. സക്കറിയ തന്റെ വിഷയിയിൽ നിന്നു കുടഞ്ഞുകളയാൻ ശ്രമിക്കുന്നതും കോളനീകരണത്തിന്റെ അധീശത്വ - വിധേയത്വ സങ്കൽപ്പനത്തിനുള്ളിലെ വിഷയാവബോധാണ്. പൊറ്റക്കാടിന്റേയും സക്കറിയയുടേയും സമീപനത്തിലെ ഈ വിഷയി/വിഷയനിർമ്മിതി യാത്രാവിവരണങ്ങളിലെ സാംസ്കാരികവിവക്ഷകൾ എന്ന പ്രബന്ധത്തിൽ പ്രശ്നവൽക്കരിക്കാൻ ശ്രമിക്കുന്നു.

സവിശേഷമായ ആഖ്യാനരൂപം എന്ന നിലയിൽ യാത്രാവിവരണങ്ങളുടെ ഉള്ളടക്കത്തിന്, യാത്രാ വിവരണ പാഠങ്ങൾക്ക് അവയുടെ സാംസ്കാരിക കർതൃത്വവുമായി ചരിത്രപരവും സാമൂഹികവുമായുള്ള ബന്ധം വിശകലനം ചെയ്യാനുള്ള ശ്രമമാണ് യാത്രാവിവരണങ്ങളിലെ സാംസ്കാരികവിവക്ഷകൾ പൊറ്റക്കാടിന്റേയും സക്കറിയയുടേയും ആഫ്രിക്കൻ യാത്രകളെ മുൻനിർത്തി ഒരു താരതമ്യപഠനം എന്ന ഈ പ്രബന്ധത്തിൽ നടത്തുന്നത്.

## പഠനത്തിന്റെ പരികല്പനകൾ

1. പൊറ്റക്കാടിന്റെ യാത്രാവിവരണക്കുറിപ്പുകൾ യൂറോകേന്ദ്രിത ബോധത്തിന്റേയും കേരളീയാധുനികതയുടേയും ലോകബോധത്തിലാണ് എഴുതപ്പെടുന്നത്.

2. യാത്രാവിവരണക്കുറിപ്പുകൾക്ക് കൽപ്പിച്ചുകൊടുക്കുന്ന കണ്ടെഴുത്തിന്റെ ആധികാരികത കാഴ്ചയുടെ ആധികാരികതയല്ല, കാഴ്ചപ്പാടുകളുടെ അധിനിവേശം കൂടിയാണ്.

3. പാഠങ്ങളിൽനിന്ന് സാംസ്കാരികകർതൃത്വങ്ങളെ വിക്രോഡീകരിച്ച് മനസ്സിലാക്കുന്നത് സവിശേഷ സമീപനങ്ങളെ ചരിത്രപരമായി മനസ്സിലാക്കാൻ സഹായകമാണ്.

4. ഭിന്നചരിത്രസന്ദർഭത്തിലെ സാംസ്കാരികകർതൃത്വം ഭിന്നവിഷയങ്ങളേയും ഉള്ളടക്കങ്ങളേയും നിർമ്മിക്കുന്നതിന്റെ ദൃഷ്ടാന്തങ്ങളാണ് സക്കറിയയുടേയും പൊറ്റക്കാടിന്റേയും യാത്രാവിവരണ കുറിപ്പുകൾ

## പഠനലക്ഷ്യവും പ്രസക്തിയും

യാത്രാവിവരണങ്ങൾ പോലുള്ള ആഖ്യാനരൂപങ്ങളുടെ ആധികാരികതയും അവ സംവഹിക്കുന്ന സങ്കീർണ്ണമായ സാംസ്കാരികബന്ധങ്ങളും വിമർശനാത്മകമായി പരിശോധിക്കുകയാണ് പ്രബന്ധത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. നിലനിൽക്കുന്ന സാംസ്കാരിക ഉച്ചനീചത്വങ്ങളുടെ രാഷ്ട്രീയവിവക്ഷകൾ അഴിച്ചെടുക്കുന്നതിലൂടെ സാംസ്കാരികമണ്ഡലത്തിൽ സവിശേഷമായ നൈതികബോധവും ജാഗ്രതയും നിർമ്മിച്ചെടുക്കാനാവണമെന്ന ലക്ഷ്യവും  ഈ പ്രബന്ധരചനക്ക് പിന്നിലുണ്ട്. അരനൂറ്റാണ്ടിന്റെ ഇടവേളയിലാണ് എസ്.കെ. പൊറ്റക്കാടും സക്കറിയയും ആഫ്രിക്കയെപ്പറ്റി യാത്രാകുറിപ്പുകൾ എഴുതുന്നത്. സമീപനത്തിലും ഉള്ളടക്കത്തിലും ചരിത്രപരമായി വലിയ വിടവുകൾ ഈ രണ്ടുപേരുടേയും യാത്രാവിവരണപാഠങ്ങളിൽ കണ്ടെത്താനാവും. കാഴ്ചപ്പാടിലും സമീപനത്തിലുമുള്ള ഈ വ്യതിരിക്തതകൾ രണ്ട് വ്യത്യസ്ത ചരിത്രഘട്ടങ്ങളുടെ സാമൂഹികബന്ധങ്ങളുടെ നിർമ്മിതിയാണ്. സാഹിത്യപാഠങ്ങളിലൂടെ അവയിൽ പ്രതിഫലിക്കുന്ന സാംസ്കാരികകർതൃത്വങ്ങളിലേക്കും സാമൂഹികബന്ധങ്ങളിലേക്കും ദൃഷ്ടി പായിക്കുന്ന ഉദ്യമമാണിത്. ഈ മണ്ഡലത്തിൽ ഗവേഷണരൂപത്തിൽ നടക്കുന്ന പ്രഥമപഠനം എന്ന നിലയിലുള്ള പ്രസക്തി 'യാത്രാവിവരണങ്ങളിലെ സാംസാകാരികവിവക്ഷകൾ പൊറ്റക്കാടിന്റേയും സക്കറിയയുടേയും ആഫ്രിക്കൻയാത്രകളെ മുൻനിർത്തി ഒരു താരതമ്യപഠനം' അർഹിക്കുന്നുണ്ട്.

**പ്രബന്ധത്തിന്റെ വ്യാപ്തി**

എസ്. കെ. പൊറ്റക്കാടിന്റെ കാപ്പിരികളുടെ നാട്ടിൽ, സിംഹഭൂമി, നൈൽഡയറി, കെയ്റോകത്തുകൾ എന്നീ കൃതികളും സക്കറിയയുടെ ഒരു ആഫ്രിക്കൻ യാത്ര എന്ന യാത്രാവിവരണവുമാണ് ഈ പ്രബന്ധത്തിൽ വിശദപഠനത്തിന് വിധേയമാക്കുന്നത്.

**പ്രബന്ധ സംവിധാനം**

'യാത്രാവിവരണങ്ങളിലെ സാംസ്കാരികവിവക്ഷകൾ പൊറ്റക്കാടിന്റേയും സക്കറിയയുടേയും ആഫ്രിക്കൻ യാത്രകളെ മുൻനിർത്തി ഒരു താരതമ്യപഠനം' എന്ന ഈ പ്രബന്ധം ആമുഖവും ഉപസംഹാരവും കൂടാതെ നാല് അധ്യായങ്ങളായി സംവിധാനം ചെയ്തിരിക്കുന്നു.

ആമുഖത്തിൽ സാംസ്കാരികകർതൃത്വവും സാംസ്കാരികവിഷയവും നിർമ്മിക്കപ്പെടുന്നതിന്റേയും വ്യത്യസ്ത ചരിത്രസന്ദർഭങ്ങളിൽ അവ വ്യതിരിക്തമാവുന്നതിന്റേയും രാഷ്ട്രീയപക്ഷങ്ങൾ സാമാന്യമായി സൂചിപ്പിക്കുന്നു. ഒന്നാമധ്യായത്തിലേക്കുള്ള പ്രവേശകം എന്ന നിലയിലാണ് ആമുഖം സംവിധാനം ചെയ്തിരിക്കുന്നത്.

'യാത്രയെഴുത്തുകളിലെ നോക്കുപക്ഷങ്ങൾ' എന്ന ഒന്നാമദ്ധ്യായത്തിൽ അനുഭവകേന്ദ്രത്തിൽ നിൽക്കുന്ന വിഷയിയേയും വിഷയത്തേയും വിശകലനം ചെയ്യുന്നു. കാഴ്ചകേന്ദ്രിതമായ ലോകബോധത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല യാത്രയുടെ നോട്ടം എന്നതാണ് ഈ അധ്യായത്തിൽ വിശദീകരിക്കാൻ ശ്രമിക്കുന്ന പ്രധാന വാദം. യാത്രയുടെ, അനുഭവത്തിന്റെ ചലനാത്മക അവസ്ഥക്ക് കാരണമായി നിൽക്കുന്ന ജ്ഞാനമണ്ഡലങ്ങളെക്കൂടി പരിഗണിച്ചുകൊണ്ടാണ് യാത്രയെഴുത്തിന്റെ പക്ഷങ്ങളെക്കുറിച്ചുള്ള വിശകലനം നിർവ്വഹിച്ചിരിക്കുന്നത്. കൊളോണിയൽബോധത്തിന്റെ വിചാരമാതൃകക്കുള്ളിൽ കോളണികൾക്കുള്ളിലും കോളണികൾ തമ്മിൽ തമ്മിലും ശ്രേണീകരിക്കുന്നതിന്റെ യുക്തി ഇന്ത്യയും ആഫ്രിക്കയും തമ്മിലുള്ള അകലങ്ങളെ എങ്ങനെയാണ് നിർമ്മിക്കുന്നത് എന്ന് ഈ അധ്യായം പരിശോധിക്കുന്നു.

'കണ്ടെഴുത്തിലെ വിഷയവും വിഷയിയും' എന്ന രണ്ടാമധ്യായത്തിൽ ഇന്ത്യൻ വിഷയിയെ രൂപീകരിച്ച കൊളോണിയൽ ജ്ഞാനപദ്ധതികൾ പരിശോധിക്കുന്നു. വിഷയരൂപീകരണത്തിൽ ആഫ്രിക്ക ഇന്ത്യക്കാർക്ക് സവിശേഷതാൽപര്യമുണർത്തുന്ന ഇടമായി മാറുന്നതിന്റെ രാഷ്ട്രീയവും ഇവിടെ പരിശോധിക്കുന്നുണ്ട്. വ്യത്യസ്തമായതിനോടുള്ള അസഹിഷ്ണുത കൊളോണിയൽ ആധുനികതയുടെ മുഖ്യ സ്വഭാവമായിരുന്നു. ഈ അസഹിഷ്ണുതയുടെ യുക്തി പൊറ്റക്കാടിന്റെ

ആഫ്രിക്കൻനോട്ടങ്ങളിൽ അന്തർലീനമായിരിക്കുന്നത് എങ്ങനെയാണെന്ന് ഈ അധ്യായത്തിൽ വിശകലനം ചെയ്യുന്നു. അപകോളനീകരണം മാറ്റിത്തീർത്ത വിഷയിയിൽ നിൽക്കാൻ ശ്രമിക്കുമ്പോഴും കോളനീകരണത്തിന്റെ സാംസ്കാരികമായ ബൃഹദ് ശ്രേണീകരണങ്ങൾ സക്കറിയയുടെ എഴുത്തിൽ വിഭാവനം ചെയ്യപ്പെടുന്നതെങ്ങനെ എന്ന അന്വേഷണവും ഈ അധ്യായത്തിന്റെ ഭാഗമാണ്.

'ആഫ്രിക്ക പാഠങ്ങളും സമീപനങ്ങളും' എന്നതാണ് മൂന്നാമധ്യായത്തിന്റെ ശീർഷകം. ആഫ്രിക്കൻ യാത്രാവിവരണങ്ങളിൽ നിലനിൽക്കുന്ന ചരിത്രപരതയെ മുൻനിർത്തി ചരിത്ര രചനാരീതിശാസ്ത്രങ്ങളുടെ ആഖ്യാനസ്വഭാവം പൊറ്റക്കാടിന്റെയും സക്കറിയയുടെയും സഞ്ചാരക്കുറിപ്പുകളിൽ പ്രവർത്തിക്കുന്നതെങ്ങനെ എന്ന അന്വേഷണമാണ് ഈ അധ്യായത്തിലുള്ളത്. സംഭവങ്ങളെ സന്ദർഭനിഷ്ഠമാക്കുക വഴി അക്കാദമിക് ചരിത്ര പദ്ധതിയെ ചില തലങ്ങളിൽ മറികടക്കാൻ സഞ്ചാരസാഹിത്യത്തിന് സാധിക്കുന്നുണ്ട്. പൊറ്റക്കാടിന്റേയും സക്കറിയയുടേയും രചനകളെ മുൻനിർത്തി ഇക്കാര്യം സമർത്ഥിക്കാൻ കൂടി ഈ അധ്യായത്തിൽ ശ്രമിക്കുന്നുണ്ട്.

'കണ്ടെഴുത്തിന്റെ രാഷ്ട്രീയഭാരങ്ങൾ' എന്ന നാലാമധ്യായത്തിൽ പൊറ്റക്കാട്, സക്കറിയ എന്നിവരുടെ ആഖ്യാനത്തിലെ നോട്ടങ്ങൾ, തിരഞ്ഞെടുപ്പുകൾ, ഒഴിവാക്കലുകൾ എന്നിവയുടെ രാഷ്ട്രീയം പരിശോധിക്കുന്നു. ആഫ്രിക്കൻലോകം നടത്തിയ വൈജ്ഞാനികമായ അന്വേഷണങ്ങളോ കണ്ടെത്തലുകളോ ഇരുവരുടേയും കുറിപ്പുകളിൽ സ്ഥാനംപിടിക്കാതെ പോകുന്നുണ്ട്. അവരുടെ തിരഞ്ഞെടുപ്പിന്റെ മുൻഗണനകൾക്ക് പിന്നിലുള്ള രാഷ്ട്രീയവിഷയിത്വവും ഇവിടെ വിശകലനം ചെയ്യുന്നു.

**പ്രധാന നിഗമനങ്ങൾ**

ഈ പ്രബന്ധം മുന്നോട്ടുവയ്ക്കുന്ന പ്രധാന നിഗമനങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാവുന്നതാണ് :

1. വിഷയി/വിഷയ രൂപീകരണത്തിന്റെ ചരിത്രമാണ് സഞ്ചാരക്കുറിപ്പുകളുടെ അടിത്തറ. സാമൂഹികജീവിതചുറ്റുപാടുകളാൽ നിർണയിക്കപ്പെടുന്ന സാംസ്കാരികകർത്തൃത്വമാണ് വിഷയത്തെ വിഭാവന ചെയ്യുന്നത്. വിഷയി തന്റെ അറിവ് ആർജ്ജിച്ചെടുക്കുന്ന സാമൂഹികവും സാമ്പത്തികവുമായ സാഹചര്യം, വിഷയത്തെ രൂപീകരിക്കുന്നതിൽ നിർണായകമാണ്. വിഷയ-വിഷയിബന്ധം പരസ്പരാശ്രിതമാണെന്നർഥം.

2. സഞ്ചാരസാഹിത്യം മറ്റ് അനുശീലനങ്ങളിൽനിന്ന് വ്യതിരിക്തമായ ചരിത്രാത്മകത പ്രതിഫലിപ്പിക്കുന്നുണ്ട്. സഞ്ചാരസാഹിത്യം കാലത്തെ സ്വാംശീകരിക്കുന്നത് ചരിത്രരചനയുടെ രീതിശാസ്ത്രപദ്ധതിയോട് അടുത്തുനിൽക്കുന്ന സങ്കല്പങ്ങളെ മുൻനിർത്തിയാണ്. പലപ്പോഴും കാലത്തെയും ഭൂമിശാസ്ത്രത്തെയും സമൂഹത്തെയും മറ്റും ചരിത്രരചനാപദ്ധതിക്കപ്പുറം മറികടക്കാനും ഈ വ്യവഹാരമാതൃകയ്ക്കാവും. സംസ്കാരപഠനങ്ങളുടെയും പ്രാദേശിചരിത്രരചനയുടെയും സങ്കല്പങ്ങളും രാഷ്ട്രീയവിവക്ഷകളും സഞ്ചാരസാഹിത്യത്തിന്റെ വിഷയവിവക്ഷകളെ മനസ്സിലാക്കാനും വിശദീകരിക്കാനും ഉതകുന്നതാണ്.

3. കൊളോണിയൽ വിധേയത്വത്തിന്റെ ശ്രേണീഭാഷ്യമാണ് പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഫ്രിക്കൻ യാത്രക്കുറിപ്പുകൾ. ഇന്ത്യൻ വിഷയിയെ രൂപീകരിച്ച കൊളോണിയൽ ജ്ഞാനപക്ഷത്തിന്റെ ഉള്ളടക്കമാണ് പൊറ്റെക്കാട്ടിന്റെ ശ്രേണീകരണബോധത്തെ നിർണ്ണയിച്ച അടിസ്ഥാനഘടകം. കൊളോണിയൽ അഭിനിവേശവിഷയങ്ങളുടെ മുൻഗണനാക്രമങ്ങളെയും താൽപ്പര്യങ്ങളെയും സ്വാംശീകരിക്കുന്നതിനായി പരിശീലിക്കപ്പെട്ട കർതൃത്വമാണ് അദ്ദേഹത്തിന്റേത്. വിഷയത്തെ പല അടരുകളായി ശ്രേണീകരിക്കാൻ ഇതുമൂലം സാധിക്കുന്നു. ആഫ്രിക്കയെ അടയാളപ്പെടുത്തുന്നതിനായി പൊറ്റേക്കാട്ട് ആശ്രയിക്കുന്ന നരവംശശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം, മനശ്ശാസ്ത്രം, ജന്തുശാസ്ത്രം, പരിസ്ഥിതി തുടങ്ങിയ ജ്ഞാനപദ്ധതികളെല്ലാം കൊളോണിയൽ വിഷയികൾ സവിശേഷതാൽപ്പര്യങ്ങളോടെ രൂപപ്പെടുത്തിയവയാണ്. എന്നാൽ അപകോളണീകരണത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തിലാണ് സക്കറിയയുടെ ആഫ്രിക്കൻ യാത്ര നിർവ്വഹിക്കപ്പെടുന്നത്. വിഷയത്തിനും വിഷയിക്കും ചരിത്രപരമായി സംഭവിച്ച സ്വാധീനങ്ങളും പരിണാമങ്ങളും തിരിച്ചറിയുന്ന കർതൃത്വമാണ് അദ്ദേഹത്തിന്റേത്. അപ്പോഴും ആഭ്യന്തരകോളണീകരണത്തിന്റെ ശ്രേണീകരണങ്ങൾ സക്കറിയയുടെ ആഖ്യാനത്തിൽ നിന്നും ധാരാളമായി എടുത്തുകാണിക്കാനാവും. ആഫ്രിക്കൻ ജനതയിൽ അദ്ദേഹം കണ്ടെത്തുന്ന അഭാവങ്ങളിൽ, കൊളോണിയൽ അധിനിവേശത്തിലൂടെ രൂപപ്പെട്ട ഇന്ത്യൻ വിഷയിയുടെ രാഷ്ട്രീയാവബോധം തന്നെയാണ് പ്രതിഫലിക്കുന്നത്.

4. യൂറോപ്പ് വിഭാവനംചെയ്ത ഏഷ്യൻ, ആഫ്രിക്കൻ ശ്രേണിയിലെ ഇന്ത്യൻ പദവിയെയാണ് പൊറ്റെക്കാട്ടും സക്കറിയയുമെല്ലാം ആധാരമാക്കുന്നത്. ആഫ്രിക്ക, യൂറോപ്പ്, ഏഷ്യ എന്നിങ്ങനെ ശ്രേണീകരിക്കപ്പെട്ട ആശയാവലികൾ രൂപപ്പെടുത്തി അത് തികച്ചും സ്വാഭാവികമെന്ന രീതിയിൽ വ്യാപിപ്പിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഖ്യാനങ്ങളിലുണ്ട്. യൂറോകേന്ദ്രിതബോധത്തിനുള്ളിൽ ആഫ്രിക്കയെ അപേക്ഷിച്ച് ഇന്ത്യക്ക് നൽകപ്പെട്ടിട്ടുള്ള ഇടനില, ഒരു സവിശേഷ അധീശബോധം ഈ ഇന്ത്യൻ എഴുത്തുകാർക്ക് നൽകുന്നുണ്ട്. ആ ഇടനില ഒരു സങ്കീർണാവസ്ഥയാണ്. പൊറ്റെക്കാട്ടിൽ, കൊളോണിയൽ യുക്തികളെ പൂർണമായി സ്വാംശീകരിച്ച്, ഇടനിലയിൽ നിന്നുകൊണ്ടുതന്നെ അധീശകർതൃത്വം സ്വന്തമാക്കുന്ന ആഖ്യാതാവിനെയാണ് കാണുന്നത്. സക്കറിയയാവട്ടെ, കൊളോണിയൽ യുക്തികളോടുള്ള അവിശ്വാസം പ്രത്യക്ഷത്തിൽ പ്രകടിപ്പിക്കുമ്പോഴും ശ്രേണീകൃത അധീശയുക്തിയുടെ അബോധം ആഖ്യാനത്തിൽ നിലനിർത്തുന്നുണ്ട്.

5. സഞ്ചാരക്കുറിപ്പുകളിലേക്ക് സംഭവങ്ങളെയും ദേശത്തെയും തെരഞ്ഞെടുക്കുന്നത് സാംസ്കാരിക വ്യവസായത്തിന്റെ ചേരുവകൾകൂടി അടിസ്ഥാനമാക്കിയാണ്. സവിശേഷസമൂഹത്തിനുള്ളിലെ ജീവിതത്തിന്റെ ബാഹ്യ-ആന്തരികമണ്ഡലങ്ങളിലെയും ഭൗതിക സാഹചര്യങ്ങളെയും നിലനിൽക്കുന്ന സാഹിത്യാഭിരുചികളുടെ ചട്ടക്കൂടിനുള്ളിലേക്ക് സാംസ്കാരിക ഭാവുകത്വത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനക്രമം ദീക്ഷിച്ചുകൊണ്ട് ഉൾച്ചേർക്കുന്നതിനായി നടത്തുന്ന തിരഞ്ഞെടുപ്പുകളാണ് സഞ്ചാരസാഹിത്യത്തിനുള്ളിലെ സംഭവങ്ങളായി ആഖ്യാനം ചെയ്യപ്പെടുന്നത്. സഞ്ചാരത്തിന് തിരഞ്ഞെടുക്കുന്ന ദേശം, മറ്റു ഭൗതികസാഹചര്യങ്ങൾ, സാമൂഹികാവസ്ഥ എന്നിവയെല്ലാം നിലനിൽക്കുന്ന സാംസ്കാരിക വ്യാവസായികമണ്ഡലത്തിൽ എത്രത്തോളം മൂല്യമുള്ള വിഷയമാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് അതാത് വിഷയവുമായി ബന്ധപ്പെട്ട സംഭവങ്ങൾ സഞ്ചാരസാഹിത്യത്തിന്റെ ആഖ്യാനചട്ടക്കൂടിനുള്ളിലേക്ക് ആനയിക്കപ്പെടുന്നത്. സംഭവങ്ങളുടെ തിരഞ്ഞെടുപ്പിൽ പൊറ്റെക്കാട്ടും സക്കറിയയും സ്വീകരിക്കുന്ന മുൻഗണനക്രമങ്ങൾ, ആഫ്രിക്കൻജനതയുടെ ജീവിതത്തെയോ അധ്വാനത്തെയോ

സാമൂഹികബന്ധങ്ങളുടെ തനത് പ്രകൃതത്തെയോ അല്ല ഊന്നുന്നത്. മറിച്ച്, ശ്രേണീകരണത്തിലൂടെ പൊതുബോധത്തെ തൃപ്തിപ്പെടുത്തുന്ന മട്ടിൽ ആഫ്രിക്കക്കാരെ അപരവൽക്കരിച്ച് മാറ്റിനിർത്താനുതകുന്ന കഥകളുടെ ഏച്ചുകെട്ടലുകൾ ഒട്ടേറെ അധ്യായങ്ങളിൽ കാണാം.

6. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും സഞ്ചാരക്കുറിപ്പുകളിൽ കറുപ്പിനു മേലെ നിലനിൽക്കുന്ന തവിട്ട് (Brown) വർണബോധം പ്രതിഫലിപ്പിക്കുന്നുണ്ട്. നരവംശശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും ചിലവാദങ്ങൾ നിരത്തിക്കൊണ്ട് ആഫ്രിക്കൻ സമൂഹങ്ങളെ വെളുപ്പിന്റെയും തവിട്ടിന്റെയും ഏറ്റവും അടിയിലായി സ്ഥാനപ്പെടുത്തുകയാണ് യൂറോപ്യന്മാർ ചെയ്തുപോന്നിരുന്നത്. കോളനീകരണത്തിന്റെ നീതീകരണയുക്തികൂടിയായാണ് അത് രൂപപ്പെടുന്നത്. തവിട്ടിനെ കറുപ്പിന് മുകളിലുള്ള ഒരു വർണനിലയായി പ്രതിഷ്ഠിക്കുന്ന ഈ കൊളോണിയൽ യുക്തിയെ പൊറ്റെക്കാട്ടും സക്കറിയയും പങ്കിടുന്നുണ്ട്. മുകളിൽ നിന്നുള്ള നോട്ടങ്ങളിലൂടെ ആഫ്രിക്കാരെ ശ്രേണീകരിക്കുന്ന നിരവധി സന്ദർഭങ്ങൾ ഇരുവരുടെയും ആഖ്യാനങ്ങളിൽ ധാരാളമുണ്ട്. അധികാരവും അറിവും തമ്മിലുള്ള സങ്കീർണമായ ബന്ധങ്ങളെ മുൻനിർത്തിയാണ് ഇത് വിശദീകരിക്കപ്പെടുന്നത്. സൂക്ഷ്മമായ അധികാരബന്ധങ്ങളുടെ പ്രവർത്തനഫലമായി, ആഫ്രിക്കയ്ക്കും യൂറോപ്പിനുമിടയിൽ നിൽക്കുന്ന ഏഷ്യ എന്നൊരു ആശയത്തെ ഏറ്റവും സ്വാഭാവികമായി അവതരിപ്പിക്കാൻ പൊറ്റെക്കാട്ടിനും സക്കറിയ്ക്കും സാധിക്കുന്നു. ആഖ്യാനത്തിലുടനീളം ഇന്ത്യൻ ചിത്രങ്ങൾ, ആഫ്രിക്കൻ സാംസ്കാരികചരിത്രത്തെ ഉരച്ചുനോക്കാനുള്ള ഉരകല്ലുകളായിട്ടാണ് കടന്നുവരുന്നത്. ഒരു സംസ്കാരവും ജനതയും മറ്റൊന്നിന്റെ താഴെയോ മേലെയോ എന്ന് തിട്ടപ്പെടുത്തുന്നതിനുള്ള അളവുകോലായി ഇവ്വിധം ഉപയോഗിക്കപ്പെടുന്നതിലുള്ള അനീതി പാരായണത്തിൽ കണ്ടെടുക്കാനാകും.

7. പൊറ്റെക്കാട്ടിന്റെയും സക്കറിയുടെയും നോട്ടങ്ങളിൽ തെളിയുന്നത് ആൺകാഴ്ചയുടെ ഭാഗികലോകം കൂടിയാണ്. കൊളോണിയൽ കേരളം സ്വാംശീകരിച്ച വിക്ടോറിയൻ

സദാചാരത്തിനുള്ളിലേക്ക് ആഫ്രിക്കൻ സ്ത്രീ-പുരുഷബന്ധങ്ങളെ ചുരുക്കിക്കൊണ്ടുവരുകയും കേരളീയ സദാചാരമൂല്യങ്ങൾ ഉരകല്ലായെടുത്തുകൊണ്ട് ആഫ്രിക്കൻ ലൈംഗികതയെയും സ്ത്രീ-പുരുഷബന്ധങ്ങളെയും താരതമ്യപ്പെടുത്തുകയും ചെയ്യുന്ന രീതി ഈ ആഖ്യാനങ്ങളിൽ കാണാം. ആഫ്രിക്കയിലെ സ്ത്രീ-പുരുഷബന്ധങ്ങളെ, യൂറോപ്പിന് വായിച്ചെടുക്കാനെളുപ്പമായ രീതിയിൽ, പിതൃമേധാവിത്വപരമായ മുൻധാരണകൾ നിറഞ്ഞ യൂറോപ്യൻ സംവർഗങ്ങൾക്കും സങ്കൽപ്പങ്ങൾക്കും അനുസൃതമായ രീതിയിൽ മാറ്റിത്തീർത്ത അധിനിവേശപ്രക്രിയയെ അബോധത്തിൽ വഹിക്കുന്നതുകൊണ്ടാണിത്.

8. അപരവൽക്കരണം പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും ആഖ്യാനങ്ങളിൽ നിർണായക ഘടകമായി പ്രവർത്തിക്കുന്നുണ്ട്. ആഫ്രിക്ക എന്ന സാംസ്കാരികഇടം ഏറിയ കൂറും യൂറോപ്പിന്റെയും ഇന്ത്യയുടെയും അപരമായിട്ടാണ് ചിത്രീകരിക്കപ്പെടുന്നത്. അപരവൽക്കരിക്കപ്പെട്ട ജനതയുടെ ആചാരങ്ങളും വിശ്വാസങ്ങളും ജീവിതരീതിയും സാംസ്കാരിക വിനിമയങ്ങളും എല്ലാം ചേർത്തുവെച്ച് കൗതുമുണർത്താനുള്ള ശ്രമങ്ങൾ ഒരു സങ്കേതമായി തന്നെ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ബോധപൂർവ്വം എന്നതിനേക്കാൾ അനുശീലനപരമാണിത്. ആഫ്രിക്കൻ ഗോത്രങ്ങളുടെ നരഭോജിത്വത്തെക്കുറിച്ചുള്ള ഒട്ടേറെ പരാമർശങ്ങളും കഥകളും ഈ ആഖ്യാനങ്ങളിലുണ്ട്. ഭാവനാചിത്രങ്ങൾ എന്നതിനേക്കാളേറെ, നരഭോജികളായ ആഫ്രിക്കൻ വംശജർ പരിഷ്കാരികളായ യൂറോപ്യർ വന്നപ്പോൾ പരിഷ്കരിക്കപ്പെട്ടു എന്ന് യൂറോപ്യന്മാരെയും ആഫ്രിക്കക്കാരെയും ശ്രേണീകരിക്കുന്ന പാഠങ്ങൾ ഉൽപ്പാദിപ്പിക്കാനാണ് ഇത് ഉപകരിക്കുന്നത്. കോളണീകരണത്തിന്റെ ഉന്നതമായ സാംസ്കാരിക മണ്ഡലത്തിലേക്ക് എത്തിപ്പിടിച്ചുകൊണ്ടു മാത്രമേ മാനവരാശിയുടെ സാർവ്വലൗകികമായ വികാസം സാക്ഷാത്ക്കരിക്കാനാവൂ എന്ന ധ്വനിയാണ് ഈ യാത്രാചിത്രങ്ങളുടെ പൊതുരൂപം.

9. വിവരങ്ങളുടെയും വസ്തുതകളുടെയും അഭാവത്തേക്കാൾ മറച്ചുവെക്കലുകളും വളച്ചൊടിക്കലുകളും പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും യാത്രായെഴുത്തുകളുടെ രാഷ്ട്രീയത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, ജ്യോതി

ശാസ്ത്രം, ലോഹസാങ്കേതികവിദ്യ തുടങ്ങിയ മണ്ഡലങ്ങളിൽ ആഫ്രിക്കൻ ജനത നടത്തിയ അന്വേഷണങ്ങളും കണ്ടെത്തലുകളും ഗവേഷണലോകത്തിനു പരിചിതമാണ്. പക്ഷേ ഇത്തരം കണ്ടെത്തലുകൾ പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും കുറിപ്പുകളിൽ സ്ഥാനം പിടിക്കുന്നില്ല. ഈജിപ്തിന്റെയും മറ്റ് ആഫ്രിക്കൻ രാജ്യങ്ങളുടെയും ഗുണാത്മകമായ ചരിത്രവും സംസ്കാരവും പറയാതിരിക്കുകയും അവയെ വലിയ അസാന്നിധ്യമായി ചിത്രീകരിക്കുകയും കൊളോണിയൽ ശക്തികളുടെ സാന്നിധ്യം ആവർത്തിച്ചുറപ്പിക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്നതിലൂടെ നോട്ടപ്പാടുകളുടെ അധിനിവേശരാഷ്ട്രീയം വെളിപ്പെടുന്നുണ്ട്.

10. യൂറോകേന്ദ്രിതമായ വർണ-വംശബോധത്തിലും ജ്ഞാനപരിസരത്തും നിന്നുകൊണ്ടാണ് പൊറ്റെക്കാട്ടും സക്കറിയയും ആഫ്രിക്കയെ ചിത്രീകരിക്കുന്നത്. സക്കറിയയിൽ ഈ അധീശത്വബോധം കൂടുതൽ വിമർശനവിധേയമാകുന്നുവെന്നതും ശ്രദ്ധേയമാണ്.

### പ്രബന്ധത്തിന്റെ രീതിശാസ്ത്രം

സംസ്കാരപഠനത്തിന്റെ സമീപനങ്ങൾ മുൻനിർത്തി താരതമ്യാത്മകവും വിമർശനാത്മകവുമായ രീതിശാസ്ത്രമാണ് ഈ പഠനത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

### തുടർപഠന സാധ്യതകൾ

ആഫ്രിക്കൻ യാത്രയെഴുത്തുകളെ മുൻനിർത്തിയാണ് ഈ പഠനം നിർവഹിക്കാൻ ശ്രമിച്ചിട്ടുള്ളത്. സവിശേഷ കാലദൈർഘ്യത്തിനിടയിൽ സംഭവിക്കുന്ന ബോധപരിണാമങ്ങളെ മുൻനിർത്തി പൊറ്റക്കാടിന്റേയും സക്കറിയയുടേയും യാത്രാകുറിപ്പുകളെയാണ് പഠിക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്.

മലയാളത്തിലെ മറ്റു ജനുസുകളിലും ആഫ്രിക്കൻ പ്രതിനിധാനങ്ങൾ പലമട്ടിൽ നിർവഹിക്കപ്പെട്ടിട്ടുണ്ട്. അവയിൽ നിലനിൽക്കുന്ന പ്രത്യയശാസ്ത്രബന്ധങ്ങളിലേക്ക് നീളുന്ന തുടർപഠനസാധ്യതകൾ ഈ പഠനം മുമ്പോട്ട് വെക്കുന്നുണ്ട്.